9ʒ7 32H9;1 DAMODARAN PILLAI:
VICHARATHARANGINI

9ʒ7
32H9;11

MUL
165434

Vicharatharangam

# വിചാരതരംഗിണി

P. Damodaran Pilla

By

പി. ദാമോദരൻ പിള്ള. ബി. ഏ.

UNIVERSITY LIBRARY.
13 JUL 1955
MADRAS.

Publishers,

NATIONAL BOOK DEPOT

KOTTAYAM.

# ഉള്ളടക്കം.


| | | പേജ് |
|---|---|---|
| 1. | കേരളവും കാവുകളും | 1-14 |
| 2. | ബാഹ്യപ്രപഞ്ചം | 15-25 |
| 3. | സൗന്ദര്യം പ്രകൃതിയിലോ കവിയിലോ? | 26-34 |
| 4. | കലയും ജീവിതവും | 36-48 |
| 5. | കലയിലെ സ്വാഭാവികത | 49-56 |
| 6. | സൂഫികളും സൂഫിസവും | 57-66 |
| 7. | സോക്രട്ടീസും മരണവും | 67-81 |
| 8. | എഴുത്തച്ഛൻ | |
| | I എഴുത്തച്ഛൻദിനമോ? | 81-86 |
| | II എഴുത്തച്ഛന്റെ സ്ഥാനം | 86-91 |
| 9. | പുരോഗതിയുടെ വിഗതി | 91-100 |
| 10. | സാഹിത്യം അഥവാ സഹിതത | 101-111 |
| 11. | അണുകത്തിന്റെ പിന്നാലെ | 112-128 |
| 12. | സാഹിത്യവും സമുദായവും | 129-141 |
| 13. | പ്രേതശാസ്ത്രതത്വം | 142-161 |


165434
38362

13 JUL 1955
MADRAS

# 1 കേരളവും കാവുകളും

കേരളഭൂമിക്കു മുകളിൽക്കൂടി വിമാനയാത്രചെയ്യുന്ന ഒരുവൻെറ കീഴിൽ നോക്കെത്താത്ത ദൂരത്തിലേക്കു വിതിർന്നുപടരുന്ന ഒരു ഹരിതവ്യാപ്തിയാണ് കാണുക. അവിടവിടെ ചില നദികൾ ഈ ഈ രംഗത്തിൻെറ ഏകതാനതയെ ഭഞ്ജിച്ചുകൊണ്ടു പശ്ചിമാഭിമുഖമായി ഒഴുകുന്നുണ്ടായിരിക്കാം. അങ്ങിങ്ങു ചില ദസ്തൂപികകളും, വീടുകളുടെ മേൽപ്പുരകളും ഉയർന്നുനില്ക്കുന്നുണ്ടെന്നു വരാം. എന്നിരുന്നാലും കേരളാകാശം വിടുന്ന വിമാനയാത്രികൻെറ മനസ്സിൽ മായാതെ പതിയുന്ന ചിത്രം വന്യരംഗത്തിനുചിതമായ ഒരു ശാദ്വലതയുടേതുതന്നെയായിരിക്കും:

കുറെക്കാലം മുൻപു തിരുവിതാംകൂറിൽ ഫാറസ്റ്റ് കൺസർവേററരായിരുന്ന ബൂർഡിലൺ എഴുതിയ റിപ്പോർട്ടിൽ പറയുന്നതു നമ്മുടെ പൂർവ്വികർ ഒരു കാലത്തു വനങ്ങളിൽ താമസമാക്കിയിരുന്നു എന്നാണ്. തിരുവിതാംകൂർ മലകളിൽ പഴയ ഈജിപ്ഷ്യൻ മഹാസ്തൂപങ്ങളെപ്പോലെ കുമ്മായം കൂടാതെ കല്ലുകെട്ടിയവീടുകൾ ഉണ്ടായിരുന്നതിനു തെളിവുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഒരുപക്ഷേ കടൽവാങ്ങി കരവെച്ചപ്പോൾ പഴയ കേരളീയർ മലകളിൽ നിന്നിറങ്ങി സമതലങ്ങളിൽ പാർപ്പുറപ്പിച്ചിരിക്കണം. അതല്ലെങ്കിൽ, വെളിയിൽനിന്നുണ്ടായ ആസ്കന്ദനപരമ്പരയിൽപ്പെട്ട ഔത്തരാഹന്മാർ മേൽപ്പറഞ്ഞ വൈമാനികനേപ്പോലെ ഇവിടെ ആകെ ഒരു വനപ്രദേശം കാണുകയും അ

ത്തുവെട്ടിത്തെളിച്ചു വാസയോഗ്യമാക്കിത്തീർക്കുകയും ചെയ്തതായിരിക്കാം. ഇതു രണ്ടും സംഭവിച്ചിരിക്കണമെന്നുള്ളതിനു കേരളോൽപ്പത്തിയിലും കേരളമാഹാത്മ്യത്തിലും തെളിവുകൾ ഇല്ലാതെയുമില്ല.

ലോകത്തിന്റെ ഇതരഭാഗങ്ങളിൽ ഇപ്രകാരമുള്ള ഉപനിവേശക്രിയകൾ ഒട്ടധികം നിഷ്ഠുരവും നാശപ്രധാനവുമായിട്ടാണ് നടന്നിട്ടുള്ളത്. അമേരിക്കൻ ഖണ്ഡങ്ങളിൽ മനുഷ്യസഹജമല്ലാത്ത രീതിയിലും തോതിലും, ജന്തുലോകത്തിലും മനുഷ്യലോകത്തിലും മാത്രമല്ല, മൂലലോകത്തിലുംകൂടി ധാരാളം ക്രൂരമായ അഴിമതികൾ നടത്തിയതിനുശേഷമാണ് ഇന്നത്തെ പരിഷ്കൃതമായ അമേരിക്ക ഉണ്ടായത്. അവിടത്തെ സ്വദേശീയരായ ആളുകളുടെമേൽ നടത്തിയ ഘോരപീഡനങ്ങൾക്കു തുല്യമായി വൃക്ഷലോകത്തോടു കാണിച്ച അക്രമങ്ങൾമാത്രമേയുള്ളു എന്നുചിലർ പ്രസ്താവിച്ചുകണ്ടിട്ടുണ്ട്. കാററുവിതച്ച അമേരിക്ക പിന്നീടു കൊടുങ്കാററു കൊയ്തുതുടങ്ങി. അനേകമനേകം ഏക്കർ ഭൂമിയിൽ കാടുകളും വൃക്ഷങ്ങളുമില്ലെന്നായി. താമസിയാതെ 'കരമാരി, (Soil erosion) എന്നഭയങ്കരരോഗം ഭൂമിയുടെ മുകൾപ്പരപ്പിനെ ബാധിച്ചു. ബഹുലക്ഷം ഏക്കർ ഭൂമി മിസിസിപ്പിനദിയിലെ വെള്ളപ്പൊക്കത്തിനടയിൽ അകപ്പെട്ടു ശ്വാസംമുട്ടി. വളം മുററിയ മേൽമണ്ണ് ടൺകണക്കിനു പ്രളയജലത്തിൽ കലങ്ങി കുത്തിയൊലിച്ചു കടലിലേയ്ക്കൊഴുകി. അമേരിക്ക ഭയന്നുപോയി. ഏതായാലും അല്പംതാമസിച്ചിട്ടാണെങ്കിലും അവിടെ ബോധമുദിക്കുകതന്നെ ചെയ്തു. മിസിസിപ്പിയുമായി സ്ഥിരം സന്ധിയിലേ

ർപ്പെടുന്നതിനും, വനങ്ങൾ വീണ്ടും വച്ചു പിടിപ്പി
ക്കുന്നതിനുമുള്ള വമ്പിച്ച പദ്ധതികൾ നടപ്പിലായി.
ഫോറസ്റ്റ് ഗാർഡായി നിയമിക്കപ്പെടുന്ന ഏവനും
കാട്ടുതീ, വൃക്ഷങ്ങളുടെ നാശം മുതലായവയെ തട
യാൻ എപ്പോഴും ഒരുക്കമായിരിക്കത്തക്ക സത്യം
ചെയ്യണമെന്നു കാനഡായിൽ ഒരു നിയമം തന്നെ
യുണ്ട്. ഇതുവരെ മനുഷ്യൻ അവന്റെ ഉത്തമമി
ത്രവും രക്ഷിതാവുമായ വനത്തെ പൈശാചികമാ
യ ക്രൂരതയോടെ നശിപ്പിക്കുകയാണ് ചെയ്തിട്ടുള്ള
തെന്നു ഇന്നത്തെ വനശാസ്ത്രജ്ഞന്മാർ അഭിപ്രാ
യപ്പെടുന്നു.

പ്രാചീനകേരളീയർ വൃക്ഷം വെട്ടുകയും, വ
നം തെളിക്കുകയും, അങ്ങനെ ഭൂമിയെ അധിവാസ
യോഗ്യമാക്കുകയും ചെയ്തിരിക്കാം. പക്ഷെ ഇങ്ങനെയൊ
രു കൂട്ടക്കൊല, ഒരു 'കാട്ടുതീപ്രയോഗം', ഒരിക്കലും
ഇവിടെ ഉണ്ടായിട്ടില്ല. ചരിത്രത്തിനും മുൻപുള്ള
അക്കാലത്തുപോലും വൃക്ഷലതാതികൾക്കും തങ്ങളെ
പ്പോലെതന്നെ ജീവനുണ്ടെന്നും അവയെ ക്രൂരതയോ
ടെ നശിപ്പിക്കുന്നതു പ്രകൃതിയെ ദരിദ്രയും, ജീവി
തത്തെ കർക്കശവും ആക്കുന്നതിനുമാത്രമേ ഉപകരി
ക്കയുള്ളു എന്നും അവർ മനസ്സിലാക്കിയിരുന്നു. ധ
രിത്രിയുടെ മേൽ താൻ ഏൽപ്പിക്കുന്ന ക്ഷതം പൊ
റുക്കേണമെന്നുള്ള ഒരു പ്രാർത്ഥനയോടുകൂടിയാണ്
ആദ്യൻ കർഷകൻ നിലമുഴാൻ തുടങ്ങിയിരുന്നതെ
ന്ന് ഋഗ്വേദത്തിൽ നിന്നു മനസ്സിലാക്കാം. ഭൂമി ഇ
ന്ത്യൻ കർഷകന് ഒരു മാതാവുതന്നെയാണ്. ക്ഷ
മയുടെ പര്യായമാണെങ്കിലും അതിർ കടന്ന അക്രമ
ങ്ങൾ ആ അമ്മ ഒരിക്കലും പൊറുക്കുകയില്ലെന്നു കൃ

ടി അവൻ അറിഞ്ഞിരുന്നു. അമേരിക്കയെ ഉപനിവേശം ചെയ്തവർക്ക് അറിവില്ലാതെ പോയതു് ആ പാഠം തന്നെയായിരുന്നു എന്നുള്ളതും സ്മരണീയമാകുന്നു. കേരളീയ കർഷകനും മേൽപ്പറഞ്ഞ അറിവിൽ ഒട്ടും പിന്നാക്കമായിരുന്നില്ല. താൻ നശിപ്പിക്കുന്ന വനത്തിൽ കുറെയൊക്കെ ശേഷിപ്പിക്കേണ്ടതു പ്രകൃതി മാതാവിനോടുള്ള ഒരു കടമയും തന്റെ ത്യാഗവുമായിരിക്കുമെന്നു് അവൻ തികച്ചും ധരിച്ചിരുന്നു. അതിനാൽ പറമ്പുതോറും വൃക്ഷക്കൂട്ടങ്ങൾ അവശേഷിപ്പിക്കയോ വെച്ചുപിടിപ്പിക്കയോ ചെയ്യാൻ കേരളീയൻ ഉദ്യുക്തനായതിൽ അത്ഭുതമില്ല. ശുദ്ധമേ ആധുനികദൃഷ്ടിയിൽ ഇതു ധാരാളം സാധൂകരണീയമായിത്തീർന്നിട്ടുണ്ടെന്നു പാശ്ചാത്യരുടെ നടപടികൾ തെളിയിക്കുന്നു. എന്തെന്നാൽ വനങ്ങളും വൃക്ഷങ്ങളും കണ്ടമാനം നശിപ്പിക്കുന്നതിന്റെ അപകടം അനുഭവംകൊണ്ടു മനസ്സിലാക്കിയപ്പോൾ അവർ ആ മഹാപാപത്തിനു പരിഹാരം ചെയ്വാൻ സന്നദ്ധരായിരിക്കുന്നു. ഗ്രാമങ്ങൾതോറും വൃക്ഷസമൂഹങ്ങൾ നട്ടുവളർത്തി, അവയ്ക്കു 'ഗ്രാമവനങ്ങൾ, (Village Forests) എന്നു പേരു കൊടുക്കാനും അവർ തുനിയുന്നു. ഈ ആശയം കുറേക്കൂടി മുന്നോട്ടു കൊണ്ടുപോയി മുനിസിപ്പൽവനങ്ങൾ, കൂടി സജ്ജീകരിക്കാനും അവർ ശ്രമിക്കുന്നു. മുനിസിപ്പാലിററികൾക്കു ചുററിനും കുറെ ഏക്കർ സ്ഥലം എടുത്തു ഫലവൃക്ഷങ്ങൾ നട്ടുവളർത്തുകയാണു് അവർ ചെയ്യുന്നതെന്നു കാണ്മാനുണ്ടു്. ഈ വനങ്ങൾ അവയിലെ ഉല്പന്നങ്ങളിൽനിന്നുള്ള ആദായംകൊണ്ടുതന്നെ പരിരക്ഷിക്കപ്പെടാമെന്നും കണ്ടു

പിടിച്ചിട്ടുണ്ട്. അല്പം ആലോചനാശക്തിയുള്ള കേരളീയന്ന് ഇതേപ്പററി അറിയുമ്പോഠം തന്റെ പൂൎവ്വികരേക്കുറിച്ച് അഭിമാനം തോന്നാതെ ഗത്യന്തരമില്ല. കേരളത്തിൽ നെടുകെയും, കുറുകെയും എത്രയെത്ര കാവുകളാണുള്ളത്! ഓച്ചിറ പരദേവതയുടെ വാസസ്ഥാനം പ്രാപ്തിയേറിയ ഒരു വൃക്ഷസമൂഹം മാത്രമാണ്. 'പനയന്നാർകാവ്', തുടങ്ങിയ സ്ഥലങ്ങഠം അവിടങ്ങളിലെ കാവുകളെക്കൊണ്ടാണ് അറിയപ്പെടുന്നത്. ഇതെല്ലാം പാശ്ചാത്യരുടെ ഗ്രാമവനങ്ങളേയും നഗരവനങ്ങളേയും അപേക്ഷിച്ച് എത്രയോ മുമ്പുതന്നെ കേരളീയർ സംരക്ഷിച്ചുവരുന്നവയാണ്.

പാശ്ചാത്യരുടെ നോട്ടത്തിൽ ബാഹ്യപ്രകൃതിഒരു ശത്രുവാണെങ്കിൽ, വനാന്തരീക്ഷത്തിൽ വളൎന്ന കേരളീയന്ന്. അത് ഒരു ആത്മൈക്യത്തിന്ന വഴി തെളിക്കുന്ന ഈശ്വരവിലാസമാണ്. വേഡ്സ്‌വർത്തിന്റെ വസന്തവനകീൎത്തനങ്ങളും, പ്രകൃതിവിലാസാനുവർണ്ണനങ്ങളുമെല്ലാം പാശ്ചാത്യന്ന്, സാമാന്യമായി പറഞ്ഞാൽ, അൎത്ഥമില്ലാത്ത വെറും ഗാനങ്ങഠം മാത്രമേ ആകുന്നുള്ളു. പക്ഷേ, ധാരണ, അഥവാ, അഭിജ്ഞാനം എന്നതിനെ സംബന്ധിച്ചിടത്തോളം വികാരത്തിന്റെ ഭാഷയായ കവിത, ബുദ്ധിയുടെ ഭാഷയായ സയൻസിനോളം തന്നെ ശക്തവും ഫലപ്രദവുമാണ് ഒരു വാക്യത്തിലെ വാക്കുകളെ അടൎത്തിയെടുത്ത് അങ്ങിങ്ങ വിതറിയാൽ അവയുടെ അൎത്ഥം, യഥാൎത്ഥമായ ജീവൻ, നഷ്ടപ്പെടുമല്ലോ. ആ അവസ്ഥയിൽ അവയെല്ലാം വാക്യത്തിന്റെ ജീവനായ ആശയത്തിന്ന പററിയ ഭയങ്കരമായ അപായത്തേയും, ശൈഥില്യത്തേയുമാണ് കുറിക്കുന്നത്. പാശ്ചാത്യൻ

ലോകത്തെ വീക്ഷിക്കുമ്പോൾ അവൻ കാണുന്നതു ശിഥിലമായവാക്യത്തിലെ വാക്കുകൾപോലെ പരസ്പരബന്ധമില്ലാത്ത ഭിന്നവസ്തുക്കളുടെ ഒരു സംഘാതത്തെയാണു്, ഒരു വെറും ചവറുകൂട്ടയെ മാത്രമാണു്. പരസ്പരൈക്യമില്ലാത്ത വസ്തുക്കൾ അവന്റെ ബുദ്ധിയെ വിഹ്വലമാക്കാതെ ഗത്യന്തരമില്ല. ശരിയായ വീക്ഷണഗതിയില്ലാത്തതിനാൽ അവയെല്ലാം നശിപ്പിക്കപ്പെടേണ്ടവതന്നെയാണെന്നു തോന്നാൻ അധികം താമസം വേണ്ടിവരികയുമില്ല. അതിനാൽ ന കലക്കുഴപ്പവും, ശത്രുതയും തീർക്കുന്നതിനുവേണ്ടി. വസ്തുക്കളെ നശിപ്പിക്കുകയെന്ന എളുപ്പവഴിയാണു് അവൻ കണ്ടുപിടിക്കുന്നതു്. ഒരു ക്രുനാംകുരുക്കു് അഴിക്കാൻ വളരെ ക്ഷമ വേണ്ടിവരും. പക്ഷെ അതു് ഒററവെട്ടിനു് പൊട്ടിച്ചുകളയാൻ ഒരു പ്രയാസവുമില്ലെന്നാണു് 'ഗോർഡിയൻ കെട്ടു്', വെട്ടിമുറിച്ച അലക്സാൻഡർ തെളിയിച്ചതു്. ഏതായാലും, വിവേകശാലികളായ കേരളീയർ ഒരു വിഷമപ്രശ്നത്തിനു സമാധാനം കണ്ടുപിടിക്കുന്നതു്, ആ പ്രശ്നത്തെത്തന്നെ നശിപ്പിക്കുന്നതുകൊണ്ടായിരുന്നില്ല. പ്രകൃത്യാരാധകരോ, ബഹുദേവാരാധകരോ, ഏകേശ്വരവിശ്വാസികളോ, എന്തുതന്നെയായിരുന്നാലും, അവർക്കു ജീവിതത്തിന്റെ അർത്ഥം ഗ്രഹിക്കാനും, സകലജീവനും തമ്മിലുള്ള പരമമായ ഐക്യം കണ്ടറിയാനും ധാരാളം കഴിവുമായിരുന്നു. ഐക്യമാണു് സൃഷ്ടികൾക്കെല്ലാം അർത്ഥം നൽകുന്നതെന്നു മനസ്സിലാക്കാൻ അവർക്കു സാധിച്ചിരുന്നു. മറെറാരു തരത്തിൽ പറയുകയാണെങ്കിൽ, അവരുടെ ദൃഷ്ടിയിൽ ഈശ്വരസൃഷ്ടികൾ വെറും ശിഥിലവാക്യത്തിലെ വാക്കുകളായിരു

ന്നില്ല. പരസ്പരബന്ധത്താൽ അവരുരു മഹാവാക്യവും അതിൻെറ അൎത്ഥം, അഥവാ യാഥാൎത്ഥ്യം, അതുമല്ലെങ്കിൽ അതിൻെറ ജീവൻ, സർവ്വാന്തൎഗ്ഗതമായ ഐക്യവുമായിരുന്നു ബാഹ്യമായ വൈവിദ്ധ്യം ദൃഷ്ടിയുടേയോ, ദൃശ്യത്തിൻേറയോ ശൈഥില്യത്താനിടയാകുന്നതിനുപകരം ആന്തരമായ ഐക്യത്തിലേയ്ക്കു വഴി ചൂണ്ടുകയാണ് അവരെ സംബന്ധിച്ചിടത്തോളം സംഭവിച്ചതു്.

പരിഷ്കാരം എന്നതു് എന്താണെന്നു തീൎത്തു പറയാൻ പലരും ശ്രമിച്ചിട്ടും സാധിച്ചിട്ടില്ലെന്നു പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ, മരുക്കുക, ഗാർഹികമാക്കുക എന്നിവയാണ് പരിഷ്കാരത്തിൻെറ ലക്ഷണങ്ങളെന്നു പറയുന്നതിൽ തെററില്ല. ജന്തുക്കളെ മരുക്കി ഗൃഹോപചിതങ്ങളാക്കിത്തീൎക്കുക, പ്രകൃതിശക്തികളെ മരുക്കി ഉപയോഗയോഗ്യങ്ങളാക്കിത്തീൎക്കുക, എന്നിവയെല്ലാം പരിഷ്കാരത്തിൻെറ പുരോഗതിയിൽ സംഭവിച്ചകാൎയ്യങ്ങളാണ്. പക്ഷേ ഇവിടെവരെ മാത്രമേ പരിഷ്കാരി എന്തായാലും പുരോഗമിക്കയുള്ളൂ എന്നു നിർബ്ബന്ധമുണ്ടു്. ബാഹ്യപ്രകൃതിയിലെ ശക്തികളെ മരുക്കുന്നതു് പരിഷ്കാരമാകുമെങ്കിൽ മനുഷ്യൻെറ ആന്തരപ്രകൃതിയുടെ ശക്തികളേയും മരുക്കി പരിഷ്കാരത്തിനതികവു വരുത്തണമെന്നു പറയുമ്പോൾ അയാൾ അതെല്ലാം കഥയില്ലാത്ത പഴയ താടിക്കാരുടെ അസംബന്ധങ്ങളാണെന്നു മുറവിളിക്കും. നട്ടുച്ചയ്ക്കു് ഇരുട്ടിൽ ജീവിക്കുന്ന കൃമികളും പക്ഷിമൃഗാദികളും ഈ ലോകത്തിൽ തന്നെയാണല്ലോ ഉള്ളതു്. മേൽപ്പറഞ്ഞ പരിഷ്കാരരീതിക്കു രണ്ടു മാൎഗ്ഗങ്ങൾ അവലംബിക്കാൻ കഴിയും. അവയിലൊന്നു വൈകാ

രികവും, മററതു ബുദ്ധിപരമാണെന്നു പറയാം. ഇവയിൽ രണ്ടാമത്തെ രീതിക്ക് ഉദാഹരണമായ സയൻസ് മാനുഷപുരോഗതിയെ സംബന്ധിച്ചിടത്തോളം വെറും അശാസ്ത്രീയമായിത്തീർന്നിരിക്കയാൽ, ശാസ്ത്രീയപുരോഗതിയും, മാനുഷപുരോഗതിയും ഒന്നല്ലെന്നുള്ള ദിക്കായിട്ടുണ്ടു് ഇന്നാകട്ടെ, മാനുഷേതരമായ പരിഷ്കാരവിധാനം മൂത്തു മൂത്തു്, ലോകത്തിൽ ജീവിതമൊഴിച്ചു മററെല്ലാം അത്യന്തം വിലപിടിച്ചതായിക്കലാശിച്ചിരിക്കുന്നു. ഇതിന് ഒരൊററക്കാരണം ശാസ്ത്രത്തിന്റെയും, യുക്തിയുടേയും പേരിൽ മനുഷ്യന്റെ വൈകാരികഭാവത്തെ നശിപ്പിച്ചതാണ്. പ്രകൃതിയിലെ വസ്തുക്കളേയും, ശക്തികളേയും സമീപിക്കുന്നതിന്, അവയെ മരുക്കുന്നതിന്, ശാസ്ത്രീയത ആവശ്യമാണെന്നു സമ്മതിക്കുമ്പോൾതന്നെ അതുമാത്രമായാൽ രാവണൻമുതൽ ഹിററ്ലർവരെയുള്ളവരുടെ അനുഭവമാണ് നേരിടുകയെന്നുള്ളതിനെപ്പററി സംശയിക്കാനില്ല. നമ്മുടെ വൈകാരികസത്വവിശേഷത്തെ (Emotional personality) കീഴമർത്തിക്കൊണ്ടുപോകുന്ന പോക്കിൽ മനുഷ്യത്വമല്ല, രാക്ഷസത്വമാണ് വളരുക. അതിനാൽ കേരളീയർ തങ്ങളുടെ വൈകാരികഭാവത്തിനു മതിയായ പോഷണം നൽകുന്നതിൽ ഉത്സുകരായിരുന്നു. അതില്ലെങ്കിൽ, കേവലം ബുദ്ധിപരമായ പരിഷ്കാരം പരിഷ്കാരത്തിനു നേരെ വിരുദ്ധമായ കിരാതത്വമായി മാറുമെന്ന് അവർ അറിഞ്ഞിരിക്കണം. എങ്ങനെയാണ് വൈകാരികഭാവത്തിൽ പ്രകൃതിയെ സമീപിക്കേണ്ടതു് എന്നറിയാൻ അവർക്കൊരു പ്രയാസവുമില്ലായിരുന്നു. അന്യജീവികളുടെ ജീവനും തങ്ങളുടേതുപോലെ

ത്തിന്നു പവിത്രവും, അതേ തോതിൽ ആരാദ്ധ്യവുമാണെന്നു വിചാരിക്കുമ്പോൾ വൈകാരികോദ്ദീപനം സഫലമാണു്. എന്തെന്നാൽ, കണ്ടവസ്തുക്കളൊക്കെ കണ്ടമാനം നശിപ്പിക്കാതെ പ്രകൃതിസമ്പത്തുകൾ ഒരു ക്രമമനുസരിച്ചു പരിപാലിക്കാനും, സ്നേഹിക്കയും സ്നേഹിക്കപ്പെടുകയും ചെയ്യാനും അതുകൊണ്ടു് അ, വന്നു സാധിക്കുന്നു ഒരു പക്ഷിയെ കൊല്ലുമ്പോൾ പ്രകൃതിയിലെ സൌന്ദര്യസമൃദ്ധിയിൽ അത്രയ്ക്കു വിടവുണ്ടാകുന്നു എന്നു് ശ്രീ ജെ സി കുമരപ്പ വ്യാഖ്യാനിക്കുന്നു. (Economy of Permanence) എന്ന ഗ്രന്ഥം നോക്കുക) കേരളത്തിലെ കാവുകൾ മനുഷ്യന്റെ ഈ വൈകാരികഭാവത്തിൽ നിന്നു ജന്മമെടുത്തു എന്നു വിചാരിക്കുന്നതിൽ അസ്വാഭാവികമായി ഒന്നുമില്ല. കേരളീയർ പക്ഷിമൃഗാദികളെ മാത്രമല്ല, വനങ്ങളെക്കൂടി കാവുകൾ വഴി മരുക്കി ഉപയോഗപ്രദവും, അതേസമയം ആരാദ്ധ്യവുമാക്കിത്തീർത്തു എന്നാണു് പറയേണ്ടതു്. അവന്റെ പരിഷ്കാരബോധം വൃക്ഷങ്ങളെപ്പോലും മരുക്കുന്നതിലാണു് വിശ്രാന്തി നേടിയതെന്നു ചുരുക്കം.

ഇങ്ങനെ കാവുകൾ വെച്ചുപിടിപ്പിച്ചു് ഒരു വന്യപരിഷ്കാരം നാട്ടിലും പുലർത്തുന്നതിന്റെ പ്രാധാന്യം ഒരു കാർഷികജനതയ്ക്കു് എത്രത്തോളമുണ്ടെന്നു തിട്ടപ്പെടുത്തുക പ്രയാസമാണു്. മഴയും, വെയിലും, ഒന്നുപോലെ അനുഗ്രഹിക്കയും ശല്യം ചെയ്കയും ചെയ്യുന്ന പ്രദേശങ്ങൾ കേരളത്തെപ്പോലെ അധികമില്ല. ക്ഷേത്രപരിസരങ്ങളിലും, വഴിയരികുകളിലും വളർന്നു പന്തലിച്ചുനിൽക്കുന്ന നിരവധി കാവുകൾ പരിശ്രാന്തനായ വഴിയാത്രക്കാരനു് എത്രയോ സുഖ

സന്ദായകമാണെന്നുള്ളത് അനുഭവിച്ചുതന്നെയാണറിയേണ്ടത്. കൃഷീവലന്മാരുടെ നാട്ടിൽ മണ്ണിന്റെ ഈൎപ്പം പരിരക്ഷിക്കാൻ കാവുകളെപ്പോലെ പററിയതായി മററൊന്നുമില്ല. ഉഷ്ണം കടുത്തിരിക്കുന്ന സമയങ്ങളിൽ, എല്ലാ പറമ്പുകളിലും, വഴികളിലും, ക്ഷേത്രസമീപങ്ങളിലും നിരപ്പെ നില്ക്കുന്ന കാവുകൾ ആകെക്കൂടി ഒരു പ്രദേശത്തിന് എത്രത്തോളം സുഖം നൽകുമെന്നുള്ളത് ആലോചിച്ചുനോക്കേണ്ടതാണ്. അന്തരീക്ഷത്തെ ശുദ്ധമാക്കി ജനങ്ങൾക്ക് ആരോഗ്യം നൽകുന്നതിലും കാവുകൾ ഗണ്യമായ പങ്കുവഹിക്കുന്നുണ്ട്. വെയിലുപോലെ മഴയും അത്യുഗ്രമാകാറുള്ള കേരളത്തിൽ പണ്ടേതന്നെ ഇത്രയേറെ കാവുകളില്ലായിരുന്നെങ്കിൽ മണ്ണെല്ലാം കുത്തിയൊലിച്ചു കടലിലാകുമായിരുന്നു. വീണ്ടും ഒരു പരശുരാമൻ ഉണ്ടാകുമെന്നു നിശ്ചയമില്ലാത്തേടത്തോളം കാലം നാം നമ്മുടെ പൂൎവ്വികരുടെ വിവേകത്തോടു കടപ്പെട്ടിരിക്കേണ്ടതാണ്. കേരളത്തിൽ ഒരു കാവ് എന്നു പറയുന്നത് ഒരു കുളം കൂടാതെ സങ്കല്പിക്കാൻ കുറെ പ്രയാസംതന്നെ. കുളത്തിൽനിന്നു കാവുകളിലെ വൃക്ഷങ്ങൾക്കു വേണ്ട ജലം കിട്ടുമെന്നുള്ളതിനാൽ, വേനൽക്കാലത്തും അവ ഉണങ്ങിപ്പോകയില്ല. അതേസമയം മരങ്ങളുടെ തണൽ മൂലം കുളത്തിലെ വെള്ളം വററിപ്പോകയുമില്ല. മഴക്കാലത്തു പറമ്പിലെ കുത്തിയൊലിപ്പ് കുളത്തിലേയ്ക്കാകയാൽ, 'കരമാറി'യെ ഭയപ്പെടാനില്ലം. വൃക്ഷങ്ങളുടെ വേരുകളും അതിനെ തടയുന്നതിൽ സഹായിക്കയും ചെയ്യുന്നു. മഴ ഒരു ദിവസം പെയ്താൽ മരം ഒൻപതു ദിവസം പെയ്യുന്നതുകൊണ്ടു

നാടാകെയുള്ള കാവുകൾ മണ്ണിൽ കൂടുതൽ ജലംശേഖരിക്കാനിടയാകുന്നു എന്നുള്ളതും വിസ്മരിക്കാൻവയ്യ. ഇതൊന്നും കൂടാതെ, അനേകം പാമ്പുകൾ, പക്ഷികൾ മുതലായ പ്രകൃതി സമ്പത്തുകൾക്കു കാവുകൾ അഭയംനൽകുകയും ചെയ്യുന്നു. അമേരിക്കയിലെ ചില സംസ്ഥാനങ്ങൾ കൃഷിയെ രക്ഷിക്കുന്നതിനുവേണ്ടി പക്ഷികളെ വളർത്തുന്ന പക്ഷിത്തോട്ടങ്ങൾ ഏർപ്പെടുത്തുകയും പാമ്പിനെ കയററുമതി ചെയ്തുകൂടെന്നു നിയമമുണ്ടാക്കുകയും ചെയ്തകഥ ഇവിടെ ഓർമ്മ വരുന്നു. കൃഷിയുടെ കാര്യത്തിൽ പാമ്പുകൾക്കുള്ള പ്രാധാന്യം ഗാന്ധിജിതന്നെ 'ഹരിജൻ' മുഖേന വെളിപ്പെടുത്തിയിട്ടുമുണ്ട്.

വീടുകളിലെ കാവുകൾ എന്നുവെച്ചാൽ എന്തെന്നു കേരളീയരോടു പ്രത്യേകിച്ചു പറയേണ്ടതായിട്ടില്ല. വൃക്ഷങ്ങൾ, കുളങ്ങൾ, സർപ്പപ്പത്തികൾ മുതലായവ അടങ്ങിയ ഈ കാവുകൾ ഒരു വീട്ടിൽത്തന്നെ രണ്ടും മൂന്നും വീതമുണ്ടായിരിക്കും. അവയ്ക്കുവേണ്ടി ആണ്ടോടാണ്ടു കുറെപ്പണം ചെലവാക്കാനും, അഞ്ചാറു സെൻറു ഭൂമിയെങ്കിലും കളയാനും കേരളീയർക്കുള്ള സമ്മതം കണ്ടു ചില പരിഷ്കാരികൾ മൂക്കത്തു വിരൽ വെയ്ക്കുമെങ്കിലും പാശ്ചാത്യരുടെ നടപടികളേയും, കൃഷിശാസ്ത്രതത്വങ്ങളേയും പററി ബോധമുണ്ടാകുമ്പോൾ ആ മനസ്ഥിതി മാറിക്കൊള്ളുമെന്നു സമാധാനപ്പെടാം. പാമ്പുമേക്കാട്ട്, മണ്ണാർശാല എന്നീ രണ്ടുകുടുംബങ്ങൾ സർപ്പങ്ങളെത്തന്നെയും ഭക്തിസ്നേഹങ്ങളാൽ എങ്ങനെ മെരുക്കിയിരിക്കുന്നു എന്നുള്ളതു നമുക്ക് അനുഭവവുമാണ്. ചിലകാവുകളിൽ യക്ഷികളേയും മ

റും പ്രതിഷ്ഠിച്ചാരാധിച്ചു വരുന്നുണ്ടെന്നും, മോഹൻജദാരോപരിഷ്ക്കാരം മുതൽ ഈ വക ആരാധനാസമ്പ്രദായങ്ങൾ കാണുന്നുണ്ടെന്നും കൂടി ഇവിടെ പറയാം.

കേരളീയ സംസ്ക്കാരത്തിൽ കാവുകൾ അതിപ്രധാനമായ ഒരു പങ്കു വഹിക്കുന്നുണ്ടെന്നുള്ളതിൽ സംശയമില്ല. പുരാതന കേരളീയരുടെ കളരികളേയും കാവുകളേയും തമ്മിൽ വേർതിരിക്കാൻ കഴിയുമായിരുന്നില്ലെന്നു 'കാവും കളരിയും' എന്നുള്ള പ്രയോഗം തന്നെ തെളിയിക്കുന്നു. കളരികളുടേയും, കേരളീയ സമുദായത്തിന്റേയും അധിദേവതയായ കാളി കാവുകളിലൂടെയും ധാരാളം ഭരണം നടത്തിയിരിന്നിരിക്കണം. മലയാളത്തിലെ ഒട്ടധികം പാട്ടുകൾ ഭദ്രകാളിയേയും, സർപ്പങ്ങളേയും ആധാരമാക്കിയുള്ളവയാണ്. ബാലന്മാർ കളരിപ്പയറു ശീലിച്ചതും കാവുകളെ വിസ്മരിച്ചിട്ടായിരുന്നില്ല. ലോകത്തിലെ മററുഭാഗങ്ങളിൽ ഇത്തരം സർപ്പാരാധന, ശക്തിപൂജ മുതലായവ നിലനിന്നിരുന്നു എന്നുള്ളതു ശരിതന്നെ. പക്ഷെ അവയെല്ലാം അജ്ഞത തികഞ്ഞ മതപ്രചാരണത്താലും. വിവേചനമില്ലാത്ത ശാസ്ത്രീയാഭിവൃദ്ധിയാലും മാഞ്ഞു മറഞ്ഞിരിക്കുന്നു. പക്ഷേ വൈകാരികഭാവത്തിന്റെ സാക്ഷാൽ ശക്തിയെ നിഷേധിച്ചു കൊണ്ടു സയൻസുവഴി സാധിച്ച പുരോഗമനത്തിനിടയിൽ മനുഷ്യൻ കൂട്ടത്തിലെന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടെന്നോ, മനുഷ്യത്വം അഭിവൃദ്ധി പ്രാപിച്ചെന്നോ ഇന്നത്തെ പ്രമുഖശാസ്ത്രജ്ഞന്മാർക്കുതന്നെയും വിചാരമില്ല. പരിഷ്ക്കാരത്തിന്റെ പ്രയോഗവിധം, വൈ

കാരികവും, ബുദ്ധിപരവുമായ മനുഷ്യത്വത്തെ സമരസപ്പെടുത്തി സമ്മേളിപ്പിക്കുകയായിരിക്കേണ്ടിയിരുന്നു. കേരളത്തിലെ കാവുകൾ ശാസ്ത്രീയബുദ്ധി, ഭാവനാശക്തി, പ്രായോഗികത, കാര്യങ്ങളുടെ ഉള്ളിൽ ചുഴന്നിറങ്ങുന്ന ദൃഷ്ടി എന്നിങ്ങനെ പ്രാചീന കേരളീയർക്കുണ്ടായിരുന്ന സിദ്ധികളുടെ തെളിവുകളായി ഏറെക്കുറെ ഇന്നും നിലനിൽക്കുന്നു.

പലസ്ഥലങ്ങളിലും കാവുകൾക്ക് വെറും സർപ്പക്കാവുകളുടെ പവിത്രതയൊന്നും കല്പിക്കപ്പെട്ടിട്ടില്ലെന്നു കാണുമാറുണ്ട്. അവ സാമാന്യം വലിപ്പമുള്ളവയായിരിക്കും. ഏകദേശം കാൽ ഏക്കറോളം വിസ്താരം വരുന്ന ഇത്തരം കാവുകൾ കാലാന്തരത്തിൽ ജനങ്ങളുടെ വിശ്രമം, വിനോദം മുതലായവയ്ക്കായി ഉപയോഗിക്കപ്പെടാൻ തുടങ്ങിയവയാണെന്നു പറയാം. ഇവയുടെ ഒരു മൂലയിൽ ദേവിയുടേയോ, സർപ്പത്തിന്റേയോ പ്രതിഷ്ഠ ചിലപ്പോൾ കണ്ടെന്നുവരാം. പക്ഷെ കുട്ടികൾ മുതൽ വൃദ്ധന്മാർവരെ അവയിൽ വിശ്രമിക്കയും, കളികൾ നടത്തുകയും ചെയ്യാറുണ്ട്. നല്ല കാററ്, വിശാലമായ ഉലാത്തടം, രസികൻതണൽ, പക്ഷികളുടേയും മററും കളകളം എന്നിങ്ങനെ പലതും അവയുടെ ആകർഷതയെ വർദ്ധിപ്പിക്കുന്നു. ഓണം, തിരുവാതിര, വിഷു മുതലായ വിശേഷവേളകളിൽ ആൺപെൺകുട്ടികൾ പൂവിറുക്കാനും മററുമായി അതിരാവിലെതന്നെ ഈ കാവുകളിൽ എത്തുന്നു. അപ്പോൾ പ്രകൃതിയും, മനുഷ്യനും ഒന്നിച്ചു സമ്മേളിക്കുന്ന ഒരു ഉൽസവരംഗമാണ് കാവ്. പൂക്കളും തളിരുകളുംകൊണ്ട് മാലകെട്ടിയും, മുററത്ത് ചിത്ര

വേലചെയ്തു, ബാലികമാർ പ്രകൃതിയിൽനിന്നു തന്നെ സൌന്ദര്യത്തേയും, കലയേയും പററിയുള്ള ആദ്യപാഠങ്ങൾ പഠിക്കുന്ന ഒരു ഓമന്മുഹൂർത്തമാണത്. തിരുവാതിരക്കാലത്ത് രാവിലെ കാവുകളിൽ കേട്ടുതുടങ്ങുന്ന കളകളം വൈകുന്നേരംവരെ അവയിൽ മാറെറാലികൊള്ളുകയും, പാതിരാപ്പൂ ചൂടുമ്പോൾ മാത്രം ചില ദിക്കുകളിൽ അവസാനിക്കയും ചെയ്യുന്നു. പ്രകൃതിയുടേയും മനുഷ്യന്റേയും ഹൃദയങ്ങൾ പരസ്പരം ആഞ്ഞ് ഉഞ്ഞാലാടിനിൽക്കുന്ന ഒരു കാലമാണ് മാധവമാസം. ഒരു വന്യസംസ്ക്കാരത്തിന്റെ ലക്ഷണമെന്നോണം കാവുകൾക്കും അന്നത്തെ ആഘോഷങ്ങളിൽ ഒരു പങ്കുണ്ട്. ഒരു വിശേഷവുമില്ലാത്തപ്പോൾ അവ നാട്ടിടകളിലെ 'പാർക്കുകൾ' പോലെ പ്രയോജനപ്പെടുകയും ചെയ്യുന്നു.

കേരളീയപരിഷ്ക്കാരം ഒരുവന്യപരിഷ്കാരമാണെന്നു പറയാം. അതിലടങ്ങിയ ആഹ്ലാദത്തിന്റെ സമൃദ്ധത, സകലതരം ജീവനേയും ഉൾക്കൊള്ളുന്ന ശാകുന്തളപ്രസിദ്ധമായ പ്രേമം മുതലായവയെപ്പററി ആലോചിക്കുമ്പോൾ ആധുനികപരിഷ്കാരം മാനുഷഭാവത്തിന്റെ അഭാവത്താൽ ശുദ്ധദരിദ്രമാണെന്നു തോന്നിപ്പോകുന്നു. ജീവിതത്തെ ജീവിതയോഗ്യമാക്കിത്തീർക്കുന്ന യഥാർത്ഥമായ അഭിജ്ഞാനം, മാധുര്യം എന്നിവ ഇന്ന് തുലോം കുറഞ്ഞു വരികയാണ് ചെയ്യുന്നത് എന്നുതന്നെയല്ല, അതൊന്നും ഇല്ലാതിരിക്കുന്നതാണ് മെച്ചമെന്നും, ശാസ്ത്രീയബുദ്ധിയുടെ ലക്ഷണമെന്നും വിചാരിക്കുന്ന ഒരു മൂഢമായ അശാസ്ത്രീയത അരചാളുകളും ചെയ്യുന്നു! പരിഷ്കാരം മനുഷ്യന്റെ വൈകാരികഭാവമാകുന്ന ഒരു പ്രകൃതി

യെ, അതും കൂടുതൽ പ്രധാനമായ പ്രകൃതിയെ, നിർമ്മാർജ്ജനം ചെയ്തിരിക്കുന്നു എന്നുള്ളതാണു് പരമാർത്ഥം. പ്രാചീനകേരളീയ, ജീവിതത്തിൽ മനുഷ്യന്റെ പരമവും, സർവ്വാംഗീണവുമായ വളർച്ചയ്ക്കു വേണ്ടി വൈകാരികവും, ബുദ്ധിപരവുമായ ജീവിതഭാവങ്ങൾക്കു് സാമരസ്യം വരുത്തിയിരുന്നു എന്നു കാവുകൾ വെളിപ്പെടുത്തുന്നു. അവയുടെ നാശം കേരളത്തിന്റെ നാശമായിരിക്കുമെന്നു തീർച്ചയായും പറയാവുന്നതാണു്.

# 2. ബാഹ്യപ്രപഞ്ചം

ഏകദേശം 6000 വർഷങ്ങൾക്കുമുൻപുതന്നെ ഇന്ത്യാക്കാർ, ചീനന്മാർ, ബാബിലോണിയന്മാർ എന്നിവർക്കു് സൌരയൂഥത്തെപ്പററി ഏതാണ്ടു് അറിയാൻകഴിഞ്ഞിരുന്നു. ഗ്രീക്കുകാർ ആ പഴയകാലത്തെ അവ്യക്തബോധത്തെ കുറേക്കൂടി പരിഷ്ക്കരിക്കുകയുണ്ടായി. കോപ്പർണിക്കസ്, ന്യൂട്ടൻ, കെപ്പ്ളർ തുടങ്ങിയവർ സൌരയൂഥത്തിന്റെ സ്വരൂപവും സ്വഭാവവും മിക്കവാറും തിട്ടപ്പെടുത്തി പ്രവചിച്ചു. അതിലെ അംഗങ്ങളുടെ സംഖ്യ, വ്യാപാരം, ഗതി, വേഗം, തൂക്കം, ഘടന മുതലായവ ഇപ്പോൾ ആവുന്നത്ര നിസ്സൂക്ഷ്മമായിത്തന്നെ വെളിപ്പെട്ടിരിക്കയാണു്.

ഇന്നു് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ സൌരയൂഥത്തിന്റെ ഉള്ളിൽനിന്നു് ബാഹ്യപ്രപഞ്ചത്തിന്റെ വിദൂരസീമകളിലേയ്ക്കാണു് ദൃഷ്ടികളെ പായിക്കുന്നതു്. നക്ഷത്രങ്ങൾ, "നെബുലേ" എന്നുപറയുന്ന തേജോമേഘപടലങ്ങൾ എന്നിവയാണു് ഇപ്പോൾ അവരുടെ അന്വേഷണവിഷയങ്ങൾ. ചുരുക്കത്തിൽ ബാഹ്യപ്രപഞ്ചരഹസ്യങ്ങൾ അനാവരണം ചെയ്യുകയാണു് അവരുടെ ഇന്നത്തെ ലക്ഷ്യം. നക്ഷത്രങ്ങളും, സൌരയൂഥങ്ങളും എങ്ങനെ ഉണ്ടായെന്നു അവക്കറിയണം. പ്രപഞ്ചത്തിന്റെ വിസ്തൃതി, ആകൃതി എന്നിവ എന്തെന്നു് അവർക്കറിയണം. ഇതിനുവേണ്ടിയുള്ള പരിശ്രമങ്ങളുടെ ഫലങ്ങൾ അത്ഭുതാവഹങ്ങളുമാണു്.

നക്ഷത്രങ്ങൾ എന്തെല്ലാം വസ്തുക്കൾകൊ

ണ്ടാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്? കാര്യങ്ങൾ അറിഞ്ഞുവന്നപ്പോൾ അവയിൽ പുത്തനായൊന്നും അടങ്ങിയിട്ടില്ലെന്നാണു് മനസ്സിലായതു്. എന്തെന്നാൽ ഭൂമിയിലും, സൂര്യനിലും ഉള്ള വസ്തുക്കളെല്ലാം നക്ഷത്രങ്ങളിലും അടങ്ങിയിരിക്കുന്നതായി കാണപ്പെട്ടു. സൂര്യൻ നക്ഷത്രജാതിയിൽപെട്ട ഒരുഗോളമാണു്. ഭൂമിയിലെ 92 ഏകകങ്ങളിൽ (എലിമെൻറുകൾ) അൻപത്തിയെട്ടും സൂര്യനിലുണ്ടെന്നു വെളിവായിരിക്കുന്നു. മററുനക്ഷത്രങ്ങളിലും ഇവയെല്ലാം തന്നെയാണു് അടങ്ങിയിരിക്കുന്നതു്.

അവ മററുവസ്തുക്കളൊന്നും കലരാതെ തനിയായി നിലനിൽക്കുന്ന വസ്തുക്കളാണു്. സ്വർണ്ണത്തിൽ ചെമ്പുകലരുന്നതിനാൽ അതു് എലിമെൻറല്ല. പക്ഷെ ചെമ്പുകലരാത്ത സ്വർണ്ണം തനിയാകയാൽ അതു് എലിമെൻറാകുന്നു. ഏകകം എന്നുവച്ചാൽ തനിവസ്തു എന്നർത്ഥം. ലോകത്തിലെ പദാർത്ഥങ്ങൾ ഒന്നുകിൽ ഏകകങ്ങളോ അല്ലെങ്കിൽ അവയിൽ ചിലതിന്റെ സങ്കരങ്ങളോ (കാമ്പൌണ്ടുകൾ) ആണു്. ഈ സങ്കരങ്ങൾക്കു് നിദാനം ഏകകങ്ങളാണെന്നു ചുരുക്കം. ഇങ്ങനെ ലോകത്തിലെ സങ്കരപദാർത്ഥങ്ങൾക്കെല്ലാം കാരണമായി 92 ഏകകങ്ങളാണുള്ളതു്.

സൂര്യനിലെയും നക്ഷത്രങ്ങളിലെയും വസ്തുക്കളെപ്പററി അറിയുന്നതു് അവയിൽനിന്നു പുറപ്പെടുന്ന പ്രകാശത്തെ വിഭജിപ്പിക്കുമ്പോൾ കാണുന്ന വർണ്ണങ്ങളെ ആസ്പദമാക്കിയാണു്. ഓരോ വസ്തുവിൽനിന്നു പുറപ്പെടുന്ന പ്രകാശത്തിനും ഓരോ പ്രത്യേക വർണ്ണമാണുള്ളതു്. ഇതു മനസ്സിലാക്കി

യിരുന്നാൽ, ഒരു പ്രകാശത്തെ വിഘടിപ്പിക്കുമ്പോ ഠം കാണുന്ന വർണ്ണഭേദങ്ങളിൽ നിന്ന്, ആ പ്രകാശത്തിനു കാരണമായ വസ്തുവിൽ എന്തെല്ലാമാണു് അടങ്ങിയിട്ടുള്ളതെന്നറിയാൻ കഴിയും. ഇത്തരം പരിശോധനയിൽനിന്ന് മനസ്സിലാക്കിയതു്, സൂര്യനിൽ പ്രധാനമായി മാഗ്നീഷ്യം, ഇരുമ്പു്, സിലിക്കൺ, സോഡിയം, പൊട്ടാസ്യം, കാൽസ്യം മുതലായ തനിവസ്തുക്കഠം ഉണ്ടെന്നാണു്. അവയെല്ലാം ഭൂമിയിൽ ധാരാളമായി കാണപ്പെടുന്നവയുമാണു്. ചുരുക്കത്തിൽ ഭൂമിയിലും നക്ഷത്രങ്ങളിലും ഒരേവസ്തുക്കഠം തന്നെ അടങ്ങിയിരിക്കുന്നു. പ്രപഞ്ചത്തിനു കാരണം ഒരേതരത്തിലുള്ള വസ്തുക്കഠം തന്നെയാണു് എന്നുസാരം.

സൂര്യനേക്കാഠം അകന്നിരിക്കുന്ന നക്ഷത്രങ്ങളിലേയ്ക്കുള്ള ദൂരം സാധാരണയായി സങ്കൽപ്പിക്കാവുന്നതിൽ വളരെ കൂടുതലാണു്. സൂര്യനിലേയ്ക്കുതന്നെ ഭൂമിയിൽ നിന്നു് 9 കോടി 30 ലക്ഷം മൈൽദൂരമുണ്ടു്. അതു സാരമില്ല. 9 കോടി, 10 കോടി, 100 കോടി ഇങ്ങനെ ക്രമത്തിനു സങ്കല്പിച്ചാൽ ഒരു ലക്ഷം കോടിവരെ എത്താമെന്നുകരുതുക. അങ്ങനെ എത്തിയാൽതന്നെയും അത്രം സാരമില്ല. ഒരു ലക്ഷംകോടി, 2 ലക്ഷംകോടി, 10ലക്ഷംകോടി എന്ന കണക്കിൽസങ്കല്പശക്തി പിന്നെയും നീളുമെങ്കിൽ25 ലക്ഷംകോടിവരെയെത്താമെന്നുവയ്ക്കുക. അത്രയുംമൈൽ സൂര്യനിൽനിന്ന് വളരെ അകലമില്ലാത്ത അയൽക്കാരനായ ഒരു നക്ഷത്രത്തിലേയ്ക്കുള്ള ദൂരമാണു്! പംക്ഷ എന്നുപറയാൻ! ആ ദൂരവും ഒരു ദൂരമല്ല! അങ്ങനെ 500 ലക്ഷം കോടി മൈൽ അകലെയു

ള്ള നക്ഷത്രങ്ങൾപോലും ഇന്ന് ദൂരദർശിനിമുഖേന ദൃഷ്ടിഗോചരമായിരിക്കുന്നു.

ചില നക്ഷത്രങ്ങളുടെ തൂക്കം ഘനഇഞ്ചിന്റെ കണക്കിൽ പറഞ്ഞാൽ വെള്ളത്തിന്റെ തൂക്കത്തിൽ പത്തുലക്ഷത്തിലൊരംശമേയാകുന്നുള്ളൂ. മററു ചിലതിന്റെ തൂക്കം അതേകണക്കിൽ അനേകമനേകം ടൺ ആയിരിക്കയും ചെയ്യും: അഥവാ ഒരു ഘനഇഞ്ചു വെള്ളത്തിന്റെ തൂക്കത്തിൽ പത്തുലക്ഷത്തിലൊരംശമാണ് ചില നക്ഷത്രങ്ങളുടെ ഒരു ഘനഇഞ്ചിനുള്ളത്. അതേസമയം മററു ചില നക്ഷത്രങ്ങളുടെ ഒരു ഘനഇഞ്ചിന് അനേകമനേകം ടൺതൂക്കമുണ്ടായിരിക്കയും ചെയ്യും. ചിലനക്ഷത്രങ്ങളുടെ വ്യാസം ചന്ദ്രന്റേതിനേക്കാൾ വളരെ കൂടുതലല്ല. ചന്ദ്രനേക്കാൾ വളരെ വലിയ ഭൂമിയുടെ വ്യാസം ഏകദേശം 8000 മൈലാണെന്നു പറയാം. ഇത്തരം 13 ലക്ഷത്തിൽ ചില്വാനം ഭൂമിയെ വിഴുങ്ങത്തക്ക വലിപ്പമാണു സൂര്യനുള്ളത്. എന്നാൽ ആ സൂര്യന്റെ വ്യാസത്തേക്കാൾ പരശ്ശതം മടങ്ങു ദൈർഘ്യം ചിലനക്ഷത്രങ്ങളുടെ വ്യാസത്തിനുണ്ട്. സൂര്യനേയും, സൂര്യനെച്ചുററുന്ന വ്യാഴത്തിന്റെ പ്രദക്ഷിണ ചക്രത്തേയും ഉൾക്കൊണ്ടു കഴിയുമ്പോഴും ഏകദേശം അത്രയും സ്ഥലം വെറുതെകിടക്കത്തക്ക വലിപ്പമാണ് ചില നക്ഷത്രങ്ങൾക്കുള്ളത്. അവയുടെ മുൻപിൽ സൂര്യൻ വെറുമൊരു പാവം മാത്രം. പ്രകാശത്തിന്റെ കാര്യത്തിലും നക്ഷത്രങ്ങളുടെ വൈവിദ്ധ്യം വിസ്മയാവഹംതന്നെ. ചിലതിന് ഒരു തീപ്പെട്ടികൊള്ളിയുടെ പ്രകാശമേയുള്ളൂ. മററു ചിലതിന് ആക്കണക്കിൽ ലോകത്തിലെ ഏററവും ശ

കത്തിയേറിയ വൈദ്യുതദീപത്തിന്റെ പ്രകാശമുണ്ട്.

നക്ഷത്രങ്ങളുടെ ഉള്ളിലെ ചൂടിനേയും ശാസ്ത്രജ്ഞന്മാർ തിട്ടപ്പെടുത്തിയിരിക്കുകയാണ്. നാലായിരം ഡിഗ്രിമുതൽ 45000 ഡിഗ്രിവരെയുള്ള വ്യത്യാസങ്ങൾ പലതും അവയുടെ ചൂടിനുണ്ട്. ഇത്ര കടുത്തചൂട് ലോകത്തിൽ നമുക്ക് അനുഭവപ്പെടാറില്ല. അത് ഇത്രത്തോളം വർദ്ധിപ്പിക്കുമ്പോഴുണ്ടാകുന്ന മാററങ്ങൾ ശ്രദ്ധേയങ്ങളാണ്. വസ്തുക്കളെല്ലാം അണുകങ്ങൾ ചേർന്നുണ്ടാകുന്നതാണെന്നും, അതിനാൽ ലോകത്തിന്റെ തന്നെ മൂലഘടകം പരമാണു ആണെന്നും പ്രസിദ്ധമാണല്ലോ. പ്രകാശത്തിന്റെ വേഗമാണ് ശാസ്ത്രത്തിൽ അറിയപ്പെട്ടിട്ടുള്ള ഏററവും വലിയവേഗം. ഒരു മാത്രയ്ക്കകം, എന്നുവച്ചാൽ, 'ക, എന്ന "ലഘു" ശബ്ദം ഉച്ചരിക്കാനുള്ള സമയത്തിനകം, പ്രകാശം 186000 മൈൽ ദൂരം പാഞ്ഞുകഴിഞ്ഞിരിക്കും. നക്ഷത്രങ്ങളുടെ കൊടിയചൂടിൽ വസ്തുവിന്റെ അണുകങ്ങൾ അതിവേഗത്തിൽ ചലിക്കുന്നതാണ്. എന്നല്ല, ഈ വേഗം പ്രകാശത്തിന്റെ വേഗത്തിന്റെ വേഗത്തെ സമീപിക്കുകകൂടി ചെയ്യുന്നുണ്ട്. അതിനാൽ വസ്തു പെട്ടെന്ന് വിഘടിക്കയും, ഘനരൂപം വിട്ട് വാതകരൂപം പ്രാപിക്കുകയും ചെയ്യുന്നു. ഇങ്ങനെ നക്ഷത്രങ്ങളിൽ ശേഷിക്കുന്നത് ഘനവസ്തുക്കളല്ല, അവയുടെ വാതകങ്ങളാണെന്ന് സ്പഷ്ടമാകുന്നു. ലോകത്തിലെ വാതകങ്ങളെ തണുപ്പിച്ചാൽ അവയുടെ അണുകങ്ങൾ വേഗം കുറഞ്ഞ് ഒന്നിച്ചു ചേരുകയും അപ്പോൾ ദ്രവപദാർത്ഥങ്ങളായി മാറുകയും ചെയ്യും. അവയെ വീണ്ടും തണുപ്പിച്ചാൽ ആ ദ്രവങ്ങൾ ഘനവസ്തുക്ക

ളായും തീരും. ശാസ്ത്രജ്ഞന്മാർ വാതകങ്ങളെ ഘനവസ്തുക്കളായും, ഘനവസ്തുക്കളെ വാതകങ്ങളായും സാധാരണ മാററിവരുന്നുണ്ട്.

അണുകങ്ങളുടെ പ്രധാന ഘടകങ്ങൾ പ്രോട്ടോണും ഇലക്ട്രണും ആണെന്നുള്ളതും പ്രസിദ്ധമാണ്. ഇവയെ "അണീയങ്ങൾ" എന്നുപറയാം. നക്ഷത്രങ്ങളിലെ ചൂട് വാസ്തവത്തിൽ വാതകങ്ങളിലെ അണുകങ്ങളേപ്പോലും വിഘടിപ്പിച്ച് അണീയങ്ങളാക്കിത്തീർക്കുകയാണു ചെയ്യുന്നത്. പക്ഷെ അണീയങ്ങൾ പ്രകാശവേഗത്തിൽ കറങ്ങിപ്പായുന്നതും, പാഞ്ഞു കറങ്ങിയും എപ്പോഴും ചലിച്ചുകൊണ്ടുതന്നെയിരിക്കുന്നതിനാൽ, ഒരിക്കൽ വിഘടിച്ചാൽ പിന്നെ അതേ നിമിഷത്തിൽ വീണ്ടും കൂടിച്ചേരാതെ നിവൃത്തിയില്ല. കൂടിച്ചേന്നാൽ ഉടൻ വിഘടിക്കാതെയും നിവൃത്തിയില്ല. ഇപ്രകാരം നക്ഷത്രങ്ങളിൽ അണുസംഘടനയും വിഘടനയും തെരുതെരെ നടന്നുകൊണ്ടാണിരിക്കുന്നത്. സംഘടനയെ "സൃഷ്ടി"യെന്നും, വിഘടനയെ "സംഹാര"മെന്നും വ്യവഹരിച്ചാൽ അവയ്ക്കിടയിലുള്ള സമയത്തെ "സ്ഥിതി"യെന്നു മനസ്സിലാക്കാം. ചുരുക്കത്തിൽ ഒരു മാത്രയ്ക്കിടയിൽ തന്നെ ഓരോ അണുകത്തിലും ഇങ്ങനെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ തുടരെ നടക്കുന്ന പ്രപഞ്ചമാണ് ഒരു നക്ഷത്രമെന്ന് മനസ്സിലാക്കണം.

അണീയങ്ങൾ തമ്മിലടുക്കുമ്പോൾ അവയിൽനിന്ന് ശക്തി വെളിയിലേയ്ക്ക് വിസർജ്ജിക്കുന്നു. അകലുമ്പോൾ വെളിയിൽനിന്ന് ശക്തിആർജ്ജിക്കുകയും ചെയ്യുന്നു. അതിനാൽ, മുകളിൽ പറഞ്ഞ സംഘടനാവേളയിൽ നക്ഷത്രങ്ങളിൽനിന്ന് ഒട്ടേറെ ശ

ക്തി വെളിയിലേയ്ക്ക് പ്രസരിക്കുന്നുണ്ടെന്നു സ്പഷ്ടമാകുന്നു. ഈ ശക്തിയാണ് വെളിച്ചം, ചൂട് എന്നിവയുടെ രൂപത്തിൽ ഈ ലോകത്തിൽ നമുക്ക് അനുഭവപ്പെടുന്നത്. എങ്കിലും വെളിച്ചവുംചൂടുമായി നാം അറിയുന്ന ശക്തി അണുകത്തിന്റെ ശക്തിയിൽ ഏററവും കുറഞ്ഞ ഒരംശം മാത്രമാണെന്നും, അറിയാത്തതാണ് ഏററവും കൂടുതലെന്നും എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. എപ്പോഴും എല്ലാകാര്യത്തിലും അതാണ് ഏററവും ശരി. "നാമിങ്ങറിയുവതല്പം, എല്ലാം, ഓമനേ, ദൈവസങ്കല്പം" എന്നാണല്ലോ കവിവാക്യം! അതിരിക്കട്ടെ.

നാംകാണാത്ത ശക്തി ചൂടിന്റേയും വെളിച്ചത്തിന്റേയും രൂപത്തിൽ പ്രകടമാകുമ്പോഴാണ് നാം കാണുകയോ അറിയുകയോ ചെയ്യുന്നത്. ശക്തിയുടെതന്നെ അത്രപ്രബലമല്ലാത്ത തരംഗങ്ങളാണ് ചൂടെന്നും, വെളിച്ചമെന്നും പറയുന്നത്. നക്ഷത്രങ്ങളുടെ അന്തർഭാഗത്ത് ചൂടേറിയിരിക്കുന്നതിനാലുള്ള അണുകവിഘടനവും, സംഘടനവും എത്രയോവേഗത്തിലാണെന്ന് ഊഹിക്കാൻപോലും പ്രയാസമാണ്. അപ്പോഴുണ്ടാകുന്ന ശക്തിവിസർജ്ജനം "എക്സറേ" എന്നറിയപ്പെടുന്ന അതിഹ്രസ്വതരംഗങ്ങളുടെ രൂപത്തിലാണ് നടക്കുന്നത്. ഈ രശ്മിതരംഗങ്ങൾ നക്ഷത്രമദ്ധ്യത്തിൽ നിന്നു പുറപ്പെടുമ്പോൾ അവ ചുററിനുമുള്ള അണുകങ്ങളെ വീണ്ടും വിഘടിപ്പിച്ച് അണീയങ്ങളാക്കിമാററുന്നു. അണീയങ്ങൾ പിന്നെയും സംഘടിക്കുന്നു. അതിൽനിന്ന് പിന്നെയും ശക്തിപ്രസരം സംഭവിക്കുന്നു. ഈ ശക്തിപ്രസരണം അല്പം കൂടി ദീർഘമായ തരംഗങ്ങളായിട്ടാ

ണ്ട് നടക്കുന്നത്. ഇങ്ങനെ ക്രമേണ വെളിയിലേക്ക് വരുംതോറും തരംഗങ്ങളുടെ ആയാമം കൂട്ടുകയും, അതനുസരിച്ച് അവയ്ക്ക് ശക്തി കുറയുകയും ചെയ്യുന്നു. തരംഗായാമം കുറയുമ്പോൾ ശക്തി വർദ്ധിക്കയും കൂട്ടുമ്പോൾ അത് ക്ഷയിക്കയുമാണ് ചെയ്യുന്നതെന്നു സാരം. അതിനാൽ നക്ഷത്രത്തിന്റെ ഉപരിതലങ്ങളിൽനിന്നു പുറപ്പെടുന്ന തരംഗകൾക്ക് ആയാമം കൂടുതലും ശക്തി കുറവുമാണെന്നു കാണാം. ഈ തരംഗങ്ങളാണ് ചൂടിന്റേയും, വെളിച്ചത്തിന്റേയും, തരംഗങ്ങൾ. ആയാമം കുറഞ്ഞ തരംഗങ്ങൾ നക്ഷത്രത്തിന്റെ ഉള്ളിൽതന്നെ വിലയിക്കുന്നതിനാൽ അവയൊന്നും ശാസ്ത്രജ്ഞൻ കാണാറില്ല.

ഇങ്ങനെ എപ്പോഴും എല്ലാവശത്തുനിന്നും ഇടതടവില്ലാതെ ശക്തിവിസർജ്ജിച്ചുകൊണ്ടുതന്നെയിരിക്കാൻ എത്ര മഹാകായനായ നക്ഷത്രത്തിനും അത്രവളരെ കഴിവുണ്ടെന്നു വിചാരിക്കാവുന്നതല്ല. എന്നാൽ ഈ ശക്തിനഷ്ടം ഏതു വൻപിച്ച നക്ഷത്രത്തേയും അല്പകാലത്തിനകം ക്ഷയിപ്പിച്ചു ഒടുക്കിക്കളയും. എങ്കിലും അത്രതന്നെ വേഗത്തിൽ നശിക്കത്തക്കവിധം അവയ്ക്കു ശാസ്ത്രജ്ഞന്റെ ദൃഷ്ടിയിൽ സാദ്ധ്യാമൃത്യുലക്ഷണങ്ങളൊന്നും കാണ്മാനില്ലതാനും. നേരെമറിച്ച്, മേൽപ്പറഞ്ഞ നിയമമനുസരിച്ച് നശിക്കേണ്ടകാലം കഴിഞ്ഞാലും പിന്നെയും ഏറെക്കാലം ജീവിക്കത്തക്ക പരമദീർഘായുർയ്യോഗങ്ങളൊക്കെ അവയ്ക്കു തികഞ്ഞിട്ടുണ്ടെന്നാണ് അയാളുടെ ബലമായ സിദ്ധാന്തം. ഇതിനെന്താണ് കാരണം?

വാസ്തവം പറഞ്ഞാൽ ഇതിനൊന്നും മതിയായ സമാധാനം ആരും പറഞ്ഞിട്ടില്ല. ഇപ്പോഴത്തെ

സിദ്ധാന്തമനുസരിച്ചു് നക്ഷത്രം എരിയുകയല്ലാ വെറും ശക്തിതരംഗങ്ങളെ ഉൽപ്പാദിപ്പിക്കുകമാത്രമാണു് ചെയ്യുന്നതു്. സൂൎയ്യൻ കല്ക്കരിപോലെ എരിയുകയാണെങ്കിൽ അല്പകാലത്തിനകം കുറെ ചാമ്പൽ ശേഷിക്കുമെന്നു വിചാരിക്കാം. അല്ലെങ്കിൽ തണുത്ത ഒരു ഗോളമായിത്തീരുന്നതാം. പക്ഷെ ശക്തിതരംഗങ്ങൾ പ്രസരിപ്പിക്കുക മാത്രമാണു ചെയ്യുന്നതെങ്കിൽ സൂൎയ്യന്റെ ആയുസ്സു് 15 ലക്ഷം കോടിവർഷം കൂടുതലായിരിക്കുമെന്നു എഡിൻസ്റ്ററീൻ കണക്കാക്കുന്നു. ഇതു് 15 കോടിയോ, 15 ലക്ഷമോ അല്ല, 15 ലക്ഷം കോടിയാണെന്നു് പ്രത്യേകം ഓൎക്കാനുണ്ടു്. ഏതായാലും അടുത്തകാലത്തെങ്ങും അങ്ങനെയൊരാപത്തു് പിണയുകയില്ലെന്നുള്ളതു് ഒരാശ്വാസം തന്നെ! ഇതു കേട്ടാൽ വായനക്കാൎക്കു് ചിരിക്കാൻ തോന്നുമായിരിക്കും. എങ്കിലും അതു നേരമ്പോക്കിനുവേണ്ടിമാത്രം എഴുതിയതല്ല. "നോവാ പിക്റ്റോറിസ്" എന്ന നക്ഷത്രം ജ്വലിക്കത്തിപ്പോയതു് 1928-ൽ ആണു്! കല്ക്കരിയും മററും എരിഞ്ഞാൽ ചാമ്പലെങ്കിലും ശേഷിക്കും. നക്ഷത്രം എരിഞ്ഞാൽ വെറും ശക്തി ചുററുമുള്ള ആകാശത്തിൽ ലയിക്കുകയല്ലാതെ ശേഷിക്കാൻ ബാക്കിയൊന്നും കാണുകയില്ലത്രേ.

ഇപ്രകാരം ശക്തി ചുററുപാടും ലയിച്ചുകൊണ്ടിരിക്കുക മാത്രമാണെങ്കിൽ ഒരു കാലത്തു് ഒരു നക്ഷത്രവും ഉണ്ടായിരിക്കയില്ലെന്നും അങ്ങനെ ഈ പ്രപഞ്ചംതന്നെ അവസാനിച്ചുപോകുമെന്നും വിചാരിക്കേണ്ടിവരും. പക്ഷെ അങ്ങനെ സംഭവിച്ചുപോകാൻ ന്യായമൊന്നുമില്ലത്രേ. എന്തെന്നാൽ, നാം കാ

ന്നു നക്ഷത്രങ്ങൾ ക്രമേണ ക്ഷയിച്ചുവരുന്നതിനിടയിൽ, വിശ്വത്തിന്റെ മററു ചില സ്ഥാനങ്ങളിൽ പ്രസ്തുതശക്തി വീണ്ടും അണുകങ്ങളായി രൂപാന്തരപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. "കോസ്മിക്റേ" എന്നറിയപ്പെടുന്ന ഒരു വക അദൃശ്യരശ്മികളാണു് ശാസ്ത്രജ്ഞന്മാർക്കു് ഈ അഭ്യൂഹത്തിനിട നൽകുന്നതു്. അതിനാൽ ഒടുവിൽ ഇന്നത്തെ പ്രപഞ്ചം പാടേ വിലയംപ്രാപിച്ചാൽ തന്നെയും അപ്പോഴേയ്ക്കു് മററു പ്രദേശങ്ങളിൽ പുതിയൊരു പ്രപഞ്ചം ഉണ്ടായിക്കഴിഞ്ഞിരിക്കുമത്രേ.

"പുണ്ഡരീകഭവനംബരം, ധരണി
വാരിരാശിയിവയെപ്പകൽ
ഖണ്ഡമൊട്ടു പണിചെയ്തുവച്ചു് നിശി
വിശ്രമത്തിനു ശയിക്കവേ,
ചണ്ഡരശ്മികൾ, കടുത്തകാററുകൾ,
മഹാംബുദങ്ങളിവയാൽ ജഗ-
ന്മണ്ഡലം ക്ഷപിതമായ്, വിരിഞ്ചനു
പുനശ്ച സൃഷ്ടി ഉടക്കരണ്ടതായ്"

പക്ഷെ ശാസ്ത്രജ്ഞന്റെ വിരിഞ്ചനു് മേൽ കാണുന്ന വിശ്രമമില്ലെന്നാണു് തോന്നുന്നതു്. ആ വിധാതാവു് ഒരിടത്തെ പണി അഴിച്ചുകളഞ്ഞിട്ടു് വിശ്രമമില്ലാതെ മറെറാരിടത്തു പണിയുക എന്നൊരു നയമാണു് സ്വീകരിച്ചിരിക്കുന്നതെന്നു പറയണം.

# 3. സൗന്ദൎയ്യം പ്രകൃതിയിലോ കവിയിലോ?

കല പ്രകൃതിയുടെ പകർപ്പാണെന്നു തെററിദ്ധരിച്ച കലാകാരന്മാൎക്കു് അപകടംപററി. എന്തെന്നാൽ അവരുടെ കല നിൎജ്ജീവചിത്രങ്ങളോ ഓജസ്സില്ലാത്ത പ്രതിമകളോ ആയിത്തീർന്നു. ഗ്രീസിലെ പ്രാചീനശില്പങ്ങൾ ജഡരൂപത്തിന്റെ അനുകരണങ്ങൾക്കു് ഉദാഹരണങ്ങളാണു്. രവിവൎമ്മയുടെ പല ചിത്രങ്ങളും വെറും ചിത്രങ്ങൾ [At best, they are only Pictures) മാത്രമാണെന്നു് അഥവാ ജീവനില്ലാത്ത പ്രതിരൂപങ്ങൾ മാത്രമാണെന്നു് ചില കലാനിരൂപകന്മാർ അഭിപ്രായപ്പെടുന്നു. യഥാർത്ഥ കലാവസ്തുക്കളിൽ തികഞ്ഞ സജീവത്വം അനുഭവപ്പെടുമെങ്കിൽ രവിവൎമ്മചിത്രങ്ങളിൽ പലതിലും അതില്ലത്രെ!

പ്രകൃതിയുടെ ബാഹ്യസ്വരൂപത്തെ അഥവാ ജഡത്തെ ചിത്രീകരിക്കാൻ തുനിയുന്നതുകൊണ്ടാണു് ഇങ്ങനെ സംഭവിക്കുന്നതെന്നു ഈയിടെ ഇരുന്നു ഒരു സമാധാനം കാണാനിടയായി. വാസ്തവംതന്നെ എന്നു തലകുലുക്കി സമ്മതിക്കണം. പക്ഷെ, പിന്നെ യഥാൎത്ഥകല എന്താണു്? അതു് ആന്തരപ്രകൃതിയുടെ പകർപ്പാണത്രെ. ഓരോ വസ്തുവിനും ജീവിക്കും അതാതിന്റെ ആന്തരസ്വഭാവം, അതായതു് ആന്തരസൗന്ദൎയ്യം ഉണ്ടു്. അതു് കണ്ടുപിടിച്ചു് പകർപ്പെടുക്കുമ്പോൾ അതു് കലയായിത്തീരുന്നു എന്നാണു് മേൽപ്പറഞ്ഞ നൂതനസിദ്ധാന്തത്തിന്റെ സാരമെന്നുതോന്നുന്നു.

ഈ അനുമാനം ശരിയാണെങ്കിൽ, കല പ്ര
കൃതിയുടെ ചില അംശങ്ങളിൽ മറഞ്ഞുകിടപ്പുണ്ടെ
ന്നും, തെക്കെ ആഫ്രിക്കയിലെ വജ്റഖനികളിൽ
നിന്ന് രത്നാംകുഴിച്ചെടുക്കുന്നതുപോലെ അതിനെ മ
റവിൽനിന്ന് വെളിയിൽ കൊണ്ടുവന്നാൽ മതിയെ
ന്നും മനസ്സിലാക്കേണ്ടിവരുന്നതാണ്. എന്നാൽ
വാസ്തവത്തിൽ പ്രകൃതിയിൽ സൗന്ദര്യം ഇല്ല. സൗ
ന്ദര്യം ബാഹ്യപ്രകൃതിയിലാണ് നിഷ്ഠമായിരിക്കു
ന്നതെങ്കിൽ, നോക്കുന്നവർക്കെല്ലാം അതുകാണാനും
തന്നിമിത്തം ഉത്തേജനം ലഭിക്കാനും ഇടയാകേ
ണ്ടതായിരുന്നു. എന്നാൽ പ്രകൃതിയിലുണ്ടെന്നു പ
റയപ്പെടുന്ന സൗന്ദര്യത്തിന്റെ നടുവിൽതന്നെ ജീ
വിച്ചാലും അങ്ങനെയൊന്ന് ഉള്ളതായി അറിയാ
ത്തവരാണ് ലോകത്തിലെ ബഹുഭൂരിപക്ഷം ആളു
കൾ. റസ്കിൻ ഇതിനെപ്പററി പരിതപിക്കുന്നു
ണ്ട്. അവരും അവരുടെ ചുററുമുള്ള ജന്തുക്കളും
തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ചിലർമാത്രം
പ്രകൃതിയുടേതെന്ന് പറയപ്പെടുന്ന സൗന്ദര്യം ദർ
ശിക്കുന്നു. ഇതിനുകാരണമെന്ത്?

കലാകാരനും സഹൃദയനും നോക്കുമ്പോൾ എ
വിടെയും സൗന്ദര്യം കാണുന്നു. അതിനുള്ള കണ്ണ്
അവർക്കുമാത്രമേ ഉള്ളു. മറെറാരുതരത്തിൽ പറയു
കയാണെങ്കിൽ കലാകാരൻ തന്റെ സ്വന്തം ആ
ന്തര സൗന്ദര്യത്തെ പ്രകൃതിവസ്തുക്കളിൽ ആരോപി
ച്ച് അതിൽനിന്ന് ആനന്ദം അനുഭവിക്കയും, ത
ദ്വാരാ കലാനിർമ്മാണം സാധിക്കയും ചെയ്യുന്നു.
സൗന്ദര്യമുള്ള ഹൃദയത്തിന്റെ ആവിഷ്കരണം
അഥവാ, സൃഷ്ടിയത്രേ കല. ഹൃദയസൗ

ന്ദര്യത്തിന് എന്തെങ്കിലും- താറാവിലും പന്നിയിലും പോലും- സൗന്ദര്യം ദൃശ്യമായിത്തീരുന്നു.

പ്രകൃതിയിൽ ചിലപ്പോൾ സൗന്ദര്യം കാണുന്നതായി വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെയും മററും ചിലപ്പോൾ, അല്ലെങ്കിൽ ചില വസ്തുക്കളിൽ, അതില്ലെന്ന് തീർച്ചയാണ്. നേരെമറിച്ച് സൗന്ദര്യദ്രഷ്ടാവോ സ്രഷ്ടാവോ ആയ കലാകാരനാകട്ടെ അസുന്ദരമായി ലോകത്തിൽ യാതൊന്നുമില്ല. പ്രകൃതി ചിലപ്പോൾ അസുന്ദരമായിരിക്കെ കല എപ്പോഴും സുന്ദരമാണെന്ന് പറയുന്നതിന് കാരണം ഇതാണ്. കലാകാരൻ സൃഷ്ടിക്കുന്ന ബീഭത്സതപോലും സുന്ദരമല്ലാതെ മററൊന്നുമല്ല. പ്രകൃതിയിലെ മരണരംഗം ദുർദ്ദർശനമായിട്ടേ ഇരിക്കൂ. എന്നാൽ ഒരു കവിയുടെ തൂലികാവിലാസത്താൽ ഉൽഭവിക്കുന്ന മരണരംഗം വീണ്ടും വീണ്ടും നമ്മെ ആകർഷിക്കുന്നു. നളിനിയുടെ മരണം നോക്കുക:-

"ഞെട്ടറുന്നമലർക്കും, തുണാഞ്ചലം
വിട്ടിടുന്ന ഹിമബിന്ദുതാനുമേ,
ഒട്ടുദു:ഖമിയലാം, വപുസ്സുവേർ-
പെട്ടനിൻസുഖമഹോ! കൊതിക്കിലാം"

ഒരു മരണവും പ്രകൃതിയിൽ ഇത്രത്തോളം "സുഖാവഹമായിരിക്കുമെന്ന് തോന്നുന്നില്ല. "നളിനി യിലെ മരണരംഗം വായിക്കാൻ നമുക്ക് വീണ്ടും വീണ്ടും കൊതിതോന്നുന്നെങ്കിൽ അതിൽ അത്ഭുതമെന്തുള്ളൂ ? ജുഗുപ്സയിൽപോലും സൗന്ദര്യം കാണുന്നും കാണിക്കാനും കലാകാരനു കഴിവുണ്ട്. ഒരു മനുഷ്യനെ തല്ലിക്കൊന്ന് കുടർമാല എടുത്തണിയു

ന്നതു് രണ്ടാംതവണ കാണാൻ പ്രകൃതിയിൽ ആരും ആഗ്രഹിക്കുമാറില്ല. എന്നിരുന്നാലും ഭീമസേനൻ ദുശ്ശാസനനെക്കൊന്നു് കുടർമാലഎടുത്തണിഞ്ഞുകൊണ്ടു് ഒരുകൊലക്കൂത്താട്ടത്തിന്റെ വർണ്ണന വീണ്ടും വീണ്ടും നാം വായിക്കുന്നു. ഇതാണു് കലയും പ്രകൃതിയും തമ്മിലുള്ള വ്യത്യാസം. പ്രകൃതിയുടെ യാതൊരംശത്തിന്റേയും പകർപ്പു് കലയാകയില്ല.

കാക്കയുടെ ചരിഞ്ഞുനോട്ടം നാമെല്ലാം എന്നും കാണുന്നുണ്ടെങ്കിലും, അതു സുന്ദരമാണെന്നു തോന്നാറില്ല. "കരുണ"യിലെ വാസവദത്ത കാക്കയുടെ ചരിഞ്ഞ നോട്ടത്തിനു് ശരവ്യമെന്ന നിലയിൽ കിടക്കുന്നതായി വർണ്ണിക്കുമ്പോഴും ആ നോട്ടത്തിനു് അണുമാത്രമായ സൗന്ദര്യംപോലും കവികൃതമായി സാധിക്കുന്നുമില്ല. പിന്നെന്താണു് അതിനു് ഒരുപ്രത്യേകതയുള്ളതു്? വാസവദത്ത എന്ന കുബേര ഗണികാലലാമം ഒരു വെറും കാക്കയുടെ നോട്ടത്തിനു ശരവ്യയായിത്തീരുന്നതിൽ ഒരു പ്രത്യേകതയുണ്ടു്; അത്ര തന്നെ. ആ ഘട്ടത്തിലെ രസസ്ഫൂർത്തിയ്ക്കു്, അഥവാ രസനിഷ്ഠമായ ആനന്ദാനുഭൂതിക്കു് ആ നോട്ടം അത്യന്തം ഉപകരിക്കുന്നു. ഇതു് ഒരു കാക്കയുടെ ചരിഞ്ഞനോട്ടത്തിന്റെ സൗന്ദര്യവർണ്ണനമാണെന്നു ധരിക്കുന്നതാണു് തെറ്റു്. അങ്ങനെയായിരുന്നെങ്കിൽ, അതു സുന്ദരമായിത്തീരുന്ന പക്ഷം കാക്കയുടെ ആന്തരപ്രകൃതി സൗന്ദര്യാവിഷ്കരണത്താൽ കവി കലാനിർമ്മാണം നിർവഹിച്ചുതായികരുതിക്കളയാമായിരുന്നു. പക്ഷേ അങ്ങനെയല്ലല്ലോ.

ഒരു പെരുച്ചാഴി „ദയനീയ“മായ നിലയിൽ അടിയും കുത്തുംഏററു ചത്തടിഞ്ഞു കിടക്കുന്നതിതെപ്പററി ഒരാൾഒരു കാവ്യം ചമയ്ക്കുന്നു. അവിടെയും നമ്മുടെ പാർശ്വദൃഷ്ടിയായ കാകൻ ആ നോട്ടവുമായി പറന്നെത്തും. പെരുച്ചാഴിയുടെ കിടപ്പിനെപ്പററി എഴുതിയാൽത്തന്നെ ഒരുപൊട്ടിച്ചിരിക്കു മാത്രമേ, അതു വക നൽകുകയുള്ളു. കാക്കയുടെ ചരിഞ്ഞനോട്ടം ആ ചിരിക്കു പ്രേരകമായ വികാരത്തെ കൂടുതൽ പ്രബലമാക്കുന്നതായിരിക്കും. അപ്പോൾ അതിൽ ഏതു സൗന്ദര്യമാണു കാണുന്നതു? ഇവിടെ സൗന്ദര്യം ആകെ മാറിയെന്നു കലയിൽ പ്രകൃതിപ്പകർപ്പു കാണുന്നവർ സമാധാനം നൽകിയേക്കാം. പക്ഷേ കാകനോടു ചോദിച്ചാൽ താൻ വാനമ്പദത്തയെ നോക്കിയതും, പെരുച്ചാഴിയെ നോക്കിയതും ഒരേ ഒരു ഭാവത്തിലാണെന്നു അവൻ നേരെനോക്കി പറഞ്ഞുകളയും. ആ സ്ഥിതിക്കു, അതായതു, കാകന്റെ നോട്ടത്തിനോ ഭാവത്തിനോ യാതൊരു മാററവും വന്നിട്ടില്ലാത്ത സ്ഥിതിക്കു, ഒരിടത്തു നാം ശോകിക്കാനും, മററൊരിടത്തു ചിരിക്കാനും സംഗതിയായതെങ്ങനെ? ഇതിൽനിന്നു മനസ്സിലാക്കണം കലാകാരൻ ഒരിടത്തും പ്രകൃതിയിലെ ആന്തരസൗന്ദര്യം പകർത്താനല്ല ഉദ്യമിക്കുന്നതെന്നു.

പ്രകൃതിയിൽ സൗന്ദര്യം ഉണ്ടായിരുന്നെങ്കിൽ എല്ലാവരും അതറിയേണ്ടതായിരുന്നു എന്നും കലാകാരൻ സ്വന്തം സൗന്ദര്യത്തെയാണു ആവിഷ്കരിക്കുന്നതെന്നും പ്രകൃതിവസ്തുക്കൾ ഇതിനു ഉപകരണങ്ങളായിത്തീരുക മാത്രമാണു ചെയ്യുന്ന

ക്കാം. ഇതിനെ മറെറാരുതരത്തിൽ പരിശോധിക്കുകതന്നെ. ഒരാൾ ഒന്നാംതരം കവിയോ കലാകാരനോ ആയിരുന്നേക്കാം. എന്നാൽ ഏററവുമുജ്ജ്വലമോഹനമായ സൂൎയ്യോദയംപോലും ചില വേളകളിൽ അയാൾക്കു ഹൃദ്യമായിത്തോന്നിയെന്നു വരുന്നതല്ല. അപ്പോൾ അയാളെ സംബന്ധിച്ചിടത്തോളം അതിൻെറ സൗന്ദൎയ്യാതിരേകം മുഴുവൻ കെട്ടുപോകുന്നു. മറെറാരുദാഹരണത്തിൽ, വിരഹികൾക്കു ചന്ദ്രോദയം തന്നെയും ശീതളമല്ല, ഉഷ്മളമാണ്. അതു് അവരുടെ ഹൃദയത്തെ നീറുന്നു. ഇതിൽനിന്നു മനസ്സിലാകുന്നതു് പ്രകൃതിയിൽ സൗന്ദൎയ്യമുണ്ടായാൽ തന്നെയും അതുകൊണ്ടു് കലാകാരന്മാൎക്കുപോലും യാതൊരു വിശേഷവുമില്ലെന്നാണ്. കലാനിൎമ്മാണവേളയിൽ അവരുടെ ഹൃദയത്തിൽ സൗന്ദൎയ്യാവബോധം ഉൽഫുല്ലമായി നിന്നാൽ മാത്രമേ പ്രകൃതിയിൽ വല്ല സൗന്ദൎയ്യവുമുണ്ടെങ്കിൽ അതു പ്രയോജനപ്പെടുകയുള്ളു. ചുരുക്കത്തിൽ സൗന്ദൎയ്യാവിഷ്കരണം പ്രകൃതിയെയല്ല, കലാകാരനെ തന്നെയാണ് ആശ്രയിച്ചിരിക്കുന്നതു്. സൗന്ദൎയ്യമില്ലാത്ത വസ്തുക്കൾക്കു് അയാൾ സ്വയം സൗന്ദൎയ്യം നൽകുന്നു. ഇതാണ് കലാകാരൻെറ ശക്തി, അയാളുടെ കഴിവു്.

പ്രകൃതിക്കു് ഇല്ലാത്ത ഭാവങ്ങൾ അതിൽ ആരോപിച്ചു് സൗന്ദൎയ്യംഉല്പാദിപ്പിക്കുകയാണ് കലാകാരൻെറ ധൎമ്മവും കൎമ്മവും.

'കണ്ടീവിപത്തഹഹ! കല്ലലിയുന്നിതാടൽ
കൊണ്ടാശു ദിങ്മുഖവുമങ്ങനെ മങ്ങിടുന്നു!

ഇങ്ങിനെയാണ് ഒരുപൂവിൻെറ ചരമവേളയെ ആശാൻ

വർണ്ണിക്കുന്നു. കല്ലു് അലിയുകയില്ല, പൂവിൻെറ മരണാനന്തരമുള്ള സ്വച്ഛതനത്വംകൊണ്ടു് ദിങ്മുഖം അനുഗ്രഹീതവുമല്ല. സായാഹ്നത്തിൽ ദിക്കുകൾ മങ്ങും; മഞ്ഞിൻതുള്ളികൾ കല്ലുകളിൽ വീണൊഴുകുകയും ചെയ്യും. ഇവയെ ഒരു പൂവിൻെറ വിയോഗത്തെപ്പററിയുള്ള വ്യസനത്തിൻെറ ലക്ഷണങ്ങളായി കണ്ടു കവി സ്വന്തം മനോഭാവം അവയിൽ പകർത്തുകയല്ലായിരുന്നു എന്നാരും പറയുകയില്ലല്ലോ. കല്ലുപോലും അലിയുന്ന ഒരവസ്ഥയിൽ നമ്മുടെ ഹൃദയം എങ്ങനെ അലിയാതിരിക്കും? തീർച്ചയായും അതു വായിച്ചു കഴിയുമ്പോൾ നമുക്കു് ആ പൂവിൻെറ കിടപ്പിനെപ്പററി ഒരു വിഷാദം ജനിക്കാതെ ഗത്യന്തരമില്ല. ഇങ്ങനെ ഒരു വെറും പൂവിൻെറ ചരമത്തെപ്പററിപ്പോലും വേദന തോന്നത്തക്കവിധം നമ്മുടെ ഹൃദയത്തിനു് നൈർമ്മല്യം വരുത്തി അതിനെ നിസ്വാർത്ഥതയുടെ അഗ്രകോടിയിലേയ്ക്കു ഉയർത്തിയതിനു്, ഈ ദൂഷിച്ച ലൗകികപരിതഃസ്ഥിതികളിൽനിന്നു നമ്മെ ഒരു നിമിഷനേരത്തേയ്ക്കെങ്കിലും പരിശുദ്ധിയുടെ അന്തരീക്ഷത്തിലെത്തിച്ചതിനു്, നാം, കവിയോടു് കൃതജ്ഞരും, ആ കാവ്യം വായിക്കാൻ പിന്നെയും പിന്നെയും ഉൽസുകരുമാകുന്നു എന്നു മാത്രമേ തൽക്കാലം പറയേണ്ടതുള്ളു.

പ്രകൃതിയിൽ ഒരു ജീവിക്കു് ഒരു സ്വഭാവവും, മററൊരു ജീവിക്കു് മററൊരു സ്വഭാവവും കാണും: കല്ലിനു് കട്ടപ്പം, കടലിനു് ആഴം, മലയ്ക്കു വലിപ്പം മുതലായവ ഉണ്ടായിരിക്കും. പക്ഷെ ഈ ഗുണങ്ങളെ അതാതിൻെറ സൗന്ദര്യമായി പരിഗണിച്ചു് അവയെ പകർത്തിയാൽ കലയാകയില്ല കല പ്രകൃതിയുടെ പകർപ്പാണെന്നു പറയാൻ സാധിക്കയുമില്ല. മേൽപറഞ്ഞ

ഗുണങ്ങൾ അവയുടെ സൗന്ദൎയ്യമാണോ? ഒരിക്കലുമല്ല. ആ സൗന്ദൎയ്യം കാണിച്ചുതരാൻ ഒരു കലാകാരന്റെ ആവശ്യമുണ്ടോ? അതുമില്ല. എന്തെന്നാൽ കല്ലിന് കടുപ്പം സ്വഭാവസിദ്ധമാണെന്നു കുട്ടികൾക്കുപോലും അറിയാം. മലയുടെ സ്വഭാവം മലവേടന്മാർക്കും അറിയാം. അതൊന്നും സൗന്ദൎയ്യമാണെന്ന് അവർപോലും തെററിദ്ധരിച്ചിട്ടുമില്ല. അങ്ങനെയിരിക്കെ അവ പകർത്തിയാൽ പ്രകൃതിയുടെ ആന്തരസൗന്ദൎയ്യം എങ്ങനെ വെളിപ്പെടും? ചിലർ പ്രകൃതിയേയും കലയേയും സൗന്ദൎയ്യത്തേയും ഒരേവാക്യത്തിൽ ഒററ ശ്വാസത്തിൽതന്നെ തെററിച്ച് പറയുമ്പോൾ ഒരു വിസ്മയംതോന്നുന്നതാണ്. എന്നിരുന്നാലും, അതുകേൾക്കാൻ രസമുണ്ടെന്ന് സമ്മതിക്കുകതന്നെവേണം

"പ്രകൃതിയുടെ ആന്തരസൗന്ദൎയ്യം" കവി വെളിപ്പെടുത്തുന്നു എന്നുള്ളത് സത്യംതന്നെ. പക്ഷേ അതെങ്ങനെയാണെന്നാണ് ചിന്തിക്കാനുള്ളത്. പ്രകൃതിയുടെ ഓരോ ഭാവം കാണുമ്പോഴും കവികൾക്ക് ഓരോ അനുഭൂതി ഉണ്ടാകാറുണ്ട്. മററുള്ളവർക്കങ്ങനെ സംഭവിക്കാറില്ല എന്ന് പ്രത്യേകം ഓർക്കേണ്ടതുമാണ്. തന്റെ ചിത്രീകരണപാടവത്താൽ കവി ആ അനുഭൂതിയെ നമുക്കും അനുഭവസാദ്ധ്യമാക്കിത്തീർക്കുന്നു. അപ്പോൾ നമുക്ക് അതുവരെ പ്രകൃതിയിൽ കാണാൻ കഴിയാതിരുന്ന ഒരു സൗന്ദൎയ്യം, അഥവാ ആനന്ദാനുഭൂതി, ആകസ്മികമായി ഉണ്ടാകയും, നാം അദ്ഭുതപരതന്ത്രരും ആനന്ദവിവശരുമായി തീരുകയും ചെയ്യുന്നു. ഉദാഹരണമായി "വീണപൂവ്" തന്നെ വീണ്ടും നോക്കുക. ഒരു പൂവ് നമുക്കാർക്കും വേദന നൽകേണ്ട ആവശ്യമില്ല. എന്നാൽ ആശാൻ വർണ്ണിച്ചപ്പോൾ അദ്ദേഹത്തിൽക്കൂടി നാം അതിനെ സഹോദരഭാവേന ദർശിക്കാനിടയാകുന്നു. ഇ

വിടെയാണ് മണ്ണടിഞ്ഞ ആ നിസ്സാരവസ്തുവിൻെറ "പ്രകൃതിസൗന്ദര്യം" സ്ഥിതിചെയ്യുന്നതു്. ആശാൻ വർണ്ണിക്കുന്നതുവരെ ഒരു നിശ്ചേതനവസ്തുവിനെപ്പററി ചേദിക്കാൻ നമുക്ക് കഴിയുമായിരുന്നു എന്ന് ആരാണ് അറിഞ്ഞിരുന്നതു്? അപ്പോഴാണ് അദ്ദേഹം ഒരുനൂതനസജീവത്വം ആ നിർജ്ജീവവസ്തുവിന് നൽകി നമുക്കെല്ലാം അതിനെ പ്രിയംകരമാക്കിത്തീർത്തതു്. ഇവിടെ ഒരു നൂതനമായ അനുഭൂതി നമുക്കുണ്ടാകുന്നു. എന്തെന്നാൽ അതിനുമുൻപ് അതു് നാം അറിഞ്ഞിരുന്നില്ല; ആരും അറിയിച്ചുതന്നും ഇല്ല. ഇതത്രേ വീണപൂവി"ൻെറ സൗന്ദര്യം, അഥവാ കലാകാരൻ കാണുന്നതും കാണിച്ചുതരുന്നതുമായ "പ്രകൃതിസൗന്ദര്യം.,,

പ്രകൃതിയിൽ അങ്ങനെ യഥാർത്ഥമായി ഒരു സൗന്ദര്യമില്ലെന്ന് ഈ ലേഖനത്തിൽ നേരത്തേതന്നെ സൂചിതമായി. എത്ര പൂക്കൾ വീണുകിടക്കുന്നതു കണ്ടാലും, ഇന്നും നമുക്ക് പ്രത്യേകിച്ച് ഒന്നും തോന്നാറില്ല. നേരേമറിച്ച്, "വീണപൂവ്" വായിക്കുമ്പോൾ നാം അതിൻെറ അടുത്ത ബന്ധുക്കളിൽ ചിലരായിമാറിപ്പോകുന്നു. സൂര്യോദയം നാം എന്നും കാണുന്നുണ്ടെങ്കിലും വള്ളത്തോളിൻെറ "പ്രഭാതവർണ്ണന,, വായിക്കുമ്പോഴുണ്ടാകുന്ന അനുഭവം വേറൊന്നാണ്. യഥാർത്ഥസൂര്യൻ എന്നും ഉദിക്കുന്ന സ്ഥിതിക്ക് ഈ പ്രഭാതവർണ്ണന എന്തിന്?,, എന്ന് സഹൃദയന്മാർ വിചാരിക്കാറില്ല. അതാണ് നിർജ്ജീവമായ പ്രകൃതിയും സജീവമായ കലയും തമ്മിലുള്ള അന്തരം ഈ അന്തരംകൊണ്ടാണ് കലാകാരൻ പ്രകൃത്യാതീതനായ ഒരുസ്രഷ്ടാവായിത്തീരുന്നതു്.

# 4 കലയും ജീവിതവും

കലയും ജീവിതവും തമ്മിൽ ബന്ധമുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്തു്? ഇല്ലെങ്കിൽ പിന്നെ കല എങ്ങനെ ഉൽഭവിക്കുന്നു? ജീവിതവുമായി ബന്ധമില്ലാത്ത കലയുടെ ആവശ്യമെന്തു്? ഈ മാതിരി പ്രശ്നങ്ങൾ ഇന്നുണ്ടായതല്ല. അനേകായിരം വർഷങ്ങൾക്കുമുൻപുതന്നെ ഈ മാതിരിചോദ്യങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കപ്പെട്ടുകഴിഞ്ഞു. നമ്മുടെ ഇന്നത്തെ സാഹിത്യകാരന്മാരിൽ പലരും അതു ശ്രദ്ധിക്കാറില്ലന്നേയുള്ളു.

കലയും ജീവിതവും തമ്മിൽ ബന്ധമുണ്ടായിരിക്കണമെന്നും, അതില്ലാത്ത കല അർത്ഥശൂന്യമാണെന്നും പൊതുവേ എല്ലായിടത്തും പറയപ്പെടുന്നുണ്ടു്. കലയുടേയും, മനുഷ്യമനസ്സിന്റേയും യാഥാർത്ഥ്യത്തെ പററി ചിന്തിക്കുമ്പോൾ ആ വാദം കേവലം അസംബന്ധമാണെന്നു കാണാം. എന്തെന്നാൽ കല എന്നതു് ജീവിതമല്ല; ജീവിതത്തിൽ കാണുന്ന ഒരു ആനന്ദത്തിനുവേണ്ടി ഉഴലുന്ന മനുഷ്യമനസ്സ് കലയിൽ അതുകണ്ടെത്തുകയും ചെയ്യുന്നു. ഈ വാസ്തവം നിഷേധിക്കാനുള്ള വെമ്പൽകൊണ്ടു് വിശേഷിച്ചു ഫലമൊന്നുമില്ല. എന്തെന്നാൽ ആകർഷണശക്തിയെപ്പററി അറിയാത്ത അവസ്ഥയിലും ലോകം അതിന്റെ ഫലത്തിൽനിന്നു രക്ഷപ്പെട്ടിരുന്നില്ലല്ലൊ. അതുപോലെതന്നെ കലയുടെയാഥാർത്ഥ്യവും മനുഷ്യമനസ്സിന്റെ സ്വഭാവവും എത്രതന്നെ നിഷേധിച്ചാലും, അവയിൽനിന്നു രക്ഷപ്രാപിക്കുക എളുപ്പമല്ല.

മനുഷ്യന്റെ സകല ദുരിതത്തിനും കാരണം അവന്റെ സ്വാർത്ഥം മാത്രമാണ്. സ്വാർത്ഥം മൂലം അവന് എല്ലാററിനോടും ഇല്ലാത്തബന്ധം ഉണ്ടാകുന്നു. ഇതിനെ വിഷയബന്ധമെന്നു പറയുകതന്നെ. ഒരുവൻ ജനിക്കുന്നതിനു എത്രയോ മുൻപുതന്നെ ഈ ഭൂമിഉണ്ട്! അവൻ മരിച്ചാലും അതുശേഷിക്കയും ചെയ്യും. വാസ്തവത്തിൽ അവന് ഭൂമിയോടു ബന്ധമൊന്നുമില്ലെന്നു കണ്ടുപിടിക്കാൻ ഇത്രമാത്രം ആലോചിച്ചാൽ മതിയാകും. പക്ഷെ അവൻ വിടുമോ? കുറെസ്ഥലം അളന്നുമാററി കുററിനാട്ടികഴിയുമ്പോൾ അതു മുഴുവൻ അവന്റേതായിത്തീർന്നു എന്നാണ് വിചാരം. അപ്പോഴത്തെ അവന്റെ ഭാവം കണ്ടാൽതോന്നും, അവൻ എവിടെനിന്നോ എങ്ങനെയോ അതു് സ്വയം സൃഷ്ടിച്ച് ലോകാവസാനം വരെ സ്വന്തമാക്കിവെച്ചുകൊണ്ടിരുന്നേക്കുമെന്ന്! അതിലൊരർത്ഥവുമില്ല. ആ ഭൂമി അവന്റേതായിരുന്നില്ല; ആയിരിക്കയുമില്ല. എങ്കിലും അതിനോടുള്ള ബന്ധം അതിപ്രബലമായിത്തന്നെയാണിരിക്കുന്നതു്. ഇതിനുകാരണം അവന്റെ അന്ധമായ സ്വാർത്ഥം മാത്രമാണ്.

ഈ വിഷയബന്ധം മൂലം എന്തെല്ലാം ദുരിതങ്ങളും നാണക്കേടുകളുമാണുണ്ടാകുന്നതു്? ആ സ്ഥലം വാങ്ങാൻ അവൻ ശ്വാസംപിടിക്കാതെ രാപകൽ വിയർത്തുപണിയെടുക്കുന്നു. വാങ്ങിയാൽ പിന്നെ സൂക്ഷിക്കാനുള്ള ബുദ്ധിമുട്ട് അതിലേറെയാണ്. വാങ്ങുമ്പോൾ ചിലകള്ളങ്ങളും ചതിവുകളും ഉണ്ടായെന്നു വരാം. അവകാശികൾക്ക് കിട്ടേണ്ടതുക മുഴുവൻ കൊടുത്തുതീർക്കരുതെന്നാണ് ലാക്ക്. വേണ്ടിവ

നാൽ അതിലേറെപണം ചെലവാക്കി വ്യവഹാരം നടത്തിയാലും അത്രമാത്രം കൊടുക്കുകയില്ല. വ്യവഹാരത്തിലാണെങ്കിൽ കള്ളത്തിനുമേലും അതിനു കീഴും കള്ളംതന്നെ. ചുരുക്കത്തിൽ അവനെ ഒരു തരത്തിലും ഉപദ്രവിക്കാതിരുന്ന നിർദ്ദോഷമായ ഒരു തുണ്ടു ഭൂമിയിൽ ചെന്നുമെക്കിട്ടു കയറി തനിക്കും, തന്റെ അനന്തരതലമുറക്കാർക്കും, അയൽക്കാർക്കും കൂടി ഇല്ലാത്തനാശമെല്ലാം വരുത്തിവെച്ചിട്ട്, സ്വാർത്ഥലോലുപനായ മനുഷ്യൻ ഒരു കൃതകൃത്യന്റെ ഭാവത്തിൽ, എന്നാൽ കരഞ്ഞും, പിഴിഞ്ഞും, നെഞ്ചിലടിച്ചും, നിലത്തുരുണ്ടും, ഒടുവിൽ ലോകം വിടുന്നു! അപ്പോൾ അവനെവിടെ, അവന്റെ ഭൂമി എവിടെ? ഇതിനെല്ലാം കാരണമെന്തു്? വിഷയബന്ധം മാത്രം! എത്രയോ ദുരിതങ്ങൾ, എത്രയോ കഷ്ടംപാപങ്ങൾ, ആ ഒരു കാരണത്താലുണ്ടാകുന്നു!

ഈമാതിരി ഒരു അപഗ്രഥനം ലോകജീവിതത്തിനു പററിയതല്ലെന്നു ഉടനടി പറയാൻ കഴിയും. ശരിയാണതു്. പക്ഷെ, വിഷയബന്ധത്താലുള്ള ദുരിതത്തിൽനിന്നു കരകയറാൻ മനുഷ്യൻ ആഗ്രഹിക്കുന്നുണ്ടെന്നുള്ളതും അതുപോലെതന്നെ ശരിയാകുന്നു. അല്പനേരത്തേയ്ക്കെങ്കിലും അതിനുള്ള സൗകര്യം കിട്ടിയാൽ അവൻ വിട്ടുകളയാറില്ല. അങ്ങനെയാണു് അവൻ കലയെ ശരണം പ്രാപിക്കുന്നതു്. ജീവിതത്തിൽ ഇരിക്കവേതന്നെ, അതിന്റെ പിടിയിൽ നിന്നുമോചിച്ചു് യഥാർത്ഥമായ ആനന്ദം അനുഭവിക്കുന്നതിനുവേണ്ടി മനുഷ്യൻ കലയെ ആശ്രയിക്കുന്നു. എന്തെന്നാൽ കലയിൽ വിഷയബന്ധമില്ല; ജീവിതവുമായുള്ള ബന്ധമില്ല; കലയ്ക്കു് ജീവിതബന്ധമില്ല!

ഇവിടെ ഒരു ദുർഘടം നേരിടുന്നതാണ്. ജീവിതബന്ധമില്ലെങ്കിൽ കല എന്തിനെന്നും എങ്ങനെയെന്നും മററുമാണ് ആദ്യംതന്നെയുള്ള കടുത്ത സംശയം. പക്ഷെ ഒന്നാലോചിച്ചാൽ അത്ര് താനെ മാറിപ്പോകും. എന്താണു വിഷയബന്ധം? ഒരു സ്ത്രീ കൈകാലുകൾ മുറിയ്ക്കപ്പെട്ട് രക്തപങ്കിലയായി ചുടുകാട്ടിൽ കിടക്കുന്നു എന്നിരിക്കട്ടെ. ആ കാഴ്ചകാണാൻ രണ്ടാമത്തെ തവണ ആരും ആഗ്രഹിക്കാറില്ല. ഒന്നാമത് വേദനഎന്ന വിഷയവുമായി അവൾ തന്നെ ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാമത് അവളുടെ വേദന നമുക്കുണ്ടായാലെങ്ങനെയിരിക്കുമെന്നുള്ള ഭീതിയാൽ നാമും അതിനോടു ബന്ധപ്പെട്ടിരിക്കുന്നു. ഈരണ്ടുകൂട്ടരുടെ വിഷയബന്ധം മൂലം ആ കാഴ്ചവീണ്ടും കാണാൻ നാം അശക്തരായിത്തീരുന്നു. ഇതുനമ്മുടേയും, അവളുടെയും സ്വാർത്ഥപ്രേരണയുടെ ഫലമാണെന്നറിയാൻ പ്രയാസമില്ല. ഇങ്ങനെ വിഷയബന്ധം മൂലം ജീവിതത്തിലെ സംഭവങ്ങളും അനുഭവങ്ങളും നമ്മെ എപ്പോഴും വേദനിപ്പിച്ചുകൊണ്ടു തന്നെയിരിക്കുന്നു. പക്ഷെ അ വിഷയങ്ങളുമായുള്ള നമ്മുടെ മനോബന്ധംഉപേക്ഷിക്കുക. അപ്പോൾ അവയൊന്നും നമ്മുടെസാമ്യാവസ്ഥയെ ഭഞ്ജിക്കാൻ പര്യാപ്തമല്ലെന്നു കാണാറാകുന്നതാണ്. ജീവിതത്തിലെ സകല അപായങ്ങളും, മരണം തന്നെയും വെറുമൊരു വിനോദം, ഒരു ലീല, ഒരു നാടകം എന്നെല്ലാം ആ അവസ്ഥയിൽ നമുക്കു തോന്നാതിരിക്കയില്ല. എങ്കിലും സാധരണലോകത്തിനു ഇങ്ങനെ മനോബന്ധം ഉപേക്ഷിച്ചു കഴിഞ്ഞുകൂടാൻ കഴിവില്ലെന്നു നമുക്കറിയാം. അ്വ

ലോകം തന്നിമിത്തം എപ്പോഴും വേദനപ്പെട്ടു കൊണ്ടു തന്നെയിരിക്കയും ചെയ്യുന്നു.

ശരി, അങ്ങനെയാണെങ്കിൽ കലയിൽ ആ വിഷയബന്ധം എങ്ങനെ ഇല്ലാതായിത്തീരുന്നു എന്നാണ് അടുത്ത ചോദ്യം. ഇവിടെയാണ് കലാകാരൻെറ ഭാവനാശക്തി കലയിലെ അതിപ്രധാനമായ ഒരു ഘടകമായിത്തീരുന്നതു്. യഥാർത്ഥമായി ഇല്ലാത്ത ഒന്നിനെ സങ്കല്പിച്ചു് അതുണ്ടെന്നു തോന്നിക്കാനുള്ള ശക്തിയാണു ഭാവനാശക്തിയെന്നു പറയാം. അന്യരുടെ ഭാവങ്ങളുമായി താദാത്മ്യം പ്രാപിക്കാൻ, അഥവാ തന്മയത്വം പ്രാപിക്കാൻ ഈ ശക്തി കലാകാരനെ സഹായിക്കുന്നു. കഥാപാത്രത്തിൻെറയോ, പരിതസ്ഥിതികളുടേയോ ഭാവത്തിൽ ലയിക്കുന്ന കലാകാരൻ ഭാവനാശക്തി തികഞ്ഞവനാണ്. ഈ ലയം, അല്ലെങ്കിൽ, തന്മയീഭാവം, തൻെറ അഹംഭാവത്തെ വിസ്മരിക്കാനും, അങ്ങനെ സ്വാർത്ഥത്തിൽനിന്നു വേർപെടാനും അയാൾക്ക് ശക്തിനൽകുന്നു. കലാകാരൻ കലാകാരനായിത്തീരുന്നതു്, അതല്ലെങ്കിൽ, അയാൾ അയാളായിത്തീരുന്നതു് അപ്പോഴാണ്.

ആശാൻെറ "കരുണ"യിൽ വാസവദത്ത കരചരണാദികൾ മുറിയ്ക്കപ്പെട്ടു് രക്തപങ്കിലയായിത്തന്നെയാണു ചുടുകാട്ടിൽ കിടക്കുന്നതു്. എങ്കിലും കലയിൽ ആ കിടപ്പുകാണാനും, അതിനെപ്പററി വായിക്കാനും ആളുകൾ വീണ്ടും വീണ്ടും ആഗ്രഹിക്കുന്നുണ്ടു്. ഇതിനുമുൻപുകാണിച്ച ഉദാഹരണത്തിൽ യഥാർത്ഥമായി ശിഥിലാംഗിയായി കിടക്കുന്ന സ്ത്രീയെകാണ്മാൻ ആഗ്രഹിക്കാത്ത സഹൃദയൻ ഇവിടെയാകട്ടെ കവിയുടെ ഭാവനയിൽനിന്നുണ്ടായ ഒരു സങ്കല്പജീവിയുടെ

അപകടം വീണ്ടും വീണ്ടും കണ്ടാനന്ദിക്കാൻ വെമ്പുകയും, പണം ചെലവാക്കുകയുംകൂടി ചെയ്യുന്നു. ആ സങ്കല്പസൃഷ്ടിക്ക്, യഥാർത്ഥ ജീവിതവുമായി ബന്ധമില്ലെന്നുള്ളതാണ് ഇതിനുകാരണം. ഭാവന മാത്രമായി ജീവിക്കുന്ന ഒരു വ്യക്തിക്ക് സ്വയം സ്വാർത്ഥപരമായ വിഷയബന്ധങ്ങളൊന്നുമില്ല. അതിനാൽ ആ വ്യക്തി നമ്മുടെ സ്വാർത്ഥത്തെ തട്ടിയുണർത്തി ജീവിതവിഷയങ്ങളുമായി നമ്മെ ബന്ധിക്കുന്നുമില്ല. കവിയ്ക്ക് ജീവിതബന്ധമില്ലന്നു ചുരുക്കം. കവി ഭാവനമൂലം യഥാർത്ഥവിഷയങ്ങളുമായി ബന്ധമില്ലാത്ത ഒരു കഥാപാത്രത്തെയോ, ഒരു ലോകത്തെത്തന്നെയോ സൃഷ്ടിക്കുന്നു. അതിനാൽ വിഷയബന്ധമില്ലാതെ, നിസ്സ്വാർത്ഥമായി നാം അവിടെ കടന്ന് ആനന്ദമടയുകയും ചെയ്യുന്നു. മറെറാരുതരത്തിൽ പറയുകയാണെങ്കിൽ ഭാവനാശക്തിയാൽ നാം ജീവിതയാഥാർത്ഥ്യത്തിൽനിന്ന് വേർപെട്ട് നിസ്സ്വാർത്ഥപരിശുദ്ധമായ ഒരു നൂതനമണ്ഡലത്തിലേയ്ക്കുയർന്ന് യാഥാർത്ഥമായസുഖം അനുഭവിക്കാനിടയാകുന്നു. അവിടെ അപകടങ്ങളും, ദുഃഖങ്ങളുംപോലും പാര്യന്തികമായി സുഖമായി പരിണമിക്കുന്നു. ഇതാണ് കല എപ്പോഴും സുന്ദരമായിരിക്കാൻ, ഹ്ളാദൈകമയിയായിരിക്കാൻ കാരണം. നേരെമറിച്ചാണ് ജീവിതം. അത് ദുഃഖം തരുമ്പോൾ സുഖിപ്പിക്കുന്നുമുണ്ടായിരിക്കാം. പക്ഷെ ആ സുഖംതന്നെയും സ്വാർത്ഥബന്ധംമൂലം ദുഃഖമായി രൂപാന്തരപ്പെടാൻ ഒരിക്കലും താമസമില്ല. ചുരുക്കത്തിൽ ജീവിതം സുഖത്തിൽപോലും ദുഃഖിപ്പിക്കുമ്പോൾ, കല ദുഃഖത്തിൽപോലും സുഖിപ്പിക്കുന്നു അതിനാൽ കലാകാരൻ ആകാശത്തിൽ

പാടക്കരുതെന്നും, ജീവിതത്തിലേയ്ക്കു് ഇറങ്ങി വരണമെന്നും മററും മുച്ചുപിടിച്ചു ഉൽഘോഷിക്കുമ്പോഴും നാം കലയേയോ, ജീവിതത്തേയോ പററി ഒരുതരത്തിലും ഒന്നും അറിയുന്നില്ലെന്നാണ് പെട്ടെന്നു വെളിപ്പെട്ടുപോകുന്നതു്! എങ്കിലും രണ്ടും അറിയാതെ രണ്ടിനെപ്പററിയും എത്ര നിരൂപകന്മാരും, പണ്ഡിതന്മാരും എന്തെല്ലാം അബദ്ധങ്ങളാണ് തട്ടിവിടുന്നതെന്നു കാണാൻ ഇന്നത്തെ നിലയിൽ തെല്ലും ബുദ്ധിമുട്ടുണ്ടെന്നില്ല.

സ്വാർത്ഥവും, തൽഫലമായ വിഷയബന്ധവുമാണ് സകല ദുഃഖത്തിനും കാരണമെന്ന് മുകളിൽ പറഞ്ഞു. ഭാവനാമയമായ ഒരു ലോകത്തിൽ നമ്മുടെ സ്വാത്മംകൊണ്ടു സാധിക്കേണ്ട കാര്യങ്ങളൊന്നുമില്ല. ശാകുന്തളത്തിലെ ദുഷ്യന്തനും ശകുന്തളയുമൊന്നും നമുക്ക് ബന്ധപ്പെട്ടവരൊന്നുമല്ല. അവരുടെ സുഖവും ദുഃഖവും, നഷ്ടലാഭങ്ങളും മററുംകൊണ്ടു് നാമെന്തു സാധിക്കാനാണ്? അങ്ങനെ വല്ല സ്വാത്മവും സാധിക്കാനുണ്ടെങ്കിൽ ആ നാടകം നമുക്കു് യാതൊരു ആനന്ദവും നൽകുകയില്ല. എന്തെന്നാൽ നമ്മുടെ സ്വാത്മം ഒന്നുകിൽ സംഭവങ്ങളെയും അവസ്ഥകളെയും അതിനു അനുരൂപമാംവണ്ണം വികൃതമായിട്ടേ കാണുകയുള്ളൂ. അല്ലെങ്കിൽ, അതിന് അനുരൂപമാംവണ്ണം അവ വികൃതമാകാത്തതിൽ ഖേദമോ, കോപമോ ജനിപ്പിക്കാനിടയാകുന്നു. രണ്ടായാലും ഫലം നീരസമാണ്. നേരെമറിച്ചു് ആ സ്വാർത്ഥത്തിനു പ്രവേശനമില്ലാത്ത ഒരു ലോകത്തിൽ കാര്യങ്ങളെ അവയുടെ യഥാർത്ഥഭാവത്തിൽ, സ്വാത്മസ്പർശമില്ലാത്ത

ശുദ്ധഭാവത്തിൽ, കാണാൻ നമുക്കു കഴിയുന്നു. അവയോടു് നമുക്കു് പ്രത്യേകിച്ചു രാഗദ്വേഷങ്ങളൊന്നുമില്ല. ഇങ്ങനെ രാഗദ്വേഷങ്ങളൊന്നുമില്ലാത്ത നിസ്സ്വാത്ഥഭാവത്തിൽ സമീപിക്കുമ്പോൾ സകല വസ്തുക്കളും, ഭാവങ്ങളും ശുദ്ധമായ സുഖം നൽകാതെ നിവൃത്തിയില്ല. കലയിൽ അനുഭവപ്പെടുന്ന ഈ ശുദ്ധ സുഖത്തിനു നാം ആനന്ദമെന്നു പറയുന്നു. കലയുടെ ഭാവവും രൂപവും ഈ ആനന്ദമാകയാൽ ആഹ്ലാദ നിർമ്മിതം എന്ന അത്ഥത്തിൽ അതിനെ പ്രാചീനാലങ്കാരികന്മാർ "ഹ്ലാദൈകമയി" എന്നു നിർദ്ദേശിക്കാനിടയായി.

ലോകജീവിതത്തിൽ വിഷയബന്ധത്തിലുത്ഭൂതമായ രാഗദ്വേഷങ്ങളിലും നമ്മുടെ യഥാത്ഥഭാവം മറഞ്ഞുപോകുന്നു. രാഗദ്വേഷങ്ങൾ അതിനെമറച്ചു കളയുന്നു എന്നത്ഥം. അതിനാൽ രാഗദ്വേഷാദികൾ അടങ്ങി ശാന്തമായിരിക്കുമ്പോൾ നമ്മുടെ യഥാർത്ഥഭാവം പൊന്തിവരുമെന്നു പ്രത്യക്ഷമാണു്. കലയിൽ രാഗദ്വേഷാദി ഭാവങ്ങൾ സ്വാത്ഥ്യമായി ബന്ധമില്ലാതെ ശുദ്ധമായിരിക്കുന്നതിനാൽ അവ നമ്മുടെ ശുദ്ധഭാവത്തെ വെളിപ്പെടുത്തിത്തരുന്നു. അഥവാ, കലയിൽ നാം ശുദ്ധമായ കണ്ണാടിയിലെന്നപോലെ അഴുക്കില്ലാത്ത നമ്മുടെ ഭാവത്തെ അതേപടി പ്രതിഫലിച്ചു കാണുന്നു. ആ രൂപം ആനന്ദജനകമാണെന്നു അനുഭവത്തിൽ നാം അറിയുന്നു. തന്നിമിത്തം, നിർവിഷയമായി, നിസ്സ്വാർത്ഥമായി, പരിശുദ്ധമായി കാണുന്ന നമ്മുടെ യാഥാത്ഥ്യം ആനന്ദമാണെന്നു വന്നുകൂടുന്നു അതോടൊപ്പം, നാം നമ്മുടെ ആനന്ദമയമായ ഭാവത്തെ കലാമുഖേന സാക്ഷാ

ൽക്കരിക്കുന്നു എന്നും വരുന്നു. ഇതു തന്നെയാണ് ആത്മസാക്ഷാത്കാരമെന്നു വ്യവഹരിക്കപ്പെടുന്നതെന്നു എടുത്തുപറയേണ്ടതില്ല. അല്പനേരത്തേയ്ക്കു മാത്രമേ ആ സാക്ഷാത്ക്കാരം നിലനിൽക്കുന്നുള്ളു എന്നു വരാം. ആകട്ടെ, അതുകൊണ്ട് തരക്കേടൊന്നുമില്ല. അതിന്റെ സംസ്കാരം, അല്ല, സംസ്കാരത്തെ അല്പനേരത്തേയ്ക്കെങ്കിലും നിമ്മാജ്ജനം ചെയ്കകൊണ്ടുള്ള അനുഭൂതിയുടെ ബോധം, നമ്മിൽ ശേഷിക്കാതെ നിവൃത്തിയില്ലെന്നാണ് മനശ്ശാസ്ത്രത്തിന്റെ പാഠം. ഈ സാക്ഷാത്ക്കാരം നൽകുന്നതുകൊണ്ടാണ് കലയ്ക്കു ലോകോത്തരമായ ഒരു സ്ഥാനം എല്ലാ വർഗ്ഗക്കാരും അറിഞ്ഞോ അറിയാതെയോ, അനുവദിച്ചിരിക്കുന്നതു്.

ഗീതയിലെ കമ്മാനുശാസനം കലയുടെ ഈ മൂലതത്വത്തെയാണ് ആശ്രയിച്ചിരിക്കുന്നതെന്നറിയാൻ അത്രവളരെ ആലോചിക്കേണ്ടതില്ല. സകലകമ്മങ്ങളും ഫലേച്ഛകൂടാതെ ചെയ്യണമെന്നു പറയുന്നതിനർത്ഥം അവയുമായി നമ്മുടെ സ്വാർത്ഥത്തെ കൂട്ടിക്കെട്ടരുതെന്നാണ്. സ്വാർത്ഥത്തെ കമ്മത്തിൽ ഘടിപ്പിക്കുമ്പോൾ, കമ്മം അതിന്റെ രൂപത്തിലല്ല, നമ്മുടെ സ്വാർത്ഥത്തിന്റെ രൂപത്തിലാണു ചെയ്യാനിടയാകുന്നതു്. ഇങ്ങനെ കമ്മം അതിന്റെ രൂപം കൈവിടുന്നു. സ്വാർത്ഥത്തിന്റെ രൂപം മുഴുവൻ അതിനു കിട്ടുകയില്ല. ചുരുക്കത്തിൽ അതു് രണ്ടും കെട്ടരൂപത്തിൽ, ഒന്നുമല്ലാത്ത നിലയിൽ, അതിനെയും നമ്മെയും കെടുത്തുന്നതുകൊണ്ടാണ് സ്വാർത്ഥം മഹാ പാപമായിത്തീരുന്നതു്. നേരെമറിച്ച് കമ്മംകൊണ്ട് നമ്മുടെ സ്വാർത്ഥപൂരണത്തിനവകാശമില്ലെങ്കിൽ, അച്ച്

ചെയ്യേണ്ട രീതിയിൽ തന്നെ നാം ചെയ്തുകൊള്ളും. എന്തെന്നാൽ സ്വാൎത്ഥത്തിനുവേണ്ടി അതിനെ വളച്ചൊതിരിക്കയേ, മററുതരത്തിൽ ദൂഷിപ്പിക്കയോ ചെയ്യേണ്ട ആവശ്യം ആ നിലയിൽ നമുക്കില്ലാതായിത്തീരുന്നു. നാം സ്വാൎത്ഥത്തിൻെറ ലോകത്തിൽനിന്ന് ഉയൎന്നുനിന്നുകൊണ്ട് കാൎയ്യങ്ങളെ അവയുടെ യഥാൎത്ഥരൂപത്തിൽ കാണുകയും, കൈകാൎയ്യം ചെയ്കയും ചെയ്യണമെന്നത്രേ ഗീതാനുശാസനത്തിൻെറസാരം. അങ്ങനെ ചെയ്യുന്നെങ്കിൽ നാം കൎമ്മത്തിൽ നമ്മുടെ ശുദ്ധഭാവം ദൎശിക്കാനിടയാകുന്നതും തന്നിമിത്തം ആനന്ദകരമായ ആ ഭാവം സാക്ഷാത്കരിക്കാനിടയാകുന്നതുമാണ്. ഇതുതന്നെയാണ് കലയിലെ ആത്മ സാക്ഷാത്കാരത്തിൻെറ സ്വഭാവം.

കലയ്ക്കു ജീവിതവുമായി ബന്ധമില്ലെന്നുപറയുമ്പോൾ അതു് ജീവിതത്തെ പ്രതിപാദിക്കുന്നില്ലെന്നു അൎത്ഥമാകുന്നില്ല. ജീവിതം എങ്ങനെയിരിക്കുന്നു എന്നുള്ളതല്ല, എങ്ങനെയിരിക്കണം എന്നുള്ളതാണു കലയുടെ ലക്ഷ്യം. ജീവിതത്തിൽ പട്ടിണിയുള്ളതുകൊണ്ട് കല പട്ടിണി തീൎക്കണമെന്നാണ് ഇതിൽ നിന്നു ചിലർ മനസ്സിലാക്കിയേക്കാവുന്നതു്. പക്ഷെ ജീവിതം എങ്ങനെ ഇരിക്കണമെന്നുള്ളതിനെപ്പററി കല നൽകുന്ന ഉത്തരം അതല്ല. ജീവിതം എപ്പോഴും സുഖദുഃഖങ്ങൾ ഇടകലൎന്നല്ലാതെ കാണപ്പെടുകയില്ല. കലയെന്നതു് അവയിൽ നിന്നു നമ്മെ മോചിപ്പിച്ചു് ശുദ്ധമായ ആനന്ദം നൽകുന്നു എന്നു നാം കണ്ടുകഴിഞ്ഞു. അതിനാൽ കലമുഖേനയുള്ള സ്വാൎത്ഥമോചനവും, വിശുദ്ധമായ ഒരു അനുഭൂതി മണ്ഡലത്തിലെയ്ക്കുള്ള ഉന്നമനവുമാണ് ക-

ലയുടെ ലക്ഷ്യ നിർവ്വചനംകൊണ്ടു് അർത്ഥമാകുന്നതു്. ആ അനുഭൂതിമണ്ഡലത്തിലെ നൂതനജീവിതവുമായി പരിചയപ്പെടാൻ കല നമുക്കു് വഴി തരുന്നു എന്നുമാത്രമേ അതിൽനിന്നു് മനസ്സിലാക്കാനുള്ളു. അതിനുപകരം പട്ടിണിയേപ്പററി എത്ര കൃതികൾ എഴുതിയാലും പട്ടിണിമാറുകയില്ല! ജീവിതദുഃഖങ്ങൾ ഒഴിയുകയുമില്ല. ചെറുകഥ എഴുതി രോഗശമനം വരുത്താനും വ്യഭിചാരം നിരോധിക്കാനും ശ്രമിക്കുന്നതിനേക്കാൾ ഭേദം മററുതരത്തിൽ രോഗത്തേയും വ്യഭിചാരത്തേയും പരിഹരിക്കുകയാണു്. എന്തെന്നാൽ, കലയുടെ വ്യാപാരമണ്ഡലം കേവലം ലൗകികമല്ല. ലോകജീവിതത്തിലെ പ്രശ്നങ്ങൾക്കൊന്നിനും അതു് പരിഹാരമാകാത്തതുകൊണ്ടാണു് ഓസ്കർവൈൽഡ്, All art is useless എന്നു് ഒരു ക്രൂസലും കൂടാതെ എഴുതിയതു്. "നിഷ്ഫലം കലാ" എന്നു പറഞ്ഞ മാഘനും കലയുടെ ലോകാതിശായിത്വത്തെയാണു് ഉൽഘോഷിച്ചതെന്നു പറയേണ്ടതില്ല. വൈൽഡും മാഘനും ഒരു തരത്തിലും ഗ്രന്ഥങ്ങളിൽ പരസ്പരം കണ്ടുമുട്ടിയിട്ടില്ലെന്നു തീർച്ചയാണു്. എന്നിട്ടും അവർ പറയുന്നവാക്കുകൾ ഒന്നുതന്നെയല്ലേ, എന്നു നോക്കുക! പട്ടിണിയും, വ്യഭിചാരവും, രോഗവും മററും മാററി ഒരു പുതിയ ലോകം സൃഷ്ടിക്കാൻ കലയേക്കാൾ പററിയ മാർഗ്ഗങ്ങൾ വേറെ ഉണ്ടെന്നു അവർ അറിഞ്ഞിരുന്നു. അതിനാൽ ലൗകികവും സ്വാർത്ഥവും ആയ അർത്ഥത്തിൽ കല നിഷ്ഫലമാണെന്നും നിരുപയോഗ്യമാണെന്നും അവർ വെട്ടിത്തുറന്നു പറയുകതന്നെ ചെയ്തു. "ഹിരണ്യമേവാർജ്ജയ"

എന്നു് ഉപദേശിച്ച മാഘൻ മേൽപ്രകാരം ലോകം നന്നാക്കാൻ കലയെക്കാൾ നല്ലതു് ധനമാണെന്നു് പ്രഖ്യാപിക്കുകയാണല്ലോ ചെയ്തതു്.

ഇതിന്റെയെല്ലാം സാരം കല ജീവിതത്തെയല്ല, ജീവനെയാണു നന്നാക്കുന്നതെന്നാകുന്നു. എന്നാൽ അതിനു ജീവിതവുമായി തീരെ ബന്ധമില്ലേ എന്നു ചോദിച്ചാൽ ബന്ധമില്ലായ്മയുടെ ഒരു ബന്ധമുണ്ടെന്നു പറയേണ്ടിവരും. മറ്റൊരു ഉപന്യാസത്തിൽ പറഞ്ഞതുപോലെ കല്ലും മരവും കൊണ്ടു കെട്ടിടം ഉണ്ടാക്കുമ്പോഴും കെട്ടിടം എന്നതു് കല്ലും മരവുമാണെന്നാരും വിചാരിക്കാറില്ല. അതുപോലെ ജീവിതം കലയുടെ ഉപാധിയും, ഉപകരണങ്ങളുമെല്ലാം ആയേക്കാമെങ്കിലും, അവ സ്വതേ കലയാകുകയില്ല. ജീവിതാനുഭവങ്ങൾ കൊണ്ടു് കലാകാരൻ ഒരു കലാവസ്തു നിർമ്മിക്കുന്നു എന്നുള്ളതു കൊണ്ടു മാത്രം ആ ജീവിതാനുഭവങ്ങൾ കലയാണെന്നു വിചാരിക്കാവുന്നതല്ല. അവകൊണ്ടു നിർമ്മിക്കപ്പെടുന്ന കലാവസ്തു ജീവിതവുമായി കൂടുതൽ ബന്ധപ്പെടുകയല്ല, അതിൽനിന്നു കൂടുതൽ അകലുകയും, അങ്ങനെ ഒരു പുതിയ സൃഷ്ടിയായി കലാശിക്കുകയുമാണു് ചെയ്യുന്നതു്. കെട്ടിടത്തിൽ കല്ലും മരവും കാണുന്നവൻ കെട്ടിടം കാണുന്നില്ലെന്നുള്ളതുപോലെ കലയിൽ ജീവിതം കാണുന്നവൻ കല എന്തെന്നറിയുന്നില്ല. കലയിൽ ജീവിതമല്ല, അതിലും ഉപരിയായ, അതിനുപോലും കാരണമായ, ഒരു സത്യം, അഥവാ ആത്മസ്വരൂപമാണു അടങ്ങിയിരിക്കുന്നതു്. "സത്യം തന്നെ സൗന്ദര്യവും, സൗന്ദര്യം തന്നെ സത്യവും,, എന്നുള്ള കീറ്റ്സിന്റെ ഗാ

നം ഇവിടെ ഓർക്കാവുന്നതാണ്. നമ്മുടെ യഥാർത്ഥഭാവം കലയിൽസ്ഫുരിക്കുന്നു എന്നും, അതിന്റെ സ്വരൂപം ആനന്ദമാണെന്നും നേരത്തെ, കണ്ടുകഴിഞ്ഞിരിക്കെ, ആ യഥാർത്ഥഭാവം തന്നെയാണു കീറ്റ്സിന്റെ “സത്യം„ എന്നും ആ ആനന്ദം തന്നെയാണു അദ്ദേഹത്തിന്റെ “സൗന്ദര്യ„മെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. ഈ അർത്ഥത്തിൽ കലയിൽ ജീവിതം പകരുകയല്ല, കെട്ടിടത്തിനു കല്ലും മരവും എന്നപോലെ കലയ്ക്കു ജീവിതം വെറും കരുവായിത്തീരുകയാണു ചെയ്യുന്നത്. ഇത്രമാത്രമാണ് അവ തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം.

എന്നാൽ ബാഹ്യജീവിതത്തിലെ ആവശ്യങ്ങൾക്കുവേണ്ടി കലയെ പ്രയോജനപ്പെടുത്തുന്നതിനെപ്പററി ഇത്രയൊന്നും പറയാനില്ല. എന്തിനേയും ഇഷ്ടംപോലെ പ്രയോജനപ്പെടുത്താൻ കഴിവുള്ളവർ കണ്ടേക്കും. അവർ അങ്ങനെ ചെയ്യുന്നതിൽ തെററുമില്ല. പക്ഷെ എല്ലാവർക്കും ഒന്നുപോലെ ഗാണ്ഡീവം കുലയ്ക്കാവുന്നതല്ല എന്ന് ദുർബ്ബലന്മാർ വിശേഷിച്ച് ഓർത്തിരിക്കേണ്ടതുണ്ട്. മററൊന്നുകൂടി. പട്ടാളങ്ങളുടെ ഉൽസാഹത്തിനും ആസ്പത്രികളിലെ ചികിത്സയ്ക്കും സംഗീതകല അത്യന്തം പ്രയോജനപ്പെടുന്നുണ്ട്. “ടാറൻറുലാ„ എന്ന ചിലന്തിയുടെ വിഷത്തിന് ഇന്നയിന്ന സ്വരങ്ങൾ പ്രയോഗിച്ചാൽ ശമനമുണ്ടാകുമെന്ന് 17-ാം നൂററാണ്ടിൽ ഒരു ഇററാലിയൻ സംഗീതജ്ഞൻ ക്ലിപ്തപ്പെടുത്തിയിരുന്നു. ഇവിടെയൊക്കെയും കലയുടെ സ്വന്തരൂപവും ഭാവവും ജീവിതാവശ്യത്തിനു വഴങ്ങിക്കൊ

ടുക്കുകയല്ല ചെയ്തിട്ടുള്ളതെന്നു ധരിക്കുന്നതു് വെറുംവിവേകം മാത്രമായിരിക്കും. അങ്ങനെ വഴങ്ങിക്കൊടുത്താൽ അതു് കലയല്ലാതാകും. കലയല്ലാതായാൽ പിന്നെ ജീവിതാവശ്യത്തിനുപോലും അതു് ഉപയോഗപ്പെടുകയില്ലതാനും. ജീവിതാവശ്യത്തിനുവേണ്ടി കലയെ പ്രയോജനപ്പെടുത്തുക എന്നതു് ഒരു കാര്യമാണു്. എന്നാൽ അതിനുവേണ്ടി കലയെ കല അല്ലാതാക്കിത്തീർക്കുന്നതു മറെറാരു കാര്യമാണു്. ഇതിനും പുറമെ ബാഹ്യജീവിതത്തെ ബാധിക്കാൻ കലയ്ക്കു കഴിയുമെന്നുള്ളതുകൊണ്ടു കല ജീവിതത്തിനുവേണ്ടിയാണു ഉണ്ടാകുന്നതെന്നു വിചാരിക്കുന്നതു് ശരിയുമല്ല. സൂര്യൻ ഒരുവനു വെളിച്ചം കൊടുക്കുന്നതുകൊണ്ടു് സൂര്യനുണ്ടായതുതന്നെ 'അയാൾക്കുവേണ്ടിയാണെന്നു ആരെങ്കിലും വിചാരിക്കുമോ? ചുരുക്കത്തിൽ കലയുടെ മണ്ഡലം തന്നെ ബാഹ്യമല്ല, ആന്തരമാണു്. ചിലപ്പോൾ അതിനു ബാഹ്യജീവിതത്തെ ബാധിക്കാൻ സാധിക്കുമെന്നിരുന്നാൽ തന്നെയും അതു് ജീവിതവും കലയും തമ്മിലുള്ള ബന്ധത്തെയല്ല, ബാഹ്യവും ആന്തരവുമായ ജീവിതങ്ങളുടെ പരസ്പരബന്ധത്തെയാണു കാണിക്കുന്നതു്.

# 5. കലയിലെ സ്വാഭാവികത

കല എന്നതു് ജീവിതത്തിന്റേയോ, പ്രകൃതിയുടേയോ ഒരു പ്രതിഫലനമോ, പകർപ്പോ ആണെന്നുള്ള അഭിപ്രായം ആലോചനയില്ലാത്തവർക്കും അതുണ്ടെന്നു വിചാരിക്കപ്പെടേണ്ടവർക്കും കണ്ടുവരുന്നുണ്ടു്. രണ്ടാമതു പറഞ്ഞ കൂട്ടരിൽ പണ്ഡിതന്മാരും ഉൾപ്പെട്ടുന്നുണ്ടെന്നുള്ളതു വിസ്മരിക്കാൻ വയ്യ. പക്ഷെ മൂലവസ്തുതന്നെ പ്രകൃതിയിൽ ഉള്ള സ്ഥിതിക്കു് അതിന്റെ അനുകരണം എങ്ങനെ വിശേഷിച്ചു് ആഹ്ലാദജനകമാകും? പകർപ്പിനു് "അസ്സലി"നേക്കാൾ മാഹാത്മ്യം എങ്ങനെയുണ്ടാകും? ഇതൊന്നും ആലോചിക്കാതെ കല പ്രകൃതിയെ പ്രതിഫലിപ്പിക്കുന്നു എന്നും, അനുകരണത്തിനു തന്മയത്വം സിദ്ധിക്കുമ്പോൾ കലാപരിപൂർത്തി വന്നുകഴിഞ്ഞു എന്നും മേൽപ്പറഞ്ഞ പണ്ഡിതന്മാർ എഴുതുകയും പറയുകയും ചെയ്യാറുണ്ടു്.

കല എന്നതു കലാകാരന്റെ ഒരു പുതിയ സൃഷ്ടിയാണു്; പ്രകൃതിയുടേയോ ജീവിതത്തിന്റേയോ പകർപ്പല്ല.

ഒരു വീടു് നിർമ്മിക്കുക എന്നതു ഒരു കലയാണു്. അതിനു കല്ലു്, മരം മുതലായ പ്രകൃതിവസ്തുക്കൾ ആവശ്യമാണു്. പ്രകൃതിവസ്തുക്കൾ ഉപയോഗിക്കുന്നതുകൊണ്ടു തന്നെ ആ സൃഷ്ടിയിൽ നൂതനത്വമൊന്നുമില്ലെന്നും, അതു പ്രകൃതിയുടെ അനുകരണമാണെന്നും തോന്നിയേക്കാം. സൃഷ്ടി എന്നു കേൾക്കുമ്പോൾ മുൻപില്ലാത്ത ചിലവസ്തുക്കൾ കൊണ്ടു് എന്തെങ്കിലും നിർമ്മിക്കുന്നു എന്നു വിചാരിക്കാനിടയാകുന്നതാണു് അതിനു കാരണം. പക്ഷെ ഒരു സൃഷ്ടിയിലും അതിനു മുൻപില്ലാത്ത വസ്തുക്കളല്ല ഉപയോഗിക്കപ്പെടുന്നതു്. ഉള്ള വസ്തുക്കൾക്കു രൂപാന്തരം വരുത്തുന്നതാണു് സൃഷ്ടി. അങ്ങനെയല്ലാതെ യാതൊരു സൃഷ്ടിയും ഈശ്വരൻപോലും ചെയ്യുന്നില്ല.

കല്ലും മരവുമാകുന്ന പ്രകൃതിവസ്തുക്കൾ ചേർന്നുണ്ടാകുന്ന വീടു് വെറും കല്ലോ, മരമോ അല്ല. ഏതൊരു വീടു

കാണുമ്പോഴും കല്ലും മരവുമായി അതിനെ ഗണിക്കാൻ നമുക്കു സാധിക്കുന്നുമില്ല. സുന്ദരമായ ഒരു കെട്ടിടത്തിന്റെ സൌന്ദര്യം നമ്മെ പെട്ടെന്നു ആകർഷിക്കുന്നു എന്നു മാത്രമേ നമുക്കറിഞ്ഞുകൂടൂ. ടാജ്മഹാൽ വെറും മാർബിൾകല്ലായിരുന്നെങ്കിൽ അതിനെ ആരും അത്രതന്നെ വാഴ്ത്തുമായിരുന്നില്ല. അതിലടങ്ങിയ സ്വർണ്ണവും, രത്നവും സ്വതേ സന്തോഷകരങ്ങളായിരുന്നേക്കാം. പക്ഷെ ടാജ്മഹാൽ സഹൃദയനിൽ ജനിപ്പിക്കുന്ന ആനന്ദം മറ്റൊന്നാണു്. മനുഷ്യഹൃദയത്തിന്റെ ഒരു നൂതന സൃഷ്ടി എന്ന നിലയിൽ അതു് എന്നും മായാത്ത പുതുമയോടെ പ്രേക്ഷകലോകത്തെ ആനന്ദിപ്പിച്ചുകൊണ്ടിരിക്കയും ചെയ്യും.

ടാജ്മഹാൽ പ്രകൃതിയിലില്ല. അതിനാൽ അതു പ്രകൃതിസഹജമല്ലെന്നുള്ള അർത്ഥത്തിൽ അസ്വാഭാവികംതന്നെ. ചുരുക്കത്തിൽ കലാവസ്തുക്കളെല്ലാം അസ്വാഭാവികങ്ങളാണു്. അങ്ങനെയല്ലെങ്കിൽ, കല ഉൽഭവിക്കേണ്ട ആവശ്യം തന്നെയില്ല. എന്തെന്നാൽ പ്രകൃതിതന്നെ നമ്മുടെ മുൻപിൽ നീണ്ടു പരന്നു കിടക്കുമ്പോൾ, അതിന്റെ അനുകരണങ്ങൾ കൊണ്ടെന്താണു് പ്രയോജനം?

ഒരു മാംസക്കഷണം ശില്പം ചെയ്തു പട്ടിയുടെ മുൻപിൽ വച്ചുകൊടുത്താൽ, യഥാർത്ഥ മാംസം തന്നെയെന്നു കരുതി ആ ജന്തു ഉൽക്കണ്ഠ കാണിച്ചെന്നു വരാം. പക്ഷെ ഇത്ര കഷ്ടപ്പെട്ടു് മാംസത്തിന്റെ അനുകരണം കൊടുക്കുകയാണു കലാകാരന്റെ ലക്ഷ്യമെങ്കിൽ, അതിലേറെ ഭേദം യഥാർത്ഥ മാംസക്കഷണം തന്നെ കൊടുക്കുകയല്ലേ എന്നു് സ്വാമി വിവേകാനന്ദൻ ചോദിക്കുന്നു. കലയുടെ ധർമ്മം അനുകരണമല്ലെന്നു വിവേകപൂർവ്വമായ ഈ ചോദ്യം നമ്മെ അനുസ്മരിപ്പിക്കുന്നു. അതു മാത്രമല്ല, സ്വാഭാവികതയ്ക്കുവേണ്ടിയുള്ള ശില്പിയുടെ യത്നം മുഴുവൻ അർത്ഥശൂന്യമായിപ്പോയെന്നു നമുക്കു ഉടൻ തോന്നുകയും ചെയ്യുന്നു.

എങ്കിലും പ്രകൃതിസഹജമായ ചില ഗുണങ്ങൾ കാണാതിരിക്കയോ, അവയ്ക്കെതിരായ ചില ഗുണങ്ങൾ കാണുകയോ ചെയ്യുമ്പോൾ കലയ്ക്കു് സ്വാഭാവികതയില്ലെന്നു നാം ഉടൻ തീരുമാനിക്കുന്നു. കഥകളിയിലെ വേഷങ്ങളും, അഭിനയങ്ങളും

ഗ്വാ, ഗ്വാ വിളികളും അസ്വാഭാവികമെന്നു ചിലർ വിധിക്കുന്നതിനു കാരണമിതാണ്. ഇവിടെ കഥകളിയെ തൽകാലത്തെ സന്ദർഭത്തിനു പറ്റിയ ഒരു വെറും താൽക്കാലികോദാഹരണമായി മാത്രം സ്വീകരിക്കയാണു ചെയ്തതെന്നു കൂടി പറഞ്ഞുകൊള്ളട്ടെ.

ഒന്നിലധികം പ്രകാരങ്ങളിൽ കലാകാരൻ കലയിൽ സ്വാഭാവികത ദീക്ഷിക്കേണ്ടതുണ്ട്. ഷേക്സ്പിയർ മഹാകവിയുടെ ക്യാലിബാൻ, ഏറിയൽ തുടങ്ങിയ കഥാപാത്രങ്ങൾ സ്വാഭാവികങ്ങളല്ലാണെന്നു വാസ്തവികദൃഷ്ട്യാ പറയാൻ വയ്യ. എന്നാൽ "ടെംപെസ്റ്റ്" എന്ന നാടകം വായിക്കുമ്പോൾ എത്രതന്നെ അസ്വാഭാവികങ്ങളാണെങ്കിലും അവ അങ്ങനെയൊരു പ്രതീതി ജനിപ്പിക്കുന്നില്ലെന്നാരും സമ്മതിക്കും. നമ്മുടെ ദൃഷ്ടിയിൽ ക്യാലിബാൻ പ്രകൃതിക്കു താഴെയാണെങ്കിൽ ഏറിയൽ അതിനു മുകളിലായിപ്പോയി. രണ്ടായാലും അസ്വാഭാവികംതന്നെ, എന്നിട്ടും അവ എന്തുകൊണ്ടു നമ്മിൽ ഒരു അസ്വാഭാവികതാബോധം ജനിപ്പിക്കുന്നില്ലെന്നുള്ളതാണ് ഇവിടത്തെ ചോദ്യം.

ജീവിതത്തിലെ സ്വാഭാവികതയും കലയിലെ സ്വാഭാവികതയും രണ്ടുതന്നെയാണെന്നുള്ളതത്രേ ഇതിനു സമാധാനം. മന്ദമാരുതനോടൊപ്പം പാട്ടുംപാടി സർവ്വനിയമസ്വാതന്ത്ര്യനായി ആകാശഭൂമികളിലെവിടെയും സ്വേച്ഛാചാരം ചെയ്യുന്ന ഏറിയൽ ഒരു വിമാനത്തിലാണു സഞ്ചരിച്ചതെന്നു പറഞ്ഞാൽ വാസ്തവികതയ്ക്കു് അതു് ഇന്നു യോജിക്കുമായിരിക്കും. അതിൽ കുറെ ജീവിതപ്പകർപ്പ് കാണ്മാനുണ്ടല്ലോ. എന്നാൽ അങ്ങനെ എഴുതിപ്പിടിപ്പിക്കുന്ന ഷേക്സ്പിയർ മഹാകവി ഒരു പമ്പരവിഡ്ഢിയാകുമെന്നുള്ളതിൽ തർക്കമൊന്നുമില്ല. യഥാർത്ഥ സഹൃദയന്മാർക്കു വിമാനചാരിയായ ഒരു ഏറിയലിനെപ്പറ്റി കേൾക്കുമ്പോൾതന്നെ മനം മറിക്കും. കലയിലെ സ്വാഭാവികത ജീവിതത്തിലെ സ്വാഭാവികതയല്ലെന്ന് ഇതിൽനിന്നു വ്യക്തമാകുന്നു.

കവിയുടെ ഉൽഭാവനം ഒരു പ്രത്യേക രീതിയിലായിരിക്കും. ആ ഉൽഭാവനത്തിനു യോജിച്ച കരുക്കൾ അയാൾ തെരഞ്ഞെടുക്കുകയും ചെയ്യും. ഉൽഭാവനം എങ്ങനെയിരു

ന്നാലും കരുക്കൾ അതുമായി എത്രത്തോളം പൊരുത്തപ്പെട്ടിരുന്നെന്നു മാത്രമേ അനുവാചകർ അന്വേഷിക്കേണ്ടതുള്ളു. ആ പൊരുത്തമില്ലാതാകുമ്പോൾ മാത്രമാണ് കലയിൽ അസ്വാഭാവികത കടന്നുകൂടുന്നതു്. ഇതു ഓർക്കാതെയാണ് വാസ്തവികതാവാദികൾ പഴയ പല കൃതികളെയും കുററപ്പെടുത്തുന്നതെന്നു കാണുമാറുണ്ടു്.

ഭൂലോകസ്വർഗ്ഗ പാതാളങ്ങൾ മുഴുവൻ കീഴടക്കിയ രാവണൻ ഇന്ദ്രിയനിഗ്രഹം ചെയ്തിരുന്നിടത്തോളം കാലം അയാൾ ആവക അമാനുഷിക കൃത്യങ്ങൾക്കെല്ലാം പ്രാപ്തനായിരുന്നു. പക്ഷെ കാമം ഒന്നുകൊണ്ടു മാത്രം അധഃപതിച്ചെന്നു ഭർത്തൃവിയോഗഖിന്നയായ മണ്ഡോദരി വിലപിക്കുന്നു. ഇങ്ങനെ ത്രിലോകവിക്രമനായ ഒരു കഥാപാത്രത്തെ കവി എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു എന്നു നോക്കുക. അയാൾക്കു പത്തു തലയും ഇരുപതു കൈകളുമുണ്ടു്. ഒരു തലകൊണ്ടു് ധ്യാനം, മറെറാരു തലകൊണ്ടു രാജ്യകാര്യവിചാരം, മൂന്നാമതൊന്നുകൊണ്ടു ശൃംഗാരകാര്യവിചാരം. എന്നിതെല്ലാം രാവണൻ ഏകകാലത്തുതന്നെ നിർവഹിച്ചിരുന്നു. ഒരേസമയത്തു ഭിന്ന കർമ്മങ്ങൾ നിർവഹിക്കുന്ന ശതാവധാനികൾ (ശതത്തിനു ഇവിടെ "അനേകം" എന്നർത്ഥമേയുള്ളു) ചരിത്രകാലങ്ങളിലും ഉണ്ടായിട്ടുണ്ടു്. നെപ്പോളിയനും, സീസറിനും ഒരേ കാലത്തു പല കർമ്മങ്ങൾ സാധിക്കുമായിരുന്നു. കവിതയിലാണെങ്കിൽ, അവർക്കു് ഒന്നിലധികം തലകളും കൈകളും ഉണ്ടെന്നു പറയുന്നതു് അസ്വാഭാവികമായിരിക്കണമെന്നില്ല. പത്തു തലയെന്നുള്ള വാല്മീകിയുടെ സംഖ്യാക്ലൃപ്തി നിഷ്കൃഷ്ടമായിരിക്കണമെന്നുമില്ല. ഈ അവസ്ഥയിൽ വാല്മീകിയുടെ സങ്കല്പത്തിൽ അസ്വാഭാവികത കാണുന്നതാണ് അസംബന്ധം. നെപ്പോളിയൻ മഹാപരാക്രമിയും മഹാധീരനുമായിരുന്നെങ്കിലും അദ്ദേഹത്തിനുപോലും ഒരു കരളിൽ കൂടുതൽ ഇല്ലായിരുന്നു എന്നിരിക്കെ, നമ്മുടെ നാട്ടിടകളിലെ ചില ചട്ടമ്പികൾക്കു് ഇരട്ടക്കരൾ ഉണ്ടെന്നു നാം എത്രയോ സ്വാഭാവികമായി വിചാരിച്ചുപോകുന്നു.

വാൽമീകി, വ്യാസൻ, കാളിദാസൻ, ഷേക്സ്പിയർ ഇടങ്ങിയവർ ഏതുകാലത്തേയും ഉത്തമ കലാ

കാരന്മാരാണെന്നുള്ളതു് നിഷേധിക്കാൻ ആരും ധൈര്യപ്പെടുകയില്ല. അവരെല്ലാം ഒട്ടേറെ അസ്വാഭാവിക പാത്രങ്ങളെ സൃഷ്ടിച്ചിട്ടുമുണ്ടു്. കലതന്നെ പ്രകൃതിയിൽനിന്നു ഭിന്നവും തദ്വാരാ, അസ്വാഭാവികവുമാണെന്നു് അവർ അറിഞ്ഞിരുന്നു. കഥകളി ഏർപ്പെടുത്തിയ കലാകാരന്മാർക്കും അതിനെപ്പററി സംശയമൊന്നുമുണ്ടായിരുന്നില്ല. അവർ സങ്കല്പിച്ചതരത്തിലുള്ള കലാവിധാനത്തിൽ അതിലെ വേഷങ്ങളും, രീതികളും ഭംഗിയായി പൊരുത്തപ്പെടുന്നുണ്ടെന്നുള്ളതാണു് അതിന്റെ വിജയത്തിനു കാരണം. കഥകളി പ്രകൃതിക്കു് യോജിക്കാത്തതാണെന്നുള്ള അർത്ഥത്തിൽ അതു് അസ്വാഭാവികമാണെന്നുള്ള അഭിപ്രായം മൗലികമായ ഒരു തെററിദ്ധാരണയുടെ ഫലമാണു്. എന്തെന്നാൽ, കലാകാരൻ എന്തിനു് അങ്ങനെയൊരു രീതി സങ്കല്പിച്ചു എന്നു ചോദിക്കാൻ നമുക്കു് അവകാശമില്ല. സങ്കല്പത്തിനു അനുസരണമായി അതിലെ സൂക്ഷ്മാംശങ്ങളെല്ലാം ഇണങ്ങിച്ചേരുന്നുണ്ടോ എന്നു നോക്കുകമാത്രമാണു് നമ്മുടെ കർത്തവ്യം.

കല എന്നതു് സ്വാഭാവികതയെ അപ്പാടെ പകർത്തുന്നതല്ല, അസ്വാഭാവികതയിൽ സ്വാഭാവികത വരുത്തുന്നതാണു്. അതു് സ്വതേ അസ്വാഭാവികമാണെന്നു കാണിക്കുന്നതിനുവേണ്ടി ബർണാർഡ്ഷാ പറയുന്നു ഷേക്ക്സ്പിയരുടെ സീസറും ക്ലിയോപ്പാട്രായും മററും ജീവിച്ചിരുന്നിട്ടില്ലെന്നു്. അവർ രണ്ടുപേരും സമകാലികരും പരസ്പരബദ്ധരുമായ ചരിത്രപാത്രങ്ങളായിരുന്നു എന്നു നമുക്കറിയാം. എന്നാൽ ഷേക്ക്സ്പിയർ ചിത്രീകരിച്ചപ്പോൾ അവരുടെ ഭാവമൊക്കെ മാറി. അവർ അസ്വാഭാവിക ജീവികളായിത്തീർന്നു. ഈ അസ്വാഭാവികതയിലെ സ്വാഭാവികതയത്രേ ബർണാർഡ്ഷായുടെ ഉദീരണത്തിനു നിദാനം. അഥവാ, ഷേക്ക്സ്പിയരുടെ സീസറും, ക്ലിയോപ്പാട്രായുമൊന്നും ചരിത്രജീവികളല്ല, അദ്ദേഹത്തിന്റെ സ്വന്തം സൃഷ്ടികളാണെന്നു സാരം.

“ജൂലിയസ് സീസർ” എന്ന നാടകത്തിൽ ഷേക്ക്സ്പിയരുടെ സീസർ അഹങ്കാരിയും ദുരഭിമാനിയുമാണു്. ഈ ഗുണങ്ങൾക്കു വിരുദ്ധമായ ഏതെങ്കിലും പ്രവൃത്തി സീസറിൽനിന്നു് നാടകദ്വാരാ നമുക്കു് ആശിക്കാൻ വയ്യാ. അങ്ങനെ

യിരിക്കെ, ആ മാതിരി ഒരു പ്രവൃത്തിയോ, വാക്കോ അദ്ദേഹത്തിൽനിന്നുണ്ടായി എന്നു് ഷേക്സ്പിയർ പറഞ്ഞാൽ അതു് അസ്വാഭാവികമായിത്തന്നെ കലയിലും ഗണിക്കേണ്ടിവരുന്നതാണു്. വാസ്തവത്തിൽ ജീവിച്ചിരുന്ന സീസർ അഹങ്കാരിതന്നെയായിരുന്നിരിക്കാം. പക്ഷെ അതിനു വിരുദ്ധമായ ഗുണങ്ങളും അദ്ദേഹം പ്രദർശിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഷേക്സ്പിയർ അദ്ദേഹത്തെ പ്രദർശിപ്പിച്ചിരിക്കുന്നതു് വെറും അഹങ്കാരിയായ ഒരു വായാടി മാത്രമായിട്ടാണു്. വാസ്തവജീവിതത്തിൽ ഇതിനു വിരുദ്ധമായി സീസർ ചെയ്ത പ്രവൃത്തികളും, പറഞ്ഞ വാക്കുകളും മഹാകവി കലാമർമ്മജ്ഞതയോടെ നാടകത്തിൽനിന്നു നീക്കംചെയ്തിരിക്കുന്നു. എന്തെന്നാൽ അവകൂടി നാടകത്തിൽ കടന്നുകൂടിയാൽ ഒരു കലാവസ്തു എന്ന നിലയിൽ അതിന്റെ ഏകാഗ്രത നശിക്കുന്നതാണു്. അതോടെ നാടകം അസ്വാഭാവികമായിത്തീരുന്നതുമാണു്. നേരെമറിച്ചു് അസ്വാഭാവികമായിരിക്കുമ്പോഴും സ്വാഭാവികതതോന്നിക്കുന്നതാണു് കലയുടെ ധർമ്മം.

രക്തമെല്ലാംപൊഴുകിപ്പോയി, ശക്തി ക്ഷയിച്ചു്, സിരകൾ രിക്തമായി, പ്രാണപാശമറുമാറായിക്കിടക്കുന്ന വാസവദത്ത ഒന്നോ രണ്ടോ നിമിഷത്തിനകം മരിക്കുന്നതാണു് ഏററവും സ്വാഭാവികമെന്നു് കുമാരനാശാനു് തോന്നിയിരിക്കണം. പക്ഷെ അങ്ങനെ മരിച്ചാൽ കഥ നിഷ്പ്രയോജനമായിപ്പോകും. അതിനാൽ അവൾ കുറെനേരംകൂടി ജീവനോടെ കിടക്കുകതന്നെ വേണം. എങ്കിലും "പ്രാണപാശമറുമാറായി" എന്നു വർണ്ണിച്ചുകഴിഞ്ഞിരിക്കെ, അവൾക്കു് കൂടുതൽ ആയുസ്സു നൽകാൻ സ്വാഭാവികമായി എന്തു വഴിയാണുള്ളതു്? ഒന്നുമില്ല. എന്നാൽ കവി തന്റെ പ്രതിഭാബലംകൊണ്ടുതന്നെ ഈ ദുർഘടസന്ധി തരണംചെയ്യുന്നതു നോക്കുക—:

"അന്തിമമാം മണമർപ്പിച്ചുടിവാൻ മലർ കാക്കില്ലേ
ഗന്ധവാഹനനെ?—രഹസ്യമാർക്കറിയാവൂ!"

ഇതാ മരിച്ചു, മരിച്ചില്ല, എന്ന നിലയിലായ വാസവദത്ത ഉപഗുപ്തസമാഗമത്തിനു വേണ്ടി ഏതോ ദുർഗ്രഹമായ ബന്ധത്താൽ നിബദ്ധമെന്നപോലെ സ്വാഭാവികമായ സദ്യോമൃത്യുവിനെ ജയിച്ചു് ജീവസന്ധാരണം ചെയ്തുകൊണ്ടു കിടന്നു എന്നു നമ്മെ പൂർണ്ണമായി വിശ്വസിപ്പിക്കാൻ മേലുദ്ധരിച്ച

രണ്ടു വരികൾക്കു കഴിവുണ്ടെന്നു തീർച്ചയാണു്. ഇവിടെ അവളുടെ ആയുർദൈർഘ്യം കേവലം അസ്വാഭാവികമാണെങ്കിലും കവി അങ്ങിനെ ഏററവും സ്വാഭാവികമാക്കിയിരിക്കുന്നു. ഇതാണു് കലയിലെ അസ്വാഭാവികതയുടെ സ്വാഭാവികത. പ്രകൃതിയേയോ ജീവിതത്തേയോ പകർത്താനായിരുന്നു കവിയുടെ ഭാവമെങ്കിൽ വാസവദത്ത ഉടൻ മരിച്ചു എന്നു പറഞ്ഞു് പുസ്തകം മടക്കിയാൽ മാത്രം മതിയായിരുന്നു. അതിലേറെ നന്നു് "കരുണ" എഴുതാതെ കഴിച്ചുകൂട്ടുകയായിരുന്നല്ലോ.

പ്രകൃതിയിൽ വ്യക്തികളെ ഗണിക്കാതെ സംഭവങ്ങൾ ഒന്നിനു പിന്നിലൊന്നായി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. കലയിലാകട്ടെ, ഒരു വ്യക്തി, ഒരു സംഭവം, ഒരു ഭാവം, ഒരു രംഗം എന്നിവയെല്ലാം ഒന്നിച്ചോ, ഓരോന്നായോ സ്ഥാനമുണ്ടു്. നിങ്ങളോ, ഞാനോ, ഈ ലോകത്തിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും സൂര്യൻ എന്നും കിഴക്കുദിച്ചു് പടിഞ്ഞാറസ്തമിക്കയും, കടൽ അലയ്ക്കുകയും, മഴ പെയ്യുകയും ചെയ്യും. മനുഷ്യൻ സ്വാഭാവികതയ്ക്കു് ഹാനിവരാതെതന്നെ അതേപടി പകർത്തി കലാസൃഷ്ടി ചെയ്തുകൊള്ളട്ടെ എന്നു കരുതി സ്വയം കഥയും കവിതയും എഴുതുകയെന്നതു് പ്രകൃതിയുടെ തൊഴിലല്ല.

അതിനാൽ മനുഷ്യൻ വ്യക്തിയേയോ, സംഭവത്തേയോ, ഭാവത്തേയോ, രംഗത്തേയോ സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ, അവയെല്ലാം അനുകൂലവും, പ്രതികൂലവും ആയ പല അംശങ്ങളും സ്വഭാവങ്ങളും കലർന്നു് സമ്മിശ്രമായിട്ടാണു പ്രകൃതി സ്ഥിതിചെയ്യുന്നതെന്നു കാണാം. "രാമരാജാബഹദൂറി"ൽ ടിപ്പുവുമായി യുദ്ധത്തിനു പുറപ്പെടുന്ന കേശവദാസൻ മഹാരാജാവിനെ മുഖംകാണിച്ചു് വിടവാങ്ങുന്ന ഭാഗം, ഭാവപ്രധാനമായ കലാസൃഷ്ടിക്കു് ഉദാഹരണമാണു്. വാസ്തവത്തിൽ ജീവിച്ചിരുന്ന ധർമ്മരാജാവു് ആ വേളയിൽ തന്റെ കർമ്മസചിവനും അമാത്യനുമായ കേശവദാസനോടു് ആ നിലകളിൽ എന്തെല്ലാം പറയാമോ അതെല്ലാം പറഞ്ഞിരിക്കണം. എന്നാൽ ആഖ്യായികാകാരനാകട്ടെ, അതെല്ലാം ഉപേക്ഷിച്ചിട്ടു് ഭാവപ്രധാനതയ്ക്കു് ഉചിതമാംവണ്ണം രണ്ടേ രണ്ടു വാക്കു മാത്രം പ്രയോഗിക്കുന്നു.

പ്രകൃതിയിൽ അസുന്ദരമായതിനെ കലാകാരൻ ഉപേക്ഷിക്കുന്നു എന്നു പറയുമ്പോൾ അതിന്നർത്ഥം ഒരു ബീഭത്സരംഗം കലാവിഷയമാകയില്ലെന്നല്ല; ആ ബീഭത്സരംഗത്തിനു വിരുദ്ധമായി പ്രകൃത്യാ അതിലുള്ള മററു കാര്യങ്ങളെ അയാൾ ഉപേക്ഷിക്കുന്നു എന്നാണു്. എന്തെന്നാൽ ഒരു ബീഭത്സരംഗം വർണ്ണിക്കുമ്പോൾ അതിന്റെ ബീഭത്സതയെ ധ്വംസിക്കുന്ന ഏതെങ്കിലും ഭാവം വർണ്ണനയിൽ കടന്നുകൂടുന്നതു് അസ്വാഭാവികവും രസവിച്ഛിത്തിഹേതുകവും ആയിരിക്കും. വാസവദത്തയുടെ അന്തിമരംഗത്തിലെ കിടപ്പിൽ പൊട്ടിച്ചിരിക്കത്തക്ക പലതും പ്രകൃത്യാ കണ്ടിരുന്നെന്നു വരാം. പക്ഷെ കവി സ്വാഭാവികതയ്ക്കു വേണ്ടി അവയെക്കൂടി വർണ്ണിച്ചിരുന്നെങ്കിൽ അതു് രസവിച്ഛിത്തിക്കും, തദ്വാരാ സൗന്ദര്യഹാനിക്കും കാരണമായിത്തീരുമായിരുന്നു. ജീവിതത്തിലെയോ, പ്രകൃതിയിലെയോ സ്വാഭാവികത കലയിൽ അതേപടി സംക്രമിക്കാനിടയാകുന്നെങ്കിൽ അതു കലയുടെ അപചയത്തിനു തന്നെയും കാരണമായെന്നു വന്നേക്കാം.

പ്രകൃതിയെ പകർത്താൻ ഒരു കലാകാരന്റെ ആവശ്യമില്ല; ഒരു ഫോട്ടോഗ്രാഫർ ധാരാളം മതിയാകും. പകർപ്പെഴുത്തുകാരന്റെ ജോലിക്കു് പറയത്തക്ക വിലയൊന്നും ആരും കല്പിക്കുകയുമില്ല. നേരെമറിച്ചു് പ്രകൃതിയിലെ കരുക്കൾ വച്ചുകൊണ്ടു് ഒരു പുതിയ സൃഷ്ടിചെയ്ക, അഥവാ, പ്രകൃതിയിൽനിന്നു് അസ്വാഭാവികമായ ഒരു പ്രപഞ്ചം സൃഷ്ടിക്കുക, അതിൽ സകലതിനെയും സ്വാഭാവികമാക്കിത്തീർക്കുക—ഇതേററവും ശ്രമാവഹമായ ഒരു കലാവ്യാപാരമാണു്. ഇദാനീന്തന മലയാളസാഹിത്യത്തിൽ ഈ വിഷയത്തിൽ ഏററവും കൂടുതൽ വിജയം പ്രാപിച്ചിട്ടുള്ളതു് രണ്ടു ഗദ്യസാഹിത്യകാരന്മാരാണു്—സി. വി. രാമൻപിള്ളയും, ഒ. ചന്തുമേനോനും.

# 6. സൂഫികളും സൂഫിസവും

മനുഷ്യസമുദായമെന്നല്ല, ഒരു സമുദായവും ഒരിക്കലും സമുദായമായിട്ടല്ലാതെ വ്യക്തികളെന്ന നിലയിൽ ജീവിച്ചിട്ടില്ല. സ്നേഹം, അഥവാ സൌന്ദര്യബോധവും, തജ്ജന്യമായ പ്രേമവും സർവ്വജീവിസാധാരണമാണു്. മനുഷ്യനിലെ സൌന്ദര്യബോധം കൂടുതൽ ആവിഷ്കരണസമർത്ഥവും, സാഫല്യയുക്തവുമായിരിക്കുന്നു. ഒരു പരമമായ സൌന്ദര്യത്തിൽനിന്നു്, അഥവാ പ്രേമത്തിൽനിന്നു്, അതു് ഉത്ഭവിക്കുന്നു. ചുരുക്കത്തിൽ സൌന്ദര്യം, പ്രേമം എന്നിവ ഹൃദ്ദേശസ്ഥിതനായ ഈശ്വരന്റെ (ഈശ്വരഃ സർവ്വഭൂതാനാം ഹൃദ്ദേശേऽർജ്ജുന തിഷ്ഠതി) ഗുണങ്ങൾതന്നെയെന്നു പറയണം. മനുഷ്യനിൽനിന്നുതന്നെയാണു് ഈവക ഈശ്വരഗുണങ്ങൾ ഉൽഭവിക്കുന്നതെന്നുള്ള. അർത്ഥത്തിൽ ഈശ്വരാവതാരമായ ക്രിസ്തു "മനുഷ്യപുത്രൻ" ആയതും, നേരേമറിച്ചു് ഈശ്വരനിൽ നിന്നു മനുഷ്യന്റെ ഹൃദയഗുണങ്ങൾ ഉത്ഭവിക്കുന്നു എന്ന അർത്ഥത്തിൽ അദ്ദേഹം ദൈവപുത്രൻ ആയതും അത്യന്തം സത്യമായിട്ടുണ്ടെന്നു വ്യക്തമാണു്. ഏതായാലും ഏററവും ഉൽകൃഷ്ടമായ മനുഷ്യഗുണങ്ങൾ ഈശ്വരീയങ്ങൾതന്നെയെന്നുള്ളതിനെപ്പററി സംശയിക്കാനില്ല. ആ ഗുണങ്ങൾ തികയുംതോറും മനുഷ്യൻ ഈശ്വരനോടു കൂടുതൽ കൂടുതൽ അടുക്കുകയും ഒടുവിൽ സായൂജ്യം പ്രാപിക്കുകയും ചെയ്യുന്നു. പരിപൂർണ്ണതയുമായി സമ്പർക്കം പുലർത്തുംതോറും മനുഷ്യൻ പരിപൂർണ്ണനായി കലാശിക്കുന്നു. ഒരു മഹത്തായ സൌന്ദര്യബോധം അതിന്റെ പരമകാഷ്ഠയിൽ മനുഷ്യനെ പരമാനന്ദപദവിയിലെത്തിക്കുന്നു. ലൌകികവും, ആദ്ധ്യാത്മികവുമായ അവന്റെ ചരിത്രം മുഴുവൻ പരിപൂർണ്ണതയിലേക്കു്, അഥവാ പരമാനന്ദത്തിലേക്കു്, അവൻ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന "മഹാപ്രസ്ഥാനത്തി"ന്റെ ചരിത്രമാണു്.

ഈ ചരിത്രത്തിന്റെ ആദ്ധ്യാത്മികമായ "ശാന്തി"പർവ്വത്തിലാണു് യോഗാത്മകത്വം, സൂഫിസം, മിസ്റ്റിസിസം എന്നൊക്കെ ഭിന്നഭാഷകളിൽ വ്യവഹരിച്ചുവരുന്ന ആ അവസ്ഥ

നാം കണ്ടുമുട്ടുന്നത്. ഈശ്വരനോട്, അഥവാ പരിപൂർണ്ണതയോടു യോഗം ചെയ്കയാണ് അതിന്റെ സ്വഭാവമെന്നുള്ളതിനാൽ അതിനെ യോഗാത്മകത്വമെന്നു പറഞ്ഞുവരുന്നു. ഈശ്വരപ്രേമംമുതൽ പരമാനന്ദാനുഭൂതിവരെയുള്ള എല്ലാ ഘട്ടങ്ങളും അതിൽ കാണുന്നതുമാണ്. സൌന്ദര്യം പരമാർത്ഥത്തിൽ ഒന്നേയുള്ളു. അതിനാൽ അതിനെ ഉപാസിച്ചവർ ഏതു ദേശക്കാരോ വർഗ്ഗക്കാരോ ആയിരുന്നാലും അവരുടെയെല്ലാം അനുഭവകഥകൾ ഒന്നുപോലെതന്നെയിരിക്കുന്നു. ഭാഷ, രീതി എന്നിവയിലെ വ്യത്യാസമൊഴിച്ചാൽ ഈ ആന്തരമനുഷ്യന്റെ കഥകൾ തമ്മിൽ അത്ഭുതാവഹമായ ഐക്യംതന്നെ കാണപ്പെടുന്നു. ഏതു ദേവതയെ ഭജിച്ചാലും നീ എന്നെത്തന്നെ ഭജിക്കുന്നു എന്നുള്ള ശ്രീകൃഷ്ണവാക്യമനുസരിച്ചെന്നപോലെ മിസ്റ്റിസിസവും എവിടേയും അഭേദമായിത്തന്നെയിരിക്കുന്നു. ഇറാനിൽ ജലാലുഡിൻ റൂമി എന്താണോ പറഞ്ഞത് അതുതന്നെ ഇന്ത്യയിൽ ശ്രീശങ്കരനും, ടാഗോറും പറഞ്ഞിരിക്കുന്നു. ഓരോ കാലഘട്ടത്തിനും ചില പ്രത്യേക സ്വഭാവവിശേഷങ്ങൾ ഉണ്ടായിരിക്കുമെന്ന് ഇന്ത്യാക്കാർ വിശ്വസിക്കുന്നുണ്ട്. ഇസ്ലാമിലെ സൂഫികൾ, ഇന്ത്യയിലെ വേദാന്തികൾ, യൂറോപ്പിലെ മിസ്റ്റിക്കുകൾ എന്നിവർ ഏഴാണ്ടു എട്ടും പതിനഞ്ചും നൂററാണ്ടുകൾക്കു മദ്ധ്യത്തിലാണ് ജീവിച്ചിരുന്നിട്ടുള്ളത്. ഈ കാലഘട്ടത്തിൽ എല്ലായിടത്തും മിസ്റ്റിസിസം ഉത്ഭവിച്ചു, വളർന്നു വിലയമടഞ്ഞിട്ടുള്ളതായി കാണാം.

സൂഫിസം എന്ന ശബ്ദത്തിന്റെ വ്യുല്പത്തിയെപ്പററി പല ഭിന്നാഭിപ്രായങ്ങളും നിലവിലിരിക്കുന്നു. സൂഫി, സോഫി, സൊഫിയ എന്നീ ശബ്ദങ്ങളെല്ലാം ബുദ്ധിയെ കുറിക്കുന്നവയാണെന്നു പറയപ്പെടുന്നുണ്ട്. മററു ചിലരുടെ അഭിപ്രായത്തിൽ, നബിയുടെ ചില ശിഷ്യന്മാർ അദ്ദേഹം പണി കഴിച്ച പള്ളിയുടെ മട്ടുപ്പാവിൽത്തന്നെ ജീവിതം കഴിച്ചുകൂട്ടിയിരുന്നതിനാൽ "മട്ടുപ്പാവ്" എന്നർത്ഥമുള്ള 'സുഫാ' എന്ന ശബ്ദത്തിൽനിന്നാണ് 'സൂഫിസം' ഉണ്ടായിട്ടുള്ളത്. ഈ മേല്പറഞ്ഞ ശിഷ്യന്മാരുടെ ഏകലക്ഷ്യം ഈശ്വരസാക്ഷാത്കാരമായിരുന്നു. ദാരിദ്ര്യംതന്നെ വ്രതമായി സ്വീകരിച്ചിരുന്നതിനാൽ അവർക്കു പള്ളിയുടെ മട്ടുപ്പാവ

MUL
165434

ല്ലാതെ മറ്റൊരിടവും തല [illegible] ിരുന്നുമില്ല. അതിനാൽ അവർ സൂഫ[illegible]ലെ ആളുകളും അവരുടെ മതം സൂഫിസമൃമായിത്തീർന്നു. “പണ്ഡ” അദ്ധ്യാത്മവിഷയമായ ബുദ്ധിയും, അതുള്ളവൻ “പണ്ഡിതനു”മാണെന്നു ശ്രീ ശങ്കരൻ പറയുന്നു. ‘സൂഫ’ശബ്ദം ബുദ്ധിയെയാണു് കുറിക്കുന്നതെങ്കിൽ അതു യോഗാത്മകമായ ആദ്ധ്യാത്മിക ബുദ്ധിയായിരിക്കണമെന്നു ന്യായമായി വിചാരിക്കാവുന്നതാണു്. അതിനാൽ സൂഫിസം അതിൽനിന്നുണ്ടായെന്നു കരുതിയാൽ തന്നെയും ‘സൂഫ’യിലെ ആളുകൾക്കു് അതു തികച്ചും യോജിക്കാതിരിക്കുന്നില്ല.

ആദ്യകാലത്തെ സൂഫികൾ ഏറിയ കൂറും ഐറേനിയന്മാരും ബാക്കി ഈജിപ്ഷ്യന്മാരും സിറിയന്മാരുമായിരുന്നു. ഇവർ കേവലം സന്ന്യാസികളും, കഴിയുന്നത്ര ഐക്കാദർശനം നടത്തുന്നതിൽ കുതുകികളുമായിരുന്നു. അവരുടെ തിരുവായ്മൊഴികളൊന്നും രേഖാമൂലമായി നമുക്കു ലഭിച്ചിട്ടില്ല. അഥവാ അവരൊന്നും എഴുതിയില്ല. ശ്രീകൃഷ്ണൻ, ബുദ്ധൻ, ക്രിസ്തു, സോക്രട്ടീസ് പ്ളാട്ടിനസ് എന്നിവരും ഒന്നും രേഖപ്പെടുത്തിട്ടുള്ളതായി കാണുന്നില്ല. എങ്കിലും അവരുടെ ശിഷ്യന്മാർ പലരും അനേകം കാലത്തിനുശേഷം ഗുരൂപദേശങ്ങളെന്ന നിലയിൽ പലതും എഴുതിയിട്ടുണ്ടു്. ഇങ്ങനെ എഴുതാതെ എഴുതിയ സാഹിത്യത്തിന്റെ മഹത്വമാണു് ഇന്നു ലോകത്തിനുള്ളതെന്നു് ഏറെക്കുറെ സമ്മതിക്കാതെ തരമില്ല.

ആദിമസൂഫികൾ ഇന്ത്യൻ യോഗാത്മകത്വത്തോടു കടപ്പെട്ടിരുന്നു എന്നു് അവരുടെ ബുദ്ധമതസമ്പർക്കം തെളിയിക്കുന്നു. അക്കാലത്തു ധാരാളം ബുദ്ധമതസന്ന്യാസിമാർ ഇറാന്റെ വടക്കും, തെക്കുകിഴക്കും താമസിച്ചിരുന്നു. ക്രിസ്തുവിന്റെ കാലത്തുതന്നെയും 400 ബുദ്ധമതസന്ന്യാസിമാർ പാലസ്റ്റൈനിൽ മതപ്രചാരത്തിലേർപ്പെട്ടിരുന്നതായി അന്നു ജീവിച്ചിരുന്ന പ്ളീനിയും, ബുദ്ധമതം ബ്രിട്ടീഷ് ദ്വീപങ്ങൾവരെ വ്യാപിച്ചിരുന്നതായി അലക്സാൻഡ്രിയായിലെ ഒറിജൻ (Origen) പാതിരിയും പ്രസ്താവിക്കുന്നുണ്ടു്.

ഹബീബ് അജാമി എന്ന ഐറേനിയൻ സൂഫി എ. ഡി. 738-നു സമീപം ജീവിച്ചിരുന്നു. “മറ്റുള്ളവർ പ്രസംഗി

165434
38362

കയും, കടലാസ്സിൽ മഷി പുരട്ടുകയും ചെയ്യുമ്പോൾ ഞാൻ എന്റെ ഹൃദയത്തെ ശുദ്ധമാക്കുന്നു” എന്നുള്ളതു് അദ്ദേഹത്തിന്റെ വചനമാണു്. എ. ഡി. 875-ൽ ജീവിച്ചിരുന്ന ഇബ്രാഹിംഅദ്ധം ബുദ്ധനെപ്പോലെ ലോകം ഉപേക്ഷിച്ചു. “ഈശ്വരപ്രേമം, ലോകപ്രേമം എന്നിവയ്ക്കു രണ്ടിനുംകൂടി ഒന്നിച്ചിരിക്കാൻ ഹൃദയത്തിൽ സ്ഥലമില്ല” എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. തന്നെ ഭരിക്കുന്നതാണു് ലോകം ഭരിക്കുന്നതിനേക്കാൾ നല്ലതു് എന്നു് അദ്ദേഹം പഠിപ്പിച്ചു. “ഏകാന്തതയിൽ രക്ഷയുണ്ടു്” എന്നു ഫുസയിലും (എ. ഡി. 803) “ഈശ്വരനെ വ്യക്തമായിക്കാണണം, കാണുന്നില്ലെങ്കിൽ നിങ്ങൾക്കു കണ്ണില്ല.” എന്നു് അഹമ്മദും (എ. ഡി 854) പറയുന്നു.

അബു അലിസഖീഖ് (812) എന്ന സൂഫി ഇബ്രാഹിം അദ്ധമുമായി നടത്തിയ ഒരു സംഭാഷണത്തിൽ ഇങ്ങനെ കാണുന്നു:—

അബു അലി:—നിങ്ങൾ എങ്ങനെ കഴിഞ്ഞുകൂടുന്നു?

ഇബ്രാഹിം:—കഴിയുന്നതു ശ്രമിക്കുക. വല്ലതും കിട്ടിയാൽ ഈശ്വരനോടു നന്ദി പറയുക. ഒന്നും കിട്ടിയില്ലെങ്കിൽ ക്ഷമയോടെ കാത്തിരിക്കുക.

അബു:—ഞങ്ങളുടെ നാട്ടിൽ പട്ടികളും ഇങ്ങനെ തന്നെയാണു്.

ഇബ്രാഹിം:—നിങ്ങൾ എങ്ങനെ കഴിയുന്നു?

അബു:—വല്ലതും കിട്ടിയാൽ ആവശ്യക്കാർക്കു കൊടുക്കുക. ഇല്ലെങ്കിൽ ഈശ്വരനോടു നന്ദി പറയുക.

ഒരു സൂഫി നാലുതരംമരണം വരിക്കണമെന്നാണു് ഹാററം അസ്സമിന്റെ അഭിപ്രായം. ഒന്നു് വെൺമരണം (വിശപ്പു്) രണ്ടു് കരിംമരണം (യാതന സഹിക്കാനുള്ള ക്ഷമ) മൂന്നു് ചെമ്മരണം (വികാരനിരോധനം,) നാലു് പച്ചമരണം (പരുക്കൻവസ്ത്രങ്ങൾ) ഇവയാണത്രെ ഈ മരണങ്ങൾ. സൂഫി ഭൂമിയിൽ ഈശ്വരന്റെ അതിഥിയാണെന്നും സൽക്കാരം അർഹിച്ചാലും അതു് അവകാശപ്പെടാൻ അയാൾക്കു കാര്യമില്ലെന്നും മരൂഫ്കാർഖി (821) പറയുന്നു. “ഞാൻ

അദ്ദേഹത്തിന്റെ പ്രകാശത്തിൽ നോക്കിനോക്കി ഒടുവിൽ പ്രകാശമയനായിത്തീരുന്നു." എന്ന് ഉത്ഘോഷിച്ച അബൂൽ ഹുസ്സൈയിൻനൂറി (907) സൂഫിസത്തിന്റെ യഥാർത്ഥസ്വഭാവത്തെ നിർവ്വചിക്കുന്നുണ്ടെന്നുള്ളതിൽ സംശയമില്ല. 'സൂഫിക്കു സ്വർഗ്ഗംപോലും വേണ്ട. അവൻ അവിടെയും ഒരു വിദേശിയാണ്." എന്നിങ്ങനെ യാഹ്യ (867) പ്രസ്താവിക്കുന്നു. "തന്റെ പ്രേമഭാജനമായ ഈശ്വരനെയല്ലാതെ മറെറന്തിനെയെങ്കിലും കാണുന്നവൻ പ്രേമഭാജനത്തെ കാണുന്നില്ല" എന്ന് അദ്ദേഹം തുടരുന്നു.

സൂഫികളുടെ അനുഭവകഥനങ്ങൾ പലതും അതേപടി ഹൈന്ദവസാഹിത്യത്തിൽ നെടുനീളെ കണ്ടെന്നുവരാം. ഖൊറാസാൻ ദേശത്തിലെ ബിഷാം എന്ന സ്ഥലത്തു ജീവിച്ചിരുന്ന ബയാസിദ് എന്ന സൂഫി ഇപ്രകാരം പറയുന്നു— "പാനപാത്രം പിടിച്ചിരിക്കുന്നവനും, പാനീയവും, പാചകനും ഞാൻതന്നെ. ഞാൻ ദേവതയിൽനിന്നു ദേവതയിലേക്ക് എന്റെ അന്വേഷണം തുടർന്നു. ഒടുവിൽ, "ഞാൻതന്നെ നീ" എന്ന സ്വരം എന്റെ ഉള്ളിൽ കേട്ടു." ഇതു 'സോഹത്തിന്റെ ഒരു വ്യാഖ്യാനമല്ലെന്ന് എങ്ങനെ പറയാം?

ഇതാ മറെറാന്നു നോക്കുക. സരീ അൽസഖാതി (867) എന്ന സൂഫിയുടെ വചനം ഇങ്ങിനെയാണ്:—"ഈശ്വരൻ ഏകമാണെന്നു പറയുമ്പോൾ നിങ്ങൾ ഈശ്വരനാണെന്ന് അർത്ഥമാകുന്നു." ഈശ്വരൻ തന്നിൽനിന്നു ഭിന്നനാണെന്നു കരുതുമ്പോൾ അദ്ദേഹത്തിന്റെ പരിപൂർണ്ണതതന്നെ നിഷേധിക്കപ്പെടുന്നു. എന്തെന്നാൽ, പരിപൂർണ്ണതയിൽ ഉൾപ്പെടാതെ ഒരു വസ്തു ശേഷിക്കുന്നെങ്കിൽ ആ പരിപൂർണ്ണതയ്ക്ക് അത്രത്തോളം കുറവുണ്ടെന്നു സിദ്ധമാണ്. കുറവുള്ളതൊന്നും പരിപൂർണ്ണമെന്നു വിചാരിക്കാവുന്നതല്ല. ഒരുവൻ ഈശ്വരനിൽ മരണം പ്രാപിക്കണമെന്നും, അനന്തരം ഈശ്വരനിൽ ജീവിക്കണമെന്നുമാണ് സൂഫിസിദ്ധാന്തം. തന്റെ വ്യക്തിത്വത്തെ ഈശ്വരനിൽ ലയിപ്പിക്കുമ്പോൾ ഒരുവൻ ഈശ്വരനിൽ മരണം പ്രാപിക്കുകയും, അതേ സമയം ഈശ്വരനിൽ അനന്തരജീവിതം തുടരാനിടയാകുകയും ചെയ്യുന്നു. ഇവിടെ "മന്മനാ ഭവ മദ്ഭക്താ" ഇത്യാദി ഗീതാവാക്യം ഓർക്കാവുന്നതാണ്. യഥാർത്ഥമോക്ഷം അനീശ്വരീയമായുള്ളതിൽ

നിന്നെല്ലാം ഹൃദയത്തിനുണ്ടാകുന്ന മോചനമാണെന്ന് അബൂബെക്കർ ഷിബ്‌ലി (946)പറയുന്നു. സൂഫികൾ സത്യത്തിന്റെ സന്താനങ്ങളാണത്രെ. വസ്തുപ്രപഞ്ചം സത്യമെന്നു കരുതുന്നതിൽനിന്നു സൂഫിസം മനുഷ്യരെ രക്ഷിക്കുന്നു. ഒരു സൂഫി ലോകത്തിൽ ജീവിക്കുന്നതു് അതിൽ ജനിച്ചിട്ടില്ലാത്തവനെപ്പോലെ നിർല്ലേപനായിട്ടായിരിക്കണം. പക്ഷെ സകല ജീവജാലങ്ങളും തന്റെ സഹോദരങ്ങൾതന്നെയാണെന്നുള്ള വിചാരം അവനൊരിക്കലും കൈവെടിയാവുന്നതല്ല. സൂഫിസം ആത്മനിയന്ത്രണവും ശ്വാസനിയന്ത്രണവുമാണെന്നും സൂഫികൾ വിശ്വസിച്ചിരുന്നു.

ലോകഭോഗങ്ങളുടെ ത്യാഗം, ചിത്തവൃത്തിനിരോധം, ഈശ്വരനോടുള്ള പ്രേമം, കീഴടക്കം എന്നിവയാണു് സൂഫിസത്തിന്റെ സ്വഭാവവിശേഷങ്ങളെന്നു മേല്പറഞ്ഞതിൽനിന്നെല്ലാം വ്യക്തമാകുന്നുണ്ടു്. പക്ഷെ ആദ്യം ഇതു് ഒരു ശാസ്ത്രമെന്ന നിലയിൽ വ്യവസ്ഥപ്പെടുത്തിയിരുന്നില്ല. കാലാന്തരത്തിൽ മനസ്തത്വങ്ങളും, അതീതസത്യത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങളും അതിൽ കൂടിച്ചേർന്നുവശായി. പത്തും പതിനൊന്നും നൂറ്റാണ്ടുകൾ താത്വികവും ഈശ്വരപരവും, ശാസ്ത്രീയവുമായ ഗവേഷണാദികൾകൊണ്ടു് ഉജ്ജൃംഭിതങ്ങളായിരുന്നു. അടുത്ത മൂന്നു നൂറ്റാണ്ടുകളിൽ അവ വീണ്ടും വളൎന്നു ശാസ്ത്രീയതയെ പ്രാപിച്ചു. പിന്നത്തെ കാലം അധഃപതനത്തെ കുറിക്കുന്നു എന്നു പറയാം.

സൂഫിസത്തിന്റെ താത്വികകാലത്തിലെ ഒരു മഹാനായ സൂഫിയത്രെ ഹല്ലാജ്. തെക്കേ ഇറാനിൽ ടൂർ എന്ന സ്ഥലത്തു ജനിച്ച ഇദ്ദേഹം തത്വശാസ്ത്രാഭ്യാസത്തിനുശേഷം ഇറാൻ, ഇന്ത്യ, മദ്ധ്യേഷ്യ എന്നിവിടങ്ങളിൽ സഞ്ചരിച്ചു. ഒടുവിൽ അദ്ദേഹം ബാഗ്ദാദിൽ തിരിച്ചെത്തി. "ഞാൻതന്നെ സത്യം" (അൻ-അൽ-ഹഖ്)തുടങ്ങിയ അദ്ദേഹത്തിന്റെ തത്വപ്രസ്താവങ്ങളും അഭിപ്രായങ്ങളും സാധാരണ മാമൂൽപ്രിയന്മാർക്കു് ഇഷ്ടമായില്ല. പോരെങ്കിൽ കൊട്ടാരത്തിലെ ചില വൻപന്മാരുടെ രാഷ്ട്രീയസംശയങ്ങൾക്കു് അദ്ദേഹം ശരവ്യവുമായിരുന്നു. അങ്ങനെ അവർ അദ്ദേഹത്തെ വെട്ടിനുറുക്കി യൂഫ്രട്ടീസ് നദിയിലൊഴുക്കി. നദിയിൽ തെരുതെരെ അലകൾ പൊങ്ങി "അനൽഹഖ്" "അനൽഹഖ്" എന്നു വിളി

ച്ചുകൊണ്ടിരുന്നത്രേ! അദ്ദേഹത്തിന്റെ സഹോദരി ഈ വാർത്ത കേട്ടപ്പോൾ, "ആ സത്യം ഞാൻ അറിഞ്ഞിട്ട് 20 വർഷമായി. പക്ഷേ ഞാനതു വെളിയിൽ പറഞ്ഞില്ല" എന്നു പറഞ്ഞുപോൽ. വെള്ളവും, അലയും രണ്ടല്ലെന്നുള്ള വാസ്തവം നദിയിലെ അലകൾക്കറിയാമായിരുന്നു. അവ അതു വെളിപ്പെടുത്തുകയും ചെയ്തു. പക്ഷേ ഹല്ലാജ് അതു വെളിപ്പെടുത്തിയാൽ ആകാശം ഇടിഞ്ഞു സമുദായത്തിന്റെ തലയിൽ വീണു പിടലി ഒടിയുമെന്ന് അദ്ദേഹത്തിന്റെ സഹോദരി വിശ്വസിച്ചു; സമുദായം അതു വിശ്വസിച്ചതിൽ അത്ഭുതമില്ലതാനും. പക്ഷേ, അലകളെ വെട്ടിനുറുക്കി എറിയാൻ അവർ സ്ഥലമൊന്നും കണ്ടില്ല. അങ്ങനെ അവ രക്ഷപ്പെട്ടെന്നു പറയേണ്ടു.

നിത്യനായ ആത്മാവു ശരീരബന്ധനാകുമ്പോൾ പരിച്ഛിന്നനായിത്തീരുമെന്നും, പരമാത്മാവിനെപ്പറ്റി ചിന്തിക്കുകയോ പറയുകയോ എളുപ്പമല്ലെന്നും ഹല്ലാജ് പഠിപ്പിച്ചു. ക്ലേശസഹനത്താൽ ഈശ്വരനുമായി യോഗം സാധിക്കുമെന്നും പ്രാർത്ഥനയ്ക്കു പകരം സൽക്കർമ്മങ്ങൾ ചെയ്താൽ മതിയെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. പൊതുവേ പറഞ്ഞാൽ, ഇവ സൂഫിസത്തിന്റെ മർമ്മപാഠങ്ങളുമാണ്.

സൂഫിതത്വശാസ്ത്രത്തിനു് ഇന്ത്യൻ വേദാന്തദർശനത്തോടുള്ള സാദൃശ്യം അനിഷേധ്യമാകുന്നു. യഥാർത്ഥത്തെ അപേക്ഷിച്ച് ഈ ലോകം മിഥ്യയാണെന്നു സൂഫികൾ ബലമായി വിശ്വസിക്കുന്നുണ്ട്. നാനാത്വശബളമായ പ്രപഞ്ചത്തിൽ സാർവ്വത്രികമായ ഒരു ഏകത്വം നില നിൽക്കുന്നതായി അവർക്കറിയാം. ബാഹ്യപ്രപഞ്ചം അവർക്ക് ആ പരമമായ ഏകസത്യത്തിന്റെ ആവിഷ്കരണം മാത്രമാകുന്നു. അതിനാൽ സ്രഷ്ടാവെന്നും, സൃഷ്ടിയെന്നും പ്രപഞ്ചത്തിനു രണ്ടു ഭാവങ്ങൾ സ്വതസ്സിദ്ധമാണ്. ഒന്നു് പ്രത്യക്ഷവും, മറ്റേതു് അപ്രത്യക്ഷവുമാണെന്നൊരു വ്യത്യാസമേ ഉള്ളു. സാക്ഷാത്തായി അതു നാമരൂപങ്ങളോ, ഗുണങ്ങളോ ഇല്ലാതെ അനിർവ്വചനീയവും അപ്രമേയവുമായിട്ടാണിരിക്കുന്നതെങ്കിലും, ആ കേവലഭാവത്തിൽനിന്നുള്ള അധഃപതനത്തോടെ അവയെല്ലാം അതിനു സഹജങ്ങളായിത്തീരുന്നു. ഇതിനു് 'അവിദ്യ'യല്ലാതെ മറ്റു കാരണങ്ങൾ ഇല്ലെന്നു ചില മുസ്ലീം പണ്ഡിതന്മാർ തന്നെ

പ്രസ്താവിക്കുന്നുണ്ട്. ലോകം വെറും മിഥ്യയല്ലെന്നും അതു കേവലതത്വത്തിന്റെ സ്വയംപ്രകടനമോ മറ്റൊരു ഭാവമോ ആണെന്നും ദ്വൈതികളായ സൂഫികൾ വിചാരിക്കുന്നു.

ഈശ്വരൻ നിത്യസൌന്ദര്യമാണെന്നും അതിന്റെ സ്വഭാവംതന്നെ ആവിഷ്കരണവും പ്രേമിക്കപ്പെടാനുള്ള അഭിനിവേശവും ആണെന്നും സൂഫികൾക്ക് അഭിപ്രായമുണ്ട്. അതിനാൽ അവർ ഇന്ത്യയിലെ ഭക്തിമാർഗ്ഗത്തിനു് അനുസരണമായ ഒരു പ്രേമസിദ്ധാന്തം അംഗീകരിക്കുന്നു. അവർക്കു സൃഷ്ടിയുടെ രഹസ്യവും മതങ്ങളുടെ പൊരുളും പ്രേമമൊന്നുതന്നെയാണ്. ഈശ്വരൻ അജ്ഞേയനാണെങ്കിലും താദൃശ്യഗുണങ്ങളുടെ അനുധ്യാനത്താൽ അദ്ദേഹം സുജ്ഞേയനായിത്തീരാതിരിക്കയില്ല. പ്രപഞ്ചത്തിലെ നാനാത്വം ആ പരമസൌന്ദര്യത്തിന്റെ ഒരു പ്രതിഫലനം മാത്രമത്രേ. ഈശ്വരന്റെ ഗുണങ്ങൾ അദ്ദേഹത്തിൽനിന്നു ഭിന്നങ്ങളല്ല; അദ്ദേഹംതന്നെയാണ് നമ്മുടെ ആശയത്തിൽ ഈശ്വരനും ഗുണങ്ങളും; പരസ്പരാന്തരിതങ്ങളായിത്തോന്നുന്നു എന്നേയുള്ളു.

ഇന്ത്യയിലെ സത്വരജസ്തമോഗുണങ്ങൾക്കു തുല്യമായ മൂന്നു ഗുണങ്ങൾ സൂഫികൾ മനുഷ്യനിൽ ആരോപിക്കുന്നുണ്ട്. ഇവയിൽ ഒന്നിന്റെയോ അധികത്തിന്റെയോ ന്യൂനാതിരിക്തഭേദമനുസരിച്ച് അവൻ ദുഷ്ടനോ, ശിഷ്ടനോ ആയിത്തീരുന്നു. സൂഫിയുടെ മനസ്സ് എപ്പോഴും ശുദ്ധമായി സൂക്ഷിക്കുന്നതിന് അഭ്യാസം അത്യാവശ്യമാണ്. അതിന് അയാൾ ഒരു ഗുരുവിനു കീഴടങ്ങുകയും വേണം. സൂഫിപരിശീലനത്തിൽ ഗുരുവിനുള്ള സ്ഥാനം ഇന്ത്യൻ ആത്മീയഗുരുക്കന്മാരുടേതുപോലെതന്നെ ഈശ്വരതുല്യമാകുന്നു. ഗുരുവിന്റെ കൈയിൽ ശിഷ്യൻ വെറും ശവംപോലെയിരിക്കണമത്രേ. ഹാഫിസ് എന്ന മഹാകവി പറയുന്നു.– "നിന്റെ പ്രാർത്ഥനയ്ക്കു മുട്ടുകുത്തുന്ന കംബളത്തിൽ ഗുരു പറഞ്ഞാൽ മദ്യംപോലും ഒഴിക്കുക. എന്തെന്നാൽ ആത്മീയപുരോഗതിയിലെ ഓരോ ഘട്ടത്തിന്റെയും നിയമവും നീതിയും അദ്ദേഹം അറിയാത്തതല്ല." ശിഷ്യൻ തന്റെ പരിശീലനത്തിലെ ആദ്യഘട്ടം വിജയകരമായി തരണംചെയ്യുമ്പോൾ ഗുരു അയാൾക്കു സന്യാസചിഹ്നമായ വസ്ത്രം നൽകുന്നു. അയാൾ ജ്ഞാനിയായിത്തീരുന്നതും മറ്റും അനു

ന്തരഘട്ടങ്ങളിലാണ്. മൂന്നാമത്തെ അവസാനഘട്ടം തരണം ചെയ്യുന്നതോടെ ശിഷ്യൻ ഗുരുതുല്യനായി ഈശ്വരനിൽ മരണം പ്രാപിച്ചതായി വിചാരിക്കപ്പെടുന്നതാണ്.

സൂഫിസം പരമസൗന്ദര്യത്തിൻെറ ആരാധനയും പ്രേമസാധനകൊണ്ടുള്ള പ്രാപ്തിയുമാകുന്നു. മനുഷ്യൻ പരമസൗന്ദര്യത്തിൻെറ സന്താനമാണ്. ഇതിനെത്തന്നെയാണ് സ്വാമി വിവേകാനന്ദൻ അമൃതത്വത്തിൻെറ സന്താനമായി കല്പിച്ചിട്ടുള്ളതു്. ഈശ്വരനിൽനിന്നു പുറപ്പെട്ട അല്പസൗന്ദര്യം തിരിയെ ഉൽഭവസ്ഥാനത്തു ചെന്നുചേരാൻ ചെയ്യുന്ന ശ്രമത്തിൻെറ പേരാണ് പ്രേമം. ഏറിയും, കുറഞ്ഞും സൌന്ദര്യം, പലതിൽ പലതരത്തിൽ കാണപ്പെടുന്നു. കായികസൗന്ദര്യം, മാനസികസൗന്ദര്യം, ആത്മീയസൌന്ദര്യം എന്നിങ്ങനെ സൂഫിസത്തിൽ അതു മൂന്നായി തരംതിരിക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം ഒരേ മൂലസൗന്ദര്യത്തിൻെറ രൂപഭേദങ്ങളാണത്രേ. ഉപാസകനു് ഇവയിലേതിനെയെങ്കിലും ആസ്വദിക്കുകകൊണ്ടു ക്രമേണ പരമപദം പ്രാപിക്കാവുന്നതാണ്.

ഇങ്ങനെ പരമസൗന്ദര്യപ്രാപ്തിയിലേക്കുള്ള മാർഗ്ഗത്തിൽ പല ഘട്ടങ്ങൾ ഉണ്ടു്. വിചാരമാത്രമായ ഒരു വ്യാപാരമണ്ഡലത്തിൽ രസിക്കുക, ഈശ്വരനാമോച്ചാരണത്തിൽ സുഖം തോന്നുക, നന്മ ചെയ്യുന്നതിൽ സന്തോഷിക്കുക, ജീവിതത്തിലെ നന്മതിന്മകളെ ഒന്നുപോലുള്ള ക്ഷമയോടെ ദർശിക്കുക, വെറും സ്വാഭാവികമായ ശുദ്ധജീവിതം നയിക്കുക, ഈശ്വരനിൽ ഏകാഗ്രചിത്തനായിരിക്കുക—ഇതെല്ലാമാണ് ആ ഘട്ടങ്ങൾ. തൻെറ സാക്ഷാൽ ഭാവത്തിൽ മനുഷ്യൻ ശുദ്ധനും നല്ലവനുമാണ്. അതിനാൽ പരമമായ നന്മയിലേയ്ക്കു തിരിച്ചുപോകാൻ അവൻ സ്വാഭാവികമായിത്തന്നെ ആഗ്രഹിക്കുന്നു. അതിനിടയിലുണ്ടാകുന്ന അസ്വാസ്ഥതയും, വ്യാകുലതയുമെല്ലാം ജഡവസ്തുവുമായി അവനുള്ള അസ്വാഭാവികമായ വേഴ്ചയുടെ ഫലങ്ങളാണ്. ജലാലുദ്ഡീൻ റൂമി പറയുന്നു, "ആ വേണുവിൻെറ ദീനരോദനം കേൾക്കുക: അതു വിരഹവേദനയുടെ കരുണമായ കഥയല്ലേ പറയുന്നതു്?" ഇവിടത്തെ 'വേണു' ഈശ്വരനിൽനിന്നുള്ള വേർപാടിനെപ്പററി ദുഃഖിക്കുന്ന മനുഷ്യാത്മാവാണ്. ടാഗോറും മനുഷ്യാത്മാവിനെ വേണുവായി കല്പിക്കുന്നുണ്ടല്ലോ. ഇഹലോകജീ

വിതത്തിലെ സൽക്കർമ്മങ്ങൾ മരണാനന്തരം മനുഷ്യനെ ഈശ്വരനോടു കൂടുതൽ അടുപ്പിക്കുന്നതായി സൂഫി വിശ്വസിക്കുന്നു. നേരേ മറിച്ചാണെങ്കിൽ ഫലവും അങ്ങനെതന്നെ. സ്വർഗ്ഗനരകങ്ങൾ യഥാക്രമം ഈശ്വരസാമീപ്യത്തേയോ അകൽച്ചയേയോ കുറിക്കുന്നു.

ധ്യാനം, ജപം, പ്രാണായാമം; ഭജന എന്നിവയിൽ സൂഫികൾക്കും വിശ്വാസമുണ്ടു്. ഈശ്വരനിൽ ഏകാഗ്രചിത്തനായിരിക്കുന്നതിനേയും, ശ്വാസത്തെ നിയന്ത്രിക്കുന്നതിനേയുംപററി നേരത്തെ സൂചിപ്പിച്ചിട്ടുണ്ടു്. ശ്വാസം മേലോട്ടു വലിക്കുമ്പോൾ 'ഇല്ലലാഹ' എന്നും, വെളിയിലേയ്ക്കു വിടുമ്പോൾ "ലാഇലാഹ" എന്നും ജപിക്കണമെന്നു ചില സൂഫിപരമ്പരകൾ ശാസിക്കുന്നു. സിൻഡിലെ ഒരു സൂഫി പരമ്പര പ്രാണായാമത്തിനിടയിൽ ഓങ്കാരംതന്നെ ജപിക്കുന്നുണ്ടു്. ഈ അവസരത്തിൽ നാവു വളച്ചു് അണ്ണാക്കിൽ തൊട്ടുവിച്ചിരിക്കണമെന്നും വിധിക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം ഹൈന്ദവരീതികളാണെന്നു പറയേണ്ടതില്ല. 'ചിലപ്പോൾ കൂട്ടം കൂടി ഭജന നടത്തുമ്പോൾ സംഗീതരൂപത്തിൽ ഈശ്വരനെ കീർത്തിക്കാൻ സൂഫികൾ തയ്യാറാണു്. ജയദേവരുടെ ഗീതാഗോവിന്ദത്തിലെപ്പോലെ ഈശ്വരപരമായ രതിയാണു് സൂഫിസംഗീതത്തിലെ ഭാവം. രാസലീലയിലെ ആദ്ധ്യാത്മികമാധുര്യം അവർക്കു പുത്തരിയല്ല. ഭക്തിയുടെ ആവേശത്താലും, ഏകാഗ്രതയാലും ഒന്നുമറിയാത്ത അവസ്ഥ സൂഫികൾക്കും ഉണ്ടാകാറുണ്ടു്. സംഗീതം സമാധിക്കു ശക്തിയേറിയ ഒരു ഉത്തേജനമാണെന്നു് അവർ വിചാരിക്കുന്നു.

ആകപ്പാടെ സൂഫിസം, വേദാന്തം എന്നിവ ഒന്നുതന്നെയാണെന്നു കാണാൻ പ്രയാസമില്ല. ഇവ തമ്മിലുള്ള വ്യത്യാസം വെറും വാങ്മാത്രമാണെന്നു ഷാജഹാൻ ചക്രവർത്തിയുടെ പുത്രനായ ഡാറാ പ്രസ്താവിക്കയുണ്ടായി. അദ്ദേഹവും, ഔറംഗസീബിന്റെ പുത്രിയായ സെബുന്നിസ്സയും ഒന്നാംതരം സൂഫി വിശ്വാസക്കാരായിരുന്നു. രണ്ടുപേരും ഹിന്ദു-മുസ്ലീം ഐക്യം കാംക്ഷിക്കയും ചെയ്തു. പക്ഷെ അവസാനത്തിൽ ജയിച്ചതു സത്യമല്ല; വെറും മതഭ്രാന്താണു് എന്നു മാത്രമേ പറയാൻ കാണുന്നുള്ളു.

# 7. സോക്രട്ടീസും മരണവും

പത്നിയായ സാൻതിപ്പ ഒട്ടേറെ ഉച്ചത്തിൽ ശകാരിച്ചതിനുശേഷം സോക്രട്ടീസിന്റെ തലയിൽ ഒരുകുടം വെള്ളമൊഴിച്ചപ്പോൾ, "അതെ, കുറെ ഇടി വെട്ടിക്കഴിഞ്ഞാൽ പിന്നെ മഴയാണു്," എന്നു മാത്രമേ അദ്ദേഹത്തിനു പറയാനുണ്ടായിരുന്നുള്ളു! പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ലെന്നാണു പഴഞ്ചൊല്ല്. "മലകളിളകിലും മഹാജനാനാം മനമിളകാ ചപലോക്തികേൾക്കിലും," എന്ന കവിവാക്യവും കാണുമാറുണ്ടു. ഒരു പക്ഷേ, ഇവയൊന്നും സോക്രട്ടീസിനെന്നപോലെമറ്റാർക്കും അത്രയേറെ യോജിക്കയില്ലായിരിക്കണം. ഒരുസ്ത്രീ പുരുഷനെ മനസ്സിലാക്കുന്നതുപോലെ അത്രവേഗം പുരുഷൻ സ്ത്രീയെ മനസ്സിലാക്കുന്നില്ലെന്നു പറയപ്പെടുന്നു. ഇതു ശരിയായിരിക്കാം. പക്ഷേ ചില സ്ത്രീകൾ പുരുഷനെ ഒരു തവണ മനസ്സിലാക്കിയില്ലെങ്കിൽ പിന്നെ ഒരിക്കലും മനസ്സിലാക്കാറില്ലെന്നുള്ളതിനു് ഉദാഹരണമാണു സാൻതിപ്പേ. സോക്രട്ടീസ് തന്റെകൂടെ ഒരേ ഗൃഹത്തിൽ താമസിക്കുന്നെങ്കിലും വാസ്തവത്തിൽ അദ്ദേഹത്തിന്റെ വാസം മറ്റൊരു ലോകത്തിലാണെന്നറിയാൻ അവൾക്കു കഴിഞ്ഞിരുന്നില്ല. ആ ലോകം ഏതെന്നു് അവൾ അറിഞ്ഞിരുന്നില്ലെന്നു പറഞ്ഞാൽ പോരാ, അങ്ങനെയൊന്നുണ്ടെന്നു് അവൾക്കു തോന്നുകപോലും ചെയ്തിരുന്നില്ലെന്നുള്ളതാണു ശരി.

തന്റെ ഗൃഹജീവിതത്തേയോ അതിലെ സുഖസൗകര്യാദികളെയോ പറ്റി സോക്രട്ടീസ് ശ്രദ്ധിച്ചിരുന്നില്ല. സമ്പത്തു് സുഖജീവിതത്തിനാവശ്യമാണെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നുമില്ല. അകിഞ്ചനനായിരുന്നു സോക്രട്ടീസ്. അദ്ദേഹത്തിന്റെ ലോകം ആശയമാത്ര സ്വരൂപമായ ഒരു ബുദ്ധിലോകമായിരുന്നു. സാൻതിപ്പെയുടെ ലോകം വെറും ഭൌതികവും. സോക്രട്ടീസിനു ഇക്കഥ അറിയാമായിരുന്നെങ്കിൽ സാൻതിപ്പേയ്ക്കു് അതറിവില്ലായിരുന്നു എന്നുള്ളതാണു് വ്യത്യാസം. ഭർത്താവിന്റെ അന്യഥാഭാവം അവളെ രോഷാകുലയാക്കി. ആദ്യം കുറെ ശകാരിച്ചുനോക്കി, ഫലമില്ല. പക്ഷേ അവളുടെ

രോഷം കരകവിഞ്ഞു. ഒരു കുടം വെള്ളം കൈയിലുണ്ടായിരുന്നതു മുഴുവൻ അദ്ദേഹത്തിന്റെ തലയിൽത്തന്നെ കമഴ്ത്തി. അപ്പോഴേയ്ക്കു് സോക്രട്ടീസ് ഉണർന്നു. അതിന്റെ ഫലമാണു, ആദ്യം ഉദ്ധരിച്ച വാക്കുകൾ.

ചോദ്യോത്തരങ്ങൾ, വിമർശനങ്ങൾ എന്നിവയാൽ അന്നത്തെ സകല ആശയങ്ങളേയും പരീക്ഷിക്കുകയെന്നുള്ളതായിരുന്നു സോക്രട്ടീസിന്റെ സുപ്രസിദ്ധമായ രീതി. അദ്ദേഹത്തിന്റെ കാലത്തിനു മുൻപ് ഗ്രീസിലുണ്ടായിരുന്ന സോഫിസ്റ്റുകൾ, അഥവാ, താർക്കികന്മാർ ഇതേ രീതി തന്നെ സ്വീകരിച്ചിരുന്നു. പക്ഷെ ഇഷ്ടാനിഷ്ടങ്ങൾ, സുഖദുഃഖങ്ങൾ എന്നിവയെ ആധാരമാക്കിയാണു് അവർ തെറ്റും ശരിയും തീരുമാനിച്ചിരുന്നതു്. ഇഷ്ടമായി തോന്നുന്നതും, സുഖം നൽകുന്നതുമായ വസ്തുക്കളും വസ്തുതകളും നല്ലതാണു്, ശരിയുമാണു്. ധർമ്മം, നന്മ എന്നിവയ്ക്കൊന്നിനും മതിയായ മാനദണ്ഡമൊന്നും കല്പിക്കാവുന്നതല്ല. നീതിയും, നിയമവും അശക്തരെ അപകടത്തിലാക്കുന്നതിനുള്ള കപടതന്ത്രങ്ങളെന്നേ കരുതേണ്ടൂ. അസാധാരണ ശക്തിവിശേഷങ്ങൾ തനിക്കുണ്ടെന്നു് അഭിമാനിക്കാനുള്ള ആഗ്രഹത്താൽ പ്രേരിതനായി മനുഷ്യൻ മതം നിർമ്മിച്ചു. ഇതിഹാസാദികൾക്കൊന്നിനും അടിസ്ഥാനമില്ലെന്നു മാത്രമല്ല, വസ്തുസ്ഥിതി അറിയുക ദുസ്സാധ്യവുമാണു്. ചുരുക്കത്തിൽ ഇതാണു സോഫിസ്റ്റുകളുടെ ചിന്താഗതി. എങ്കിലും അവർ ആളുകളുടെ ചിന്താഗതിയെ വളർത്തുകയും, ആശയങ്ങൾക്കു് വ്യക്തരൂപം നൽകുകയും ചെയ്തു എന്നു സമ്മതിക്കുകതന്നെ വേണം. അതേ സമയം, സത്യത്തിൽ എത്തിച്ചേരുകയെന്നതു് അവരുടെ ലക്ഷ്യമേ അല്ലായിരുന്നു എന്നു പറയേണ്ടതുണ്ടു്. തർക്കിക്കുക, തർക്കത്തിൽ ജയിക്കുക— ഇതു മാത്രമായിരുന്നു അവരുടെ ഉദ്ദേശ്യം. സോഫിസ്റ്റുകളുടെ കൂട്ടത്തിൽ ഏററവും പ്രധാനന്മാർ പ്രോട്ടാഗറസ്സ്, പ്രോഡിക്കസ്, ഗോർജിയാസ്സ്, ഹിപ്പിയാസ് എന്നിവരായിരുന്നു.

സോക്രട്ടീസിന്റെ ആവിർഭാവത്തോടെ സോഫിസം ഒരു പുതിയ ഭാവം കൈക്കൊള്ളാനിടയായി. തർക്കത്തിൽ ജയിക്കുക എന്നുള്ളതല്ല, വസ്തുസ്ഥിതി എന്തെന്നറിയുകയെന്നു

ള്ളതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. എന്നല്ല, മറെറാരു
ലക്ഷ്യവും അദ്ദേഹത്തിന്റെ ജീവിതത്തിനുണ്ടായിരുന്നതായി
അറിവുമില്ല. ഒരു ആശയമോ, ആചാരമോ, വിശ്വാസമോ,
സത്യംതന്നെയായിരിക്കണമെന്നു് ജ്ഞാനികൾക്കുപോലും അ
ന്നു നിർബന്ധമില്ലായിരുന്നു. അസത്യമായാൽ തന്നെയും
അതു പ്രയോജനകരമാണെങ്കിൽ സ്വീകാര്യംതന്നെ എന്നാണു്
അവർ വിചാരിച്ചിരുന്നതു്. തത്വചിന്തകന്മാർപോലും ജന
സമുദായത്തിൽ അസ്വാസ്ഥ്യജനകമായ "സത്യം" പ്രചരിപ്പി
ക്കാൻ ഉദ്യമിച്ചിരുന്നില്ല. ജ്ഞാനികൾക്കു ദേവാലയങ്ങൾ
കൊണ്ടു പ്രയോജനമില്ലെങ്കിൽതന്നെയും ഒരു പൗഷ്ടിക
കർമ്മമെന്ന നിലയിൽ അവയെ പ്രോത്സാഹിപ്പിക്കാൻ
അവർപോലും കടപ്പെട്ടവരാണെന്നു് നമ്മുടെയിടയിൽ
വിശ്വാസമുണ്ടു്. അസത്യം ഈ നിലയിൽ പ്രയോജനകര
മാണെങ്കിൽ അതിനെ ഇളക്കി പകരം സത്യം പ്രതിഷ്ഠിക്കണ
മെന്നു പ്ളേറേറാ പോലും കരുതിയിരുന്നില്ല. ഗ്രീക്കു രാജ്യ
തന്ത്രജ്ഞന്മാരുടെയും, ചിന്തകന്മാരുടെയും പരിപാടികളിൽ
തന്നിമിത്തം ജനസാമാന്യത്തിനു വിദ്യാഭ്യാസം നൽകേണ്ട
തിന്റെ ആവശ്യകതയെപ്പററി പറയത്തക്ക പരിഗണന
യൊന്നും ദൃശ്യമായിരുന്നില്ല. ഇന്ത്യയിലെ സാമാന്യ ജനങ്ങൾ
ക്കും "ബുധ"ന്മാരുടെ പക്കൽനിന്നും ഇതേ അനുഭവം നേരി
ട്ടിരുന്നു എന്നുള്ളതിനു തെളിവു് "ശൂദ്രമക്ഷരസംയുക്തം ദൂരതഃ
പരിവർജ്ജയേൽ," എന്നുള്ള ശാസനമായിരിക്കും.

തന്റെ കാലത്തു് നിലവിലിരുന്ന ഈമാതിരി വിശ്വാ
സങ്ങളേയും, ആചാരങ്ങളേയും, മര്യാദകളേയും സോക്രട്ടീ
സ്സ് തട്ടിത്തകർത്തു എന്നുതന്നെ പറയണം. വിദ്യാദാനനിര
തന്മാരിൽ അദ്ദേഹം അഗ്രഗണനീയനായിരുന്നു. താൻ പറ
യുന്നതു കേൾക്കാൻ തയാറുള്ള ഏതു മനുഷ്യനോടും അദ്ദേഹം
ഏതു വിഷയത്തെപ്പററിയും സംഭാഷണം ചെയ്തിരുന്നു. ഇതു
കൊണ്ടു പുതിയ ഒരു ചിന്താസമ്പ്രദായം ഉൽഭവിച്ചു എന്നു
പറയാൻ നിവൃത്തിയില്ല. എന്നാൽ സാധാരണ ഉപയോഗി
ച്ചുവന്ന വാക്കുകൾ വഹിക്കുന്ന ആശയങ്ങളെപ്പററി വ്യക്തി
കൾക്കു യാതൊരു വ്യക്തബോധവും ഉണ്ടായിരുന്നില്ലെന്നു്
അദ്ദേഹം അടിക്കടി തെളിയിച്ചു. ഏററവും നിശ്ചയമുള്ള
തെന്നു് തോന്നുന്ന ആശയങ്ങൾ വാസ്തവത്തിൽ തങ്ങൾക്കറി

വില്ലാത്തവയാണെന്ന് സോക്രട്ടീസിനോട്ട സംഭാഷണം ചെയ്യാനിടയാകുമ്പോൾ മാത്രമാണ് അവർ ആദ്യമായി മനസ്സിലാക്കുന്നത്. ഇന്നത്തെ നമ്മുടെ രാഷ്ട്രീയനേതാക്കന്മാരും, മൈതാനപ്രസംഗക്കാരും സോക്രട്ടീസിനെപ്പോലുള്ള ആരുടെയെങ്കിലും കൈയിൽ അകപ്പെട്ടാൽ ഒരു ബോധവുമില്ലാത്ത പച്ചപ്പാവങ്ങൾ മാത്രമാണെന്നു വെളിപ്പെട്ടുപോകും. സോക്രട്ടീസുമായി അന്നു കൂട്ടിമുട്ടിയ ആളുകളും അധികവും അധീനിയൻ രാഷ്ട്രീയകാര്യപ്രസക്തന്മാരായിരുന്നു. ചെറു ചെറു ചോദ്യങ്ങൾ കൊണ്ടു അവരുടെ പൊള്ള വെളിപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിന്റെ തൊഴിൽ. ഈ രീതിക്കു "സോക്രാറ്റിക്ക് ഇലങ്കസ്" എന്നു പറഞ്ഞുവരുന്നു. ഇന്ത്യൻ ഗുരുകുലങ്ങളിൽ ഇതേ രീതിതന്നെ നിലവിലിരുന്നു എന്നു സ്പഷ്ടമാണ്. എന്നു മാത്രമല്ല, ശിഷ്യന്മാരിൽ കുടികൊള്ളുന്ന ശക്തികളെ ഗുണകരമായ വിധത്തിൽ ആവിഷ്കരിക്കുന്നതും വളർത്തുന്നതുമായ ചോദ്യോത്തര രീതി പ്രാചീനന്മാർ പൊതുവേ സ്വീകരിച്ചിരുന്നു എന്നുള്ളതിനു സംസ്കൃത സാഹിത്യത്തിലെ അനേകം സംവാദങ്ങൾ തെളിവാണ്. ലോകപ്രസിദ്ധമായ ഭഗവത്ഗീതതന്നെയും ഒരു സംവാദമാണെന്നു കാണ്മാനുണ്ടല്ലോ. ഈ സംവാദരൂപത്തിലുള്ള വിദ്യാഭ്യാസത്തിൽ ശിഷ്യന്മാരുടെ ചിന്താശക്തി വർദ്ധിക്കുകയും, ആശയങ്ങൾക്കു വൈശദ്യം വരികയും ചെയ്യുന്നു എന്നു സോക്രട്ടീസും മനസ്സിലാക്കിയിരുന്നു. ബി. സി. 469-ൽ ജനിച്ചു 399-ൽ വധിക്കപ്പെട്ട സോക്രട്ടീസ് ചില ഇന്ത്യൻ കുലപതികളുടെ സമകാലികനായിരുന്നിരിക്കണം. അടുത്ത തലമുറയിൽ വലിയ തത്വജ്ഞാനികളായിത്തീർന്ന പല അഥീനിയന്മാരും അദ്ദേഹത്തിന്റെ അന്തേവാസികളായിരുന്നു. അവരിൽ ചിലർ അഥീനിയൻ ചരിത്രത്തിലെ പ്രധാന കഥാപാത്രങ്ങളായി കലാശിക്കയും ചെയ്തിട്ടുണ്ട്.

സോക്രട്ടീസിന്റെ സംവാദരീതിക്കു ഒരു ഉദാഹരണം മാത്രം താഴെ ചേർക്കുന്നു.

മീനോയും, സോക്രട്ടീസും തമ്മിൽ സംവാദം നടക്കുകയാണ്:- സോക്രട്ടീസ്:- മീനോ എങ്ങനെയാണ് നിങ്ങൾ ധർമ്മത്തെ നിർവ്വചിക്കുന്നത്?

മീനോ:— അതു സാരമില്ല. ഒരു മനുഷ്യന്റെ ധർമ്മം എന്താണെന്നു നോക്കുക. അയാൾക്കു രാജ്യം ഭരിക്കാൻ അറിവുണ്ടായിരിക്കണം. അതിൽ ശത്രുക്കൾക്കു ദോഷവും, മിത്രങ്ങൾക്കു ഗുണവും വരുത്തണം. അതേസമയം അയാൾ സ്വയം ദോഷത്തിനിരയായിത്തീരുകയുമരുതു്. ഒരു സ്ത്രീയുടെ ധർമ്മവും അതുപോലെതന്നെ എളുപ്പം നിർവ്വചിക്കാം: അവൾ കുടുംബം ഭരിക്കണം. ഭർത്താവിനെ അനുസരിക്കണം. ഓരോ കാലഘട്ടത്തിനും, ഓരോ ജീവിതത്തിനും, യുവാവിനും, വൃദ്ധനും, സ്ത്രീക്കും, പുരുഷനും, അടിമയ്ക്കും സ്വതന്ത്രനുമെല്ലാം പ്രത്യേകം പ്രത്യേകം ധർമ്മമുണ്ടു്. ധർമ്മമെന്നതു നമ്മുടെ പ്രവൃത്തികൾ, ജീവിക്കുന്ന കാലം എന്നിവയെ അടിസ്ഥാനമാക്കിയിരിക്കുന്നതാണു്.

സോക്രട്ടീസ്:- ഞാൻ എന്തൊരു ഭാഗ്യവാനാണു്. മീനോ! ഒരു ധർമ്മത്തെപ്പറ്റി ഞാൻ ചോദിച്ചു. നിങ്ങൾ ഒരു പറ്റം ധർമ്മത്തെപ്പറ്റി പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ആടിന്റെ സ്വഭാവത്തെപ്പറ്റി ചോദിച്ചാൽ അനേകം തരത്തിലുള്ള ആടുകൾ ഉണ്ടെന്നാണ് മറുപടി. പക്ഷെ ആടുകൾ, ആടുകൾ എന്ന നിലയിൽ ഭിന്നങ്ങളാണോ എന്ന് ഞാൻ ചോദിക്കുന്നു. അവയെ മറ്റു ജന്തുക്കളിൽനിന്നു വേർതിരിക്കാനുള്ള ലക്ഷണങ്ങളില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

മീനോ:— ആടുകൾ ആടുകൾ എന്ന നിലയിൽ ഭിന്നങ്ങളായിരിക്കുന്നില്ല.

സോക്രട്ടീസ്:—അപ്പോൾ ആ നിലയിൽ അവയെല്ലാം ഒന്നുതന്നെയാണോ? അങ്ങനെ ആക്കിത്തീർക്കുന്ന ആ ഗുണം എന്താണു്? പറയാൻ കഴിയുമോ?

മീനോ:— പറയാമെന്നു തോന്നുന്നു.

സോക്രട്ടീസ്:- അതിനാൽ ധർമ്മങ്ങൾ എത്രതന്നെ ഭിന്നങ്ങളായിരുന്നാലും ധർമ്മം എന്ന നിലയിൽ അവയ്ക്കു് ഒരു സാമാന്യലക്ഷണം ഉണ്ടു്. ഇതാണ് അവയെ ധർമ്മമാക്കിത്തീർക്കുന്നതു്. മനസ്സിലായോ?

മീനോ:- മനസ്സിലാകുന്നു.

മേൽ കാണിച്ച സംവാദത്തിൽ, ധർമ്മത്തിന്റെ യഥാർത്ഥബോധം മീനോയ്ക്കില്ലെന്നു സോക്രട്ടീസ് വെളിപ്പെട്ട

ത്തിയിരിക്കുന്നു. അനന്തരഭാഗത്തു് ധർമ്മലക്ഷണത്തെപ്പററി ഒരു ദീർഘ ചർച്ചയാണു നടക്കുന്നതു്. വിസ്തരഭയത്താൽ ഉദ്ധരിക്കുന്നില്ല.

സോക്രട്ടീസ്, പ്ലാട്ടിനസ്സ് എന്നിങ്ങനെ പല ആചാര്യന്മാരും ഒന്നും രേഖപ്പെടുത്താതെയാണു ലോകം വെടിഞ്ഞിട്ടുള്ളതു്. അതിനാൽ പിൽക്കാലത്തു് അവരുടെ ശിഷ്യന്മാരോ മററുള്ളവരോ, അവരുടെ ചരിത്രങ്ങളും മൊഴികളും രേഖപ്പെടുത്താനിടയായി. സോക്രട്ടീസിൻെറ ചരിത്രത്തിലെ പ്രധാന സംവാദങ്ങൾ ശിഷ്യപ്രധാനനായ പ്ലേറേറാ, ഗ്രന്ഥരൂപത്തിൽ തയ്യാറാക്കിയിട്ടുണ്ടു്. "ആ പയ്യൻ എന്തൊക്കെയോ എന്നെപ്പററി എഴുതിവച്ചിരിക്കുന്നു" എന്നാണത്രെ അതുകണ്ടപ്പോൾ സോക്രട്ടീസ് പ്രസ്താവിച്ചതു്. ഇങ്ങനെയൊരു ഐതിഹ്യത്തിനു് അടിസ്ഥാനമുണ്ടോ എന്നു നിശ്ചയമില്ല. അമിതപ്രഭാവന്മാരെപ്പററി ഐതിഹ്യങ്ങൾ പലതും താനേ ഉണ്ടായിപ്പോകും. അവ കള്ളക്കഥകളായിരിക്കാം പക്ഷെ അവയ്ക്കു് ആധാരമായ മഹാന്മാരുടെ മാഹാത്മ്യം അനിതരസാധാരണമായിരുന്നു എന്നു വെളിപ്പെടുത്താൻ അവയ്ക്കൊരു കഴിവുണ്ടു്. ഈ കഴിവിലാണു് കെട്ടുകഥകളെന്നു വിചാരിക്കപ്പെടുന്ന ഐതിഹ്യങ്ങളുടെ സത്യം സ്ഥിതിചെയ്യുന്നതു് എന്നു് ജാൺ ഗന്തർ "D—Day" എന്ന തൻെറ പുതിയ ഗ്രന്ഥത്തിൽ മാർഷൽ മൗണ്ടു് ഗോമറിയെപ്പററി പറയുന്നു. പ്ലേറേറായുടെ കൃതിയിൽ സോക്രട്ടീസിനെപ്പോലെ യഥാർത്ഥമായി ജീവിച്ചിരുന്നവരും, ചില കല്പിത പാത്രങ്ങളും സംവാദത്തിൽ ഏർപ്പെട്ടിരുന്നതായി കാണുന്നുണ്ടു്. പക്ഷെ, സംഭാഷണങ്ങൾ കല്പിതമായിരുന്നാലും അല്ലെങ്കിലും, സോക്രട്ടീസിനെപ്പോലുള്ള ഒരാളിൻെറ യഥാത്ഥമായ സത്വവിശേഷത്തെ (Personality)യാണു് വെളിപ്പെടുത്തുന്നതെങ്കിൽ അവ അസത്യമല്ല, യഥാർത്ഥ സത്യംതന്നെയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഏതായാലും സോക്രട്ടീസിനെ ലോകം ഇന്നറിയുന്നതു് പ്ലേറേറാ മുഖേനയാണെന്നുള്ളതിൽ സംശയമൊന്നുമില്ല. തൻെറ രീതിയെപ്പററി സോക്രട്ടീസ്സ് ഇപ്രകാരം പ്രസ്താവിച്ചതായി പ്ലേറേറാ രേഖപ്പെടുത്തിയിരിക്കുന്നു:—

"ബുദ്ധിവികാസത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസത്തിൽ ഒരു പരുഷമായ രീതിയും മറെറാരു മസൃണമായ രീതിയും

ഉണ്ട്. ഒന്നുകിൽ ശിഷ്യന്റെ തെറ്റുകൾ ശകാരം കൊണ്ടു ശരിപ്പെടുത്തുക; അല്ലെങ്കിൽ, ഉപദേശിച്ചു തിരുത്തുക. രണ്ടായാലും അതൊരു ശാസനയോ, താക്കീതോ ആണ്. എന്നാൽ അജ്ഞതയെന്നതു കേവലം അനൈച്ഛികമാണെന്നും താൻ ശരിക്ക് അറിയുന്നതായി വിചാരിക്കപ്പെടുന്ന ഒന്നിനെപ്പററിയും ആർക്കും ശരിയായ ബോധമില്ലെന്നും, ശാസനാരൂപത്തിലുള്ള വിദ്യാഭ്യാസം ധാരാളം ശല്യം ചെയ്യുന്നു എന്നാതിക്കെ, പറയത്തക്ക ഗുണമൊന്നും നൽകുന്നില്ലെന്നും വിചാരിക്കുന്നവർ ഇപ്പോഴുണ്ട്. ബുദ്ധിപൂർവ്വം സംസാരിക്കുന്നു എന്നു കരുതുകയും അതേസമയം ബുദ്ധിശൂന്യമായി സംസാരിക്കുകയും ചെയ്യുന്ന ഒരുവനെ അവർ മറുചോദ്യങ്ങൾകൊണ്ട് പെട്ടെന്നു അജ്ഞനെന്നു സമർത്ഥിക്കുന്നു. അവന്റെ അഭിപ്രായങ്ങളും ആശയങ്ങളും ഒന്നിനൊന്നു വിരുദ്ധമാണെന്നു കാണിച്ചുകൊടുക്കുന്നു. അതോടുകൂടി അവൻ തന്റെ സാഹസത്തെപ്പററി സ്വയം പഴിക്കുന്നു........തനിക്ക് അറിയാവുന്നതിൽ കൂടുതലൊന്നും അറിവില്ലെന്ന് അയാൾ മനസ്സിലാക്കുക മാത്രമേ വേണ്ടു. അതിനാൽ പറയുന്നതിനെയെല്ലാം നിഷേധിച്ച് ചോദ്യം ചെയ്കതന്നെയാണ് ഏററവും വലിയ ശോധനവിദ്യ. ഇപ്രകാരം ശോധന ചെയ്യപ്പെടാത്തവൻ പേഴ്സ്യയിലെ രാജാവായിരുന്നാൽപ്പോലും അയാൾ അഴുക്കു നിറഞ്ഞവനാണ്."

"എന്റെ വിദ്യ സൂതികർമ്മിണികളുടേതാണ്. പക്ഷെ ഒരു വ്യത്യാസമുണ്ട്. ഞാൻ സ്ത്രീകളുടെ പ്രസവമല്ല, പുരുഷന്മാരുടെ പ്രസവമാണ് എടുക്കുന്നത്. പ്രസവവേദനകൊള്ളുമ്പോൾ ശരീരത്തെയല്ലാ ആത്മാവിനെയാണ് ഞാൻ രക്ഷിക്കുന്നതെന്നും പറയണം. അവർ പ്രസവിക്കുന്ന പ്രജ അഥവാ, ആശയം വെറും മിഥ്യയാണോ, നിഴലാണോ, അതോ ഫലപ്രദം തന്നെയാണോ, എന്നു പരീക്ഷിക്കുന്നതിലാണ് എന്റെ കലയുടെ വിജയം സ്ഥിതിചെയ്യുന്നത്. സൂതികർമ്മിണികൾ പ്രസവിക്കാറില്ല. ഞാനും അങ്ങനെതന്നെ. മററുള്ളവരെ ചോദ്യം ചെയ്യാനല്ലാതെ, സ്വയം മറുപടി പറയാൻ എനിക്കു കഴിവില്ലെന്നുള്ള ആരോപണം ശരിയാണ്. എന്തെന്നാൽ ഒരു സൂതികർമ്മിണിയായ ഞാൻ പ്രസവിച്ചു കുട്ടിയുണ്ടാകണമെന്ന് ഈശ്വരവിധിയില്ല....എന്നോടു സം

സാരിക്കുന്നവർ പുതുതായൊന്നും ഗ്രഹിക്കുന്നില്ലെന്നു വ്യക്തമാണു്. അവർ വശമാക്കുന്നതും, പുതുതായി കണ്ടുപിടിക്കുന്നതുമായ സകലതും അവരിൽത്തന്നെ ഉള്ളതാണു്........അവർ അനുഭവിക്കേണ്ടിവരുന്ന വേദന ഭയങ്കരംതന്നെ. പ്രസവവേദന കൊണ്ടു സ്ത്രീകൾക്കുപോലും ഇത്രത്തോളം വേദന അനുഭവപ്പെടുകയില്ല......."

സോക്രട്ടീസിനു് പ്രത്യേകമായൊരു തത്വചിന്താഗതിയില്ലെങ്കിലും, സംവാദങ്ങളിൽ നിന്നു തെളിയുന്നതു് അറിവാണു് നന്മയെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നതായിട്ടാണു്. തിന്മ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അജ്ഞാനവുമായിരുന്നു. ഒന്നോർത്താൽ അറിവില്ലായ്മകൊണ്ടാണു് മനുഷ്യൻ ദുഷ്കർമ്മങ്ങൾ ചെയ്യുന്നതു്. സ്വാർത്ഥതയാണു് ദുഷ്കർമ്മങ്ങൾക്കു് അവനെ പ്രേരിപ്പിക്കുന്നതെന്നുള്ളതിനെപ്പറ്റി സംശയിക്കാനില്ല. അജ്ഞതയാണു് സ്വാർത്ഥതയ്ക്കു കാരണമെന്നു് അയത്നസിദ്ധവുമാണു്. അന്യരെ തന്നെപ്പോലെ കാണാനുള്ള കഴിവുണ്ടെങ്കിൽ സ്വാർത്ഥതയുണ്ടാകയില്ല. ഈ കഴിവില്ലാത്തതു് അജ്ഞതകൊണ്ടാണെന്നു്, സന്മാർഗ്ഗശാസ്ത്രജ്ഞന്മാരും, വേദാന്തികളും, "അഖിലം, ഞാനിതെന്നവഴി" കണ്ട എഴുത്തച്ഛനെപ്പോലുള്ള കവികളും ഒന്നുപോലെ വ്യക്തമാക്കുന്നുണ്ടു്. സോക്രട്ടീസ് അവരിൽ പലരുടെയും മുൻഗാമിയായിരുന്നു എന്നേയുള്ളു.

നിലവിലിരിക്കുന്ന വിശ്വാസങ്ങളെ ചോദ്യംചെയ്യുക, യുക്തിയുക്തമായി ചിന്തിക്കാൻ ആളുകളെ നിർബന്ധിക്കുക, ഇതൊന്നും അത്ര എളുപ്പമുള്ള കാര്യമല്ല. സോക്രട്ടീസിന്റെ മറുതട്ടു് പലപ്പോഴും പലർക്കും വേദന ജനിപ്പിക്കുകയും ചെയ്തിരുന്നു. ഒരാണി ഇളക്കുന്നതിനു വേണ്ടി അതിന്റെ തലയ്ക്കു് തട്ടുന്ന ഒരു രീതിയുണ്ടു്. അതുകൊണ്ടു് ആണിയിളകിയെന്നു വരാം. നേരെമറിച്ചു് അതു കൂടുതൽ ഉറച്ചുപോയെന്നും വരാം. ബലമായി തട്ടിയാൽ ആണിയും, പലകയും ഒന്നുപോലെ തകർന്നുപോയേക്കാവുന്നതുമാണു്. സോക്രട്ടീസിന്റെ രീതി, നേരെമറിച്ചു്, ആണിയുടെ തലയ്ക്കു് അടിക്കുകയെന്നുള്ളതല്ല, അതിന്റെ മറുതലയ്ക്കു തട്ടുകയെന്നുള്ളതാണു്. ഇതിനു് മറുതട്ടു് എന്നാണു് പറയുക. ആണി ഊരിവരാൻ കൂടുതൽ സഹായിക്കുന്നതു് മറുതട്ടായിരിക്കും. ഒരു ഉറച്ച

വിശ്വാസം ശുദ്ധതെറ്റാണെന്നു പറയുന്നതു് ആണിയുടെ തലക്കു് അടിക്കുന്നതുപോലെയാണു്. അതിന്റെ തെറ്റു് സ്വയം വെളിപ്പെടത്തക്കവിധം ചോദ്യങ്ങൾ ചോദിക്കുന്നതു് മറുതട്ടിനു തുല്യവുമാണു്. എങ്കിലും ഇതിനും കുറെ വേദന സഹിക്കേണ്ടിവരുമെന്നു് തീർച്ചയാണു്. അങ്ങിനെ തട്ടുകിട്ടിയവരിൽ പലർക്കും അദ്ദേഹത്തെ സ്നേഹിക്കാൻ വിശേഷിച്ചു കാരണമൊന്നുമുണ്ടായിരുന്നില്ല. ഇങ്ങനെ ആളുകളെ മുഷിപ്പിക്കുന്നവൻ ഒന്നുകിൽ ഭോഷനായിരിക്കണം, അല്ലെങ്കിൽ ജീവിതത്തിന്റെ നിസ്സാരത സ്വയം അനുഭവപ്പെടുത്തിയ ഒരു ധീരനായിരിക്കണം. സോക്രട്ടീസ് ഇതിലേതായിരുന്നു എന്നു വഴിയെ വെളിപ്പെടുന്നതാണു്.

ഗ്രീസിലെ മതവിശ്വാസങ്ങളെയും, ആചാരമര്യാദകളെയും താറുമാറാക്കിയ കുറ്റത്തിനു് സോക്രട്ടീസിനെ ഗ്രീക്കുകാർ വിസ്തരിച്ചു. അതാണൊരു നേരമ്പോക്കു്! വിസ്തരിച്ചവരിൽ ഒറ്റയൊരുത്തനുപോലും അതിനുള്ള അർഹതയുണ്ടായിരുന്നില്ല; വിചാരണവേളയിൽ വിധിപറയാൻ ആകെ 501 അഥീനിയൻ പ്രതിനിധികൾ ഹാജരായിരുന്നു. നാസ്തികത്വം പ്രചരിപ്പിക്കുക, അഥീനിയൻയുവാക്കളെ വഴിതെറ്റിക്കുക എന്നിങ്ങനെ രണ്ടു കുറ്റങ്ങൾ അവർ അദ്ദേഹത്തിൽ ചുമത്തി. വാസ്തവത്തിൽ വിചാരണയ്ക്കുള്ള കാരണങ്ങൾ രാഷ്ട്രീയമായിരുന്നു എന്നും, വേണമെങ്കിൽ സോക്രട്ടീസിനു് രക്ഷപെടാമായിരുന്നു എന്നും, 501 പേരിൽ ഭൂരിപക്ഷവും അദ്ദേഹത്തെ വിട്ടയയ്ക്കാൻ വോട്ടുചെയ്തു എന്നും കാണുമാറുണ്ടു്.

യുദ്ധത്തിൽ ശത്രുക്കൾക്കു് അടുക്കാൻ വയ്യാത്ത ധീരത പ്രദർശിപ്പിച്ചിരുന്ന സോക്രട്ടീസ് അതിലേറെ ധീരതയോടെ വിചാരണയെ നേരിട്ടു. തെല്ലും കുലുക്കമില്ലാത്ത അദ്ദേഹത്തെ സാൻതിപ്പേമാത്രമല്ല, പൊതുവേ അഥീനിയന്മാരും മനസ്സിലാക്കിയിരുന്നില്ലെന്നു് അപ്പോഴും വെളിപ്പെട്ടു. വിചാരണയിൽ നൽകിയ മൊഴി അദ്ദേഹത്തിന്റെ യഥാർത്ഥഭാവം എന്താണെന്നു് തികച്ചും വെളിപ്പെടുത്തുന്നതാകയാൽ അതു് ഇവിടെ ഉദ്ധരിക്കാമെന്നു കരുതുന്നു:—

“എന്റെ സത്യാന്വേഷണം ഉപേക്ഷിക്കണമെന്നുള്ള വ്യവസ്ഥയിൽ നിങ്ങൾ എന്നെ വിട്ടയയ്ക്കുന്നെങ്കിൽ എനിക്കു പറയാനുള്ളതു് ഇതാണു്. ‘അഹോ, അഥീനിയന്മാരെ!

ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു. പക്ഷെ എന്നെ നിങ്ങൾക്കു പകരം ഈശ്വരൻ ഏല്പിച്ചിരിക്കുന്ന കർത്തവ്യം അവസാനശ്വാസംവരെ ഞാൻ തുടർന്നു നിറവേററിക്കൊണ്ടിരിക്കുകതന്നെ ചെയ്യും. നിങ്ങളെ അനുസരിക്കുന്നതിനു പകരം ഞാൻ ഈശ്വരനെ അനുസരിക്കട്ടെ. മരണം എന്നതു് എന്താണെന്നു് എനിക്കറിഞ്ഞുകൂടാ. ഒരുപക്ഷെ അതു നല്ലതായിരിക്കാം. അതിനെ ഞാൻ ഭയപ്പെടുന്നുമില്ല. എന്നാൽ സ്വന്തകർത്തവ്യംവിട്ടു് ജീവിക്കുന്നതു ചീത്തയാണെന്നു് എനിക്കറിയാം. അതിനാൽ ചീത്തയാണെന്നു തീർച്ചയായി അറിയാവുന്ന ഒന്നിനു പകരം, ഒരുപക്ഷെ നന്നായിരുന്നേക്കാവുന്ന ഒന്നിനെ (മരണത്തെ) സ്വീകരിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നതു്."

വാദപ്രതിവാദ സ്വാതന്ത്ര്യത്തെപ്പററി അദ്ദേഹം വീണ്ടും ഇങ്ങനെ തുടർന്നു:— "ഞാൻ സംഭാഷണംചെയ്യുന്ന വിഷയത്തെപ്പററി ദിവസേനയുള്ള വാദപ്രതിവാദങ്ങൾ മനുഷ്യനു് ഏററവും ഗുണംചെയ്യുന്നതാണ്. ആമാതിരി ചർച്ചകൾകൊണ്ടു് ശോധനചെയ്യപ്പെടാത്ത ജീവിതം ജീവിതാർഹമല്ല."

അതിനാൽ പ്രസ്തുത ചർച്ചകൾ അനുവദിക്കാത്ത ഒരു ജീവിതം അവസാനിപ്പിക്കാൻതന്നെ സോക്രട്ടീസ് തീരുമാനിച്ചു. ന്യായാധിപന്മാർ അദ്ദേഹത്തിനു് 70-ാം വയസ്സിൽ വധശിക്ഷ നൽകാനും തീരുമാനിച്ചു. അപ്പോൾ മരണത്തെപ്പററി അദ്ദേഹം ചെയ്ത പ്രഭാഷണം അല്പം ദീർഘമായിത്തന്നെ ഉദ്ധരിച്ചുകൊള്ളട്ടെ. സോക്രട്ടീസ് പറയുകയാണ്:—

"മരണം ആശാവഹമാണെന്നു് വിചാരിക്കാൻ കാരണമുണ്ടു്. അതു് ഒന്നുകിൽ വെറും പ്രജ്ഞാരാഹിത്യമോ, ശുദ്ധശൂന്യതയോ, അല്ലെങ്കിൽ ലോകാന്തരപ്രാപ്തിയോ ആയിരിക്കണം. സ്വപ്നംപോലുമില്ലാത്ത ഗാഢസുഷുപ്തിപോലെ മരണം കേവലം പ്രജ്ഞാരാഹിത്യമാണെങ്കിൽ നിശ്ചയമായും അതൊരു ലാഭമാണ്. എന്തെന്നാൽ ഒരു സ്വപ്നംപോലും ഉണ്ടാകാത്ത ഉറക്കംകിട്ടിയ ദിവസങ്ങളും മററു ദിവസങ്ങളും തമ്മിൽ താരതമ്യപ്പെടുത്തിയ ശേഷം, ആദ്യം പറഞ്ഞതിനേക്കാൾ നല്ല ദിവസങ്ങൾ എത്രയുണ്ടെന്നു കണക്കാക്കുന്നെങ്കിൽ, പേഴ്സ്യയിലെ രാജാവിനുപോലും അത്തരം ദിവസങ്ങൾ

അധികമുണ്ടായിരിക്കയില്ലെന്നു് തീർച്ചയാണ്. ഇങ്ങനെയാണു് മരണമെങ്കിൽ നിശ്ചയമായും അതൊരു ലാഭംതന്നെയെന്നു് ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ, മരണത്തോടുകൂടി അനന്തകാലം മുഴുവൻ ഒരു ദീർഘസുഷുപ്തിയായിത്തീരുകയാണു് ചെയ്യുന്നതു്. അതല്ല, മരണാനന്തരം മനുഷ്യൻ മററു മൃതാത്മാക്കളോടൊത്തു് വേറൊരു ലോകത്തിൽ ജീവിക്കയാണു് ചെയ്യുന്നതെങ്കിൽ, ഹേ, വിധികർത്താക്കളെ, അതിലേറെ കാമ്യമായി മറെറന്താണ് ഉണ്ടാകാവുന്നതു്? തീർത്ഥയാത്രക്കാരൻ ആ അധോലോകത്തിലെത്തുമ്പോഴേക്കു്, ഈ ഭൂമിയിലെ ന്യായാധിപന്മാരിൽനിന്നു് മുക്തനാകയും, അവിടത്തെ യഥാർത്ഥ വിധികർത്താക്കളുടെ വിധിക്കു് വിധേയനായിത്തീരുകയുമാണ് ചെയ്യുന്നതെങ്കിൽ, അത്തരം തീർത്ഥാടനം പരീക്ഷണയോഗ്യമാണെന്നു് ഞാൻ കരുതുന്നു. ഹോമർ, ഹെസിയോഡ്, ഓർഫിയസ് മുതലായവരുമായി സംഭാഷണംചെയ്യാനുള്ള ഒരവസരം കിട്ടുമെങ്കിൽ അതിനുവേണ്ടി ആരെന്തുതന്നെ ഉപേക്ഷിക്കയില്ല! സർവ്വോപരി, എനിക്കു് ഇവിടത്തെപ്പോലെതന്നെ അവിടെയും ആരാണ്“ ബുദ്ധിമാൻ, ആരാണ് വിഡ്ഢി, ഏതാണ് സത്യം, ഏതാണ് അസത്യം, എന്നിങ്ങനെയുള്ള അന്വേഷണം നിർബാധം തുടരാവുന്നതുമാണ്. പക്ഷെ അവിടെയാകട്ടെ, ഒരുവൻ ചോദ്യംചോദിക്കുന്ന കുററത്തിനു വധിക്കപ്പെടാവുന്നതല്ലെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ആ ലോകത്തിൽ മരണം എന്നൊന്നില്ലെന്നാണ് പറയപ്പെടുന്നതു്. അതിനാൽ, എൻെറ വിധികർത്താക്കളെ! നിങ്ങളും എല്ലാംകൂടി ഓർത്തുകണ്ടു് ഉടനെ മരിക്കണമെന്നാണ് എൻെറ അഭിപ്രായം. ഒരു നല്ല മനുഷ്യനു് ഈലോകത്തിലാകട്ടെ, അപരലോകത്തിലാകട്ടെ യാതൊന്നും ഭയപ്പെടാനില്ല. മരണം വരിക്കയും, അങ്ങനെ ശല്യങ്ങളിൽനിന്നു് മോചനം പ്രാപിക്കയും ചെയ്യാനുള്ള എൻെറ സമയം ഇതാ ആസന്നമായിരിക്കുന്നു. എൻെറ മേൽ കുററം ചുമത്തിയവരോ, വിധിപ്രസ്താവിച്ചവരോ എനിക്കൊരു ദ്രോഹവും ചെയ്തില്ല. ഇതാ, യാത്രാനിമിഷം വന്നിരിക്കുന്നു. നാം രണ്ടുവഴിയ്ക്കു പിരിയുന്നു—ഞാൻ മരണത്തിലേയ്ക്കും, നിങ്ങൾ ജീവിതത്തിലേയ്ക്കും. ഏതാണ് നല്ലതെന്നു് ഈശ്വരൻ അറിയുന്നുണ്ടു്!”

സോക്രട്ടീസിനു് "ഹെംലക്കു്" നീരു് (വിഷദ്രാവകം) കൊടുക്കുന്ന തീയതി സാങ്കേതികകാരണത്താൽ ഒരുദിവസത്തേയ്ക്കു മാററിവച്ചു. അന്നുരാവിലെ അദ്ദേഹത്തിന്റെ മിത്രങ്ങൾ ജയിൽമുറിയിൽ ചെന്നപ്പോൾ പത്നിയായ സാൻതിപ്പേ കുട്ടിയേയും കയ്യിൽവച്ചുകൊണ്ടു് വ്യസനാക്രാന്തയായി അവിടെ ഇരിപ്പുണ്ടു്. സോക്രട്ടീസ് പറഞ്ഞു:—"ക്രീറേറാ, ഇവളെ ഇവിടെനിന്നു കൊണ്ടുപോകണം." ക്രീറേറാ സാൻതിപ്പേയേയും കുട്ടിയേയും മറെറാരാൾവശം ഏല്പിച്ചു് അയച്ചു. വഴിനീളെ, മാറിലടിച്ചും, നിലവിളിച്ചും സാൻതിപ്പേ കുട്ടിയുമായി സ്ഥലംവിട്ടു, താൻ ഒരുകുടം വെള്ളം തലവഴി ഒഴിച്ചപ്പോൾ ഏതു മനോഭാവത്തോടു കൂടിയാണോ ഭർത്താവു് അതു സ്വീകരിച്ചതു്, അതേ മനോഭാവത്തോടുകൂടിയാണു് അദ്ദേഹം മരണത്തേയും സ്വാഗതം ചെയ്യുന്നതെന്നു് പാവപ്പെട്ട സാൻതിപ്പേ അപ്പോഴും മനസ്സിലാക്കിയില്ല.

ഇതിനകം സോക്രട്ടീസിന്റെ കാലിൽനിന്നു് ചങ്ങല അഴിച്ചിരുന്നു. മരണത്തിനു് അദ്ദേഹത്തെ അവർ തയാറാക്കുകയായിരുന്നു. കുറേനേരം ആ അലൗകികമനുഷ്യൻ കാലുതിരുമ്മിക്കൊണ്ടിരുന്നിട്ടു് പറയുകയാണു്:—"ഈ സുഖം, സുഖം എന്നു പറയുന്നതു് എത്ര വിചിത്രമായ ഒന്നാണു്. ദുഃഖംകൂടാതെ അതുണ്ടാകയില്ലല്ലോ. ചങ്ങല കിടന്നപ്പോൾ വേദനയില്ലായിരുന്നെങ്കിൽ, ഇപ്പോൾ കാലുതിരുമ്മിയാൽ എനിക്കു് സുഖംതോന്നുമായിരുന്നില്ലല്ലോ. സുഖദുഃഖങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം നീങ്ങാത്തതാണെങ്കിലും അവ പരസ്പരാനുയായികളാണു്. എന്റെ അനുഭവംതന്നെ നോക്കണം. ഇപ്പോൾ ദുഃഖാനന്തരം എനിക്കു സുഖംതോന്നുന്നല്ലോ."

അതെ, ലോകജീവിതം സോക്രട്ടീസിനു് ഒരു ചങ്ങലപോലെയായിരുന്നു. മരണം ആ ചങ്ങല അഴിച്ചു. ഒരു പുതിയ സൂര്യോദയം അദ്ദേഹം കാണുകയും ചെയ്തു.

ഒടുവിൽ ക്രീറേറാ ചോദിച്ചു:—"അങ്ങയെ ഞങ്ങൾ എങ്ങനെ അടക്കംചെയ്യണം?"

സോക്രട്ടീസ്:—"നിങ്ങൾക്കു തോന്നിയപോലെ. (വീണ്ടും ഒരു പുഞ്ചിരിയോടെ) ഞാൻ വെറും ശരീരമാണെന്നാണു് ക്രീറേറായുടെ വിചാരം. ക്രീറേറാ! ഞാൻ അങ്ങനെ

ഇവിടെ ശേഷിക്കയില്ല. ഞാൻ പോകയാണ്. എന്നെ അടക്കംചെയ്വാൻ നിങ്ങൾക്കു സാധിക്കയില്ല. എൻ്റെ ശരീരത്തെ മാത്രമേ നിങ്ങൾ അടക്കംചെയ്കയുള്ളു., അർത്ഥമില്ലാത്ത വാക്കുകൾ പറയരുത്. അതു മനസ്സിനേക്കൂടി തെററിക്കും.”

അവിടെ സോക്രട്ടീസ് വാക്കുകൾ വഹിക്കുന്ന ആശയത്തെയാണ് ശ്രദ്ധിക്കുന്നത്. തെററായ വാക്കുകൾ പ്രയോഗിച്ച് ആശയവൈരൂപ്യം വരുത്തുന്നത് മരണവേദനയിൽപോലും അദ്ദേഹം സഹിക്കയില്ല. എന്തെന്നാൽ, അതുകൊണ്ടു് തകരാറുണ്ടു്.

അങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കെ, സോക്രട്ടീസിൻ്റെ ആവശ്യപ്രകാരം ആ വിഷദ്രാവകം കൊണ്ടുവന്നു. അദ്ദേഹം അതു കയ്യിൽവാങ്ങി, ക്രീറേറായും മററും നോക്കിക്കൊണ്ടുനിൽക്കവേ, മുഖത്തിനു യാതൊരു വർണ്ണവ്യത്യാസമോ, ഭാവഭേദമോ, കൈവിറയലോ, മറേറതെങ്കിലും ചാഞ്ചല്യമോ കൂടാതെ, ഒരു ചിരിയോടുകൂടി സോക്രട്ടീസ് അതു മുഴുവൻ കുടിച്ചു. അതുവരെ കരയാതിരുന്ന അന്തേവാസികളെല്ലാം പെട്ടെന്നു വാവിട്ടു നിലവിളിച്ചുപോയി. സോക്രട്ടീസ് മാത്രം, വിശേഷവിധിയായി യാതൊന്നും സംഭവിക്കാത്തതുപോലെ നിരുദ്വേഗനായിരുന്നു. അവരെ നോക്കി അദ്ദേഹം പറഞ്ഞു:—“ഇതെന്തൊരു കൂത്ത്! നിങ്ങൾ എന്താണിക്കാണിക്കുന്നത്? ഈ അപസ്വരം ഇവിടെ ഉണ്ടാകരുതെന്ന് കരുതിയാണ് പെൺപിറന്നോരെ ഞാനങ്ങു പറഞ്ഞയച്ചുകളഞ്ഞത്.”

ഇതു കേട്ടപ്പോൾ തങ്ങൾ ലജ്ജിതരായെന്ന് ക്രീറേറാ സമ്മതിക്കുന്നു. അവർ നിലവിളി നിർത്തി. സോക്രട്ടീസ് അല്പനേരം അങ്ങോട്ടുമിങ്ങോട്ടും നടന്നപ്പോഴേയ്ക്ക് കാൽവഴി ഒരു പെരുപ്പു കയറുന്നു എന്നു തോന്നി. അദ്ദേഹം കിടന്നു. പെരുപ്പ് ക്രമേണ മേലോട്ടു വ്യാപിച്ചു. “ഈ പെരുപ്പ് ഹൃദയത്തിലെത്തുമ്പോൾ എല്ലാം തീരും.” അടുത്തുള്ളവർക്ക് അദ്ദേഹം പറഞ്ഞുകൊടുക്കുകയാണ്. പെരുപ്പ് പിന്നെയും, പിന്നെയും മേലോട്ടു കയറി. പെട്ടെന്ന് എന്തോ ഓർത്തിട്ടെന്നപോലെ സോക്രട്ടീസ് ചോദിച്ചു:—“ക്രീറേറാ, ഞാൻ അസ്ക്ലിപ്പിയസ്സിന് ഒരു കടം വീട്ടുവാനുണ്ട്—ഒരു പൂവൻകോഴി. അത് മറക്കാതെ കൊടുക്കുമോ?”

ജീവിതമാകുന്ന വിഷമജ്വരത്തിൽനിന്നു് രക്ഷകിട്ടുമ്പോൾ ആസ്ക്കിൽപ്പിയസ് ദേവന്നു കൊടുക്കേണ്ട നേർച്ചയാണതു്. കൊടുത്തേക്കാം, എന്നു് ക്രീറ്റോ മറുപടിപറഞ്ഞു. കുറെ കഴിഞ്ഞു ക്രീറ്റോ ചോദിച്ചു; —"ഇനി അങ്ങേയ്ക്കു വല്ലതും പറയാനുണ്ടോ?" ഇതിന്നു മറുപടിയില്ലായിരുന്നു.—

ക്രീറ്റോ ആ മൃതമുഖത്തിലെ വായും, കണ്ണും തിരുമ്മിയടച്ചു!

തന്റെ കാലത്തിലെയെന്നല്ല, ലോകത്തിൽ എക്കാലത്തെയും ചിന്തകന്മാരുടെയും, ജ്ഞാനികളുടെയും കൂട്ടത്തിൽ സോക്രട്ടീസിന്നു് ഉന്നതമായ ഒരു സ്ഥാനമുണ്ടു്. പ്ളേറ്റോ അദ്ദേഹത്തെ സർവ്വജനസ്തോത്രപൂജിതനാക്കുകയും ചെയ്തു. പക്ഷെ സോക്രട്ടീസിനെ പുച്ഛിച്ചിരുന്നവർ അന്നില്ലായിരുന്നു എന്നു് ഇതിൽനിന്നു് അർത്ഥമാകുന്നില്ല. അവരുടെ കൂട്ടത്തിൽ മുന്നിട്ടുനിന്നതു് അരിസ്റ്റോഫെനസ് എന്ന മഹാകവിയായിരുന്നു. അദ്ദേഹത്തിന്റെ "മേഘങ്ങൾ" എന്ന നാടകത്തിൽ സോഫിസ്റ്റുകളെ പൊതുവേയും, സോക്രട്ടീസിനെ പ്രത്യേകിച്ചും വേണ്ടുവോളം അവഹേളിക്കുന്നുണ്ടു്. പുതിയ അദ്ധ്യാപനരീതിയെ അദ്ദേഹം കണ്ടമാനം വിമർശിക്കുന്നു. തനിക്കറിവുള്ള സകല ദുർഗ്ഗുണങ്ങളുടെയും ഇരിപ്പിടമായിട്ടാണു് അദ്ദേഹം സോക്രട്ടീസിനെ വർണ്ണിക്കുന്നതു്. അദ്ദേഹത്തിന്റെ ശിഷ്യന്മാരെല്ലാം വൃത്തികെട്ട കുറെ ഖലന്മാരുമായിരുന്നത്രേ. ഒടുവിൽ സോക്രട്ടീസിന്റെ "ചിന്താവ്യവസായശാല" തകർത്തു തരിപ്പണമാക്കിക്കൊണ്ടു് നാടകം അവസാനിക്കുന്നു. ഒരുപക്ഷെ ഇതു് ഒരു അറമായി കലാശിച്ചില്ലേ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ സോക്രട്ടീസിന്നുശേഷം അധികം കഴിയുന്നതിന്നുമുമ്പ്, കാര്യങ്ങളെ സംശയിക്കയും ചോദ്യം ചെയ്കയും ചെയ്യുന്ന പതിവു് പാശ്ചാത്യലോകത്തിൽ അസ്തമിക്കുകതന്നെ ചെയ്തു.

വ്യക്തിക്കു സമുദായത്തെ അപേക്ഷിച്ചുള്ള മാഹാത്മ്യം സ്ഥാപിക്കാനാണു് സോക്രട്ടീസ് ശ്രമിച്ചതു്. സമുദായം വ്യക്തിയെയല്ല വ്യക്തി-സമുദായത്തെയാണു് നയിക്കുന്നതു്. വ്യക്തിക്കു് തന്നിമിത്തം സമുദായനിർമ്മിതമായ നിയമത്തെ ലംഘിച്ചുപോലും സകല വിഷയങ്ങളെയും, വിശ്വാസങ്ങളെയും കുറിച്ചു് ചർച്ച ചെയ്യാൻ അവകാശമുണ്ടു്. നിയമ

ത്തിന് ആ അവകാശത്തെ ധ്വംസിക്കാവുന്നതല്ല. ഈ ചിന്താഗതിയോടുകൂടിയ സോക്രട്ടീസ് സത്യാന്വേഷണത്തിനിടയിൽ നിയമത്തെ ധ്വംസിച്ചു. പക്ഷെ നിയമം അദ്ദേഹത്തെ വെറുതെ വിട്ടില്ല. എങ്കിലും, തന്റെ ദിവ്യമായ സ്വാതന്ത്ര്യത്തെ ബലി കഴിക്കുകയെക്കാൾ ഭേദം സ്വയം ബലി കഴിക്കുകതന്നെയെന്ന് അദ്ദേഹം തീരുമാനിച്ചു. അങ്ങനെ മനുഷ്യന്റെ അജ്ഞതയുടെ ബലിപീഠത്തിൽ അദ്ദേഹം ജീവിതം അർപ്പിച്ചു. അപ്പോഴത്തെ അദ്ദേഹത്തിന്റെ മന്ദഹാസം അജ്ഞനായ മനുഷ്യന്റെയും, അവന്റെ നിയമങ്ങളുടെയും നേരെയുള്ള പരിഹാസസമേതമായ ഒരു വെല്ലുവിളിയായിരുന്നു. മനുഷ്യൻ അതുകൊണ്ട് പുതുതായി എന്തെങ്കിലും പഠിച്ചെന്ന് തോന്നുന്നില്ല. കുറെകാലത്തിനകം അവൻ ക്രിസ്തുവിനെ പിടികൂടികൊന്നു. തന്റെ പിതാവ് തന്നെ കൈവെടിഞ്ഞല്ലോ എന്ന് ക്രിസ്തു വിലപിച്ചു. സോക്രട്ടീസ് ചിരിച്ചതേയുള്ളു.

---

# 8. എഴുത്തച്ഛൻ

## I

### എഴുത്തച്ഛൻ ദിനമോ?

---

ഈയിടെ മി. കുട്ടികൃഷ്ണമാരാരുടെ പഠനയോഗ്യമായ "സാഹിത്യസല്ലാപം" എന്ന ഗ്രന്ഥം വായിക്കുന്നതിനിടയായപ്പോഴാണ് വീണ്ടും എഴുത്തച്ഛനെപ്പറ്റി ഒന്നു ചിന്തിക്കാൻ ഒരുമ്പെട്ടത്. എഴുത്തച്ഛൻദിനം ആഘോഷിക്കാൻ പലരും ശ്രമിച്ചു. ഇങ്ങനെ തുടങ്ങിയാൽ 365 ദിവസംകൊണ്ടുപോലും വേണ്ടപ്പെട്ടവരുടെയെല്ലാം ദിനങ്ങൾ ആഘോഷിച്ചുതീർക്കാൻ സാധിക്കാത്തവിധം നമ്മുടെ സംവൽസരം അത്ര ദരിദ്രമാണ്, എഴുത്തച്ഛന്റെ ദോഷങ്ങളെ

നാം വിസ്മരിക്കുന്നു. അവയെല്ലാം ഗുണങ്ങളായി എണ്ണാൻ നാം മടിക്കുന്നില്ല—ഇതാണ് മി. മാരാരുടെ വാദഗതിയെന്ന് സാമാന്യമായി പറയാം.

മറെറാരുകൂട്ടരുണ്ട്. അവർക്ക് എഴുത്തച്ഛൻ വെറും തർജ്ജമക്കാരൻ, വലിയ ഭക്തൻ. ആകട്ടെ, അന്നത്തെ നിലക്കു് ആവശ്യമായിരുന്ന ആ ഭക്തി ഇന്നാർക്കു വേണം? ഇതാണ് അവരുടെ ചോദ്യം. എത്ര ആലോചിച്ചിട്ടും ഇതിൻെറയൊന്നും ന്യായ്യത എനിക്കത്ര ബോധപ്പെടുന്നില്ല. ഒരു പക്ഷേ മേൽപ്പറഞ്ഞ കേമന്മാരുടെ വാദമൊന്നും എനിക്കില്ലായിരിക്കാം. മി. മാരാരുടെ വാദംതന്നെ ആദ്യം പരിശോധിക്കേണ്ടിയിരിക്കുന്നു.

എഴുത്തച്ഛൻ ഒരു വലിയകവിയായാലും, അല്ലെങ്കിലും അദ്ദേഹത്തിനു് ദോഷങ്ങൾ ഉണ്ടെന്നും അവയെ ഗുണങ്ങളെന്ന നിലയിൽ നാം ബഹുമാനിച്ചുകളയുന്നു എന്നുമാണ് അദ്ദേഹം പരാതിപ്പെടുന്നതു്. ഒന്നാമതായി ഈവക കാര്യങ്ങളിൽ നാം ഒന്നു നിന്നിട്ടാലോചിക്കേണ്ടതാണ്. "അയാൾ വളരെ നല്ലവനാണ്" എന്ന് നാം പറയുമ്പോൾ ഒരൊററ ദോഷംപോലും ആ മനുഷ്യനിൽ കാണുകയില്ലെന്ന് വക്താവോ ശ്രോതാവോ അർത്ഥമാക്കുന്നുണ്ടോ? എനിക്കു തോന്നുന്നു, എത്ര നല്ല മനുഷ്യനിലും കുറെ ദോഷങ്ങൾകൂടി ഉണ്ടായിരിക്കുമെന്ന്. അവയെക്കൂടി ഗണിച്ചുകൊണ്ടാണ് "അയാൾ നല്ല മനുഷ്യനാണ്" എന്നു നാം വിധിക്കുന്നതു്. ആ ഗണന നന്മയുടെ ഗണനപോലെതന്നെ പ്രകടമല്ലെന്നേയുള്ളൂ. അതിനാൽ എഴുത്തച്ഛൻ ഒരു വലിയ മഹാകവിയാണെന്നു പറയുമ്പോൾ അദ്ദേഹത്തിനു് ദോഷം തീരെയില്ലെന്ന് ആരും അർത്ഥമാക്കുന്നതായി വിചാരിക്കാനില്ല.

പക്ഷേ അദ്ദേഹത്തിൻെറ ദോഷങ്ങളെക്കൂടി ആരാദ്ധ്യമായി കരുതുക എന്ന അപകടം സംഭവിച്ചുപോകുന്നു എന്നാണ് മറെറാരു പരാതി. ഇതു് ഏറെക്കുറെ ശരിയാണെന്നു കരുതുക. എന്നാലും അതു് മഹാന്മാർക്കുള്ള ഒരു അവകാശവിശേഷമാണെന്ന് സമാധാനപ്പെടണം. ഒരിക്കൽ സ്റ്റാഫ് ഫോർഡ് ബ്രൂക്ക്സ് എന്ന നിരൂപകൻ കീററ്സ് എന്ന യുവമഹാകവിയുടെ തെററിനെപ്പററി എഴുതിയതു് "Let us

be thankful for the error, if error it is." എന്നായിരുന്നു. അതായത്, "അതൊരു തെറ്റാണെങ്കിൽ, ആ തെറ്റിനു നാം അദ്ദേഹത്തോട് കൃതജ്ഞരായിരിക്കുകതന്നെ" എന്ന്. കീറ്റ്സിന്റെ ഭാവനയിൽ കടന്നുകൂടിയ ഒരു തെറ്റു് തെറ്റാണെന്നു് ചില നിരൂപകന്മാർ പറഞ്ഞതിനു് ബ്രൂക്ക്സ് നൽകിയ മറുപടിയാണു് മേലുദ്ധരിച്ചതു്. യഥാർത്ഥമായ ആ തെറ്റു് ഞാൻ ഇപ്പോൾ ഓർക്കുന്നില്ലെങ്കിലും, ബ്രൂക്ക്സിന്റെ മറുപടി മേൽപ്രകാരം ഓർക്കുകതന്നെ ചെയ്യുന്നു.

ഇതിന്റെ സാരം മഹാന്മാരുടെ നില സാധാരണയിൽ നിന്നു് അല്പം വ്യത്യസ്തമാണെന്നും, അവരുടെ തെറ്റുകളെ നാം "സ്വയം" ക്ഷമിച്ചുപോകുമെന്നുമാണു്. ചിലപ്പോൾ ബ്രൂക്ക്സിനെപ്പോലെ അവരുടെ തെറ്റുകൾ കൃതജ്ഞതാർഹങ്ങളായി കരുതിയില്ലെന്നുംവരാം. വാസ്തവം പറഞ്ഞാൽ എഴുത്തച്ഛന്റെ തെറ്റുകളെത്തന്നെയാണോ നാം ആരാധിക്കുന്നതെന്നാലോചിക്കേണ്ടതുമാണു്.

എഴുത്തച്ഛനെപ്പറ്റിയുള്ള ആരാധനാബുദ്ധിയുടെ ഉൽഭവസ്ഥാനം അദ്ദേഹം വെറും ഒരു മഹാകവിയായിരുന്നു എന്നുള്ളതല്ല. ഷേക്സ്പിയറിനേയും, ഡാൻറേയേയും മറ്റുംപറ്റി പറയാവുന്നതും, പറഞ്ഞുവരുന്നതുമായ ചില വസ്തുതകൾ എഴുത്തച്ഛനെപ്പറ്റി പറഞ്ഞാലും ശരിയായിരിക്കും. ഷേക്സ്പിയർ ഒരു പുതിയ ഇംഗ്ലണ്ടിനെയും, ഡാൻറേ ഒരു പുതിയ ഇററലിയേയും ജനിപ്പിച്ചു എന്നാണു പറയപ്പെടുന്നതു്. അങ്ങിനെയാണെങ്കിൽ എഴുത്തച്ഛൻ ഒരു പുതിയ കേരളത്തെ ജനിപ്പിച്ചു എന്നു പറയുന്നതിൽ എന്താണു തകരാറു്? അദ്ദേഹത്തിനുമുമ്പു് കേരളത്തിൽ പുരാണങ്ങൾ ഇല്ലായിരുന്നു എന്നു് ഇതിനർത്ഥമില്ല. പഴയ ഒരു മഹത്തായ സംസ്കാരത്തിന്റെ മഹത്തായ അലകളെ കേരളത്തിൽ നെടുകെയും കുറുകെയും തുടരെ പായിക്കാനും, ഇന്നും പായിച്ചുകൊണ്ടിരിക്കാനും അദ്ദേഹത്തെപ്പോലെ മറെറാരു മഹാകവിക്കും ഇന്നുവരെ സാധിച്ചിട്ടില്ല. എഴുത്തച്ഛൻ വെറും തർജ്ജമക്കാരനായിരുന്നു എന്നു് തലയാറഞ്ഞു് നിലവിളിക്കുന്ന വായാടികൾ അദ്ദേഹത്തെയോ അദ്ദേഹം വരുത്തിക്കൂട്ടിയ പരിവർത്തനത്തെയോ പററി ഒന്നും അറിയുന്നില്ല.

ജനസമുദായത്തിന്റെ അന്തരജീവിതത്തെ എഴുത്തച്ഛനെപ്പോലെ പുളുക്കി അതിനു് ഒരു പ്രത്യേക പ്രകാശവും, ഓജസ്സും നൽകിയ മററൊരു കവിയാണു് കേരളത്തിൽ ഉണ്ടായിട്ടുള്ളതു്? കുറെമുമ്പു് ഇൻഡ്യാ സന്ദർശിച്ച പാർലമെൻററി ഡെലിഗേഷന്റെ നായകനായ പ്രൊഫസ്സർ റിച്ചേർഡ്സ് പറഞ്ഞു, ഇൻഡ്യൻയുവാക്കന്മാർ അവരുടെ പൂർവ്വികസമ്പത്തിനെപ്പററി ഒന്നും അറിയുന്നില്ലെന്നു്. അധികം താമസിയാതെ ഇൻഡ്യാസെക്രട്ടറി പെത്തിക്‌ലാറൻസ് പ്രഭു കോമൺസിൽ പ്രസ്താവിച്ചതു്—ഇൻഡ്യക്കു ലോകത്തിനു നൽകാൻ ഒരു മഹത്തായ സന്ദേശമുണ്ടെന്നുമായിരുന്നു. ആ സമ്പത്തും, സന്ദേശവും കേരളത്തിൽ അത്ര വ്യാപ്തിയിലും, അത്ര ആഴത്തിലും പ്രചരിപ്പിച്ചതു് എഴുത്തച്ഛനായിരുന്നു. അതിനാൽ അദ്ദേഹം കേരളീയസംസ്കാരത്തിന്റെ അച്ഛനായിത്തീർന്നതിൽ അത്ഭുതമെന്തുള്ളു? ഈ സംസ്കാരത്തെപ്പററി പറയുമ്പോൾ ചില നിരൂപകന്മാർ നെററിചുളിക്കുമെന്നു് എനിക്കറിയാം. അവർ എഴുത്തച്ഛനെ ഇടിച്ചുതാഴ്ത്താൻ ശ്രമിക്കുന്നതിന്റെ കാരണം ഇവിടെ വ്യക്തവുമാണു്.

എഴുത്തച്ഛൻ തർജ്ജമചെയ്തതു് എന്തുമാകട്ടെ. അദ്ദേഹത്തിന്റെ സ്വഭാവിശേഷം (പേഴ്സനാലിററി) രാമായണഭാരതാദികളിൽ എത്ര തെളിഞ്ഞുകാണുന്നു എന്നു നോക്കുക. ശാന്തഗംഭീരമായ ആ മുഖഭാവം അദ്ദേഹത്തിന്റെ കൃതികളിൽ എങ്ങനെ നിഴലിക്കുന്നു എന്നു നോക്കുക. ഇത്രത്തോളം തികഞ്ഞ ആത്മചൈതന്യം സ്വകൃതികളിൽക്കൂടി പ്രസരിപ്പിക്കാൻ മററു് ഏതൊരു കവിക്കാണു കഴിഞ്ഞിട്ടുള്ളതു്? ഗീതയിലെ ഓരോ ശ്ലോകവും വായിക്കുമ്പോൾ ശ്രീകൃഷ്ണൻ മുമ്പിൽനിൽക്കുന്നതുപോലെയാണു തോന്നുക. അങ്ങനെയൊരാൾ ഉണ്ടായിരുന്നെങ്കിലും ഇല്ലായിരുന്നെങ്കിലും അനുഭവം ഇതാണു്. എഴുത്തച്ഛന്റെ കൃതികൾ വായിക്കുമ്പോഴും ഇതേ അനുഭവംതന്നെയുണ്ടാകുന്നതായി തോന്നാതിരിക്കയില്ല. അദ്ദേഹം തുഞ്ചത്തുകാരനായിരുന്നോ, ഇരുപതാംനൂററാണ്ടുകാരനായിരുന്നോ എന്നൊന്നും ചോദിക്കാൻ അപ്പോൾ തോന്നുകയില്ല. ഒരു മഹാത്മാവിന്റെ സാമീപ്യം നാം അറിയാതെ അനുഭവിക്കും. മററാരുടെയും കൃതികൾ വായിച്ചാൽ ഇങ്ങനെയൊരു

തോന്നൽ ഉണ്ടാകാൻ പ്രയാസം. ഒരുപക്ഷേ സി. വി. രാമൻപിള്ളയുടെ കൃതികൾക്കു് ഈ മാതിരി ഏതോ ഒരു ശക്തിയുണ്ടായിരിക്കണം.

മലയാളഭാഷയെ ആകെയൊന്നു പുതുക്കി ഒരു പുതിയ ശൈലി നിർമ്മിക്കാൻ എഴുത്തച്ഛനല്ലാതെ ആരും ശ്രമിച്ചിട്ടില്ല. ഒരു "ജിനിയസ്സി"ന്റെ സകലലക്ഷണവും അദ്ദേഹം ആ ഒരു കാര്യത്തിൽ പ്രകടിപ്പിച്ചു. ഇന്നും അദ്ദേഹത്തിന്റെ ഭാഷയാണു മലയാളം. ചെറുശ്ശേരിയുടെയും, നിരണം കവികളുടെയും ഭാഷയൊന്നുമല്ലതു്. പഴയ മഹാന്മാരോടു് ഒരു അവജ്ഞയില്ലെങ്കിൽ പുരോഗമനമില്ല. ഈ അവജ്ഞയ്ക്കു കാരണം ആ മഹാന്മാരുമായുള്ള ചിരപരിചയമാണെന്നു് ആരും തെറ്റിദ്ധരിക്കരുതെന്നു് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. തലച്ചോറെടുത്തു് എച്ചിൽക്കുഴിയിലെറിഞ്ഞിട്ടു്, അതില്ലാതെയും ജീവിക്കാൻ കഴിയുമെന്നു ലോകത്തിനു പുതുതായി മനസ്സിലാക്കിക്കൊടുക്കുന്ന ഇക്കൂട്ടർ എന്തു പറഞ്ഞാലും, എഴുത്തച്ഛൻ, ആധുനികമലയാളത്തെ സംബന്ധിച്ചിടത്തോളം, സാക്ഷാൽ എഴുത്തച്ഛൻതന്നെയായിരുന്നു എന്നു കാണാൻ കണ്ണുള്ളവർക്കെല്ലാം കഴിയും.

പിന്നെയും എഴുത്തച്ഛന്റെ സ്വഭാവവിശേഷത്തെപ്പറ്റിയുള്ള ഓർമ്മ വിടുന്നില്ല. താൻ ഏതുമാതിരി ആളായിരുന്നു എന്നു് അദ്ദേഹം ഒരിടത്തും പറയുന്നില്ല. സി. വി. രാമൻപിള്ളയും തന്റെ കൃതികളിൽ തന്നെപ്പറ്റി പറയുന്നില്ല. പക്ഷേ അവർ രണ്ടുപേരും നമുക്കു ദർശനം തരുന്നു. ഒരൊറ്റ വാക്കു പറയാതെ അവരുടെ ഗൗരവവും, ഗാംഭീര്യവും വെളിപ്പെടുത്തിത്തരുന്നു. നമ്മുടെ ഹൃദയത്തെ സ്പർശിക്കാതെതന്നെ അവർ അതിനെ തങ്ങളുടെ മഹനീയഭാവത്തിൽ നിമജ്ജനം ചെയ്യിക്കുന്നു. ഇതൊക്കെ തുച്ഛകാര്യമാണെന്നു് ആർക്കു പറയാൻ കഴിയും?

എഴുത്തച്ഛനു് നമ്മുടെ ജീവിതത്തെ സാരമായ സ്പർശിക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ, അദ്ദേഹത്തെപ്പോലെ അതു് അധികമാരും ചെയ്തിട്ടില്ലെങ്കിൽ, കേരളത്തിനു മുഴുവൻ ഒരു അനന്യസാധാരണമായ ഹൃദയോൽക്കർഷം പരമ്പരയാ നൽകാൻ എഴുത്തച്ഛനു കഴിഞ്ഞിട്ടുണ്ടെങ്കിൽ, അധ

ഹം, കേരളത്തിലെ "മനുഷ്യോൽക്കർഷത്തിൻെറ ചിഹ്നമായി" ഇക്കാലംവരെയെങ്കിലും നിലനില്ക്കാൻ അദ്ദേഹത്തിനു പ്രയാസമൊന്നുമില്ലായിരുന്നെങ്കിൽ, ആ മഹാപുരുഷൻെറ സ്മാരകമായി ഒരു ദിനം കൊണ്ടാടണമോ എന്നുള്ള ചോദ്യം മി. മാരാർ വിചാരിക്കുന്നതിനേക്കാൾ ഗൌരവാവഹമായ ഒരു ഭാവം കൈക്കൊള്ളുന്നതായി കാണാവുന്നതാണു്. എനിക്കു തോന്നുന്നതു മററാരുടെയും ദിനങ്ങൾ കൊണ്ടാടിയില്ലെങ്കിലും എഴുത്തച്ഛൻെറ ദിനം കൊണ്ടാടുകതന്നെ വേണമെന്നാണു്.

# എഴുത്തച്ഛൻെറ സ്ഥാനം

## II

എഴുത്തച്ഛനെപ്പററി എന്തെങ്കിലും ഒന്നെഴുതാത്തതിനെക്കുറിച്ചു കോട്ടയത്തും, കൊല്ലത്തും ചില സ്നേഹശീലന്മാർ പലപ്പോഴും എന്നോടു ചോദിക്കുയുണ്ടായി. ആ പാവനചരിതനായ മഹാത്മാവിനെക്കുറിച്ചു എനിക്കും സ്വന്തമായി ചില അഭിപ്രായങ്ങൾ ഇല്ലാതില്ല. ശ്രീ പി. കെ. യുടെ "എഴുത്തച്ഛൻ" ഞാൻ വായിച്ചിട്ടുണ്ടു്. ശ്രീ പി. കെ. പരമേശ്വരൻനായർ ബി ഏ എഴുത്തച്ഛനെപ്പററി എഴുതിയ ഒരു രസികൻപ്രബന്ധത്തിൻെറ ഏതാനും ഭാഗം തിരുവനന്തപുരത്തു വച്ചു മുമ്പൊരിക്കൽ എന്നെ വായിച്ചുകേൾപ്പിച്ചതായി ഓർക്കുകയും ചെയ്യുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും അദ്ദേഹം അർഹിക്കുന്നവിധം കാര്യമായി വല്ലതും പറയണമെങ്കിൽ ഞാൻ തന്നെ കൂലങ്കഷമായി ഒരു പഠനം നടത്തേണ്ടിയിരിക്കുന്നു. അതു എനിക്കു സാധിച്ചിട്ടില്ല. "എഴുത്തച്ഛൻ" തന്നിമിത്തം എനിക്കും കൈകുഴയുന്ന ഒരു ലേഖനവിഷയമായിട്ടാണിരിക്കുന്നതു്.

എങ്കിലും ആ മഹാശയൻ തുളസീദാസനേയും കമ്പരേയുംപോലെ ഒരു മഹാകവിതന്നെയാണെന്നു തോന്നുന്നുണ്ടു്. അദ്ദേഹം ഒരു രസസിദ്ധനായിരുന്നു എന്നുള്ളതിൽ തർക്കമില്ല.

സകല രസങ്ങളും ഒന്നുപോലെ തികഞ്ഞപാടവത്തോടെ പ്രതിപാദിക്കാൻ എഴുത്തച്ഛനുള്ള കഴിവു് അനന്യസാധാരണമായിരുന്നു. അതിനു് അധികം വാക്കുകൾ അദ്ദേഹത്തിനാവശ്യമില്ല. നവരസങ്ങളും പ്രതിപാദിക്കാൻ കഴിവില്ലാതെ കടലാസുവഴി കരയുക മാത്രം ചെയ്തിട്ടുള്ള ഒരു വിദ്വാൻ ഇന്നു മലയാളത്തിൽ മഹാകവിയായി ശേഷിക്കുന്നു. സ്വന്തമായി ഒരൊററ നല്ല ഖണ്ഡകാവ്യം പോലും എഴുതിയിട്ടില്ലെങ്കിലും മഹാകവിപ്പട്ടം നേടാൻ ആ വിദ്വാനു സാധിച്ചു! എന്തൊരൽഭുതം! എഴുത്തച്ഛൻ അനുകരണക്കാരൻമാത്രമാണെന്നു പറയുന്നവർ ഇതാലോചിക്കേണ്ടതാണു്.

എഴുത്തച്ഛൻ അനുകരണവിദഗ്ദ്ധൻ മാത്രമാണെന്നു ജല്പിക്കുന്നവർ എന്താണു കാണിക്കുന്നതു്? യൂറോപ്പിൽ വല്ല സാഹിത്യകിറുക്കന്മാരും ഉച്ചത്തിൽ ഒന്നു തുമ്മിയെങ്കിൽ അതു ഓജസ്സും, പുതുമയും തികഞ്ഞ പുരോഗമന സാഹിത്യവേദമാണെന്നു വിളിച്ചുകൂവിക്കൊണ്ടു നാടടക്കം പായുന്ന അവർ അനുകരണക്കാരല്ലേ? യൂറോപ്യന്മാർക്കു തന്നെയും തങ്ങളുടെ സാഹിത്യത്തെപ്പററി ഇവരേപ്പോലെ അഭിമാനമില്ല. മനം മറിപ്പിക്കുന്ന കുറെ വാക്യങ്ങൾ എഴുതി അതെല്ലാം ചെറുകഥയാണെന്നു ലോകരെ ധരിപ്പിക്കാൻ ശ്രമിക്കുന്ന ഇവർക്കു അതിലും യൂറോപ്യന്മാരോടു കടപ്പാടില്ലെന്നു തെളിയിക്കാൻ കഴിയുമോ? ആത്മാഭിമാനമില്ലാത്ത അനുകരണത്തിൻേറയും, കേവലം ആലോചനാശൂന്യമായ ഉപരിപ്ളവബുദ്ധിയുടേയും പുത്തരങ്ങളായ ഇന്നത്തെ കേരളീയ യുവലോകത്തിൻെറ ഒരു പ്രതിനിധി പറയുന്നു, എഴുത്തച്ഛൻ അനുകരണക്കാരനാണെന്നു്! ആ ലോകോത്തരകവി "മത്സ്യമാംസാദി ഭുജിച്ചീടിലുമമേദ്ധ്യത്തെപ്പാരാതെ ഭുജിക്കേണം സാരമേയങ്ങൾക്കു്" എന്നു പറഞ്ഞിട്ടുള്ളതു ഇവരെപ്പററിയായിരിക്കുമോ? സ്വന്തം മഹാന്മാരുടെ മഹത്വം കാണാൻ കണ്ണില്ലാതെ, കണ്ടവൻെറ കുപ്പിക്കണ്ടമെല്ലാം പെറുക്കി കീശയിലിട്ടുകൊണ്ടു രത്നങ്ങളുടെ ഉടമസ്ഥനെന്നു ഭാവിച്ചു ഞെളിയുന്ന ഇക്കൂട്ടർ മലയാളത്തിൻെറ മാനം കെടുത്തിക്കഴിഞ്ഞു. എന്നിട്ടും അവർ പറയുന്നു എഴുത്തച്ഛൻ പകർപ്പെഴുത്തുകാരനാണെന്നു്! ഭേഷ്!

വാസ്തവത്തിൽ എഴുത്തച്ഛനേക്കാൾ മുൻപേതന്നെ ചെറുശ്ശേരിയും, നിരണം കവികളും, സംസ്കൃതസാഹിത്യ

ത്തിൽ നിന്നു പലതും സ്വീകരിച്ചുപോയി. അവരെയല്ല, അനന്തരതലമുറകൾ അനുകരിച്ചതു്; എഴുത്തച്ഛനെയാണു്. ഇതിനു കാരണമെന്തെന്നു് ആലോചിക്കണമെന്നു നമ്മുടെ ഇന്നത്തെ സാഹിത്യപ്പിള്ളകളിക്കാരോടു പറയാൻ പ്രയാസം തന്നെ. എന്തെന്നാൽ എന്തൊന്നുകൊണ്ടാണു ആലോചിക്കേണ്ടതു്? അതു അവൎക്കില്ല.

എഴുത്തച്ഛൻ മലയാളത്തിനു ഒരു അമേയമായ ഗാംഭീൎയ്യവും, ഉൽക്കൎഷവും നൽകി. നാടോടിപ്പാട്ടുകൾ അഥവാ ജനകീയഗാനങ്ങൾ എല്ലാ ഭാഷയിലും ഉണ്ടെങ്കിലും, അന്യഭാഷകളിൽ നിന്നു സാരമായുള്ളവയെ സ്വീകരിക്കുന്ന സ്വഭാവം ഒരു ഭാഷയും കൈവെടിഞ്ഞിട്ടില്ല. മിക്ക ഭാഷകളും സ്വന്തം ഭവനത്തിലെ കളിയും ചിരിയും കലഹവും കളഞ്ഞു ചിന്താലോലുപത്വവും, പ്രൌഢതയും സമ്പാദിക്കാൻ അന്യഭാഷകളിൽ നിന്നു സാരമായ കാൎയ്യങ്ങൾ പലതും കുത്തിവാരിയെടുത്തിട്ടുണ്ടു്. ഇംഗ്ലീഷിൽ ഗദ്യം, ഉപന്യാസങ്ങൾ, ലേഖനങ്ങൾ മുതലായവയുടെ രൂപത്തിൽ ആരംഭിച്ചതും, ആ ശാഖ വളൎന്നതും പതിനാറാം നൂറ്റാണ്ടിൽ ആണു്. അതിനു കാരണം മൊണ്ടെയിൻ എന്ന ഫ്റഞ്ചുകാരന്റെ ഉപന്യാസങ്ങളുമായിരുന്നു. ഇതുപോലെ ഒരു ആമൂലാഗ്രവ്യാപിയായ പരിവൎത്തനം മലയാളത്തിനു വരുത്താൻ എഴുത്തച്ഛനെപ്പോലെ മറ്റാൎക്കും സാധിച്ചിട്ടില്ല. ഒരുപക്ഷെ ഇതായിരിക്കുമോ അദ്ദേഹത്തിന്റെ അപരാധം? കുഞ്ചൻനമ്പ്യാർ ഒറിജിനാലിറ്റി കാണിച്ചത്രെ. ശരിയാണു്. പക്ഷെ അന്യവൃത്തങ്ങൾ ഒടിച്ചും, അടിച്ചുനീട്ടിയും, കുറെ ചെത്തിക്കളഞ്ഞും പ്രയോഗിക്കുക മാത്രമാണു ഭാഷയിൽ അദ്ദേഹം ചെയ്തിട്ടുള്ളതു്.

പഴയ നാടോടിപ്പാട്ടുകൾ തന്നെ ഇന്നും തുടൎന്നിരുന്നെങ്കിൽ മലയാളത്തിനു പുതുമ ഉണ്ടായിരിക്കുമായിരുന്നു എന്നോ, അതിനു അധഃപതനം നേരിടുകയില്ലായിരുന്നു എന്നോ ആണു പുതുമക്കാർ പുലമ്പുന്നതു്. വാസ്തവത്തിൽ മലയാളത്തെ മലവാരത്തിൽ നിന്നു പൊക്കിയെടുത്തു അതിനപ്പുറത്തുള്ള വിശാലമായ സാഹിത്യപ്പരപ്പു് കാണിച്ചുകൊടുത്ത മഹാനായിരുന്നു എഴുത്തച്ഛൻ. അതോടെ മലയാളഭാഷയുടെ കണ്ണു് എന്തെല്ലാം പുതുമകൾ കണ്ടു! അതിന്റെ കാഴ്ച എത്രയോ വിസ്താരത്തിൽ പാഞ്ഞു! അന്യസംസ്കാരങ്ങളും അന്യഭാഷക

ളുമായി ഇടപെടാതെ ഒരു ഭാഷയും വളർന്നിട്ടില്ല. മലയാളത്തിന് ആ മേന്മ വരുത്തിയവരിൽ അഗ്രഗണ്യനാണു എഴുത്തച്ഛൻ. അനേകം പാശ്ചാത്യമഹാന്മാരുടെ മുക്തകണ്ഠമായ, അൽഭുതനിർഭരമായ പ്രശംസ ആർജ്ജിച്ചിട്ടുള്ള മഹത്തായ ഭാഷയാണു സംസ്കൃതം. അതിലെ സാഹിത്യവുമായി ഇടപഴകാൻ മലയാളത്തിനു സാധിച്ചിട്ടില്ലായിരുന്നെങ്കിൽ അതിലേറെ കഷ്ടമായി മറ്റൊന്നും നമുക്കുണ്ടാകാനില്ലായിരുന്നു.

അടുത്ത രണ്ടു ഭിന്നവർഗ്ഗങ്ങൾ തമ്മിലുള്ള ചേർച്ചയും ചാർച്ചയും രണ്ടു കൂട്ടർക്കും ഒന്നുപോലെ ഗുണവും, വളർച്ചയും നൽകും. അല്ലെങ്കിൽ അതിൽ നിന്നുണ്ടാകുന്ന മൂന്നാമത്തെ വർഗ്ഗം വീര്യസമ്പന്നമായിരിക്കും. എന്നാൽ വളരെ അകന്ന വർഗ്ഗങ്ങൾ തമ്മിലുണ്ടാകുന്ന ചേർച്ചയിൽ നിന്നു ജനിക്കുന്ന സന്താനങ്ങൾ കാശിനുകൊള്ളാത്തവരായിത്തീരുമെന്നു വർഗ്ഗശാസ്ത്രം പഠിപ്പിക്കുന്നു. ഇതിനു ഉദാഹരണം യൂറോപ്യന്മാർ, നീഗ്രോകൾ എന്നിങ്ങനെ വളരെ അകന്ന രണ്ടു വർഗ്ഗങ്ങളിൽ നിന്നുണ്ടായ മുള്ളറോകളും, യൂറോപ്യൻ, ഇന്ത്യൻ എന്നീ അകന്ന വർഗ്ഗങ്ങളിൽ നിന്നുണ്ടായ ആംഗലേന്ത്യന്മാരും ആണെന്നു വർഗ്ഗശാസ്ത്രജ്ഞന്മാർ തന്നെ എടുത്തു പറയുന്നുണ്ട്. ഭാഷയിലും ഇതു് അത്ര പിശകായ ഒരു സിദ്ധാന്തമല്ല. മലയാളവും സംസ്കൃതവും അടുത്ത ഭാഷകളാകയാൽ അവയുടെ ചേർച്ച ശുഭകരമായിരിക്കും. പക്ഷെ ഇന്നത്തെ അല്പജ്ഞന്മാർക്കു വളരെ അകന്ന യൂറോപ്പുമായിട്ടാണു കൂടുതൽ ബന്ധം. അവരിൽ നിന്നുണ്ടാകുന്ന സാഹിത്യം ഇംഗ്ലീഷുമല്ല, മലയാളവുമല്ല, അതു ചുരുക്കത്തിൽ ഒന്നുമല്ല! എഴുത്തച്ഛൻ ഇങ്ങനെ ഒരു നികൃഷ്ടതയ്ക്കു ഉത്തരവാദിയായില്ലെന്നു മാത്രമല്ല, സംസ്കൃതവുമായി ചേർച്ച നൽകി അദ്ദേഹം മലയാളത്തെ ഉന്നയിപ്പിക്കുക കൂടി ചെയ്തു. സാഹിത്യത്തിൽ മാത്രമല്ല, ഭാഷയിൽ കൂടി എഴുത്തച്ഛനുള്ള ഉൽകൃഷ്ടമായ സ്ഥാനം ഇതിൽനിന്നു് ഊഹിക്കാവുന്നതാണ്.

ഇന്ത്യയ്ക്കു പൊതുവെ ഒരു ദൃഢമായ ഐക്യം വന്നുകാണാൻ എല്ലാവരും ആഗ്രഹിക്കുന്ന ഒരു കാലമാണിതു്. സാഹിത്യത്തിൽക്കൂടി ആ ഐക്യം വരുത്താൻ ശ്രമിക്കുന്നവർ രാഷ്ട്രീയ രംഗത്തിലെ മഹാരഥന്മാരായിത്തീരാറില്ലെങ്കിലും

അവർക്കു അവിടെയും അത്യുന്നതമായ ഒരു സ്ഥാനമുണ്ടു്. ഒരു ദേശത്തിനു ഐക്യമുണ്ടാക്കുന്നതു അവിടത്തെ സാഹിത്യവും, പുണ്യസ്ഥലങ്ങളുമാണു്. അവ രണ്ടുംകൂടി ഒരു രാഷ്ട്രത്തിന്റെ സംസ്കാരത്തെ തേച്ചുമിനുക്കി വിളക്കിച്ചേർത്തു ഒന്നാക്കിത്തീർക്കുന്നു. തന്നിമിത്തം ഭിന്നഭാഷ സംസാരിക്കുന്നവർപോലും സംസ്കാരദ്വാരാ ഐക്യമുള്ളവരായി കലാശിക്കുന്നു. ഇൻഡ്യൻ ഐക്യത്തിനു ഇന്ത്യയിൽ അനേകം പ്രദേശങ്ങളിലായി ചിന്നിച്ചിതറിക്കിടക്കുന്ന തീർത്ഥങ്ങളും, രാമായണഭാരതാദിസംസ്കൃതകാവ്യങ്ങളും എത്രത്തോളം സഹായിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാൻ അല്പം ചിന്ത ആവശ്യമുണ്ടു്. എഴുത്തച്ഛൻ മലയാളത്തിൽ ഈ ഐക്യത്തിനു കാലിട്ടു, അതിന്റെ അടിസ്ഥാനം കെട്ടിയുറപ്പിച്ചു. ഇതാണോ അദ്ദേഹത്തിന്റെ അപരാധം? മൂഢനായ മനുഷ്യാ! നീ എങ്ങനെ ബുദ്ധിമാനെന്നുള്ള പേരിനർഹനായി?

മേൽ പറഞ്ഞ സംസ്കാരൈക്യത്തെ പരിഗണിക്കുമ്പോൾ വളരെ മുൻപുതന്നെ എഴുത്തച്ഛൻ ഇന്നത്തെ പുരോഗമനവാദികളേക്കാൾ പുരോഗമനവാദിയായിരുന്നു എന്നു കാണാം. സാഹിത്യപരിഷത്തിൽ സംസ്കൃത പ്രഭാവകാലം കൈവിട്ട ഭാഷയെപ്പററി ചിലർ അഭിമാനിക്കുന്നതായി തോന്നി. എന്നല്ല, ആംഗലപ്രഭാവകാലത്തെപ്പററി അവർ മനംകുളിർത്തു സംസാരിക്കുന്നുമുണ്ടു്. എന്നാൽ ഇവർ എത്രയോ ഹ്രസ്വബുദ്ധികളാണെന്നു ചിന്തിക്കുമ്പോൾ ചിലപ്പോൾ കണ്ണീരും, മററുചിലപ്പോൾ മന്ദഹാസവും ആണുണ്ടാകുന്നതു്. ഇവരുടെ പാശ്ചാത്യസാഹിത്യഭ്രമം കാണുമ്പോൾ ഇംഗ്ലീഷ്കാർ ആചന്ദ്രതാരം ഇവിടം ഭരിക്കുമെന്നു് അവർ വിശ്വസിക്കുന്നതായിട്ടാണു തോന്നുക. ഇൻഡ്യൻ സ്വാതന്ത്ര്യം ഒരു തികഞ്ഞ വസ്തുതയായി തീരുന്ന കാലത്തു* നമ്മുടെ ഭാരതീയ സാഹിത്യങ്ങൾ സ്വന്തം ആന്തരോത്തേജനത്തെത്തന്നെ ശരണം പ്രാപിക്കേണ്ടിവരുന്നതാണു്. എഴുത്തച്ഛൻ അന്നും മലയാളത്തിന്റെ എഴുത്തച്ഛൻ തന്നെയായി ശേഷിക്കും. ഭാഷയിൽ അദ്ദേഹത്തിന്റെ

---

* ഭാരതസ്വാതന്ത്ര്യം കൈവരുന്നതിനു മുമ്പാണു് ഈ ലേഖനം എഴുതിയതു്.

സ്ഥാനം നിർണ്ണയിക്കുമ്പോൾ ഇതും വിസ്മരിക്കാൻ നിവൃത്തിയില്ല. ഇങ്ങനെ പഴമക്കാരിൽ പഴവനും, പുരോഗമനവാദികളുടെ മഗ്ഗദർശിയും, അവരുടെ ഭാരതൈക്യഋഷിയുടെ മാനദണ്ഡംകൊണ്ടുതന്നെ ഇന്നും നാളെയും എന്നെന്നാളും ഒന്നുപോലെ ഭാവികാലവർത്തിയും ആയിരുന്ന എഴുത്തച്ഛനെപ്പറ്റി ആലോചനാശക്തിയില്ലാത്ത കിഞ്ചെജ്ഞന്മാർക്കു എന്തറിയാം.? സംസ്കാരശൂന്യതയുടേയും അജ്ഞതയുടേയും ഫലമായിട്ടാണു് അവരുടെ അന്തസ്സാരശൂന്യമായ അഭിപ്രായം പുറപ്പെടുന്നതെന്നു മി. ജോസഫ് മുണ്ടശ്ശേരി പറഞ്ഞതു എത്രയോ പരമാർത്ഥം! ദൈവദൂതന്മാർ കാലൂന്നാൻ ഭയപ്പെടുന്നിടത്തു വിഡ്ഢികൾ പാഞ്ഞുകയറുന്നു, എന്നു ഞാൻ അദ്ദേഹത്തെ പിൻതാങ്ങിക്കൊള്ളുന്നു.

---

# 9. പുരോഗതിയുടെ വിഗതി

---

മാനുഷ്യ പുരോഗതിയുടെ ചരിത്രം പരിശോധിച്ചാൽ നമുക്കു് വളരെയൊന്നും അഭിമാനിക്കാനുണ്ടായിരിക്കയില്ല. ക്രിസ്തുവിനു് ഏകദേശം 1500 വർഷം മുൻപു ഈജിപ്റ്റിനെ ഭരിച്ചിരുന്ന റാംസേസൻ ഒൻപതാമന്റെ കാലത്തു് ഏതോ ഒരു പൂർവ്വഗാമിയുടെ ശവകുടീരത്തിൽ കള്ളന്മാർ കടന്നു് വിലയേറിയ പണ്ടങ്ങൾ പലതും കൊണ്ടുപോയി. ഇതിനെപ്പറ്റി അന്വേഷിച്ചു് റിപ്പോർട്ടു ചെയ്യാൻ റാംസേസു ഒരു കമ്മിറ്റിയെ നിയോഗിക്കയാണുണ്ടായതു്. ഇന്നും കമ്മിറ്റി ഏർപ്പാടു ഏറെക്കുറെ സാർവ്വത്രികമായി സ്വീകരിക്കപ്പെടുന്നതിൽനിന്നു മനസ്സിലാക്കാവുന്നതു് ഒരു മൂവായിരത്തിൽപരം കൊല്ലങ്ങൾക്കിടയിൽ മനുഷ്യൻ ആ വഴിക്കും കൂടുതലായെന്നും പുരോഗമിച്ചിട്ടില്ലെന്നാണു്.

പുരോഗമനം എങ്ങനെയാണു സംഭവിക്കുക? മുന്നോട്ടും പിന്നോട്ടും പുരോഗമനമാകാം; നല്ലതിലേക്കുള്ളതിനേക്കാൾ പുരോഗതി ചീത്തയിലേക്കുണ്ടാകാറുമുണ്ടു്. ഇതിൽനിന്നെല്ലാം

ഊഹിക്കേണ്ടതു് പുരോഗമനഭ്രമം വർദ്ധിക്കുമ്പോൾ അതു് മുന്നോട്ടായാലും പിന്നോട്ടായാലും, നല്ലതിലേയ്ക്കായാലും ചീത്തയിലേയ്ക്കായാലും ഒരു വെറും വേഗം മാത്രമാണെന്നാണു്, ഏതു മ്ലേച്ഛതയിലേയ്ക്കായാലും വിമാനവേഗത്തിൽ തലകുത്തിപ്പായുന്നെങ്കിൽ അതാണു് ഒന്നാംതരം പുരോഗമനം. ഈ അർത്ഥത്തിൽ പുരോഗമനത്തിന്റെ കൊടിയടയാളം തലകുത്തി കറങ്ങിക്കറങ്ങി വീഴുന്ന വിമാനമായിരുന്നാൽ അതേററവും നന്നായിരിക്കുമെന്നു തോന്നിപ്പോകുന്നു.

ഒരു പക്ഷെ പുരോഗതിയുടെ കാര്യത്തിൽ നമ്മുടെ പൂർവ്വികന്മാർ കൂടുതൽ വിവേകശാലികളായിരുന്നിരിക്കണം. പഴയ പഴയ പരിഷ്ക്കാരങ്ങൾ പലതും വെറും മാററത്തിനു വേണ്ടിമാത്രം മാറുന്നവയായിരുന്നില്ല. പുരോഗമനം ഒഴിച്ചുകൂടാൻ വയ്യാത്തതാണെന്നു അന്നുള്ളവർ കരുതിയിരുന്നുമില്ല. ഒരുവേള പ്രാചീന നാഗരികതകൾ പലതും പെട്ടെന്നു തകിടം മറിയാതെ നിൽക്കാനുള്ള ഒരു ശക്തി പ്രകടിപ്പിച്ചതു ഇതുകൊണ്ടായിരിക്കാം. കാലം ചെല്ലുംതോറും ലോകം പുരോഗമിക്കയാണെന്നു് പ്രാചീന യവനന്മാർ തെററിദ്ധരിച്ചിരുന്നില്ല. എന്നല്ല തങ്ങളുടെ സുവർണ്ണകാലം പണ്ടേ കഴിഞ്ഞുപോയെന്നു അവർ കരുതുകയും ചെയ്തിരുന്നു. മാർക്കസ് അറീലിയസ തുടങ്ങിയ സ്റ്റോയിക് ചിന്തകന്മാരുടെ അഭിപ്രായത്തിൽ ലോകഗതിതന്നെ ചക്രരൂപത്തിലാണു്. യുഗങ്ങളുടെ ആവർത്തനം, ഉപചയാപചയസ്വരൂപമായ സംസാരം എന്നിവയിലുള്ള ഭാരതീയ വിശ്വാസത്തിന്റെ ഒരു പ്രതിദ്ധ്വനിയാണതെന്നു കാണാൻ പ്രയാസമില്ല. ഈജിപ്റ്റിന്റെ ചരിത്രത്തിൽ ഒരു പതിനായിരം വർഷമെങ്കിലും കട്ടത്തപുകപിടിച്ചു മങ്ങിയ രൂപത്തിലെങ്കിലും ഇന്നു കാണപ്പെട്ടിട്ടുണ്ടു്. അതിനെപ്പററിയുള്ള രേഖകളിൽ തങ്ങളുടെ "രാമരാജ്യം" പണ്ടേ കഴിഞ്ഞു പോയെന്നുള്ള ഒരു വിശ്വാസമാണു് ഈജിപ്ഷ്യന്മാർ രേഖപ്പെടുത്തിയിരുന്നതെന്നു അറിവായിരിക്കുന്നു. ഏതു നിമിഷത്തിലും ലോകനാശം സംഭവിക്കാമെന്നു കരുതിയിരുന്ന ആദിമ ക്രിസ്ത്യാനികൾക്കു് പുരോഗതിയെപ്പററി ചിന്തിക്കേണ്ട ആവശ്യം നേരിട്ടിരുന്നതുമില്ല.

ലോകത്തിലെ ഏററവും പ്രാചീനമായ സാഹിത്യമാണു് ഋഗ്വേദമെന്നു് സമ്മതിക്കപ്പെടുന്നുണ്ടു്. ഒരു ചെകിടിലടി

ച്ചാൽ മറ്റേ ചെകിട്ടുകൂടി കാണിച്ചുകൊടുക്കണമെന്നുള്ള ആശയം ഋഗ്വേദസിദ്ധാന്തമാണ്. രണ്ടായിരം വർഷം മുൻപുണ്ടായ ക്രിസ്തുവിനും, ബി. സി. 1800—ൽ ജനിച്ചിരിക്കണമെന്നു ചിലർ വിചാരിക്കുന്ന ബുദ്ധനും, അദ്യതന കാലത്തു് മഹാത്മാഗാന്ധിയ്ക്കും അതിലെറെ പുരോഗമകമായൊന്നും ലോകത്തോടു ഉപദേശിക്കാനുണ്ടായിരുന്നില്ല. കാപ്പർണിക്കസ്സിനു് 2000വർഷംമുമ്പു് ജീവിച്ചിരുന്നതായി ബർട്രൻഡ് റസ്സൽ പറയുന്ന അരിസ്റ്റാർക്കസ്സിനും, കാപ്പർണിക്കസ്സ്, ഇന്നത്തെ ശാസ്ത്രജ്ഞന്മാർ എന്നിവർക്കും ഗ്രഹചാരങ്ങൾ, ഭൂമിയുടെ ഗോളാകൃതി തുടങ്ങിയ കാര്യങ്ങളെക്കുറിച്ചു് വൈദിക ഭാരതീയർ നൽകുന്ന അറിവിനെ അതിലംഘിച്ചു് ബഹുദൂരം പുരോഗമിക്കാൻ സാധിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ശരീരത്തിലെ സൂക്ഷ്മശക്തികളെല്ലാം, മസ്തിഷ്ക കേന്ദ്രങ്ങളെയും, അവയും ജീവിതവും തമ്മിലുള്ള ബന്ധത്തെയും കുറിച്ചു് അക്കാലത്തു് ഇന്ത്യാക്കാർക്കുണ്ടായിരുന്ന അറിവിൽനിന്നു ലോകം പുരോഗമിക്കുകയല്ല, പശ്ചാൽ ഗമിക്കുകയാണു ചെയ്തിട്ടുള്ളതു്. പണ്ഡിത നെഹ്റുതന്നെയും, ജീവിതത്തെപ്പറ്റിയുള്ള വീക്ഷണഗതിയിൽ ലോകത്തിനു ക്രമേണ പശ്ചാൽ ഗതിയാണു് സംഭവിച്ചിട്ടുള്ളതെന്നു സമ്മതിക്കുന്നുണ്ടല്ലോ. ആ സ്ഥിതിക്കു കാലം ചെല്ലുംതോറും ലോകം പുരോഗമിക്കുകയാണു് ചെയ്യുന്നതെന്നുള്ള വാദത്തിനു എന്തർത്ഥമാണുള്ളതു്? എവിടെയാണു് പുരോഗതി?

ഈ ലോകത്തിലെ ഏറിയ പങ്കു ജനങ്ങൾ വിശ്വസിക്കുന്ന മതത്തിലെ ആശയങ്ങൾ എല്ലാം തന്നെ ആ മതത്തിന്റെ ഉൽഭവവേളയിൽ പോലും വെറും പഴഞ്ചരക്കായി കലാശിച്ചിരുന്നവയാണ്. ബി. സി. 1400-ൽ ഏഷ്യാമൈനറിൽ ഇന്ത്യൻ വൈദികമതവിശ്വാസങ്ങൾ നിലവിലിരുന്നു എന്നും, ഇജിപ്ഷ്യൻ രാജാവായ ഇഖ്നാറ്റന്റെ മതമാണ് മോശപോലും സ്വീകരിച്ചിരുന്നതെന്നും കാണ്മാനുണ്ടു്. അതിനുശേഷം ബുദ്ധമതം ബ്രിട്ടീഷ് ദ്വീപങ്ങൾവരെ വ്യാപിച്ചിരുന്നതായി അലക്സാൻഡ്റിയായി ഒറിജൻ എന്ന പാതിരി പറയുന്നു. ക്രിസ്തുമതത്തിനും ബുദ്ധമതത്തിനും തമ്മിലുള്ള സാമ്യം വെറും യാദൃച്ഛികമാണെന്നു് ഇന്നത്തെ മതതാരതമ്യ പഠിതാക്കൾ വിചാരിക്കുന്നില്ലെന്നു് അമേരിക്കൻ കാൺഗ്രസ്സ്

ലൈബ്രറിയുടെ ഇന്ത്യൻവകുപ്പിന്റെ അദ്ധ്യക്ഷൻ തുറന്നു് പറയുന്നുമുണ്ടു്.

ക്രിസ്തുവിന്റെ ഭാഗ്യജനനം, അതിനെപ്പററിയുള്ള ദൈവദൂതവചനം, ക്രിസ്തുവിന്റെ 40 ദിവസത്തെ ഉപവാസം, ചെകുത്താന്റെ പ്രലോഭനം, ശിഷ്യന്മാരുടെ സംഖ്യ, ധൂർത്തപുത്രന്റെ കഥ, അഞ്ചപ്പംകൊണ്ടു് ക്രിസ്തു 5000 പേരെ ഊട്ടിയ ചരിത്രം, ഗിരിപ്രഭാഷണം, യൂദാസിന്റെ ഗുരുഹത്യാശ്രമം, മുതലായവയെല്ലാം പറയത്തക്ക വ്യത്യാസങ്ങളൊന്നും കൂടാതെ ബുദ്ധമതകഥകളിലും കാണ്മാനുണ്ടു്. പുരുഷബന്ധം കൂടാതെ ഈശ്വരപ്രഭാവമെന്ന നിലയിൽ സ്ത്രീകൾ ഭാഗ്യഗർഭം ധരിക്കുന്നതിനുദാഹരണങ്ങൾ ശ്രീകൃഷ്ണൻ, ശ്രീരാമൻ തുടങ്ങിയവർ മുതൽ ശ്രീരാമകൃഷ്ണൻവരെയുള്ള അനേകം മഹാന്മാരുടെ ചരിത്രങ്ങളിലും കഥകളിലും എവിടെയും രേഖപ്പെടുത്തിയിരിക്കുന്നു. ദുര്യോധനാദികൾ കുടത്തിൽനിന്നുണ്ടായെന്നു പറഞ്ഞാൽ ഇന്നു് അതു വെറും കെട്ടുകഥ മാത്രമായിരിക്കും. നേരെമറിച്ചു സ്ഫടികക്കുഴൽവഴി കുട്ടിയുണ്ടാകുമെന്നു പറഞ്ഞാൽ അതു് ഇന്നത്തെ ശാസ്ത്രത്തിനു് ധാരാളം സമ്മതമാണു്. പക്ഷെ പണ്ടു് മൺകുടം മാത്രമല്ല, ഇന്നത്തെപ്പോലെ സ്ഫടികപാത്രങ്ങളും ബീജനിക്ഷേപത്തിനുപയോഗിച്ചിരുന്നു എന്നു് ജ്ഞാനവാസിഷ്ഠത്തിൽ കാണാവുന്നതാണു്. അങ്ങനെയിരിക്കെ ഇന്നത്തെ പുരോഗതി ഒരു പശ്ചാദ്ഗതിയെന്നല്ലാതെമറെറാന്നും തോന്നാനില്ല.

സത്യം, സദാചാരം മുതലായവയിലുള്ള നിഷ്ഠ പ്രായോഗികമാക്കിത്തീർക്കാനുള്ള കഴിവാണു് പുരോഗതിയുടെ മാനദണ്ഡമെങ്കിൽ ഇന്നത്തെ അവസ്ഥ മാനത്തിനല്ല, കുറെ ദണ്ഡത്തിനാണു വകനൽകുന്നതു്. എന്തെന്നാൽ മനുഷ്യൻ അക്കാര്യത്തിൽ പലതരം മൃഗങ്ങളേക്കാൾ അധപ്പതിച്ചിരിക്കുന്നതായിട്ടാണു് അറിവു്. പാപത്തെപ്പററിയുള്ള ബോധം ആദ്യം ആരംഭിച്ചതു് മനുഷ്യരിലല്ല, മൃഗങ്ങളിലാണു്. അതു് നീക്കുപോക്കില്ലാതെ പരിപാലിക്കുന്നതും മൃഗങ്ങൾ തന്നെയാണു്. അതിനാൽ അധഃപതിച്ച മനുഷ്യനെ മൃഗമെന്നു വിളിക്കുന്നതു് അഭിമാനകരവും മൃഗത്തിനു അപമാനകരവുമായിരിക്കുമെന്നു വേണം പറയാൻ. തങ്ങളുടെ സാമൂഹ്യനിയമങ്ങൾ ലംഘിക്കുന്ന വ്യക്തികളെ സമുദായഭ്രഷ്ടരാക്കുന്ന പതിവു്

ശാസ്താംകോട്ടയിലെ കുരങ്ങുകൾക്കു മാത്രമല്ല, ചിലതരം കാട്ടുകന്നുകാലികൾക്കുമുണ്ട്. ജന്തുക്കളുടെയിടയിലെ സന്മാർഗ്ഗനിഷ്ഠയ്ക്കു് ഉദാഹരണമായി ശാസ്ത്രജ്ഞന്മാർ ഈ കന്നുകാലികളെ ചൂണ്ടിക്കാണിക്കുന്നു. മനുഷ്യരുടെയിടയിൽ സത്യവും സദാചാരവും സർവ്വസാധാരണമായി അനുഷ്ഠിക്കപ്പെട്ടുവന്നതു് ഇന്ത്യയിലാണെന്നു മെഗാസ്തനീസ്, ഫാഹിയൻ തുടങ്ങിയവരുടെ സഞ്ചാരവിവരണങ്ങൾ വെളിപ്പെടുത്തുന്നു. പക്ഷെ അവർ കണ്ട ഇന്ത്യയും, ഇന്നത്തെ ഇന്ത്യയും തമ്മിൽ സാജാത്യം പോലുമില്ലെന്നുള്ളതു് ചരിത്രവസ്തുതയല്ല, നിത്യാനുഭവമാണ്. മേൽപ്പറഞ്ഞ സഞ്ചാരവിവരണങ്ങൾ ഉണ്ടായ ശേഷം താരതമ്യേന ദീർഘകാലമൊന്നും കഴിഞ്ഞുപോയിട്ടില്ലെങ്കിലും, അതിനിടയിലുണ്ടായ അധഃപതനം അതിന്റെ പുരോഗതിയിൽ അങ്ങേ അററംവരെ എത്തിയിട്ടുണ്ടെന്നുള്ളതിൽ തർക്കമൊന്നുമില്ല. എങ്കിലും ഇന്ത്യയ്ക്കു മാത്രമല്ല ഈ ദുർദ്ദൈവയോഗം സംഭവിച്ചിരിക്കുന്നതെന്നു് സമ്മതിക്കണം. ഇന്നത്തെ ചരിത്രകാരന്മാരും, നാഗരികതയെപ്പററി ചർച്ചചെയ്യുന്ന ഗ്രന്ഥകാരന്മാരും യഥാർത്ഥപരിഷ്കാരത്തിന്റെ വിലാസകാലം അന്വേഷിക്കുന്നതു് എ. ഡി. യിലല്ല, ബി. സി. യിലാണെന്നറിഞ്ഞിരിക്കേണ്ടതാണ്.

ചരിത്രപരമായും, സാംസ്കാരികമായും പുരോഗതി എന്നൊന്നില്ലെന്നാണ് ഇതുവരെ കണ്ടതു്. ശാസ്ത്രീയമായിട്ടാണെങ്കിൽ, അതിന്റെ ഗതി അതിലേറെ പരുങ്ങലിലാണെന്നു പറയണം. എന്തെന്നാൽ മനുഷ്യൻ തുടരെ പുരോഗമിച്ചു കൊണ്ടിരിക്കുന്നു എന്നുള്ള ഇപ്പോഴത്തെ അബദ്ധപ്പഞ്ചാംഗം ശാസ്ത്രജ്ഞന്മാർ സ്വീകരിക്കുന്നില്ലെന്നു തന്നെയല്ല, നിരാകരിക്കുകകൂടി ചെയ്യുന്നു! ജീവിവർഗ്ഗങ്ങളുടെ പരിണാമസരണിയിലാണു് പുരോഗതിയുടെ നാഴികക്കല്ലുകൾ നാട്ടിയിരിക്കുന്നതെന്നാണു ഇതുവരെ വിചാരിക്കപ്പെട്ടിരുന്നതു്. എന്നാൽ അടുത്ത കാലത്തു് പരിണാമസിദ്ധാന്തത്തിന്റെ തന്നെ ചില അടിസ്ഥാനനിലകൾ തകർന്നു. പരിണാമമെന്നതു് ആദ്യം വിചാരിക്കപ്പെട്ടിരുന്നതുപോലെ നിരന്തരപുരോഗമകമായിരുന്നിട്ടേയില്ല. പുരോഗമനമെന്നതുപോലെ പാശ്ചാദ്ഗമനവും അതിന്റെ സ്വഭാവമായിരുന്നിട്ടുണ്ട്. ചിലപ്പോൾ പുരോഗമനത്തിനിടയിൽ ജീവിവർഗ്ഗങ്ങൾ

പലതും കുന്നിൽ തടഞ്ഞ പുഴപോലെ സ്തംഭിച്ചുനിന്നുപോയി ട്ടുമുണ്ട്. മാനുഷപുരോഗതി ഇങ്ങനെ പ്രാഗ്ഭാരസ്പൃഷ്ടമായി ത്തീർന്നിട്ട് ഇന്നേക്ക് ഏതാണ്ട് മുപ്പതിനായിരം വർഷമായി ട്ടുണ്ടത്രേ! ഒരു വർഗ്ഗം പരിണാമംകൊണ്ട് അവശ്യം പുരോഗ മിക്കണമെന്നില്ലെന്ന് പ്രൊഫസർ ഹാൽഡെയിൻ എന്ന പ്രസിദ്ധ ജീവശാസ്ത്രജ്ഞൻ പറയുന്നു. എന്നു തന്നെയല്ല ഇന്നത്തെ മനുഷ്യൻ കുരങ്ങനേക്കാൾ കഷ്ടമായ ഒരു ജന്തു ആണെന്നും അദ്ദേഹത്തിനു അഭിപ്രായമുണ്ട്. ചുരുക്കത്തിൽ മാനവനാഗരികത ഉദയംചെയ്യുന്നതിനു വളരെ മുൻപുതന്നെ മനുഷ്യന്റെ പുരോഗതി നിലച്ചുപോയി; പരിണാമഗതി യിൽ ഒരു വർഗ്ഗത്തിന്റെയും പുരോഗമനപ്രവണത സൂചിത മായിട്ടേയില്ല—ഇങ്ങനെയെല്ലാമാണ് ഇന്നത്തെ പ്രമുഖശാസ്ത്ര ജ്ഞന്മാർക്ക് നമ്മോടു പറയാനുള്ളത്. പക്ഷെ ഹാൽഡെ യിനു് പരിണാമത്തെപ്പറ്റി ഒരു കാര്യം കൂടി പറയാനുണ്ട്—ജീവിവർഗ്ഗങ്ങൾ അധികവും പുരോഗമിക്കയല്ല, കൂടുതൽ കൂടുതൽ വഷളായിത്തീരുകയാണു ചെയ്തിട്ടുള്ളതെന്ന്! അഥവാ, ഈജിപ്റ്റുകാരും, ഇന്ത്യാക്കാരും, ഗ്രീക്കുകാരും മററും വിചാരിച്ചിരുന്നതുപോലെ ജീവികളിൽ പലതി ന്റെയും സുവർണ്ണകാലം പണ്ടേ കഴിഞ്ഞുപോയി. ഡാക്ടർ എഫ്. സി. എസ്. ഷില്ലർ ഇതേകാര്യങ്ങൾ കുറേക്കൂടി ഉച്ച സ്വരത്തിലാണു പറയുന്നത്. മനുഷ്യക്കുരങ്ങിന്റെ നിലയിൽ നിന്ന് നമ്മെ മുന്നോട്ടു തള്ളിക്കൊണ്ടിരുന്ന പരി ണാമശക്തി പാലിയോലിത്തിക് യുഗത്തിന്റെ മദ്ധ്യത്തിൽ തന്നെ പെട്ടെന്നു നിന്നുപോയെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. അതായത്, മുപ്പതിനായിരം വർഷങ്ങൾക്കു മുൻപുതന്നെ മനുഷ്യന്റെ പുരോഗതിയെല്ലാം അവസാനിച്ചിരിക്കുന്നു. മനഃസ്ഥിതിയിലും, ധാർമ്മികബുദ്ധിയിലും മനുഷ്യൻ ഇന്നും അന്നത്തെ പൂർവ്വികരേക്കാൾ ഒട്ടും ഭേദമല്ലത്രേ. പോരാ, അദ്ദേഹത്തിനു കുറേക്കൂടി കർക്കശമായി പറഞ്ഞാലേ തൃപ്തി യാകയുള്ളൂ. "Modern man is not intruisically better than his ancestors and is doubtless inferior to the ancient Greeks at their best and other peaks of human biological evolution." "മനു ഷ്യൻ അന്തഃസാരത്തിൽ അവന്റെ പാലിയോലിത്തിക്

പൂർവ്വികരേക്കാൾ മെച്ചമല്ലെന്നു തന്നെയല്ല, ഗ്രീക്കുകാർ തുടങ്ങിയ പ്രാചീന വർഗ്ഗങ്ങളേക്കാൾ തീർച്ചയായും മോശവുമാണു്."

വാസ്തവം ഇങ്ങനെയൊക്കെയാണെങ്കിലും ഇന്നത്തെ ഒരു നാടോടിവിശ്വാസം, വിമാനം, തീവണ്ടി, വിദ്യുച്ഛക്തി, പെൻസിലിൻ മുതലായവ മൂലമുണ്ടായ സൗകര്യങ്ങൾ സയൻസിന്റെ മഹാസിദ്ധികളാണെന്നും, അവ അൽഭുതാവഹമായ പുരോഗതിയെ കുറിക്കുന്നു എന്നുമാണു്. പക്ഷേ ഈ വിശ്വാസം കേവലം ബാലിശമാണെന്നു പറഞ്ഞേ മതിയാവൂ. ആയുർവേദത്തിലെ ഒരു പ്രാഥമിക തത്വംതന്നെ ഒരു ചികിത്സയുടെ ഫലമായി ഒരു രോഗം ശമിക്കുമ്പോൾ മറ്റൊന്നുണ്ടാകുകയാണു ചെയ്യുന്നതെങ്കിൽ അതൊരു ചികിത്സയേ അല്ലെന്നാണു്! ഒരു മട അടയ്ക്കുമ്പോൾ മറ്റൊരു മട വീഴുകയാണു ചെയ്യുന്നതെങ്കിൽ നിലത്തിൽ വെള്ളം കയറുകതന്നെ ചെയ്യുമെന്നു് എഴുത്തറിയാത്ത കൃഷിക്കാർക്കും മനസ്സിലാകും. അങ്ങനെയിരിക്കെ പ്രസ്തുത ആയുർവേദതത്വം ഒരു നിശ്രദ്ധ തത്വമൊന്നുമാണെന്നു വിചാരിക്കാനില്ല. എന്നിരുന്നാലും മററു പലതിന്റേയും കാര്യത്തിൽ ഈ സ്വയം പ്രത്യക്ഷമായ പരമാർത്ഥം ഇന്നത്തെ ചില വിദ്വാന്മാർപോലും കാണുകയില്ലെന്നു തീർച്ചയാണു്; കാണരുതെന്നു് അവർക്കു് വളരെ നിർബ്ബന്ധവുമുണ്ടു്! ആകാശവിമാനം കണ്ടുപിടിച്ചപ്പോൾ മനുഷ്യർ തമ്മിലുള്ള വേഴ്ചയും സമ്പർക്കവും അതുകൊണ്ടു പുലർത്താമെന്നു കരുതപ്പെട്ടിരുന്നെങ്കിലും നിമിഷത്തിനിടയിൽ ഒട്ടേറെ ജീവാപായവും നാശവും വരുത്താൻകൂടി ആദിമ യന്ത്രം ഉപയോഗപ്പെടാതിരുന്നില്ല. ആറുമാസത്തെ വെയിലിനു് അരദിവസത്തെ മഴയെന്നപോലെ അനേകന്താററാണ്ടു കാലത്തെ പുരോഗതിയെ മുഴുവൻ നശിപ്പിക്കാൻ ഒരുദിവസത്തെ വിമാനപ്രയോഗംമാത്രം മതിയെന്നായിരിക്കുന്നു! അതിനാൽ മേലുദ്ധരിച്ച ആയുർവേദ തത്വപ്രകാരം ആകാശവിമാനം മനുഷ്യന്റെ പുരോഗതിയെ കുറിക്കുന്നില്ലെന്നു വ്യക്തമാണു്. ഇങ്ങനെ സയൻസിന്റെ നേട്ടങ്ങൾ പുരോഗതിയ്ക്കു് സാധകമായിരിക്കുമ്പോൾ തന്നെ ബാധകവുംകൂടിയാണെങ്കിൽ, പാര്യന്തികമായ പരിഗണനയിൽ, അടിസ്ഥാനവുംപോയി വടിമിച്ചം, എന്നപോലെ മനുഷ്യന്റെ അപരിഷ്കൃ

ത്താവസ്ഥതന്നെ മിച്ചമായി ശേഷിക്കുകയാണു ചെയ്യുന്നതു്. സയൻസിൻെറ സജീവത്വം അതോടെ നശിക്കുന്നതിനാൽ മേല്പറഞ്ഞ വടിപോലെ ഒരു നിർജ്ജീവവസ്തു എന്നനിലയിൽ അതൊരു ഭാരമായിട്ടാണു തീരുക. സയൻസ് ഇന്നൊരു ഭാരമായിത്തീർന്നിരിക്കുന്നു എന്നു പല ചിന്തകന്മാരും സമ്മതിക്കുന്നുമുണ്ടു്.

ജീവിതത്തെ ജീവിതയോഗ്യമാക്കിത്തീർക്കുന്ന ഹൃദയഗുണങ്ങളുടെ വളർച്ചയെ സഹസാ ഹനിക്കുന്നതിനു സയൻസു വളരെ സഹായിച്ചിട്ടുണ്ടു്. ചില ചിന്തകന്മാരുടെ അഭിപ്രായത്തിൽ വിദ്യാഭ്യാസം അതിമാനുഷരെ സൃഷ്ടിക്കുന്നതിനു പകരം ഹിമാലയപ്രമാണമായ വൈഷമ്യങ്ങളെയാണു സൃഷ്ടിക്കുന്നതു്. "Education does not create supermen, but super difficulties." ഈശ്വരൻ എല്ലാ ജീവികളുടെയും ഹൃദയത്തിൽ വർത്തിക്കുന്നു എന്നു കൃഷ്ണനും, സ്വർഗ്ഗരാജ്യം നിന്നിലാകുന്നു എന്നു ക്രിസ്തുവും പറഞ്ഞപ്പോൾ അവർ മനുഷ്യഗുണങ്ങളുടെയും ഈശ്വരഗുണങ്ങളുടെയും ഏകധാരാമൂലമായ ഹൃദയത്തെ ശുദ്ധമാക്കി വച്ചുകൊണ്ടിരിക്കേണ്ടതിൻെറ ആവശ്യകതയിലേയ്ക്കുതന്നെ തെററാതെ കൈചൂണ്ടുകയാണു ചെയ്തതു്. പക്ഷെ സയൻസാകട്ടെ, ഈശ്വരനെയോ, ഈശ്വരൻ മനുഷ്യഹൃദയത്തിൽതന്നെ ഉദിച്ചു പ്രകാശിക്കുന്നു എന്ന അർത്ഥത്തിലുള്ള ഈശ്വരൻെറ "മനുഷ്യപുത്രത്വ"ത്തെയോ, മനുഷ്യത്വം എന്നതു് ഈശ്വരഗുണങ്ങളിൽനിന്നാണു ജനിക്കുന്നതു് എന്ന അർത്ഥത്തിലുള്ള മനുഷ്യൻെറ "ദൈവപുത്രത്വ"ത്തെയോ അംഗീകരിക്കുന്നില്ല. ക്രിസ്തു ഏകകാലത്തു തന്നെ ദൈവപുത്രനും മനുഷ്യപുത്രനും ആയിരുന്നു എന്നു് വായനക്കാർ ഈ സന്ദർഭത്തിൽ ഓർക്കുമായിരിക്കാം. അഥവാ, ഏകകാലത്തു തന്നെ ഈശ്വരൻ മനുഷ്യപുത്രനും മനുഷ്യൻ ദൈവപുത്രനുമാകുന്നു എന്നു സാരം. ഈ തത്വത്തിൻെറ സാക്ഷാൽക്കാരത്തിനു മനുഷ്യൻ അവൻെറ ഹൃദ്ദേശത്തിൽ (സ്വർഗ്ഗരാജ്യത്തിൽ) സ്ഥിതിചെയ്യുന്ന ഈശ്വരഗുണങ്ങളെ വളർത്തുകയാണു ചെയ്യേണ്ടിയിരിക്കുന്നതു്. പക്ഷെ ഈ ഗുണങ്ങളുടെ പ്രഭവസ്ഥാനമായ ഹൃദയത്തിൻെറ ശക്തികളെ വികസിപ്പിക്കാൻ അവയുടെ ഈശ്വരീയതയിൽ വിശ്വസിക്കാത്ത സയൻസ് സഹായിക്കു

ന്നില്ലെങ്കിൽ അതിൽ അൽഭുതമെന്തുള്ളു? അത്ര തന്നെയു
മല്ല, സയൻസിന്റെ ഉപകരണങ്ങൾ കൊണ്ടു് ആ വക
ഗുണങ്ങളിലൊന്നിനെയും സ്വാധീനമാക്കാൻ സാധിക്കാത്ത
തിനാൽ ഈശ്വരൻ സയൻസിന്റെ പരിധിക്കു വെളിയി
ലാണെന്നുള്ളതു സിദ്ധവുമാണു്.

ഇവിടെ തീർച്ചയായും ചില മറുചോദ്യങ്ങൾക്കു് അവ
കാശമുണ്ടായിരിക്കണം. സയൻസ് നൽകുന്ന അറിവിന്റെ
ഫലമായി ബുദ്ധിശക്തി, വിവേകം, സന്മാർഗ്ഗം മുതലായവ
യെല്ലാം കുറഞ്ഞ തോതിലെങ്കിലും പുരോഗമിക്കുന്നില്ലേ?
പരിഷ്ക്കാരം ഇവയെ വളർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യു
ന്നില്ലേ? നിയമബോധമില്ലാത്തവരെ കൂടുതൽ വിവേകികളും
ശാന്തരുമാക്കാൻ സയൻസ് സഹായിച്ചിട്ടില്ലേ? ഈ വക
ചോദ്യങ്ങൾ പൂർവ്വപക്ഷമായി കൊണ്ടുവരുന്നതു സാധാരണ
ക്കാരല്ല, ശാസ്ത്രജ്ഞന്മാർ തന്നെയാണു്. അവർ തന്നെ
അവയ്ക്കു് സമാധാനവും നൽകുന്നുണ്ടു്. മേല്പറഞ്ഞതെല്ലാം
ശരിയാണെന്നു കണ്ണടച്ചു സമ്മതിച്ചാൽപോലും മാറി മാറി
വരുന്ന പരിതസ്ഥിതികൾക്കനുസരണമായി മാറുകയെന്നതിൽ
കവിഞ്ഞൊരു പുരോഗതിയോ പരിഷ്ക്കാരമോ അവയിൽ
അന്തർഭവിക്കുന്നില്ലെന്നാണു് അവരുടെ സിദ്ധാന്തം. അത
ല്ലെങ്കിൽപോലും മാറിവരുന്ന പരിതസ്ഥിതികൾക്കൊപ്പം
മാറുന്നതു് പുരോഗതിയല്ല, സ്തംഭനം തന്നെയാണെന്നു അല്പം
ആലോചിച്ചാൽ മനസ്സിലാകാതിരിക്കയില്ല. കറങ്ങുന്ന ചക്ര
ത്തിന്മേൽ ഇരിക്കുന്ന എറുമ്പു് ചക്രത്തിനൊപ്പം കറങ്ങി
യാലും അതിനു പുരോഗതിയൊന്നും സംഭവിക്കുന്നില്ലെന്നു
തീർച്ചയാണു്. ഇതുപോലെ തന്നിൽനിന്നു് അന്യമായ
പരിതസ്ഥിതികളെ ആശ്രയിച്ചു മാറിക്കൊണ്ടിരിക്കുന്നവനു്
വെറും മാററമല്ലാതെ സ്വയം പുരോഗതിയൊന്നുമുണ്ടാകാൻ
ന്യായമില്ല; ഉണ്ടാകുന്നുമില്ല. ശാസ്ത്രീയപുരോഗതിയനുസ
രിച്ചു് മനുഷ്യൻ മാറുന്നു എന്നല്ലാതെ അവനു സ്വന്തമായ
പുരോഗതിയുണ്ടാകുന്നില്ലെന്നു് ഇന്നത്തെ അവസ്ഥ തെളിയി
ക്കയും ചെയ്യുന്നു. എന്തെന്നാൽ വിവേകശക്തിയും മനസ്സം
സ്കാരവും പഴയ നിലയിൽ തന്നെ സ്തംഭിച്ചുനില്ക്കുമ്പോൾ
ശാസ്ത്രത്തിനും മററു കഴിവുകൾക്കും പുരോഗതി ഉണ്ടാകുന്നതു
പോലെ ഒരുപായം സങ്കല്പിക്കാമോ എന്നു പോലും സംശയ

മാണ്. ഇന്നു ലോകത്തിനു സംഭവിച്ചിരിക്കുന്ന അപത്തു്, എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന മനുഷ്യനു പ്രസ്തുത പുരോഗതിയൊന്നുമുണ്ടായിട്ടില്ലെന്നുള്ളതുമാത്രമാണെന്താനും. പരിഷ്ക്കാരംകൊണ്ടു മനുഷ്യൻ പുരോഗമിച്ചിട്ടുണ്ടെന്നുള്ളതിനു് തെളിവുകൾ ശാസ്ത്രജ്ഞന്മാർക്കു് ഇനിയും ലഭിക്കേണ്ടതായിരിക്കുന്നതേയുള്ളു. സന്മാർഗ്ഗത്തിലോ വിവേകതയിലോ അവൻ കിരാതനേക്കാൾ ഭേദമല്ലെന്നു നേരത്തെ പ്രസ്താവിച്ചുകഴിഞ്ഞു. വിദ്യാഭ്യാസം പുരോഗതിയുടെ ലക്ഷണമാണെന്നു വിചാരിക്കാനുള്ള കാലം ഇനിയും സമാഗതമായിട്ടുമില്ല. എന്തെന്നാൽ അക്കാര്യത്തിൽ വളരെ മികച്ചു നിൽക്കുന്ന ജർമ്മനി ലോകചരിത്രത്തിൽ ഏററവും പൈശാചികമായ യുദ്ധം ഒന്നല്ല, രണ്ടു നടത്തിക്കഴിഞ്ഞിരിക്കുന്നു.

ഇങ്ങനെ മനുഷ്യന്റെ പുരോഗമനശൂന്യത നിർദ്ദാക്ഷിണ്യം ചൂണ്ടിക്കാണിക്കുന്ന ശാസ്ത്രജ്ഞന്മാർതന്നെ ലോകത്തിൽ ഇടയ്ക്കിടയ്ക്കു് ഇന്ത്യ, ഈജിപ്റ്റു്, ഗ്രീസ് മുതലായ ദേശങ്ങളിൽ യഥാർത്ഥമായ പുരോഗതി ക്രിസ്തുവിനുമുൻപുണ്ടായി അല്പകാലംവീതം നിലനിന്നതിനുശേഷം പാടേ മറഞ്ഞുപോയതായി സമ്മതിക്കുന്നുണ്ടു്. പുരോഗതി ഒരിക്കലും സ്ഥായിയായിരുന്നിട്ടില്ലെന്നും സ്ഥായിയായിരിക്കേണ്ട അവശ്യമില്ലെന്നും, അഥവാ അതുണ്ടായാൽ തന്നെയും അഭികാമ്യമായിരിക്കുകയില്ലെന്നും കൂടി അവർക്കു് അഭിപ്രായമുണ്ടു്. ഒരു മാവേലികാലം അന്നുമുതൽ ഇന്നുവരെ നിലനിന്നിരുന്നെങ്കിൽ അതിനെപ്പററി ഒരു മുഷിച്ചിലല്ലാതെ മറെറാന്നും ശേഷിക്കുമായിരുന്നില്ല. ബാബിലോണിയൻ പരിഷ്ക്കാരവും യവനപരിഷ്ക്കാരവുമെല്ലാം ഒരു ദീർഘകാലവിലാസത്തിനുശേഷം പാതാളത്തിലേയ്ക്കു ചവിട്ടി തള്ളപ്പെട്ടു. മനുഷ്യമനസ്സിന്റെ സൃഷ്ടിയിൽ ചിരപരിചയംകൊണ്ടു് അവജ്ഞ തോന്നുന്ന ഒരു സ്വഭാവഘടകംകൂടി ഉൾപ്പെട്ടുണ്ടിരിക്കുന്നതു്. ഇതുകൊണ്ടായിരിക്കാം കേരളീയർക്കു് സുഖാനുഭോഗത്തിൽ മുഷിപ്പു തോന്നാതിരിക്കത്തക്കവിധം വർഷത്തിലൊരിക്കൽ മാത്രം മാവേലി നാടു കണ്ടാൽ മതിയെന്നു വാമനൻ വിധിച്ചതു്. ഈ മാവേലി ഒരു ചക്രവർത്തി ആയിരിക്കണമെന്നില്ല. അയാൾ നാടു ഭരിച്ചിരിക്കണമെന്നുമില്ല. ഇന്നത്തെ ശാസ്ത്രജ്ഞൻ പുതുതായി കണ്ടുപിടിച്ച ത

ത്വങ്ങൾ പലതും പണ്ടത്തെ കേരളീയർക്ക് അറിവുണ്ടായിരുന്നു എന്നുള്ളതിനു കഥാരൂപത്തിലുള്ള ഒരു തെളിവു മാത്രമായിരിക്കാം മാവേലിയുടെ ചരിത്രം. വില്യം ജെയിംസ് എന്ന ഗ്രന്ഥകാരൻ പറയുംപോലെ, തിന്മയില്ലാതിരിക്കുന്നതല്ല, തിന്മയുണ്ടായിരിക്കയും, അതേസമയം നന്മ അതിന്റെ പിടലിക്കു് കുത്തിപ്പിടിച്ചിരിക്കയും ചെയ്യുന്നതാണ് ആദർശയോഗ്യമായ അവസ്ഥ. ഇതറിഞ്ഞിരുന്ന വാമനൻ വർഷത്തിലൊരിക്കൻ കേരളം സന്ദർശിക്കാൻ, അഥവാ, തിന്മയുടെ കഴുത്തിനു കുത്തിപ്പിടിക്കാൻ മാവേലിക്ക് അനുവാദം കൊടുത്തതു് മനശ്ശാസ്ത്രപാരംഗതനായിട്ടായിരിക്കണം. ഏതൊരു പുരോഗതിയും ചെടിച്ചുപോകയാൽ അതിൽനിന്നു് പിൻതിരിഞ്ഞു് പഴയ മാവേലികാലമോ, രാമരാജ്യമോ പുനരാവിർഭവിക്കണമെന്നു് പ്രാർത്ഥിക്കുന്ന ഒരു പശ്ചാദ് ഗതിയിലെത്തിച്ചേരാതെ മനസ്സിനു നിർവ്വാഹമില്ല. ഇതിന്റെ അടിസ്ഥാനത്തിലാണു്, നിങ്ങൾ എത്രത്തോളം മാറുന്നുവോ അത്രത്തോളം പിറകോട്ടു പോകുന്നു എന്നുള്ള ചൊല്ലുണ്ടായതെന്നു് തോന്നുന്നു. ഒരു പക്ഷേ ഇവിടെ പുരോഗതിയും പശ്ചാദ് ഗതിയും ഒന്നായി തീരുന്നതു കാണാൻ നമുക്കു സാധിച്ചെന്നു വരാം. അങ്ങനെയാണെങ്കിൽ പുരോഗതി സ്വയം നിറവേറുന്നതു് അതിന്റെ പശ്ചാദ് ഗതിയിലാണെന്നു പറയേണ്ടതും ഇവിടെത്തന്നെയാണു്.

# 10 സാഹിത്യം അഥവാ സഹിതത

സഹിതമായിരിക്കുന്ന അവസ്ഥ അഥവാ സഹിതതയത്രേ സാഹിത്യം. സഹിതമായിരിക്കണമെങ്കിൽ രണ്ടുവസ്തുക്കളെങ്കിലും ഉണ്ടായിരിക്കണം; അവതമ്മിൽ ചേർന്നിരിക്കുകയുംവേണം. സാഹിത്യകലയിൽ ഏതെല്ലാമാണ് ഇങ്ങനെ പരസ്പരസഹിതമായിരിക്കുന്നത്? ശബ്ദവും അർത്ഥവും എന്ന് ഇതിന് ഉടൻ ഉത്തരം ലഭിക്കും. അപ്പോൾ ശബ്ദാർത്ഥങ്ങളുടെ സഹിതതയാണ് സാഹിത്യമെന്നു സിദ്ധിക്കുന്നു. ശബ്ദവും അർത്ഥവും തമ്മിൽ പണ്ടേ ചേർന്നിരിക്കയാൽ എല്ലാശബ്ദങ്ങളും സാഹിത്യമാകുമോ എന്നുള്ള ചോദ്യത്തിൽ ആ നിർവ്വചനം ബാധിതമായിത്തീരുന്നു. എന്നാൽ അപ്പോഴുമുണ്ട് ഒരു ഉടനുത്തരം—രമണീയാർത്ഥപ്രതിപാദകമായ ശബ്ദമത്രേ കാവ്യം. കാര്യം ശരിയാണ്; രമണീയാർത്ഥ പ്രതിപാദകമായിട്ടല്ലാതെ സാഹിത്യകല എന്നൊന്നില്ല.

പക്ഷേ ഇത്രയും പറയുമ്പോഴും നാം സാഹിത്യത്തെപ്പററി അതിൽ നിന്നുവളരെയൊന്നും മനസ്സിലാക്കുന്നില്ല. ശബ്ദങ്ങളും അവയുടെ അർത്ഥങ്ങളും കൊണ്ടുള്ള ഒരു ചെപ്പടിക്കളിയെന്നതിൽ കവിഞ്ഞ് പല വലിയ സാഹിത്യകാരന്മാരും സാഹിത്യത്തെപ്പററിയൊന്നും മനസ്സിലാക്കിയിരുന്നില്ല. അലങ്കാര ബഹുലമായ ശബ്ദകോലാഹലത്തിൽ അവർ രമണീയാർത്ഥം കണ്ടു; അതാണ് സാഹിത്യമെന്ന് ഭ്രമിച്ചുവശാകുന്നു

ചെയ്തു. ആദർശയോഗ്യമായ രാഷ്ട്രത്തിൻെറ ഭരണത്തിൽ കവികൾക്ക് സ്ഥാനമേയില്ലെന്ന് പ്ലേറോ വിധിക്കാൻ കാരണം ഇതുംകൂടിയായിരിക്കണമെന്ന തോന്നുന്നു. എന്തെന്നാൽ കവികളുടെ തൊഴിൽ കള്ളം പറയുകയാണെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. കള്ളന്മാരെ എങ്ങനെയാണ് രാഷ്ട്രഭരണത്തിൽ ഉൾപ്പെടുത്തുന്നതു്? തിരുവനന്തപുരത്തെ മണിമാളികകളുടെ സ്തൂപികകൾ ചന്ദ്രൻെറപൃഷ്ഠം തുളച്ചു് ഉച്ചിയിൽ കൂടി വെളിയിൽ ഇറങ്ങുന്നു, എന്നു പറയുന്ന അലങ്കാരഭീകരനായ കവി ലജ്ജയില്ലാത്ത വിഡ്ഢിയായിരിക്കും. അതുപോലെതന്നെ പുസ്തകത്തിൽ കണ്ട സ്വർഗ്ഗത്തിൻെറ വർണ്ണന പകർത്തുന്ന കവിയും കള്ളനല്ലെങ്കിൽ വിഡ്ഢിതന്നെ. കാളിദാസനുശേഷമുള്ള ചില ഭാരതീയ മഹാകവികളെ പല പാശ്ചാത്യ നിരൂപകന്മാർക്കും പുച്ഛിക്കാൻ മാത്രമേ സാധിച്ചിട്ടുള്ളു. കാരണം സ്പഷ്ടം. നമ്മുടെ മലയാളത്തിലെ കഥ പറയാതിരിക്കുകയാണ് ഭേദം. പഴഞ്ചൻഎന്നു മുദ്രഅടിക്കപ്പെട്ട അലങ്കാരസാഹിത്യം മനുഷ്യഹൃദയബാഹ്യമായ ചില ചില്ലറ സ്ഫുരണങ്ങൾ ഉണ്ടാക്കാൻ തന്നെയും ശക്തമായി ഭവിച്ചില്ല. രമണീയാർത്ഥപ്രതിപാദകമായ ശബ്ദമാണു കാവ്യമെന്നു വിധിച്ചവർക്ക് അപ്പോഴും വാസ്തവത്തിൽ തെററുപറ്റിയിരുന്നുമില്ല. ബർണ്ണാഡ്ഷാ പറയുംപോലെ, നിങ്ങൾ എന്തെഴുതിയാലും യാതൊന്നും ഭയപ്പെടാനില്ല; കാരണം വായിക്കുന്നവൻ അവനു തോന്നിയതുമാത്രമേ മനസ്സിലാക്കുകയുള്ളൂ. പ്രസ്തുത

ആലങ്കാരിക മതത്തിന്റെ കാൎയ്യത്തിലും സംഭവിച്ചതു്
ഇതുതന്നെയാണു്–കവികൾ അതിൽ നിന്നു് അവർ
ക്കുതോന്നിയതുമാത്രം മനസ്സിലാക്കി. രമണീയംഎന്നു
പറഞ്ഞാൽ അലങ്കാര രമണീയമല്ലാതെ മറെറന്താണു്?
അതിനാൽ അലങ്കാരമുണ്ടോ? എന്നാലതു തികഞ്ഞ
കാവ്യംതന്നെ. ഇതായിരുന്നു അവരുടെ വിചാരഗതി
യെന്നുതോന്നുന്നു.

സാഹിത്യം മാത്രമല്ല കലകളെല്ലാംതന്നെ, ഒന്നു
മറെറാന്നിനോടു് സഹിതമായിരിക്കുന്ന അവസ്ഥയാ
ണു്, അഥവാ ഒന്നുമറെറാന്നിൽ കലൎന്നു് ലയിച്ചിരി
ക്കുന്നതാണു് ജീവിതത്തിൽ നാം ഭാവങ്ങളിലൂടെ വി
ഷയങ്ങളിൽ ലയിക്കുമ്പോൾ കലയിലാകട്ടെ നാം ഭാ
വങ്ങളിലാണു്, വിഷയങ്ങളിലല്ല, ലയിക്കുന്നതു്. കല
യിൽ ഭാവലയം അങ്ങേഅററംവരെയില്ലെന്നും, അങ്ങ
നെ പാടേലയിച്ചാൽ കല കൊലയായിത്തീരുമെന്നും
വിചാരിക്കുന്ന ചിലപണ്ഡിതന്മാരെയും, ഗ്രന്ഥകാരന്മാ
രെയും നമ്മുടെ കൂട്ടത്തിൽ തന്നെ കാണാൻകഴിഞ്ഞെ
ന്നുവരാം. ഭീമസേനൻ കീചകവധത്തിൽ ലയിച്ചാൽ
കീചകവേഷക്കാരനു് മരിക്കുകയല്ലാതെ ഗത്യന്തരമൊ
ന്നുമില്ലെന്നാണു് അവരുടെ സിദ്ധാന്തം. ഇതുമേൽപ്പറ
ഞ്ഞതുപോലെ ജീവിതത്തിലെയും കലയിലെയും ലയ
ങ്ങളുടെ സ്വഭാവംതീരെ മനസ്സിലാകാത്തതു കൊ
ണ്ടുള്ള ഒരു വെറുംപ്രമാദം മാത്രമാണു്. പണ്ടുജീവി
ച്ചിരുന്ന ഭീമസേനൻ ലയിച്ചതു കൊല എന്നവിഷയ
ത്തിൽതന്നെയാണു്, അതിന്റെ ഭാവത്തിലല്ല. അചി

ടെ ഒരു ഭീമസേനനുണ്ടെങ്കിൽ മറുവശത്തു് അതുപോലെ ഒരു കീചകനുംഉണ്ടു്. ഇല്ലെങ്കിൽ കീചകവധം സംഭവിക്കുകതന്നെയില്ല. കലയിലാകട്ടെ, അരങ്ങത്തു വരുന്ന ഭീമസേനവേഷത്തിന് കീചകവേഷത്തിന്റെ സാന്നിദ്ധ്യം ആവശ്യമല്ല, കേവലം ആഗന്തുകമാണു് ആ ഭീമൻ. ഒരു കീചകന്റെ സാന്നിദ്ധ്യംകൂടാതെ തന്നെ കീചകവധം അഭിനയിച്ചുഫലിപ്പിക്കാൻ ബാദ്ധ്യസ്ഥനാണെന്നുസാരം. ജീവിതത്തിൽ ഇതു് സാധിക്കയില്ലെന്നു മുകളിൽസ്പഷ്ടമാണല്ലോ. ജീവിതം സവിഷയമാണെങ്കിൽ, കല നിർവിഷയവും ഭാവമാത്രവുമാണെന്നു് ഇതിൽനിന്നു് മനസ്സിലാക്കാം. ജീവിതത്തിലെ പ്രപഞ്ചം വസ്തുമയമാണെങ്കിൽ കലയിലെ പ്രപഞ്ചം ഭാവമയമാണെന്നു ചുരുക്കം. അഥവാ ജീവിതത്തിലെ ഇന്ദ്രിയവിഷയങ്ങളുടെസ്ഥാനത്തു് കലയിൽ വിഷയബന്ധമില്ലാത്തകേവലഭാവങ്ങൾമാത്രമാണുള്ളതു്.

ഭാവമയമാണു കലയെങ്കിൽ, ഭാവത്തിൽ ലയിക്കാതെ കലതന്നെ ഉണ്ടാകയില്ലെന്നു പ്രത്യക്ഷമാണു്. ഇപ്രകാരം ഭാവത്തിൽ ലയിക്കുന്നതിനെയാണു് തന്മയത്വമെന്നുപറയുന്നതു്. തന്മയത്വം കലയുടെ ജീവനാണെന്നുള്ളതിനെപ്പററി ആർക്കും സംശയത്തിനവകാശമില്ല; ചുരുക്കത്തിൽ, ഭാവത്തോടു സഹിതമായിരിക്കുന്ന അവസ്ഥയാണു് സാഹിത്യം അഥവാ സഹിതത.

ഈ നിർവചനത്തിനു ഒരു ചെറിയ ആക്ഷേപം നേരിടേണ്ടിവന്നേക്കാം. അതിനു് അതിവ്യാപ്തിദോഷമുണ്ടു്. എല്ലാകലകൾക്കും ഭാവലയം ആവശ്യമാണെ

ങ്കിൽ സാഹിത്യത്തിനുമാത്രമായി അതെങ്ങനെ യോജിക്കും? സാഹിത്യം എന്നപേര് ശബ്ദാർത്ഥസഹിതമായകലയ്ക്കുമാത്രമേ നല്കിയിട്ടുള്ളു എന്നുകാണാൻ പ്രയാസവുമില്ല. എന്നാൽ മററുകലകൾക്ക് ശബ്ദത്തിനു പകരം അർത്ഥനിവേദനോപകരണങ്ങളായി ലഭിച്ചിട്ടുള്ളത് മററുവല്ലതുമായിരിക്കുമെന്നൊരു വ്യത്യാസമേയുള്ളു. അതിനാൽ ഉപകരണഭേദത്തെമാത്രം ആസ്പദമാക്കി അത്രയേറെ ആക്ഷേപം ശങ്കിക്കേണ്ടതില്ല. കൂടാതെ ശബ്ദാർത്ഥങ്ങളുടെ സഹിതതയാണ് സാഹിത്യമെന്നുള്ള നിർവ്വചനവും അത്രതന്നെ ആക്ഷേപനിർമ്മുക്തമാണെന്നു പറയാവുന്നതുമല്ല. എന്തെന്നാൽ ആദ്യം പറഞ്ഞതുപോലെ അർത്ഥമില്ലാത്ത ശബ്ദം അസംഭവ്യമാകയാൽ അതിൻപ്രകാരം സകലശബ്ദങ്ങളും സാഹിത്യമാണെന്നു സമ്മതിക്കേണ്ടിവരും.

ഏതൊരുവസ്തുവും ആസ്വാദ്യമോ അനാസ്വാദ്യമോ ആയിത്തീരുന്നത് അതിനെ നാം ഉപയോഗിക്കുന്നരീതി അനുസരിച്ചാണ്. സ്വതേ ഒരു വസ്തുവും നല്ലതല്ല; ചീത്തയുമല്ല. വീടിനുതീകൊളുത്താൻ ഉപയോഗിക്കുമ്പോൾ ചീത്തയാകുന്ന തീയ് ഭക്ഷണം പാകംചെയ്യാനുപയോഗിക്കുമ്പോൾ വളരെ നല്ലതാണ്. ഇതുപോലെ ജീവിതത്തിൽ ചിലഭാവങ്ങൾ ഹൃദ്യങ്ങളും, മററുള്ളവ അഹൃദ്യങ്ങളുമായി തോന്നിയേക്കാം. എന്നാൽ, ഹൃദ്യങ്ങളെന്ന് സാധാരണ വിചാരിക്കപ്പെടുന്ന സ്നേഹാദിഭാവങ്ങൾ പോലും സ്വാതന്ത്ര്യങ്ങളാകുമ്പോൾ അഹൃദ്യങ്ങളായിട്ടാണു തീരുക. കലയിലാകട്ടെ ഭാവങ്ങ

ൾക്കു് ഹൃദ്യമെന്നും അഹൃദ്യമെന്നും ഒരു വ്യത്യാസം തന്നെയില്ല. അതിൽ ശോകവും, ജുഗുപ്സയും ക്രോധവും ഹൃദ്യങ്ങളാണു്; ആവശ്യകങ്ങളുമാണു്. ഇതിന കാരണം, കലയിൽ ശോകം നിർവിഷയമായി ഭാവമാത്രമായിരിക്കുന്നു എന്നുള്ളതാണു്, കലയിലെ പിച്ചക്കാരൻ യാചനയുമായി സ്വാർത്ഥബന്ധമൊന്നുമില്ലാത്ത ഒരു വെറും യാചക വേഷക്കാരനാണെന്നു് അവനറിയാം; കാണികൾക്കു് തങ്ങളുടെ സ്വാർത്ഥത്തെ സ്പർശിക്കുന്ന യഥാർത്ഥയാചകൻ അതിലില്ലെന്നു കാണാവുന്നതുമാണു്. വിഷയബന്ധ മാണു സ്വാർത്ഥം. സകലതിനേയും ചീത്തയാക്കുന്നതു്. ഞാൻ എന്ന വിചാരത്തെ ജനിപ്പിക്കുന്ന ഇതു് സ്വാർത്ഥമാണെന്നതാണു. അതിനാൽ ശോകാദിവികാരങ്ങളെപ്പോലും രമണീയമാക്കിത്തീർക്കാൻ ഉള്ള ഒരു ഉപായം സ്വാർത്ഥബന്ധമില്ലാത്ത ഭാവമാത്ര രൂപത്തിൽ അവയെ പ്രകാശിപ്പിക്കുകയാണെന്നു വരുന്നു. അതാണു് സാഹിത്യം.

വിഷയങ്ങളുമായി കൂടിക്കലർന്ന ദൃഷ്ടികോണത്തിനാൽ മനുഷ്യന്റെ അഹം എന്നുള്ള ഭാവത്തിനു് ഉദ്ദീപനം നൽകാത്ത ശുദ്ധരൂപത്തിൽ ഭാവങ്ങൾ രമണീയങ്ങളായിത്തീരുന്നു എന്നാണു മേൽകണ്ടതു് കലയിലും സാഹിത്യത്തിലും കലാകാരൻ ഇത്തരം രമണീയ ഭാവങ്ങളോടത്രേ സഹിതനായിരിക്കുന്നതു്. സാഹിത്യത്തിൽ ഈ ഭാവങ്ങൾ അർത്ഥരൂപേണ ശബ്ദങ്ങളോടു ചേർന്നിരിക്കുന്നു. അതുകൊണ്ടു തന്നെ

രമണീയാർത്ഥ പ്രതിപാദകങ്ങളായ ശബ്ദങ്ങളാണു സാഹിത്യമെന്നുള്ള സുസ്പഷ്ടവും സമഗ്രവുമായ നിർവചനം ഉണ്ടാകുകയും ചെയ്തു.

സാഹിത്യകല ആത്മാവിഷ്കരണമാണ്; ആത്മാവു രമണീയവുമാണ്. രമണീയമല്ലാത്ത ആത്മാവിനു്, അഥവാ ആനന്ദജനകമല്ലാത്ത ആത്മാവിനു്, ആനന്ദകരമായ കലയെ ജനിപ്പിക്കാൻ സാധിക്കയില്ല. ഭാവങ്ങളിലൂടെയാണ് ആത്മാവു കലയിൽ പ്രകാശിക്കുന്നതു്. മറെറാരുതരത്തിൽ പറഞ്ഞാൽ, ഭാവങ്ങൾ ഉൾക്കൊള്ളുന്ന ശബ്ദം ആത്മാവിന്റെ വാഹനമാണ്. ദേവീദേവന്മാർക്കു വാഹനങ്ങൾ കല്പിച്ചിരിക്കുന്നതു് എന്തിനെന്ന് ആലോചിച്ചാലറിയാം, ശബ്ദത്തിനു സാഹിത്യത്തിലുള്ള സ്ഥാനമെന്തെന്ന്. സൂക്ഷ്മശക്തികൾക്കു സ്വയം ആവിഷ്കരിക്കാൻ ചില സ്ഥൂലവസ്തുക്കൾ ആവശ്യമാണ്. ഈശ്വരൻ സൂക്ഷ്മമായ ശക്തിയാണ്. അതു് സ്വയം ആവിഷ്കരിക്കുന്നതു് ചില സ്ഥൂലവാഹനങ്ങളിലൂടെയാണ്. കലയിൽ ഈശ്വരസ്ഥാനീയമായ ആത്മാവു്, സ്ഥൂലശബ്ദങ്ങളിലൂടെ അതിന്റെ ആവിഷ്കാരം നിർവഹിക്കുന്നു. അപ്പോഴും നാം ഒന്നോർക്കണം — സഹിതതയാണ്, ആത്മാവു് ശബ്ദങ്ങളാകുന്ന വാഹനങ്ങളുമായി സഹിതമായിരിക്കുന്ന അവസ്ഥയാണ്, നാം കാണുന്നതു്. ഇതൊരു യോഗമാണെന്നു പറയാം. കാവ്യാരംഭത്തിനു മുൻപ് വാൽമീകി മഹാകവി യോഗത്തിൽ പ്രവേ

ശിച്ച എന്നു രാമായണത്തിൽ കാണുന്നു. ഇതന്റെരീ തഫം ശോകവിഷയങ്ങളുമായുള്ള സ്വാർത്ഥബന്ധം വിട്ട് നിർവിഷയമായ ഭാവങ്ങളുമായി തന്മയീഭവിക്കാൻ അദ്ദേഹം ശ്രമിച്ചെന്നാണ്. കാവ്യത്തിന്റെയും കാവ്യരചനയുടേയും സ്വഭാവം ഈ യോഗമല്ലാതെ മറെറാന്നുമല്ല. ഈ വാസ്തവം ലോകരെ പഠിപ്പിക്കണമെങ്കിൽ അതിനധികാരി ആദികവിയാണ്, ആദികാവ്യവുമാണ്. ഇതിൽ വിശേഷിച്ച് ഒരു കാര്യംകൂടി മനസ്സിലാക്കേണ്ടതുണ്ട്. രാമനേപ്പററിയാണ് ആദ്യകവി കാവ്യം ചമച്ചത്. "രാമ" ശബ്ദം അദ്ദേഹം ബഹുകാലം സാധനചെയ്ത് സിദ്ധിവരുത്തി രാമദ്രഷ്ടാവായിത്തീർന്നതിനു ശേഷമാണ് അതുസംബന്ധിച്ച കാവ്യത്തിന്റെ ആരംഭം. ഒരു കവി എന്തിനെപ്പററി എഴുതുന്നുവോ അതിന്റെ ഭാവം സിദ്ധിവരുത്തിയവനായിരിക്കണം; അതിന്റെ ദ്രഷ്ടാവായിരിക്കണം. ഇങ്ങനെ ഭാവത്തെ അഥവാ അർത്ഥത്തെ ദർശിക്കുന്നവനത്രേ ഋഷി; വാൽമീകി ഋഷിയായതു് ഇപ്രകാരമാണെന്നു തന്നെയല്ല സൂക്ഷ്മാർത്ഥങ്ങളെ ദർശിക്കുന്നവനത്രേ ഋഷി—"ഋഷിർദ്ദർശനാത് സൂക്ഷ്മാനപ്യർത്ഥാൻ" —എന്നും, "നാനൃഷിഃ കുരുതേകാവ്യം" എന്നും മററും ചിലപ്രസ്താവങ്ങൾ പണ്ടേ സംസ്കൃതഭാഷയിലുണ്ടാകയും ചെയ്തു. യാതൊരുതന്മയീഭാവവുമില്ലാതെ കണ്ടമാനം കട്ടും മോട്ടിച്ചും സാഹിത്യരചനയ്ക്ക് പുറപ്പെട്ടിന്നതു് ഇന്നത്തെ അൽപ്പബുദ്ധികളുടെ ഒരു വിനോദ

മായിത്തീൎന്നിരിക്കുന്നു. പല നിരൂപകന്മാൎക്കും കാൎയ്യഗ്രഹണപടുത കുറെയേറെ കഷ്ടിയായിട്ടുമുണ്ടു്.

ഈശ്വരനുമായിട്ടായാലും, ആത്മാവുമായിട്ടായാലും യോഗംചെയ്കയാണാവശ്യമെങ്കിൽ, ലൗകിക വിഷയങ്ങളിൽനിന്നു വിട്ടുമാറുകതന്നെ വേണം. ഭാവങ്ങളുമായിട്ടാണു യോഗം ചെയ്യേണ്ടതെങ്കിലും വിഷയങ്ങളെ വൎജ്ജിക്കുകതന്നെ വേണ്ടിയിരിക്കുന്നു എന്നു പറയുന്നതു് ചൎവ്വിത ചൎവ്വണമാണു്. ചുരുക്കി പറഞ്ഞാൽ സ്വാൎത്ഥം മറന്നു ഭാവത്തിൽ ലയിക്കുകയാണു് കവിക്കും ഋഷിക്കും വേണ്ടിയിരിക്കുന്നതു്. എന്തെന്നാൽ സകലതിന്റെയും ദുഷ്ടമാക്കുന്നതു് വിഷയരൂപത്തിലുള്ള സ്വാൎത്ഥബന്ധമാണെന്നു് നാം കണ്ടുകഴിഞ്ഞു. സ്വാൎത്ഥപരിത്യാഗം എന്തിനേയും സുന്ദരമാക്കുമെന്നുള്ളതും കണ്ടുകഴിഞ്ഞതു തന്നെ. യോഗം എന്നതു് സ്വാൎത്ഥം വിടുന്നതുകൊണ്ടുതന്നെ വിഷയനിൎമ്മുക്തി എന്ന രൂപത്തിൽ ഉണ്ടാകുന്ന ഒരു അവസ്ഥാവിശേഷമാണു്. ഈ യോഗമാണു് തന്മയത്വത്തിന്റെ പേരിൽ, സഹിതയുടെ പേരിൽ, ആത്മസൗന്ദൎയ്യത്തെ ഭാവരൂപേണ സാഹിത്യത്തിലേയ്ക്കു പകരുന്നതു്. യോഗം ഭവിക്കാത്ത കവികളാണു് അലങ്കാരങ്ങളും, ശബ്ദവൈചിത്ര്യങ്ങളും കാവ്യമാകുമെന്നു് ഭ്രമിച്ചു് കലയിൽ ആത്മാൎത്ഥതയില്ലാത്ത കള്ളച്ചരക്കുകൾ വിക്രയം ചെയ്യുന്നതെന്നു സ്പഷ്ടമാണല്ലോ.

കല കലയ്ക്കുവേണ്ടി എന്നു പറയുന്നതിനൎത്ഥം

മേൽപ്പറഞ്ഞ സഹിതത, അഥവാ ആത്മാൎത്ഥത കവിക്കുണ്ടായിരിക്കണമെന്നു മാത്രമാണു്. ഒരു വസ്തുവിനെ പുലൎത്തുന്നതു് അതിനുവേണ്ടിത്തന്നെയല്ലെങ്കിൽ ആ വസ്തു ക്ഷയിച്ചുപോകാനാണു ന്യായം. മനുഷ്യനു് അതുകൊണ്ടുള്ള പൂൎണ്ണഗുണം അനുഭവിക്കാനുള്ള യോഗം അതോടെ അസ്തമിക്കയും ചെയ്യും. അതിനാൽ കല കലയ്ക്കുവേണ്ടിയല്ല, മനുഷ്യനുവേണ്ടിയാണു് എന്നു വാദിക്കുമ്പോൾ വക്താവു് കഥയറിയാതെ അബദ്ധം എഴുന്നള്ളിക്കുകയാണു ചെയ്യുന്നതെന്നു് തെളിയുന്നു. അതേസമയം, കോഴിയെ വളൎത്തുന്നവനുപോലും മേൽപ്പറഞ്ഞ പരമാൎത്ഥം മനസ്സിലാക്കാൻ അത്ര പ്രയാസമൊന്നുമില്ലതാനും. കോഴിയെ അതിനുവേണ്ടിത്തന്നെ ശുശ്രൂഷിച്ചു വളൎത്തുന്നില്ലെങ്കിൽ അതു വേണ്ടപോലെ വളരുകയില്ല. വീട്ടിലും ചന്തയിലും അതിനു പറയത്തക്ക വിലകിട്ടുകയുമില്ല. കോഴയെ അതിനുവേണ്ടിയല്ല, തനിക്കുവേണ്ടിയാണു വളൎത്തുന്നതെന്നു വാദിച്ചുകൊണ്ടു നടക്കുന്ന വിഡ്ഢിയുടെ അനുഭവമാണിതു്. ഇങ്ങനെ നോക്കുമ്പോൾ കല മനുഷ്യനുവേണ്ടിയാണെന്നുള്ള സിദ്ധാന്തം സമ്മതിച്ചാൽപോലും അവനു കലകൊണ്ടുള്ള പൂൎണ്ണഗുണം ലഭിക്കണമെങ്കിൽ, ആത്മാൎത്ഥതയോടെ അതിനെ അതിനുവേണ്ടി ത്തന്നെ ഉപയോഗിക്കുകയാണു വേണ്ടതെന്നു കാണാം. ആത്മാൎത്ഥത, തികഞ്ഞയോഗം, അങ്ങേ അററത്തെ ലയം എന്നിങ്ങനെ പലപേരുകൾകൊണ്ടു പറയുന്ന

തെല്ലാം കാര്യത്തിൽ ഒന്നുതന്നെയാകുന്നു. അങ്ങേഅറ്റത്തെ ലയം കൂടാതെ കലയെന്നല്ല, ഒന്നുംതന്നെ നന്നാകയില്ലെന്നുള്ളതു് അനുഭവസിദ്ധവുമാണു്. ഈ സ്ഥിതിക്കു്, കല കലയ്ക്കുവേണ്ടിയാണെന്നു വാദിക്കുന്നവർ തന്നെയും, മനുഷ്യന്റെ ഗുണത്തിനുവേണ്ടി മാത്രമാണു് അങ്ങനെ ചെയ്യുന്നതെന്നു് മനസ്സിലാക്കാൻ അത്രവളരെ ബുദ്ധിശക്തിയൊന്നും വേണമെന്നില്ല. പക്ഷെ ഇന്നു ആശയക്കുഴപ്പത്തിന്റെ കാലമാണു്. അതിനാൽ വെറും സ്പഷ്ടമായ പരമാർത്ഥങ്ങൾപോലും ചോദ്യംചെയ്യപ്പെടുകയും കാലത്തിന്റെ മുദ്ര അതിലെല്ലാംപതിക്കുകയും ചെയ്യുന്നു. ഏതായാലും കലാകാരന്മാരും, സാഹിത്യവിദ്യാർത്ഥികളും ഒന്നോർക്കുന്നതു് നന്നാണു്—കല മനുഷ്യനുവേണ്ടിയാണെങ്കിൽ, അതിനെ അതിനുവേണ്ടിത്തന്നെ പുലർത്തുന്നതാണു ശ്രേയസ്കരം. അതല്ല, മനുഷ്യനുവേണ്ടിയാണു പുലർത്തുന്നതെങ്കിൽ കല നശിക്കും; മനുഷ്യനെ നശിപ്പിക്കയും ചെയ്യും.

# 11. അണുകത്തിന്റെ പിന്നാലെ

പത്തൊൻപതാം നൂററാണ്ടു് സയൻസിന്റെ കാലമായിരുന്നു. ലോകത്തെ പുടശാലയുടെ നാലു ഭിത്തികൾക്കുള്ളിലടച്ചു്, കണ്ണാടിക്കുഴലിൽ കയററിവരുത്തും, പൊരിച്ചും, വാററിയും, ഊററിയും സകലതും തിട്ടപ്പെടുത്തി തരംതിരിച്ചു് ഇതാ, ഇതാ, എന്നു ആൎക്കു വേണമെങ്കിലും കാട്ടിക്കൊടുക്കാനും, വിളമ്പിക്കൊടുക്കാനും സയൻസിനു കഴിഞ്ഞിരുന്ന കാലം അതായിരുന്നു. പക്ഷെ അതോടെ തീൎന്നു തിട്ടത്തിന്റെ കാലം. ലോകം വസ്തുമയമാണെന്നും അതു് ഏതൊരുവനും ഇഷ്ടംപോലെ കൈയിലെടുത്തു പന്താടുവാൻ കഴിയുന്നതാണെന്നുമുള്ള ആ വിശ്വാസം തകരാൻ നാഴികതികച്ചു വേണ്ടിവന്നില്ല. ഇപ്പോഴത്തെ അവസ്ഥയോ? അതല്ലേ ദയനീയം! വസ്തു എന്താണെന്നു് തിട്ടപ്പെടുത്താൻ വളരെ എളുപ്പമുണ്ടെന്നുകണ്ടു് സകലതിനേയും വസ്തുമയമായി കണക്കാക്കാനും, ശാസ്ത്രജ്ഞൻ പറയുന്ന നിയമത്തിലൂടെ പ്രവൎത്തിക്കുന്ന ഒരു യന്ത്രമായി ലോകത്തെ വ്യാഖ്യാനിക്കാനും പുറപ്പെട്ടവരുടെ പൊടിപോലും ഇന്നില്ലെന്നു തോന്നിപ്പോകുന്നു. അഥവാ അങ്ങനെയാണു് ഇന്നത്തെ ശാസ്ത്രജ്ഞന്മാർ തന്നെയും ഭാവിക്കുന്നതു്. വസ്തുവിനെ പെട്ടെന്നു് അളന്നുകുറിച്ചു് ശാസ്ത്രജ്ഞന്റെ കുറിയടിച്ചു നീൎത്തിക്കളയാമെന്നു് ഇന്നാരും വിചാരി

ക്കുന്നില്ല. പെട്ടെന്നു് അറിഞ്ഞുകളയാമെന്നു വിചാരിച്ച അതിനെപ്പററി അവർക്കിപ്പോൾ ഇന്ത്യൻ ഉപനിഷത്തുക്കളുടെ ഭാഷയിൽ അജ്ഞാതം, അവർണ്ണനീയം, അനിർവചനീയമെന്നൊക്കെ മാത്രമേ പറയാനുള്ളു. അറിവിൻെറ അററത്തെത്തിയപ്പോൾ ചുരുക്കത്തിൽ അവർക്കൊരു കാര്യം മനസ്സിലായി-ഒന്നും മനസ്സിലായിട്ടില്ലെന്നു്, മനസ്സിലാക്കാൻ സാധിക്കയുമില്ലെന്നു്! ഒരു നീണ്ട നൂററാണ്ടു മുഴുവൻ ഇത്രവളരെ കോലാഹലം കൂട്ടാതെ തന്നെ നേരത്തെ. ഇതങ്ങു പറഞ്ഞുകൂട്ടായിരുന്നോ? അതും ഒരു കണക്കിനു ശരിയാണു്. എങ്കിലും ശാസ്ത്രജ്ഞൻ അറിവില്ലായ്മയിൽചെന്നു് അറിവിൻെറ ആദ്യത്തെ പടിയിലെത്തിനില്ക്കുകയാണെന്നുള്ളതു് വിസ്മരിക്കാൻ നിവൃത്തിയില്ല. അതിനാൽ നമുക്കും ആ വഴിയെ ഒന്നു സഞ്ചരിച്ചുകളയാം.

വസ്തുവിനെ വിഘടനംചെയ്തു് മനസ്സിലാക്കുകയാണല്ലോ ശാസ്ത്രജ്ഞൻെറ രീതി. ഇതിനെ അവർ 'അപഗ്രഥനം, എന്നാണു് പറയാറുള്ളതു്. അഥവാ വസ്തുവിനെ മനസ്സിലാക്കാൻ അവർ അങ്ങനെയൊന്നില്ലെന്നുള്ള നിലവരുത്തും, എന്നർത്ഥം. ജീവനെ മനസ്സിലാക്കുന്നതോ? അതും അങ്ങനെതന്നെ ജീവൻ എന്നൊന്നില്ലെന്നുള്ള നിലവരുത്തും. അപ്പോൾ പിന്നെ എന്താണു് മനസ്സിലാക്കുന്നതു്? ഒന്നും മനസ്സിലായിട്ടില്ലെന്നു തന്നെ. അങ്ങനെ അവർ വസ്തുവിനെ പകുത്തും തരിപ്പണമാക്കി, തരികളെപൊടിച്ചു് പി

ന്നെയും ധൂളിയാക്കി. ഒടുവിൽ കുറെ അണുസംഘാതങ്ങൾ കണ്ടുപിടിക്കപ്പെട്ടു. ഈ അണുസംഘാതങ്ങളെ പിന്നെയും വിഘടിപ്പിച്ചപ്പോൾ ഏകാണുക്കളെ കണ്ടെത്തി. ലോകവസ്തുക്കളെല്ലാം ഒരിക്കലും വിഘടിപ്പിക്കാൻ വയ്യാത്ത അണുക്കളാൽ നിർമ്മിക്കപ്പെട്ടിരിക്കയാണെന്നു കണ്ടുപിടിച്ചപ്പോൾ ഒട്ടൊരു സമാധാനമായെന്നു പറയണം. അവിടെ മനുഷ്യന്റെ ജ്ഞാനപുരോഗതിയുടെ ഒരു നാഴികക്കല്ലും നാട്ടി ശാസ്ത്രജ്ഞന്മാരങ്ങനെ നില്പായി.

പക്ഷെ ആർക്കും കാണാനും അറിയാനും മാത്രമില്ലാത്ത അണുകത്തിന്മേൽ നാഴികക്കല്ല് ഉറച്ചുനിന്നില്ല. അധികം താമസിയാതെ അതും പിഴുതെടുത്തുകൊണ്ട് ശാസ്ത്രജ്ഞർ വീണ്ടും ഓട്ടംതുടങ്ങി. ഇനി അതെവിടെ നാട്ടണമെന്നുമാത്രമാണ് ഇന്നുവരെ അറിവില്ലാത്തതു്. ഒരു പക്ഷെ നാഴികക്കല്ല് ഒരുഭാരമായിത്തീർന്നിരിക്കയാണ് ഇപ്പോഴെന്നു പറയണം. എന്തെന്നാൽ അണുകത്തെ നോക്കി നോക്കി അങ്ങനെ ഇരുന്നപ്പോൾ അതു് പെട്ടെന്ന് എവിടയോ ഒളിച്ചുകളഞ്ഞു. ഇപ്പോൾ അണുകം എന്നൊന്നില്ല; അതിന്റെ സ്ഥാനത്തു് എന്തോഒന്നുണ്ട്. അതെന്താണെന്നൊട്ടറിയാനും വയ്യ!

റൂതർഫോർഡ് എന്ന ശാസ്ത്രജ്ഞനാണ് അണുകത്തിന്റെ യഥാർത്ഥരൂപം ആദ്യം ചിത്രീകരിച്ചതു്. അതുവരെ അണുകമെന്നതു് കടുത്ത സൂക്ഷ്മമായ ഒരു ബിന്ദുവെന്നുമാത്രം കരുതപ്പെട്ടിരുന്നു. റൂ

ഥർഫോർഡിൻെറ കണ്ടുപിടിത്തത്താലതിൻെറ കട്ടപ്പവും, ഘനതയും നഷ്ടപ്പെട്ടു. പകരം, നടുവിൽ ആകർഷകവിദ്യുച്ഛക്തിവഹിക്കുന്ന പ്രോട്ടൺസ് അടങ്ങിയ ഒരു ബിന്ദുവും, ചുററിനും ശൂന്യാകാശവും, അതിൽ വികർഷകവിദ്യുച്ഛക്തിവഹിച്ചുകൊണ്ടു് സ്മരിക്കാൻപോലും വയ്യാത്തത്രവേഗത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഇലക്ട്രൺസ് എന്നബിന്ദുക്കളുമായി അതു രൂപാന്തരപ്പെട്ടു. മറെറാരു തരത്തിൽ പറഞ്ഞാൽ, പ്രോട്ടൺസിനെയും, ഇലക്ട്രൺസിനേയും ഒഴിച്ചാൽ ഒരു അണുകത്തിൽ ആകാശമാണു് കൂടുതലുള്ളതെന്നുള്ളതിനാൽ അതിൽ സൗരയൂഥത്തെപ്പോലെ ആകാശഘനതയാണു് അധികവും ശേഷിക്കുന്നതു്. ഒരുപ്രോട്ടണിലെ ആകർഷകവിദ്യുച്ഛക്തിയുടെ അളവു് ഒരു ഇലക്ട്രണിലെ വികർഷകവിദ്യുച്ഛക്തിയുടെ അളവിനു് തുല്യമായിരിക്കും. പ്രോട്ടൺസിൻേറയും ഇലക്ട്രൺസിൻേറയും സംഖ്യയും ഓരോഅണുകത്തിലും തുല്യമാണു്. ഇങ്ങനെ ഹൈഡ്രജനകവാതകത്തിൻെറ അണുകത്തിൽ പ്രോട്ടൺ ഒന്നേയുള്ളു. ചുററിനും കറങ്ങുന്നഇലക്ട്രണും ഒന്നുമാത്രം. ആററംബോംബുണ്ടാക്കാൻ ഉപയോഗിക്കുന്ന യുറേനിയത്തിൻെറ അണുകത്തിൽ 238 പ്രോട്ടൺസും, അവയിൽ കലന്നു് 146 ഇലക്ട്രൺസും, ഇവ രണ്ടും ചേൎന്ന മദ്ധ്യബിന്ദുവിനെചുററികറങ്ങുന്ന 92 ഇലക്ട്രൺസും ഉണ്ടു്. പ്രോട്ടണിൽ കലന്നിരിക്കുന്ന ഇലക്ട്രൺ ആകർഷകമോ, വികർഷകമോ,

അല്ലാത്തതിനാൽ അതിനെ രണ്ടുമല്ലാത്ത ന്യൂട്രൺ എന്നു വിളിച്ചുവരുന്നു.

ഇത്തരം സൂക്ഷ്മാതിസൂക്ഷ്മമായ പ്രോട്ടൺസും, ചുററിനും ഇലക്ട്രൺസും അടങ്ങിയ ഒരു വിദ്യുത്കണമാണ് അണുകമെന്നു പറയുന്നതു്. സൂര്യനേയും അതിനെ ചുററികറങ്ങുന്ന ഗോളങ്ങളേയുമാണ് റൂതർഫോർഡിൻെറ ഈ അണുകം അനുസ്മരിപ്പിക്കുന്നതെന്നുള്ളതിനാൽ അണുകത്തിൻെറ ചിത്രം സൌരയൂഥത്തിൻേറതായിത്തീർന്നതു് സ്വാഭാവികംതന്നെ. ഗ്രഹങ്ങൾക്ക് സൂര്യനെ പ്രദക്ഷിണംവയ്ക്കാൻ ചില നിശ്ചിതഭ്രമണചക്രങ്ങൾ ഉള്ളതുപോലെ പ്രോട്ടൺസിനെ പ്രദക്ഷിണം വയ്ക്കാനുള്ള ചക്രപഥങ്ങൾ ഇലക്ട്രൺസിനുമുണ്ട്. ഈ പഥങ്ങളിൽ ഓരോന്നിനും മദ്ധ്യബിന്ദുവിൽ നിന്നുള്ള അകലം ഒരു സംഖ്യയുടെ ഇരട്ടി, മൂന്നിരട്ടി, നാലിരട്ടി എന്നിങ്ങനെ നിയതഗുണിതങ്ങളായി പറയത്തക്കവിധം അത്യകണിശമായിട്ടാണിരിക്കുന്നതു്. അതിനാൽ അണുകത്തെ സങ്കല്പിക്കുകയും, സൃഷ്ടിക്കയും ചെയ്തതു് പ്രകൃതിയായാലും, ഈശ്വരനായാലും, ആ ശക്തി ഗണിതശാസ്ത്രത്തിലൂടെയാണ് ചിന്തിക്കുന്നതെന്നു് സർ ജയിംസ്ജീൻസ് എന്ന ശാസ്ത്രജ്ഞൻ വിചാരിക്കുന്നു. അണു ഗണിതശാസ്ത്രസമ്മതമായ വസ്തുവിശേഷമാണെങ്കിൽ അതിൻെറ നാനാതരത്തിലുള്ള ചേരുവകളാകുന്ന പഞ്ചഭൂതങ്ങൾകൊണ്ടു് നിർമ്മിക്കപ്പെട്ടിരിക്കുന്ന ഈ പ്രപഞ്ചം സൃഷ്ടികർത്താവിൻെറ ഒരു

വെറുംഗണിതശാസ്ത്രസങ്കല്പം അവധാ ആശയമായി-
രിക്കണം. ചുരുക്കത്തിൽ പ്രപഞ്ചം ഈശ്വരന്റെ
ഒരു വിചാരത്തിൽനിന്നുണ്ടായി, അതിൽത്തന്നെ നി-
ലനില്ക്കുന്നു എന്നർത്ഥം. ഈശ്വരന്റെ സ്വപ്നമാ-
ണു് പ്രപഞ്ചമെന്നു് പഴമക്കാരും പറയുന്നുണ്ടല്ലോ.
ഏതായാലും അതിനൊക്കെ അർത്ഥമൊന്നേയുള്ളു.

അണുകങ്ങൾക്കു് സംഭവിക്കുന്ന മാററമാണു് ശാ-
സ്ത്രജ്ഞന്മാരെ പിന്നീടു് അമ്പരിപ്പിക്കാൻ തുടങ്ങിയ-
തു്. ഇലക്ട്രോൺസ് സ്വന്തം ഭ്രമണപഥങ്ങളിൽ നി-
ന്നു് തെറിമാറി മറ്റു ഭ്രമണപഥങ്ങളിൽ സഞ്ചരിക്കു-
ന്നതായി കാണുന്നു. ഇങ്ങനെ പുതുതായി സ്വീകരിക്കു-
ന്നപഥം വെളിയിലാണെങ്കിൽ, അതിനർത്ഥം, അണുകം
അന്തരീക്ഷത്തിൽനിന്നു് പുതിയ ശക്തി ആർജ്ജിക്കുന്നു
എന്നാണു്. അതല്ല, ഉള്ളിലാണെങ്കിൽ, അണുകത്തി-
ൽനിന്നു് വെളിയിലേയ്ക്കു് ശക്തി വിസർജ്ജിക്കുന്നു എ-
ന്നും മനസ്സിലാക്കണം. പക്ഷേ ഇവിടത്തെ കുഴപ്പം
അതൊന്നുമല്ല. ഒരു ഇലക്ട്രോൺ എന്തിനു് അതി-
ന്റെ ഭ്രമണചക്രം മാറുന്നു? എപ്പോഴാണു് മാറുന്ന-
തു്? എങ്ങനെയാണു് അതു് സംഭവിക്കുന്നതു്? ഇ-
തൊന്നും ശാസ്ത്രജ്ഞന്മാർക്കു് മനസ്സിലായിട്ടില്ല. ഒരു
വസ്തു ശാസ്ത്രവിഷയമായിരിക്കണമെങ്കിൽ നിശ്ചിത-
മായ ചില നിയമങ്ങൾ അനുസരിച്ചുതന്നെ അതു
പെരുമാറണം. ഇലക്ട്രോൺസിന്റെ കാര്യത്തിൽ ഒ-
രു നിയമവും ബാധകമായി കണ്ടിട്ടില്ല. അതിന്റെ
വേഗം ഇത്രയെന്നറിയാം. അങ്ങനെയാണെങ്കിൽ, അ-

തദനുസരിച്ച് ഇത്ര സമയംകഴിയുമ്പോൾ അത് ഇന്ന സ്ഥാനത്ത് കാണപ്പെടുമെന്ന് തീർത്തുപറയാൻ സാധിക്കണം. ഭൂമിയുടെ ഭ്രമണവേഗം അറിയുന്ന ജ്യോതിഷികൾക്ക് ഇത്ര സമയം കഴിയുമ്പോൾ അത് ഇന്ന സ്ഥാനത്ത് എത്തിയിരിക്കുമെന്ന പറയാൻ കഴിയുമല്ലോ. പക്ഷെ ഇലക്ട്രൺസിന്റെ ചലനം ഈ മാതിരി നിയമത്തിനൊന്നിനും കീഴ്പ്പെടുന്നതല്ല. അവയുടെ വേഗം അറിയുമ്പോൾ സ്ഥാനം അറിയില്ല. സ്ഥാനം അറിയുമ്പോൾ വേഗം അറിയില്ല. എന്നല്ല, അവയെ പരിശോധിക്കാൻ തന്നെ സാധിക്കയില്ലെന്നാണ് പറയേണ്ടത്. ഒരു രശ്മി അതിൽ പതിക്കാൻ സാധിച്ചെങ്കിൽ മാത്രമല്ലേ പരിശോധന നടക്കുകയുള്ളു? പക്ഷെ രശ്മിയുടെ അല്പസമ്പർക്കം ഉണ്ടാകും മുൻപുതന്നെ അതു സ്ഥാനം മാറുന്നു. രശ്മിപാതം ഭയന്നിട്ടെന്നപോലെ അത് പിടച്ചുമാറിക്കളയുന്നു എന്നാണു സള്ളിവനേപ്പോലുള്ള ശാസ്ത്രജ്ഞന്മാർ വെളിപ്പെടുത്തുന്നത്. പാവം ഇലക്ട്രൺ! "അളിയുടെ കഴൽതാങ്ങിടും ശിരീഷം കിളിയുടെ കഴൽ താങ്ങു"കില്ല. രശ്മിയാകുന്ന കിളിയുടെ കഴൽ താങ്ങാൻ അതിന് കെല്പില്ല. അത്രയ്ക്ക് അല്പീയസ്സാണ്, അണീയസ്സാണത്!

ഇലക്ട്രൺസിലെ ശക്തി വികർഷകമാണെന്നു നേരത്തെ പറഞ്ഞു. മറെറതെങ്കിലും വസ്തു അടുക്കൽ വരാൻ അത് സമ്മതിക്കയില്ല. വരുന്നതിനെയൊക്കെ നല്ലതല്ലുകൊടുത്ത് ഓടിക്കും. അതിനാൽ ഹില

ക്ട്രൺസ് ചുററിക്കൊണ്ടിരിക്കുന്നിടത്തോളംകാലം ഒരു അണുകത്തിനു ഉള്ളിലേയ്ക്കു് കടക്കാൻ മററാന്നിനും സാധിക്കയില്ല. ഒരുരശ്മി ഇലക്ട്രോണസമീപിക്കുമ്പോഴും ഈ പിൻതള്ളൽ നടക്കുന്നുണ്ടായിരിക്കണം. രശ്മിയെ തള്ളിമാററാൻ സാധിക്കയില്ലെങ്കിൽ. സ്വയം തള്ളലേററു് മാറുകയാണു് ഇലക്ട്രോൺ ചെയ്യാവുന്നതു്. ഇതുകൊണ്ടാണു് ഇലക്ട്രൺരശ്മിപാതത്തെ ഭയന്നു പിടച്ചുമാറിക്കളയുന്നതെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. ഏതായാലും ഇതിനെപ്പററി ശാസ്ത്രജ്ഞന്മാർക്കു് വലിയതിട്ടമൊന്നുമില്ല. ഇലക്ട്രൺസിന്റെ വ്യതിയാനങ്ങൾക്കു് മറെറാരു വിശേഷംകൂടിയുണ്ടു്. ഒരുഭ്രമണപഥത്തിൽനിന്നു മറെറാന്നിലേയ്ക്കുള്ള അതിന്റെ പതനം കണ്ടിട്ടില്ല. പക്ഷെ പതനം നടക്കാതിരിക്കുന്നുമില്ല. ഒരു ചാട്ടമാണു് അതെന്നേ പറയാൻ വയ്യ. ഒരിടത്തു കാണുന്നു അതിനെ പിന്നെ കാണുന്നതു് മറെറാരു ഭ്രമണപഥത്തിലായിരിക്കുമെന്നു മാത്രമേ അറിഞ്ഞുകൂടൂ—കുളത്തിൽമുങ്ങി കിണററിൽ പൊങ്ങുംപോലെ. ഒരുഭ്രമണപഥത്തിൽമരിച്ചിട്ടു മറെറാന്നിൽ ജനിക്കുന്നതുപോലെയാണിതെന്നു് സി.ഇ.എം. ജോഡ് പ്രസ്താവിക്കുന്നു. സാമാന്യമായി പറഞ്ഞാൽ, ഈ ജനനമരണചക്രത്തിനു് ഒരു കാര്യകാരണബന്ധം സ്ഥാപിക്കാൻ സാക്കയില്ല. അണുകത്തിനുള്ളിലെ ഈ നിയമരാഹിത്യം എയിൻസ്റ്റീനെത്തന്നെയും വിഷമിപ്പിച്ചു. ബാഹ്യമായ സ്ഥൂലപ്രപഞ്ചത്തിലെ നിയമങ്ങളൊന്നും അണുകത്തിലെ സൂക്ഷ്മപ്രപഞ്ചത്തിൽ നടപ്പില്ല അണുകത്തി

ങ്ങളിലെയും വെളിയിലെയും സൂക്ഷ്മവും സ്ഥൂലവുമായ വ്യാപാരങ്ങളെ ഇലക്ട്രോണിക തരംഗവിധങ്ങളിന്റെ യും നിയമങ്ങൾക്ക് ഒരു ഏകവാക്യത വരുത്തി എല്ലായിടത്തും ഒന്നുപോലെ യോജിക്കുന്ന ഒരു ഏകീകൃത പ്രപഞ്ചസിദ്ധാന്തം (unified Field theory) കണ്ടുപിടിക്കേണ്ടതാണെന്ന് അദ്ദേഹം അല്പകാലം മുൻപു പ്രസ്താവിച്ചു. അതിൽ അല്പം പുരോഗതി ഉണ്ടായിട്ടുണ്ടെന്നു പറയാവുന്നതാണ്.

ഏതായാലും, ഇലക്ട്രൺ ഒരു രേഖയിൽനിന്നു് മറെറാന്നിലേയ്ക്കു് യാതൊരു ക്രമവും നിയമവുമില്ലാതെ മുങ്ങിയും പൊങ്ങിയും മാറിക്കൊണ്ടിരിക്കുന്നതിനാൽ അതിന് ഒരു ഇച്ഛാസ്വാതന്ത്ര്യമുണ്ടെന്നായി ചില ശാസ്ത്രജ്ഞന്മാർ. പക്ഷെ സ്വതന്ത്രമായ ഇച്ഛാശക്തി മനുഷ്യനു പോലുമില്ലെന്നാണു മററു ചിലരുടെ സിദ്ധാന്തം. സ്വേച്ഛപോലെ പ്രവർത്തിക്കാൻ കഴിഞ്ഞേക്കാമെന്നിരുന്നാലും സ്വേച്ഛപോലെതന്നെ ഇച്ഛിക്കാൻ സാധിക്കയില്ലെന്നാണ് ഷോപ്പൻഹാവരുടെ അഭിപ്രായം. ഇതു് അംഗീകരിച്ചുകൊണ്ടു് ഐയിൻസ്റ്റീൻ പ്രസ്തുതവാക്യം "ഞാൻ കാന്നതരത്തിലുള്ള ലോകം,, (The world as I see it) എന്ന ഗ്രന്ഥത്തിൽ ഉദ്ധരിക്കുമ്പോൾ, ആ മഹാശാസ്ത്രജ്ഞൻ മനുഷ്യന്റെ ഇച്ഛാസ്വാതന്ത്ര്യത്തിൽ വളരെയൊന്നും വിശ്വസിക്കുന്നില്ലെന്നു വ്യക്തമാണ്. മററനേകം ശാസ്ത്രജ്ഞന്മാരുടെയും ഗതി ഇതുതന്നെയാണെന്നു കാണാം. അപ്പോൾ വെറും അ

ചേതനമായ ഒരു ശക്തികണത്തിന് ഇച്ഛാസ്വാ
തന്ത്ര്യമുണ്ടെന്ന ചിലർ സിദ്ധാന്തിക്കുന്നത്. ഒരു ത
രത്തിൽ ഇതും ശരിയാണ്. എന്തെന്നാൽ പ്രകൃതി
നിശ്ചേതനയെങ്കിലും സ്വയംപ്രവൃത്തയാണെന്നു പറ
യണം. Nature though inert, is yet self active
എന്നവിവേകാനന്ദമതം കപിലനോളം പഴക്കമുള്ള
താണ്. അങ്ങിനെ അണുകവും, അതിലെ ഇലക്ട്ര
ൺ തുടങ്ങിയവയും സ്വയം പ്രവർത്തമാനങ്ങളായിത്ത
ന്നെയിരിക്കുന്നു എന്നു സമ്മതിച്ചാൽ ഇച്ഛാ
സ്വാതന്ത്ര്യത്തെപ്പററി വളരെയൊന്നും ക്ലേശിക്കാനി
ല്ലെന്നു വ്യക്തമാകും.

മററു ചില ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായ
ത്തിൽ ശാസ്ത്രംഅതിന്റെ പരിധിവരെ എത്തിക്ക
ഴിഞ്ഞിരിക്കുന്നു. ഇലക്ട്റൺ എന്നത് ആ പരിധി
ക്കപ്പുറമാകയാലതിനെപ്പററി കൂടുതലായി ഒന്നും
അറിയാൻ സാധിക്കയില്ല. ശാസ്ത്രത്തിന്റെകഴിവ്,
അളവ്, തൂക്കം എന്നിവ അറിയുന്നതിലാണി
രിക്കുന്നത്. അളന്നും തൂക്കിയും അറിയാൻപററാത്ത
തൊന്നും ശാസ്ത്രപരിധിയിൽ പെടുകയില്ല. ഇല
ക്ട്റൺ അളവിന്നു വെളിയിലാകയാൽ അതിനെ
പ്പററി അറിയുക ദുസ്സാധം തന്നെ. ഇന്നത്തെ സ
യൻസിന്റെ അഥവാ ശാസ്ത്രത്തിന്റെ ഉപക
രണങ്ങൾ ഇലക്ട്റോണെ അറിയാനുള്ള കഴിവി
ല്ലാത്തവയാണ്. പക്ഷെ അതുകൊണ്ടുതന്നെ മറെറാ
രുകൂട്ടർ• വിചാരിക്കുന്നതു മതിയായ ഉപകരണങ്ങ

ളും രീതികളും കണ്ടുപിടിക്കുമ്പോൾ ഇലക്ട്രൺ അതിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുകതന്നെചെയ്യുമെന്നാണ്. ഇനിയുമുണ്ടൊരു കൂട്ടർ. അവർ വിചാരിക്കുന്നതു പ്രപഞ്ചം സൂക്ഷ്മഭാവത്തിൽ യാതൊരു നിയമത്തിനും വിധേയമല്ലെന്നും, അതുസ്ഥൂലഭാവത്തിൽ മാത്രമേ നിയമബാദ്ധ്യമായിത്തീരുന്നുള്ളു എന്നുമാണ്. കാര്യകാരണബന്ധം സൂക്ഷ്മപ്രപഞ്ചഭാവത്തിൽ പ്രതീക്ഷിക്കേണ്ടതില്ലത്രേ. ഈ അഭിപ്രായത്തിനും ചിലതെളിവുകൾ സയൻസിന്റെ മറ്റുചിലശാഖകളിൽ തന്നെ കാണാതിരിക്കുന്നില്ലെന്നും പറയണം.

രശ്മി എന്നതു് ഒരു തരംഗചലനമാണ്. ഒരു തരംഗദൈർഘ്യം (Wave-length) അടങ്ങിയിരിക്കുന്ന ശക്തിയെയാണ "ക്വാണ്ടം" അഥവാ ഊർജ്ജകണം എന്നു പറയുന്നതു്. ഒരു ക്വാണ്ടത്തിലെ പ്രകാശം ഏതു ദിക്കിലേയ്ക്കാണ പായുക എന്നു ഒരു നിശ്ചയവുമില്ല. പല ക്വാണ്ടങ്ങളുടെ പ്രകാശം പായുന്നതിൽ നിന്നു കണക്കെടുത്തുപരിശോധിച്ചാൽ അതു ഒരു ദിക്കിലേക്കാൾ കൂടുതലായി മറ്റൊരു ദിക്കിലേയ്ക്കു പായാൻ ന്യായമുണ്ടെന്നു ആകെത്തുകയിൽനിന്നു മനസ്സിലാക്കാമെന്നേയുള്ളു. ഓരോ ക്വാണ്ടം പരിശോധിച്ചാൽ ഇതൊരിക്കലും അറിയാൻ സാധിക്കയില്ല. പല ക്വാണ്ടങ്ങളിലെ രശ്മികളുടെ പാച്ചിൽ പരിശോധിച്ചാൽ തന്നെയും ഒരു നിശ്ചിതഗതി സ്വീകരിക്കാൻ ന്യായമുണ്ടെന്നല്ലാ

ത്ത അങ്ങനെ അവശ്യം സംഭവിച്ചു കൊള്ളണ മെന്നില്ലതാനം. അതിനാൽ ഇതിനെ ആസ്പദമാക്കി ഒരു സംഭാവ്യതാ തരംഗസിദ്ധാന്തം (Wave of probability) ഉണ്ടായി. ഇതിനർത്ഥം ലോകത്തിൽ കണിശമായ കാര്യകാരണബന്ധം ഒന്നിലും ആരോപിക്കാവുന്നതല്ലെന്നും, സംഭാവ്യത, യാദൃച്ഛികത എന്നിവയ്ക്കെല്ലാം തുല്യ പ്രാധാന്യമുണ്ടെന്നു മാണ്. "ദൈവത്തിൻ ഗതി നാഗയാനകുടിലം, എന്നു പറഞ്ഞാലും, "ഗഹനാകർമ്മണാഗതിഃ" എന്നു പറഞ്ഞാലും ഒരു തരത്തിൽ അതിനെല്ലാം മേൽപ്പറഞ്ഞ അർത്ഥം തന്നെ കിട്ടും.

അതിരിക്കട്ടെ. അണുകത്തെ അറിയുന്നതെങ്ങനെയാണ്? അതിനെ കാണാൻ സാധിക്കയില്ല. അതിന്റെ പുറംതോടു പോലെയിരിക്കുന്ന ഇലക്ട്രോൺകൂട്ടം ഭ്രമണപഥങ്ങൾ മാറുമ്പോൾ ചുററിനും ഉള്ള ആകാശത്തിൽ ഓളമുണ്ടാകുന്നു. ഈ ഓളങ്ങൾ അടുത്തുള്ള വസ്തുക്കളിൽ ചില മാററങ്ങൾ വരുത്തുകയും ചെയ്യുന്നു. ഇതിനു കാരണം അണുകത്തിൽ നിന്നുള്ള തരംഗങ്ങളാണെന്ന് അനുമാനിക്കയാണ ചെയ്യുന്നത്. ഓളങ്ങളുടെ വഴിപിടിച്ചു പുറകോട്ട് അന്വേഷിക്കുമ്പോൾ അണുകത്തിലെത്താമല്ലോ എന്നാണ് ഇതുകൊണ്ടു തോന്നുക. പക്ഷെ അതു ശരിയല്ല. എന്തെന്നാൽ ഓളങ്ങളുടെ വഴിയിലൂടെ അവയുടെ ഉത്ഭവസ്ഥാനത്തേയ്ക്ക് പുറപ്പെട്ടാൽ അവയ്ക്ക് ശക്തികൂടിക്കൂടി വരുന്നതായി

കാണാം. ഒടുവിൽ ശക്തിഏററവും കൂടിയ സ്ഥാനത്തു് അതു് പൊട്ടുന്നു് അവസാനിക്കുന്നു. അവിടെ ഒന്നും കാണാനുമില്ല, കേൾക്കാനുമില്ല. പിശാചിനെ കണ്ടുപിടിക്കാൻ അതിന്റെ പിന്നാലെ പോകുന്നവർ പെട്ടെന്നു പ്രഭാതം കണ്ടേക്കാം. അതുവരെ ഉണ്ടായിരുന്ന പിശാചിനെ പിന്നെകാണുകയില്ലെന്നേയുള്ളു. ചുരുക്കത്തിൽ; അണുകത്തെ അതിന്റെ സ്ഥാനത്തു കാണുകയില്ല; മററു പ്രദേശങ്ങളിൽ നടക്കുന്ന സംഭവങ്ങൾ; അതിന്റെ സാന്നിദ്ധ്യത്തെ ബോധിപ്പിക്കുന്നു എന്നുമാത്രം. അഥവാ, അതില്ലാത്ത സ്ഥാനത്തെ സംഭവങ്ങൾ അതിനെ സൂചിപ്പിക്കുന്നു. ഇതിൽ നിന്നുണ്ടാകുന്ന മറെറാരനുമാനം വിസ്മയാവഹമാണു്. എന്തെന്നാൽ വസ്തുപ്രപഞ്ചം അണുകപ്രപഞ്ചമാണു്. അണുകത്തിന്റെ സ്ഥാനനിർണ്ണയം മററുസ്ഥാനങ്ങളെയാണാശ്രയിക്കുന്നതെന്നു തെളിഞ്ഞിരിക്കുന്ന സ്ഥിതിക്കു വസ്തുപ്രപഞ്ചത്തെ നാം അറിയുന്നതു് ഇതരത്രനടക്കുന്ന സംഭവങ്ങളിൽ നിന്നാണെന്നു വ്യക്തമാണല്ലോ. അതിനാൽ വസ്തുവെന്നുള്ള പേരിൽ നാം കാണുന്നതൊന്നും അതല്ല, ചില സംഭവപരമ്പരകൾ മാത്രമാണു്! ബർട്രൻഡ്റസ്സൽ പറയുന്നു- വസ്തുവിൽ നിന്നു് അണുകത്തിലേയ്ക്കും, അവിടെ നിന്നു് ഇലക്ട്രണിലേയ്ക്കും പോയ നാം, അവിടെ വച്ചു വസ്തുവിനെ നഷ്ടപ്പെടുത്തി. അതു കണ്മറഞ്ഞു, എന്ന പഴയപിശാചിന്റെ കഥതന്നെ. നേരം വെളുത്ത

പ്പോൾ, നിഴലില്ല, പിശാചില്ല, ഒരു വസ്തുവില്ല!
അതാണു ശരി. വസ്തു എന്നൊന്നില്ല!

ചില വചനങ്ങൾ കാണുമ്പോൾ അവ വൈദ്യു
തശക്തി വഹിക്കുന്ന ഒരു അണുകത്തിൽ നിന്നാ
ണു പുറപ്പെട്ടതെന്നു് എന്തിനു വിചാരിക്കണം?
നിർബ്ബന്ധമില്ല. അവിടെ അണുകം എന്നൊന്നു്
ഇല്ലെന്നുവരാം. ഒരു വെറും ശക്തികേന്ദ്രം മാത്രമാ
ണെന്നു വന്നുകൂടെ? ധാരാളമാകാം. ഒരു പക്ഷേ അ
തായിരിക്കും വാസ്തവം. ശക്തിയുടെ തരംഗകേന്ദ്രം.
അവിടെ വെറും തരംഗം മാത്രമല്ലാതെ മറ്റൊന്നു
മില്ല. തരംഗപ്രസരണം മാത്രമേ നാം അറിയുന്നു
ള്ളു—ഒരു സംഭവപരമ്പരമാത്രം. ഇങ്ങനെ പത്തൊ
ൻപതാം നൂററാണ്ടിലെ വസ്തുമയപ്രപഞ്ചം ഏറെ
താമസിയാതെ ശക്തമായ പ്രപഞ്ചമായിമാറി.
അണുകത്തെ അറിയാൻ ഓളങ്ങളെ ആശ്രയിച്ച
പ്പോൾ, അവയെപ്പററി എന്താണു പറയേണ്ടതു്?
അണുകത്തെപ്പററിപറഞ്ഞതുതന്നെ. അവയെ അ
റിയുന്നതും മറുപ്രദേശങ്ങളിലെ ചലനങ്ങൾ കൊ
ണ്ടാണെന്നുസാരം. ചുരുക്കത്തിൽ വസ്തുവുമായി നമു
ക്കൊരു ബന്ധവുമില്ല. പലേടത്തെ ഓളങ്ങൾ ആ
ണു പ്രപഞ്ചം. ഒടുവിൽ ഇവയെല്ലാം ദ്രഷ്ടാവി
ന്റെ തലച്ചോറിൽ മാത്രം ഉണ്ടാകുന്ന ഓളങ്ങളാ
ണെന്നു കണ്ടുപിടിക്കാനും താമസിച്ചില്ല. എല്ലാം വെ
റും സംജ്ഞ (Consciousness) ആണെന്നു് പ്ലാങ്ക്,
ജീൻസ്, എഡിങ്ങ്ടൺ എന്നീ വൻപിച്ച ശാസ്ത്ര

ജ്ഞന്മാർ തുറന്നുപറഞ്ഞിരിക്കുന്നു. അതാണല്ലോ തലയിലെ ഓളം എന്നുപറയുന്നതും! ഈശ്വരൻെറ സങ്കല്പം എന്നുപറഞ്ഞാലും മററെന്താണ് അർത്ഥം?

മേൽക്കാണിച്ചവിധമൊക്കെയാണെങ്കിലും റൂതർഫോർഡിൻെറ പ്രോട്ടൻ-ഇലക്ട്രൺ അണുകത്തിന് സയൻസിൽ ഇന്നും സ്ഥാനമുണ്ട്. അണുകം വെറും ഘനവസ്തു അല്ലെന്ന് അദ്ദേഹം തെളിയിച്ചു. അതു ചിലശക്തികണങ്ങളുടെ സംഘാതമാണ്, പക്ഷെ ഇപ്പോൾ അവിടെ നിന്നുംതെററിഅതൊരുതരംഗപ്രസാരമാണെന്നായിരിക്കുന്നു. എന്നാൽ ശക്തിഗ്രന്ഥികളാണ് അണുകത്തിലെ ഇലക്ട്രൺസ് എന്നു കരുതുന്നതു സയൻസിൻെറ ചില ആവശ്യങ്ങൾക്ക് ഒഴിച്ചു കൂടാൻപാടില്ല. അങ്ങനെയാണെങ്കിൽ ശക്തി എവിടെയാണ്നിക്ഷേപിച്ചിരിക്കുന്നത്, അഥവാ ചാർജ്ജ്ചെയ്തിരിക്കുന്നത്. ശക്തിഗ്രന്ഥിയാണെന്നു പറഞ്ഞാൽ അതിനു നിക്ഷേപസ്ഥാനമായി ഒരു ആധാരം ഉണ്ടായിരിക്കണം. അണുകത്തിൽ അങ്ങനെ ഒരുവസ്തുഇല്ല. പിന്നെന്താണു കാണുന്നത്? ശക്തി നിക്ഷേപിച്ചിരിക്കുന്നതു തരംഗത്തിലാണ്. അപ്പോൾ ശക്തിഎന്നു വച്ചാൽ തരംഗമാണ്. തരംഗം എന്നുവച്ചാലോ? സംശയമെന്തു്? ശക്തിതന്നെ. സ്പന്ദനങ്ങൾ (Vibrations) എങ്ങനെയോ ആകാശത്തിലുണ്ടാകുന്നു. വെറും ആകാശസ്പന്ദനം ശക്തിയായി പ്രകടിക്കുന്നു. അതു ഘനീഭവിച്ചിട്ടെന്നപോലെ സ്ഥൂലവസ്തുക്കളും പ്രപഞ്ചവും ഉണ്ടാകുന്നു.

ഈ സ്പന്ദനങ്ങൾ ചിലസ്ഥാനങ്ങളിൽ ഗ്രന്ഥിപോലെ രൂപരുമ്പോൾ അണുകമായിത്തീരുന്നു എന്നാണു വിചാരിക്കേണ്ടതു്. അങ്ങനെയാണെങ്കിൽ തരംഗം വേണ്ടവർക്കു തരംഗവും ഗ്രന്ഥിവേണ്ടവർക്കു ഗ്രന്ഥിയും ഇഷ്ടംപോലെ എടുക്കാം. ഇന്നത്തെ ഊർജ്ജതന്ത്രത്തിലെ അവസ്ഥ ഇതല്ലാതെ മറെറാന്നുമല്ലതാനും. അതിൻെറ ചില ആവശ്യങ്ങൾക്കു തരംഗമാണു വേണ്ടിയിരിക്കുന്നതു്. അതിനാൽ തരംഗരൂപത്തിലുള്ള ശക്തമെന്ന ആശയത്തെ അതിനുവേണ്ടി സ്വീകരിക്കുന്നു. നേരെ മറിച്ചു് ഗ്രന്ഥിരൂപത്തിലുള്ള ആവശ്യങ്ങൾക്കു് ആ രൂപത്തിലും അതു് സ്വീകരിക്കപ്പെടുന്നുണ്ടു്. അതുകൊണ്ടാണു്, രശ്മി എന്നതു് തരംഗമായും, അതേസമയം ഗ്രന്ഥിയായും പ്രസരിക്കുന്നു എന്നുള്ള സിദ്ധാന്തം ഇന്നു് അംഗീകരിക്കപ്പെട്ടിരിക്കുന്നതു്.

ഒരു നിക്ഷേപസ്ഥാനമായ വസ്തു ഇല്ലാതെ ശക്തി എന്നതു സ്പന്ദനത്തിൽ നിന്നു് ഉത്ഭവിച്ചു് അതിൽതന്നെ വർത്തിക്കുകയാണെങ്കിൽ, ഈ പ്രപഞ്ചം മുഴുവൻ ആകാശത്തിൻെറ സ്പന്ദനങ്ങളിൽ നിന്നാണു ക്രമേണ സംഭവിച്ചതെന്നു പറയേണ്ടിവരും. സ്പന്ദനത്തിൻെറ തരംഗസ്വരൂപത്തിൽ ഉയർന്നഭാഗം മാത്രം കാണുകയും, താഴ്ന്നഭാഗം കാണാതിരിക്കുകയും ചെയ്യാം. ഇങ്ങനെ സ്പന്ദനമാകുന്ന അലയുടെ ഉന്നതശൃംഗങ്ങൾ ദൃശ്യമാകുമ്പോൾ ഇലക്ട്രണെ കാണുന്നു എന്നും നിമ്നഭാഗങ്ങളി

ൽ അതുകാണാതെ മങ്ങിക്കളയുന്ന എന്നും ഒരു ഭ്ര മത്തിനവകാശമുണ്ടു്. വാസ്തവത്തിൽ അവിടെ സ്പന്ദനത്തിന്റെ നിമ്നോന്നത ചലനം മാത്രമേ സംഭവിക്കുന്നുള്ളു. ഇതിനൎത്ഥം, വസ്തുഘനത വിട്ടു്, ശക്തിഘനത പ്രാപിച്ച അണുകം, ഒടുവിൽ വെറും സ്പന്ദഘനമായി കലാശിച്ചു എന്നാണു് പ്ലാങ്ക് തുടങ്ങിയവർ പറയുംപോലെ ആ അവസ്ഥയിൽ അതു സംജ്ഞാ മാത്രമാണെങ്കിൽ (Consciousness) സയൻസിന്റെ അതിരുകൾക്കപ്പുറമാണു് വാസ്തവം കിടക്കുന്നതെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. ഇതിനെത്തന്നെയാണു് അറിവിനും അപ്പുറത്താണു സത്യമെന്നു ഭാരതീയർ പണ്ടു പണ്ടേ ഉല്ഘോഷിച്ചിട്ടുള്ളതു്! അറിഞ്ഞതൊന്നും അറിവല്ലെന്നു് ഈ അറിവാണു് അറിവിന്റെ ആദ്യത്തെ പടിയെന്നു്!

# 12. സാഹിത്യവും സമുദായവും

ലോകപരിഷ്കാരത്തിന്റെയെല്ലാം മൂലകാരണം മനുഷ്യന്റെ വ്യക്തിത്വപ്രഭാവമാണു്. ഒരു അവതാരം ഉണ്ടാകുമ്പോൾ ഒരു തീവണ്ടിയിൽ ആളുകൾ കൂട്ടംചേർന്നു ലക്ഷ്യത്തിലേയ്ക്കു അതിവേഗത്തിൽ പ്രയാണം ചെയ്യുമ്പോലെ, ആ അവതാരത്തിന്റെ ശക്തിയാൽ അനേകംപേർ സംസ്കാരത്തിന്റെ പരമലക്ഷ്യത്തിലേയ്ക്കു അടുക്കുന്നു എന്നു് ശ്രീരാമകൃഷ്ണൻ ഒരിക്കൽ പറയുകയുണ്ടായി. ആത്മീയമണ്ഡലത്തിലെന്നപോലെ മറ്റെല്ലാ ജീവിതതുറകളിലും അതാതുമണ്ഡലത്തിന്റെ ആവശ്യത്തിനു അനുസരണമായ സ്വഭാവം, ശക്തി എന്നിവയോടു കൂടിയ പല പല അവതാരങ്ങൾ അതാതു ദേശത്തു കാലത്തു ഉണ്ടാകുന്നുണ്ടു്. അവരെല്ലാം വ്യക്തികൾതന്നെയാണു്. അവതാരകാര്യം സാധിക്കുന്നതിനു അവർ സ്വന്തം വ്യക്തിത്വത്തിന്റെ മഹത്വത്തെ തന്നെ ശരണീകരിക്കയും ചെയ്യുന്നു. "യദാ യദാഹിധർമ്മസ്യ, ഇത്യാദി ഗീതാശ്ലോകത്തിന്റെയും തത്വം മറ്റൊന്നല്ല. ഒരു പ്രത്യേകകാലത്തിൽ മാത്രം മനുഷ്യർ കൂട്ടം ചേർന്നു സമുദായത്വേന ജീവിക്കാൻ ആരംഭിച്ചു എന്നും, കൂട്ടംചേർന്നു അവർ പരിഷ്കാരത്തിലേയ്ക്കു കാലൂന്നിയെന്നും പറയു

മ്പോഴം, യാഥാൎത്ഥ്യം വിസ്മരിക്കപ്പെടുകയാണു ചെയ്യുന്നതു്. എന്തെന്നാൽ വ്യക്തികഠം അല്ലാതെ സമുദായം ആകപ്പാടെ പരിഷ്കാരത്തിൻെറ ആവശ്യം എപ്പോഴെങ്കിലും അറിഞ്ഞിരുന്നു എന്നുള്ളതിന ലക്ഷ്യമൊന്നും ലോകചരിത്രത്തിൽ കാണ്മാനില്ല. ഇന്നത്തെ ലോകത്തിൽ പോലും സമുദായം പുരോഗമിക്കുന്നതു വല്ല വ്യക്തിയുടേയും ഉപജ്ഞാനങ്ങളുടെ ഫലമായിട്ടാണു്, സമുദായം ഒന്നും പുതുതായി കണ്ടുപിടിച്ചിട്ടല്ല. ലോകത്തിൽ ഒരു ശങ്കരനും ഒരു ന്യൂട്ടനും ഒരു എയിൻസ്റ്റീനുമല്ലാതെ ഒരു കൂട്ടം ശങ്കരന്മാരോ ഒരു സമുദായം ന്യൂട്ടന്മാരോ ഇതുവരെ ഉണ്ടായിട്ടില്ലെന്നു സ്പഷ്ടമല്ലേ?

സമുദായത്തെ വ്യക്തികഠം നയിക്കുന്നു എങ്കിൽ, ആ വ്യക്തികഠം സമുദായത്തിൽ ഏററവും സംസ്കാരം പ്രാപിച്ചവരും അതുകൊണ്ടുതന്നെ സമുദായത്തിന കീഴടങ്ങാൻ പാടില്ലാത്തവരും, കഴടങ്ങാത്തവരുമായിരിക്കും. സാഹിത്യകാരന്മാരുടെ കാൎയ്യത്തിലും ഇതേററവും ശരിയാണു്. ഒരു സമുദായപ്രസംഗകനോ, രാഷ്ട്രീയനേതാവോ, അഥവാ നിയമം തന്നെയോ, സമുദായത്തെ അപ്പാടെ ഇളക്കി ഭൂമിയുടെ, ജഡജീവിതത്തിൻെറ, ഉപരിതലത്തിൽ കൂടി മുന്നോട്ടു ഉരുട്ടിതള്ളിയെന്നുവരാം. പക്ഷെ അപ്പോഴം ആസമുദായം ജഡജീവിതത്തിൽതന്നെയാണു സ്ഥിതിചെയ്യുന്നതെന്നു ഓർക്കേണ്ടതാകുന്നു. നേരെമറിച്ചു്, സാഹിത്യകാരൻ സാഹിത്യത്തിൻെറ

സ്വഭാവത്താൽതന്നെ ഹൃദയം കൊണ്ടു ഹൃദയത്തോടു സംസാരിക്കുന്നു. അയാളുടെ ഹൃദയസൌന്ദര്യ സന്ദേശം സമുദായത്തെ ഒന്നോടെ ഇളക്കുകയില്ല. അതിനുപകരം ആ സന്ദേശം കാലാന്തരംകൊണ്ടു്, അല്ലാല്ലമായി, ഹൃദയംതോറും സഞ്ചരിച്ചു ഓരോഹൃദയത്തേയും സംസ്കരിച്ചു പരിശുദ്ധവും, പ്രകാശമാനവും അഖണ്ഡവും ആയ ഒരു അന്തരീക്ഷത്തിലേയ്ക്കു ഉയർത്തുകയാണു ചെയ്യുന്നതു്. വാസ്തവത്തിൽ ഇവിടെ "ഉയർത്തുക" എന്നല്ല, ആ ഹൃദയങ്ങൾ, അയാളുടെ സൌന്ദര്യാനുഭൂതിയുടെ സന്ദേശം കൈക്കൊള്ളാൻ സംഗതിയായ ഹൃദയങ്ങൾ, ജഡജീവിതത്തിലെ വിശപ്പും ദാഹവും പോലും മറന്നു് അവയെല്ലാം ഉപരിയായ ഒരു അന്തരീക്ഷത്തിലേയ്ക്കു താനേ "ഉയരുന്നു" എന്നാണു പറയേണ്ടതു്.

യഥാർത്ഥ സാഹിത്യത്തിനു സമുദായത്തോടല്ല, ഓരോ വ്യക്തിയുടേയും ഹൃദയത്തോടാണു സംസാരിക്കേണ്ടതെന്നു പറഞ്ഞല്ലോ. സമുദായത്തോടുള്ള സന്ദേശങ്ങൾ അവയുടെ ഉദ്ദേശം സാധിച്ചുകഴിയുമ്പോൾ സ്വയം നശിക്കുന്നു. അവ എപ്പോഴും ആത്മഹത്യാപ്രവണങ്ങളാണു്. സത്യം പറയണമെന്നുള്ള സന്ദേശം സാമൂഹ്യജീവിതത്തിലെ സുഖത്തിനു അത്യാവശ്യമാകയാൽ അതു സമുദായത്തെ ലക്ഷ്യീകരിക്കാതെ ഗത്യന്തരമില്ല. എന്നാൽ സത്യം പറയാൻ ശീലിക്കുകയും അങ്ങനെ സത്യവാനായിത്തീരുകയും ചെയ്യാൻ ഒരു വ്യക്തിക്കെങ്കിലും

സാധിച്ചു കഴിയുമ്പോൾ, അയാളെസംബന്ധിച്ചടത്തോളം ആ സന്ദേശം മൃതമായി കലാശിക്കുന്നു. സാഹിത്യത്തിലെ സൌന്ദര്യസന്ദേശം ഇങ്ങനെയല്ല. സമുദായത്തിനുവേണ്ടിയുള്ള സന്ദേശങ്ങൾ നിത്യവും ജനിച്ചും മരിച്ചും കഴിയുമ്പോൾ യഥാർത്ഥസാഹിത്യത്തിന്റെ സന്ദേശം എന്നും പുതുതായിത്തന്നെ ശേഷിക്കുന്നു. അഥവാ, അതിനു മരണമില്ല. "ഇന്ദുലേഖ,,യിൽഗ്രന്ഥകാരൻ ജനസമുദായത്തെ ഉദ്ദേശിച്ചു നൽകുന്ന വല്ലസന്ദേശവും ഉണ്ടെങ്കിൽ ഇന്ന് അതിനു പ്രസക്തിയില്ലാതെ മരണം സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ ആ നോവലിൽനിന്നു ലഭിക്കുന്ന ആനന്ദാനുഭൂതിയുടെ കഥ അതാണോ? എത്ര തവണ വായിച്ചാലും അതു നിങ്ങളെ നിത്യപ്പുതുമയോടുകൂടിയ ആനന്ദത്തിൽ ലയിപ്പിക്കുകതന്നെചെയ്യുന്നു. അതുകൊണ്ടാണു "ഇന്ദുലേഖ, ഇന്നും മലയാളസാഹിത്യത്തിൽ ശേഷിക്കുന്നതു്. വെറുംസമുദായോദ്ധാരണ സന്ദേശമാണ് അതിന്റെ ലക്ഷ്യമെങ്കിൽ ഇവിടെ "ഇന്ദുലേഖ, എന്നുപറയേണ്ടിവരികയില്ലായിരുന്നു. പറഞ്ഞാൽ തന്നെയും അതോർക്കുന്നവരായി വായനക്കാരിൽ ആരും കാണുകയുമില്ലായിരുന്നു. സാഹിത്യത്തിന്റെസന്ദേശം ഓരോവ്യക്തിയുടേയും ഹൃദയത്തോടാണ്, സമുദായത്തോടല്ല, എന്നു പറയാനുള്ള ഒരുകാരണം ഇതിനകം വ്യക്തമായിരിക്കുമെന്നു തോന്നുന്നു.

സമുദായ ജീവിതം നന്നാകുന്നതിനുവേണ്ടി താലികെട്ടുകല്യാണം നിൎത്തണമെന്നോ, ഛക്രപ്രസ്ഥാനം സ്വീകരിക്കണമെന്നോ പറയാൻ അതതിന്റെ ഗുണങ്ങൾ മനസ്സിലാക്കിയവൎക്ക് കഴിയും. അവർ സാഹിത്യകാരന്മാരായിരിക്കണമെന്നില്ല. യേശുക്രിസ്തുവിന്റെയും ശ്രീരാമകൃഷ്ണന്റെയും തിരുവായ്മൊഴികളിൽ ഒന്നാംതരം സാഹിത്യം വിളയാടുന്നതിന്റെ കോലാഹലങ്ങൾ തന്നെ കേൾപ്പാനുണ്ടെങ്കിലും അവർപോലും അതൊന്നും സാഹിത്യമായിരിക്കണെമെന്ന് ഉദ്ദേശിച്ചിരുന്നതായി അറിവില്ലല്ലോ. സാഹിത്യമില്ലാത്ത കുറവുകൊണ്ട് തങ്ങളുടെ സന്ദേശങ്ങൾക്ക് എന്തെങ്കിലും ഹാനി സംഭവിക്കുമെന്ന് അവർ ശങ്കിച്ചിട്ടുമില്ലായിരുന്നു. ആ ലോകഗുരുക്കന്മാർ അരുളിയ മൊഴികൾ ഒന്നാംതരം സാഹിത്യമല്ലാതായിപ്പോയില്ല എന്നു മാത്രമേ കൂടിയാൽ അവയെപ്പററി പറയേണ്ടതുള്ളു. സാഹിത്യം എന്തെന്ന് അവർ ശ്രദ്ധിച്ചിരുന്നില്ല; അതിനുവേണ്ടി ശ്രമിച്ചിരുന്നുമില്ല എന്നുള്ളതാണു പരമാർത്ഥം.

സാഹിത്യകാരൻ എന്നു പറയുമ്പോൾ തന്നെ അയാൾ സമുദായമല്ല, വ്യക്തിയാണെന്നു സ്പഷ്ടമാകുന്നു. അയാൾ സമുദായത്തിലെ അത്യന്തം സംസ്കാരം പ്രാപിച്ച ഒരു വ്യക്തിയാണെന്നുള്ളതിൽ സംശയവുമില്ല. ഈ സംസ്കാരം വ്യക്തിത്വത്തിന്റെ വളർച്ചയെയാണ് കുറിക്കുന്നതു്. അതേസമയം ആ വ്യക്തിത്വത്തിൽനിന്നു ഉത്ഭവിക്കുന്ന സാഹിത്യം അ

തിൻെറ ബഹിസ്ഫുരണമോ പ്രതിഫലനമോ ആ ണെന്നു പറയുന്നതും അപ്രകാരം തന്നെ ശരിയാകു ന്നു. ഇംഗ്ലീഷിൽ "പേഴ്സനാലിററി,, എന്നു് വ്യവ ഹരിച്ചുവരുന്ന വ്യക്തിത്വം മനുഷ്യൻെറ ആന്തരസ ത്വത്തെയാണ് സൂചിപ്പിക്കുന്നതെന്നുള്ളതിനാൽ "പേ ഴ്സനാലിററി,, അഥവാ "ഇന്നർമാൻ,, എന്നതി നെ "ആന്തരസത്വം,, എന്നു് ഭാഷപ്പെടുത്തുന്നതിൽ അപാകമില്ലെന്നു തോന്നുന്നു. ഇങ്ങനെ നോക്കുമ്പോ ഠം സാഹിത്യത്തിലും കലയിലും ഒരുവൻ പ്രതിഫ ലിപ്പിക്കുന്നതു സമുദായത്തെയല്ല, അവൻെറ സ്വന്തം ആന്തരസത്വത്തെയാണെന്നു് മനസ്സിലാക്കാവുന്നതാ ണു്. ഇതുകൊണ്ടുതന്നെ ഉത്തമസാഹിത്യം സമുദാ യപ്രതിഫലനമായിരിക്കണമെന്നുള്ള സിദ്ധാന്തം അ ബദ്ധപഞ്ചാംഗമാണെന്നു് സിദ്ധിക്കുന്നു. സമുദായം എന്നതു് ഒരു കെട്ടിടത്തിൻെറ പണിയിൽ കല്ലും മ രവും എങ്ങനെ കരുക്കളായിത്തീരുന്നുവോ അതുപോ ലെ സാഹിത്യനിർമ്മാണത്തിൽ കരുവുമാത്രമായി ത്തീരുന്നു. കെട്ടിടം എന്നതു് കല്ലും മരവുമല്ല. അ വയുടെ പ്രതിഫലനവുമല്ല. അപ്രകാരംതന്നെ സാ ഹിത്യം സമുദായമോ അതിൻെറ പ്രതിഫലനമോ അല്ല എന്നാണു് മനസ്സിലാക്കാനുള്ളതു്. കെട്ടിട ത്തിൽ പ്രതിബിംബിക്കുന്നതു് മന്ദിരനിർമ്മാതാവി ൻെറ ആന്തരസത്വമാണെന്നു് പറയുന്നതുപോലെ തന്നെ സാഹിത്യത്തിലും തൽകർത്താവിൻെറ ആ ന്തരസത്വം പ്രതിബിംബിക്കുന്നു എന്നു് പറയേണ്ടി

യിരിക്കുന്നു. അഥവാ സാഹിത്യം "ഒബ്ജെക്ടിവ്" (ബാഹ്യാത്മകം) അല്ലാ, "സബ്ജെക്റ്റീവ്," (സ്വാത്മകം) ആണ് എന്നു സാരം. നേരെമറിച്ച് സാമൂഹ്യചരിത്രത്തിലും, സാമൂഹ്യശാസ്ത്രത്തിലും ബാഹ്യാത്മകമായ സമുദായസ്വരൂപം കാണപ്പെടുന്നതാണെന്ന് പറഞ്ഞാൽ അതായിരിക്കും ശരി. പക്ഷെ അവ വിപുലമായ അർത്ഥത്തിൽ മാത്രമല്ലാതെ നിഷ്കൃഷ്ടമായ അർത്ഥത്തിൽ സാഹിത്യകോടിയിൽ ഉൾപ്പെടുന്നില്ലെന്നോക്കേണ്ടതാണ്.

സാഹിത്യത്തിൽനിന്ന് സമുദായസ്ഥിതി മനസ്സിലാക്കുവാൻ കഴിയുമെന്നുള്ളതു ശരിയാണെങ്കിലും സാഹിത്യാസ്വാദനം സമുദായാനപേക്ഷമാണെന്ന് കാണാൻ പ്രയാസമില്ല. ഹോമറിന്റെ കാലത്തെ സമുദായസ്ഥിതി നമുക്കറിവില്ലെങ്കിലും അദ്ദേഹത്തിന്റെ "ഒഡീസി," "ഇലിയഡ്," എന്നീ കാവ്യങ്ങൾ രസിക്കാൻ സഹൃദയന്മാക്ക് ഇന്നും കഴിയുന്നുണ്ട്. ഡാന്റേയുടെ "ഡിവൈൻ കോമഡി," എന്ന മഹാകാവ്യത്തിൽ സമുദായസ്ഥിതിയുടെ വിവരണങ്ങൾ കാണാൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ അതു മനുഷ്യരല്ല, നരകത്തിലെ പ്രേതങ്ങളായിരിക്കും; എന്തെന്നാൽ അവരുടെ സമുദായസ്ഥിതിയാണു "ഡിവൈൻകോമഡി," യുടെ വിഷയം. എച്ച്. ജി. വെൽസിന്റെ "ടൈംമെഷീൻ," എന്നഗ്രന്ഥത്തിൽ ബഹുലക്ഷം വർഷങ്ങൾക്കു ശേഷമുള്ള സമുദായസ്ഥിതി പ്രതിപാദിക്കപ്പെടുന്നുണ്ട്. പക്ഷെ

അതു ഇന്നാക്കേവേണം? വാല്മീകി രാമായണത്തിലെ സമുദായംഇന്നില്ല. അതു് ഒരുവെറുംഅത്ഥവാദകഥയാണെങ്കിൽ അക്കാര്യം സ്മരിക്കേണ്ട ആവശ്യം തന്നെ നേരിടുന്നതുമില്ല. ആ സ്ഥിതിക്കു് രാമായണം ഉത്തമസാഹിത്യമല്ലെന്നു വാദിക്കാൻ വല്ല പാശ്ചാത്യരും തയാറാവുമെങ്കിൽ അതിലേറെ കശാർഹമായി ഒന്നുമില്ലെന്നേ പറയാനുള്ളു. രാമായണസമുദായങ്ങളിൽ രാക്ഷസന്മാരും, വാനരന്മാരും ഉള്ള സ്ഥിതിയ്ക്കു് അക്കൂട്ടരും അതിനെ ഉത്തമ സാഹിത്യമായി വാഴ്ത്തേണ്ടതായിരുന്നില്ലേ? പക്ഷെ അങ്ങനെ ഇതുവരെ സംഭവിച്ചതായി അറിവില്ല. ചുരുക്കത്തിൽ സമുദായ പ്രതിഫലനമല്ല സാഹിത്യത്തെ സാഹിത്യമാക്കുന്നതെന്നാണു് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നതു്. സീതാരാമന്മാരും രാവണ കുംഭകർണ്ണന്മാരും ഇന്നില്ലെങ്കിൽപോലും അവരുടെ വികാരങ്ങൾ മനുഷ്യലോകത്തിൽ ഇന്നും ഉണ്ടു്. അവ നമുക്കു് അനുഭവപ്പെടുകയും ചെയ്യും. അതുകൊണ്ടാണു് രാമായണം ഇന്നും സർവജന മനോഹരമായി ശേഷിക്കുന്നതു്.

സമുദായം പ്രതിഫലിച്ചാൽ മാത്രമേ ഉത്തമ സാഹിത്യം ഉണ്ടാകുകയുള്ളു എന്നുള്ള സിദ്ധാന്തത്തെ മേൽകാണിച്ചതിനു നേരെ വിപരീതമായ ക്രമത്തിൽ ഒന്നു പരിശോധിക്കുക തന്നെ. അപ്പോൾ സാഹിത്യത്തിൽ സമുദായം വേണമെന്നു തന്നെ വന്നുകൂടുന്നു. ശരി, അങ്ങനെ ആണെങ്കിൽ,

സാഹിത്യത്തിലെ സമുദായസ്ഥിതിയെല്ലാം അപ്പടി ശരിയാണെന്നും, അതിൽ ഒരു തെററുമില്ലെന്നും നമുക്കു് എന്താണൊരു നിശ്ചയം? ഇങ്ങനെയൊരു നിശ്ചയം കൂടാതെ ഒരടി മുന്നോട്ടുവയ്ക്കാൻ യാതൊരു നിവൃത്തിയുമില്ല. എന്തെന്നാൽ സമുദായമില്ലാത്ത സാഹിത്യം ഉത്തമമല്ലേ; ഉള്ള സമുദായവൎണ്ണന വള്ളി പുള്ളി വ്യത്യാസംകൂടാതെ ശരിയായിരുന്നില്ലെങ്കിൽ അത്രത്തോളം സാഹിത്യരസം കുറയുകയും ചെയ്യും. പക്ഷെ ഉത്തമസാഹിത്യങ്ങളിലൊന്നിലും ഇങ്ങനെ കണിശമായി ഒക്കുന്ന ഒരു സമുദായവൎണ്ണനയും കണ്ടിട്ടില്ല എന്നുള്ളതാണു വാസ്തവം. ചിലർ ഒരു ഉത്തമ കാവ്യമായിഗണിക്കുന്ന "കരുണ" തന്നെ ഉദാഹരണമായി പരിശോധിച്ചു നോക്കുക. വാസവദത്ത ബുദ്ധന്റെ കാലത്തെ ഒരു സമുദായാംഗമായിരുന്നതിനാൽഅവളെ സംബന്ധിച്ചിടത്തോളം, ഇന്ത്യയിൽ മുസ്ലീം ആക്രമണശേഷമുണ്ടായെന്നു പറയപ്പെടുന്ന അവകുണ്ഠനം സമുദായനടപടിയ്ക്കു വിരുദ്ധമാണു്. പക്ഷെ കുമാരനാശാന്റെ വാസവദത്ത മുസ്ലീം അവകുണ്ഠന സമ്പ്രദായം സ്വീകരിച്ചിരുന്ന ഒരു ബുദ്ധകാല ഭാരതീയസ്ത്രീയായിരുന്നു എന്നാണു അവൾ തലമറച്ചിരുന്നതായി വൎണ്ണിച്ചിരിക്കുന്നതു കണ്ടാൽ തോന്നുക. എന്നിട്ടും, കരുണയ്ക്കു ആസ്വാദ്യത വല്ലതുമുണ്ടെങ്കിൽ അതിനു വാസവദത്തയുടെ മുട്ടാക്കുമൂലം എന്തെങ്കിലും മുട്ടുവന്നതായി ആരും ഇന്നുവരെ പറഞ്ഞുകേട്ടിട്ടില്ല.

അത്രതന്നെയുമല്ല, കരുണയിൽ ഒരു സമുദായ പ്രതിഫലനവും കവി ഉദ്ദേശിച്ചിട്ടുമില്ല. സാഹിത്യം സമുദായ പ്രതിഫലനമായിരിക്കണമെന്നു ചില പാശ്ചാത്യരോടൊപ്പം ശുകാലാപം ചെയ്യുന്നവർ ഇതിന് എന്തു സമാധാനം നൽകുമോ, എന്തോ! കവിയുടെ സമുദായമാണു സാഹിത്യത്തിൽ പ്രതിഫലിക്കുന്നതെന്ന് അവർ കഞ്ചൻനന്യായേ കൂട്ടുപിടിച്ചുകൊണ്ടു പറഞ്ഞെന്നുവരാം. അങ്ങനെയാണെങ്കിൽ കവികളും അവരവരുടെ കാലത്തെ സമുദായങ്ങളെ മാത്രം വർണ്ണിച്ചാൽ മതിയായിരുന്നു എന്നുവരുന്നതാണ്. അതോടെ ഒരു പക്ഷേ ഇന്ന് ലോകത്തിൽ വിശേഷതരമായി ശേഷിക്കുന്ന സാഹിത്യകൃതികളെല്ലാം അലയും മുറയുമായി കൂട്ടത്തോടെ പ്രായോപവേശം ചെയ്യുകയോ, അഗ്നിപ്രവേശം ചെയ്കയോ ചെയ്യുമായിരിക്കാം. അതു കാണേണ്ട ഒരു കാഴ്ചയായിരിക്കുമെന്നല്ലാതെ മറ്റൊന്നും പറയാനില്ല.

സമുദായത്തെ നന്നാക്കുക എന്നൊരു ഉദ്ദേശം സാഹിത്യത്തിനു ഉണ്ടെന്നും, അതു പ്രായേണ ഒരു പ്രചാരവേലയാകണമെന്നും ചിലർ വാദിക്കാറുണ്ട്. ഇതു ശരിതന്നെയാണെന്നു സമ്മതിച്ചാൽപോലും അനേകം സാഹിത്യകൃതികളിലെ ഉദ്ദേശം കണ്ടുപിടിക്കാൻ സാധിക്കാതെയാണിരിക്കുന്നതെന്നുള്ള കാര്യം മറച്ചുവയ്ക്കാൻ വയ്യ. രാമായണം വായിക്കുമ്പോൾ രാവണനെ കൊല്ലുകയാണു രാമാവതാരത്തിന്റെ ഉദ്ദേശമെന്നു തോന്നും. അപ്പോൾ ചിലർ പറയും സ

ഘോരരസ്നേഹകീൎത്തനമാണു അതിന്റെ ഉദ്ദേശമെന്നു്. ഒടുവിൽ ഇതൊന്നുമല്ല, വേദപ്രമാണങ്ങളുടെ പുരാണരൂപമായ പ്രപഞ്ചനങ്ങൾ മാത്രമാണു രാമായണാദികളെന്നും, പിതാവിനെ ഈശ്വരനെപ്പോലെ ആരാധിക്കണമെന്നുള്ള വേദതത്വത്തെ സ്പഷ്ടമായി വിശദീകരിക്കുകയാണു വാല്മീകി ചെയ്തതെന്നും കാൎയ്യജ്ഞാനമുള്ള ചിലർ ശ്ലാഘിക്കുന്നതായിട്ടാണു് കേൾക്കുന്നതു്. ഇതെല്ലാം വാല്മീകിയുടെ ഉദ്ദേശമായിരുന്നോ? ആയിരുന്നെങ്കിൽ ഒരു ദുർബ്ബുദ്ധിയ്ക്കു അതിൽ പല ദുഷ്ടോദ്ദേശങ്ങളും ആരോപിക്കാൻ കഴിയും. അതുമെല്ലാം വാല്മീകിയുടെ ഉദ്ദേശങ്ങൾ തന്നെയെന്നു സമ്മതിക്കേണ്ടിവരുന്നതാണു്. ഇതിലേറെന്നു് രാമായണത്തിന്റെ ഉദ്ദേശം എങ്ങിനെയിരുന്നാലും അതിലെ കാവ്യരസം ആസ്വദിക്കാൻ ശ്രമിക്കുകയാണെന്നുള്ളതിൽ തൎക്കമില്ല. ഉദ്ദേശമുള്ളതും ഇല്ലാത്തതുമായ ഏതു കൃതിയുടേയും അവസ്ഥ രാമായണത്തെപ്പോലെയാണുതാനും. ഇപ്രകാരം നോക്കുമ്പോൾ ഒരു കൃതിയും യഥാൎത്ഥസാഹിത്യമായിത്തീരുന്നതു അതിന്റെ ഉദ്ദേശത്തെ അടിസ്ഥാനമാക്കിയല്ലെന്നു വ്യക്തമാകുന്നു. രാമായണാദിപുരാണങ്ങൾ പ്രത്യേകോദ്ദേശത്തോടെ എഴുതപ്പെട്ടവയാണെന്നിരുന്നാൽ തന്നെയും, യഥാൎത്ഥസാഹിത്യം അങ്ങനെ ആയിരിക്കണമെന്നു നിർബ്ബന്ധമില്ല. എന്തെന്നാൽ മഹാഭാരതം ചിലർ തലയണയായി ഉപയോഗിക്കുന്നതുകൊണ്ടു എല്ലാത്തരു

മകൃതികളും തല്പയന്നപ്രമാണമായിരിക്കണമെന്നു വരുന്നതല്ലല്ലോ. കൂടാതെ, പുരാണങ്ങൾക്കു വെറും ആനന്ദാത്മകത്വം മാത്രമല്ല, ഉപദേശംകൂടി ലക്ഷ്യമാണു്. പുരാണങ്ങളല്ലാത്തകൃതികൾ സോദ്ദേശമായിരുന്നേ മതിയാവൂ എന്നുവാദിക്കാൻ അതൊരുയുക്തിയാകുന്നില്ല. മറെറാരുതരത്തിൽ പറഞ്ഞാൽ, ഉദ്ദേശമുണ്ടായിരിക്കുകയോ, ഇല്ലാതിരിക്കയോ ചെയ്യട്ടെ, സാഹിത്യകൃതി സാഹിത്യകൃതിതന്നെയായിരിക്കണമെന്നേ മനസ്സിലാക്കാനുള്ളു. ഉദ്ദേശയുക്തത സാഹിത്യത്തിൻെറ അവശ്യലക്ഷണമായി ചിലർ ധരിച്ചിരിക്കുന്നതാണു് അസംബന്ധം. എന്തെന്നാൽ ഒ ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്ന ഉദ്ദേശംതന്നെ, അതേപററി വായനക്കാർ മനസ്സിലാക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നമെന്നില്ല; സ്വീകരിക്കാതിരിക്കുന്നതു് അവരുടെ കുററവുമല്ല.

സാഹിത്യം അതിൻെറ സ്വഭാവത്താൽ നമ്മുടെ ഹൃദയത്തിൻെറ ജഡതയെ തേയ്ച്ചുമായ്ച്ചു് അതിനെ കൂടുതൽ വികാസക്ഷമവും, ഉൽഗമനോന്മുഖവുംആക്കിത്തീർക്കുന്നു. സമുദായത്തെ പൊതുവെ സമുദായമെന്നനിലയിൽ ബാധിക്കാറില്ല. വ്യക്തിയിൽനിന്നു് ഉത്ഭവിച്ചു്, വ്യക്തിത്വത്തെ ആവിഷ്ക്കരിക്കുന്നതുകൊണ്ടുതന്നെ സമാദരണീയമായി വിരാജിക്കുന്ന സാഹിത്യം വ്യക്തികളെ സംസ്കരിച്ചു കാലാന്തരത്തിൽമാത്രം ഒരു സമുദായത്തിനു് ഉന്നതി നൽകുന്നു. ഇതിനു സാഹിത്യത്തെ പ്രാപ്തമാക്കിത്തീ

ക്കുന്നതു് അതിലെ ഉദ്ദേശങ്ങളൊ, പ്രചാരവേലകളൊ അല്ല, "ഹ്ലാദൈകമയി," എന്ന നിലയിലുള്ള അതിന്റെ സ്വഭാവമാണു്. ഉപദേശങ്ങളും ഉദ്ദേശങ്ങളും ബുദ്ധിയെ ബാധിക്കുമെങ്കിൽ ഹ്ലാദമയത്വം ഹൃദയത്തെ ബാധിക്കുന്നു. ഇതിനെപ്പററി വിസ്തരിക്കാൻ തൽക്കാലം നിവൃത്തിയില്ലാത്തതിനാൽ ഈ വിചാരം ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

# 13. പ്രേതശാസ്ത്രതത്വം

ലോകംവെറും വസ്തുമയമാണെന്നുള്ള വിശ്വാസം 19-ാം നൂറ്റാണ്ടിലേതായിരുന്നു. ഇന്ന് വെറും വസ്തുമയമായ ഒരു ലോകത്തെപ്പറ്റിയുള്ള വിശ്വാസം അസ്തമിക്കുകയാണ് ചെയ്യുന്നത്. ജഡമായവസ്തുവിനെമാത്രം ആധാരമാക്കി ജീവിതത്തെ വ്യാഖ്യാനിച്ചുകളയാമെന്ന് പ്രമുഖശാസ്ത്രജ്ഞന്മാർ പഴയപോലെ ഇപ്പോൾ അഭിമാനിക്കുന്നില്ല. സ്ഥൂലപ്രപഞ്ചത്തിന് ആധാരമായി ഏതോ ഒരു സൂക്ഷ്മശക്തി പ്രവർത്തിക്കുന്നുണ്ടെന്നും, ഓരോ ജീവിയിലും അതിന്റെ ആവിഷ്കരണമുണ്ടെന്നും സ്ഥൂലരൂപമായികാണുന്നതെന്നും അറിയാൻ പല ശാസ്ത്രജ്ഞന്മാർക്കും ഇന്നു സാധിച്ചിട്ടുണ്ട്. ആക്സ്ഫോർഡിലെ ശരീരശാസ്ത്രപ്രൊഫസർ സർ ചാറൽസ് ഷെറിങ്ങ്ടൺ ചോദിക്കുന്നു, മാനസികാനുഭൂതികൾ ശാരീരികാനുഭൂതികളാണെന്നു വിധിക്കാൻ നമുക്ക് എന്തവകാശമാണുള്ളതെന്ന്. ഒരു പ്രധാന മനശാസ്ത്രജ്ഞനായ പ്രൊഫസർ വില്യം മാക്ഡൂഗൽ പറയുന്നു, "ഒരു ശവശരീരത്തിൽ നിന്ന് സജീവ മനുഷ്യനെ വേർതിരിക്കുന്ന ജീവന്റെയും മനസ്സിന്റെയും ആവിഷ്കരണങ്ങൾ എല്ലാം തന്നെയോ, കുറെയൊക്കെയോ, അവന്റെ ഉള്ളിൽ ശരീരഭിന്നമായിരിക്കുന്ന ഏതോ ഒന്നിന്റെ പ്രവർത്തനഫലങ്ങ

ളാണ്.,, ഈ മാതിരി അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ആൽഫ്രഡ് കൊള്ളിൻസ്, "നമ്മുടെ ശരീരവൃത്തിശാസ്ത്രജ്ഞന്മാരിലും മനശ്ശാസ്ത്രജ്ഞന്മാരിലും ചിലരെങ്കിലും, അവസാനമായി ജഡതത്വവാദം (മെററീരിയലിസം) ഉപേക്ഷിച്ചിരിക്കുന്നു.,, എന്നു ചൂണ്ടിക്കാണിക്കുന്നു.

ഇതിന്നു ഒരു പ്രധാനകാരണം പ്രേതലോകഗവേഷണങ്ങളാണെന്നുള്ളതിൽ സംശയിക്കാനില്ല. ഒരു മനുഷ്യനിൽ പ്രേതബാധയുള്ളപ്പോൾ പല അസാധാരണ കാര്യങ്ങളും വെളിപ്പെടാറുണ്ട്. അതൊന്നും പ്രേതത്തിന്റെ സാന്നിദ്ധ്യത്തെയല്ല, പിണിയാളിന്റെ ചിത്തബോധത്തെയാണ് (സബ്കാൺഷ്യസ് മൈൻഡ്). തെളിയിക്കുന്നതെന്നു വിചാരപ്പെട്ടിരുന്നു. മനസ്സിന്റെ ജാഗ്രദംശത്തെ മനസ്സ് എന്നും, സുപ്താംശത്തെ ചിത്തം എന്നുമാണ് യോഗശാസ്ത്രത്തിൽ നിർദ്ദേശിക്കുന്നതു്. ഈ ചിത്തത്തെ "ഉപബോധമനസ്സ്,, എന്നു ഇടയിടെ ചിലർ തർജ്ജിമചെയ്തുവരുന്നു. ഇംഗ്ലീഷിലെ സബ്കാൺഷ്യസ് മൈൻഡിനെ അതേപടി തർജ്ജിമ ചെയ്യാനുള്ള വ്യഗ്രതകൊണ്ടാണ് ഈ മാതിരി അർത്ഥശൂന്യമായ കെട്ടുശബ്ദങ്ങൾ ഭാഷയിൽകടന്നുകൂടുന്നതെന്നു പറയണം. അതെങ്ങനെയുമിരിക്കട്ടെ. പ്രേതബാധിതൻ തനിക്കോ തന്റെ വർഗ്ഗത്തിനോ ഒരു കാലത്തും അറിവില്ലാത്ത ചില പ്രാചീന ഭാഷ

കൾ സംസാരിച്ചേന്നവരും. ഒരു പരിചയവുമില്ലാത്ത പല വിഷയങ്ങളും ഒന്നാംതരം വിദഗ്ദ്ധനെപ്പോലെ കൈകാര്യം ചെയ്യുന്നവരും. ജനിച്ചിട്ടു കേട്ടിട്ടില്ലാത്ത കണക്കു ചെയ്യാനും രാഗം ആലപിക്കാനും അയാൾക്കൊരു പ്രയാസവും കാണുകയില്ല. എന്നാൽ ചിത്തത്തിനാകട്ടെ ഒരു കാലത്തും അറിവില്ലാത്ത കാര്യങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന സ്വഭാവമില്ലതാനും. അതിനാൽ മേൽപ്പറഞ്ഞ കഴിവുകളെല്ലാം അയാളുടെ ചിത്തത്തിൽ നിന്നു് ഉൽഭവിക്കുന്നതാണെന്നുള്ള ഒരു കാലത്തെ സിദ്ധാന്തം തകരുകയാണുണ്ടായതു്. എന്നാൽപോലും ആ വാദം സ്വീകരിക്കണമെന്നാണെങ്കിൽ, മനുഷ്യന്റെ സൂക്ഷ്മശരീരമാകുന്ന പ്രേതവും, പ്രേതബാധിതന്റെ ചിത്തവും ഒന്നുതന്നെയാണെന്നു വിചാരിക്കേണ്ടിവരുന്നതാണു്. ഇതാണു് ഇന്നത്തെ മററു ചില ശാസ്ത്രജ്ഞന്മാരുടെ വാദം.

പ്രേതലോക ഗവേഷണങ്ങളിലേയ്ക്കു കടന്നാൽ എണ്ണമററപല വിശേഷങ്ങളും കാണാൻ സാധിക്കും. പ്രേതങ്ങൾ നമ്മെപ്പോലെതന്നെ സകല അനുഭൂതികൾക്കും വിധേയരാണെന്നു് പൌരസ്ത്യരെപ്പോലെതന്നെ പാശ്ചാത്യരും കണ്ടുപിടിച്ചിട്ടുണ്ടു്. കുടിയന്മാരുടെ പ്രേതങ്ങൾക്കു് മദ്യത്തെപ്പററിയുള്ള അഭിനിവേശം ഇവിടത്തെപ്പോലെ തന്നെ അവിടെയും തുടരുന്നു. ആശകളെല്ലാം അവിടെയും നി

റവേറേണ്ടതായിത്തന്നെയാണു ശേഷിക്കുന്നതു്. എന്തെന്നാൽ ഈ ലോകത്തിന്റെയും, ഇവിടത്തെ മനുഷ്യന്റെയും തുടർച്ചകൾ മാത്രമാണു് ആ ലോകവും അവിടത്തെ പ്രേതവും എന്നാണു് വെളിപ്പെട്ടിരിക്കുന്നതു്. എങ്കിലും മരിച്ചാലുടൻ ഒരുവൻ അക്കഥ അറിയുന്നില്ല. താൻ അപ്പോഴും പഴയപോലെ ജീവിച്ചിരിക്കുന്നു എന്നാണു് അയാളുടെ വിചാരം. മരിച്ചുപോയെന്നും, താൻ മറ്റൊരുലോകത്തിലാണു വരപ്പെട്ടിരിക്കുന്നതെന്നും അറിയുന്നതുവരെ പരേതാത്മാവിന്നു് യാതൊരു പുരോഗതിയും ഉണ്ടാകുന്നതുമല്ല. അതിനാൽ പാശ്ചാത്യർ അങ്ങനെയുള്ള പ്രേതാത്മാക്കളെ ആ അനിശ്ചിതാവസ്ഥയിൽ നിന്നു കരകയററാൻവേണ്ടി ഒരു വക ഉദ്ധാരണ പ്രവൎത്തനം (rescue work) നടത്തുന്നതായി കാണുന്നുണ്ടു്. നമ്മുടെയിടയിലെ ബലികൾ, ശ്രാദ്ധങ്ങൾ, പ്രാൎത്ഥനകൾ മുതലായവ മേൽപ്രകാരം പ്രേതാത്മാക്കളെ ഉണൎത്തി മുന്നോട്ടുവിടാനും, അവർക്കു് ഉൽഗതിനല്കാനും വിധാനം ചെയ്യപ്പെട്ടവയാണു്.

നമ്മുടെ അനുഭൂതികൾക്കൊന്നും ഉത്തരവാദി സ്ഥൂലശരീരമല്ലെന്നു് ശാസ്ത്രജ്ഞന്മാർ വെളിപ്പെടുത്തുന്നുണ്ടു്. “ബിഹേവിയറിസ്റ്റുകൾ„ എന്നറിയപ്പെടുന്ന ചേഷ്ടാസിദ്ധാന്തികൾ നേരെമറിച്ചു വിചാരിക്കുന്നുണ്ടെങ്കിലും മറുകക്ഷിയിലെ ശാസ്ത്രജ്ഞന്മാരു

ടെ സംശയങ്ങൾക്കു് അവർ സമാധാനമൊന്നും കാണുന്നില്ല. സ്ഥൂലശരീരത്തിനു എന്തെങ്കിലും അറിയാൻകഴിയുമെങ്കിൽ ചത്തശവം അടികൊണ്ടാലറിയേണ്ടതാണ്. തീവച്ചാൽപോലും അതു് അശേഷമൊന്നും അറിയുന്നില്ലെന്നു പറയേണ്ടതുമില്ല. മരണത്തിലെന്നപോലെ ഉറക്കത്തിലും സ്ഥൂലശരീരം യാതൊന്നും അറിയുന്നില്ല. നാഡീവ്യൂഹവും മസ്തിഷ്കവുമെല്ലാം ശവത്തിലും ഉണ്ടായിരുന്നിട്ടും അതു് ഒന്നും അറിയുന്നില്ലെന്നുള്ളതുതന്നെ അനുഭൂതികൾ അഥവാ സംവേദനങ്ങൾ (സെൻസേഷ്യൻസ്) സ്ഥൂലശരീരത്തെ തെല്ലും ബാധിക്കുന്നില്ലെന്നു വെളിപ്പെടുത്തുന്നു. അങ്ങനെയാണെങ്കിൽ പിന്നെന്താണു് ഈ സംവേദനങ്ങൾ, സുഖദുഃഖങ്ങൾ മുതലായവയ്ക്കു് ഉത്തരവാദിയെന്നാണു് പിന്നത്തെ സംശയം. സൂക്ഷ്മശരീരം എന്നാണു് അതിനു സമാധാനം. സകല ലൗകികാനുഭവങ്ങളുടേയും കേന്ദ്രക്കെട്ടുമായിട്ടുള്ള സൂക്ഷ്മശരീരം മരണാനന്തരം പ്രേതലോകത്തിൽ പ്രവേശിക്കുന്നതു്. അതിനാൽ അവിടെ ചെല്ലുമ്പോഴും അതു് ഇവിടത്തെ പഴയ കഥകളൊന്നും മറക്കുന്നില്ല. ഓർമ്മ, അറിവു് മുതലായവയുടെ ഇരിപ്പിടമെന്നു് നാം വിചാരിക്കുന്ന തലച്ചോറു് സൂക്ഷ്മശരീരത്തിന്റെ വെറും ഒരു ജഡോപകരണം മാത്രമാണെന്നാണു് ഇതിനർത്ഥം. അതോടൊപ്പം സ്ഥൂലശരീരവും അപ്രകാരമൊരു

ഉപകരണമല്ലാതെ മറ്റൊന്നുമല്ലെന്ന് സ്വയം സിദ്ധമാകുന്നു.

പ്രപഞ്ചവസ്തുക്കളും പ്രപഞ്ചം തന്നെയും കുറെ സ്പന്ദനങ്ങൾ (വൈബ്രേഷൻസ്) മാത്രമാണ്. ഇന്നത്തെ സയൻസിൽ വസ്തു എന്നൊന്നില്ല! സ്പന്ദങ്ങളേ ഉള്ളൂ. വസ്തുവിന്റെ ഘടകങ്ങളായ അണുക്കൾ എപ്പോഴും സ്പന്ദിച്ചുകൊണ്ടിരിക്കുന്നു. ഈ അണുക്കളെ പരിശോധിച്ചാൽ അവയുടെ സ്ഥാനത്ത് നമുക്ക് നോക്കാൻ പോലുംവയ്യാത്ത വേഗത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ചുഴിയല്ലാതെ മറ്റൊന്നും കാണുകയില്ല. ഈ ചുഴി ഒരുസ്പന്ദമാണ്. അണുക്കളെ ഭഞ്ജിച്ചാൽ അതിഭയങ്കരമായ ശക്തിസ്പന്ദനമുണ്ടാകുന്നതെന്ന് ഹിരോഷിമായിലും, നാഗസാക്കിയിലും വെളിപ്പെട്ടു. ചുരുക്കത്തിൽ വസ്തുരൂപത്തിൽ കാണുന്നതെല്ലാം എത്രയോ വേഗത്തിൽ സ്പന്ദിച്ചുകൊണ്ടിരിക്കുന്ന ശക്തിയാണ്, അഥവാ വെറും സ്പന്ദം മാത്രമാണ്, ഈ സ്പന്ദശക്തിയുടെ ഘനീഭൂതാവസ്ഥയെ നാം വസ്തു എന്നു വിളിക്കുന്നു. അതിനാൽ പ്രപഞ്ചം എന്നത് കുറെ സ്പന്ദങ്ങളുടെ വിവിധാവസ്ഥകൾ മാത്രമാണെന്നാണ് മനസ്സിലാക്കാനുള്ളത്. അതീക്ഷ്ണതയുടെ(ഫ്രീക്വൻസി) ഏറ്റക്കുറച്ചിൽ അനുസരിച്ച് നാം അവയെ കാണുകയോ കാണാതിരിക്കയോ ചെയ്യുന്നു. സൈക്കിളിന്റെ ചക്രം അതിവേഗത്തിൽ കറങ്ങുമ്പോഴുണ്ടാകുന്ന സ്പന്ദങ്ങൾ നമുക്ക ദൃഷ്ടിഗോചരമാകുന്നില്ല. അതുകൊണ്ടാണ് ചക്രത്തിന്റെ

ത്തരങ്ങൾ ആ അവസരത്തിൽ നാംകാണാത്തതു്. ഓരോജീവിയുടെ പ്രാണനാം സ്പന്ദിച്ചുകൊണ്ടുതന്നെയിരിക്കുന്നു. തുല്യസ്പന്ദവേഗങ്ങൾ അഥവാ അഭീഷ്ണതാസാമ്യം ഉള്ള പ്രാണൻ വഹിക്കുന്ന ജീവികളെല്ലാം ഒരേ ജാതിയിലാണുപെടുക. അഭീഷ്ണത ഭേദപ്പെടുമ്പോൾ അവയുടെ ജാതിയും ഭിന്നിക്കും. ഒരേ വർഗ്ഗത്തിൽപെട്ട ജീവികളുടെ പ്രാണസ്പന്ദങ്ങൾ തമ്മിലും അല്പാല്പവ്യത്യാസം ഉണ്ടു്. സ്പന്ദവേഗങ്ങൾ തികച്ചും തുല്യമായിരിക്കുന്ന മനുഷ്യർ തമ്മിൽ കൂടുതൽ അടുപ്പവും ഭിന്നിച്ചിരിക്കുന്നവർ തമ്മിൽ അകൽച്ചയും ഉണ്ടാകുന്നു. "കന്നു ചെന്നാൽ കന്നിൻകൂട്ടത്തിൽ" എന്ന പഴംചൊല്ലിന്നർത്ഥം ആ ജീവികളുടെ പ്രാണസ്പന്ദങ്ങൾ തുല്യമാണെന്നും, തന്നിമിത്തം അവ പരസ്പരം ആകർഷിക്കുന്നു എന്നുമാണു്. ഭിന്നസ്പന്ദങ്ങൾ ഉള്ളവർ തമ്മിലുണ്ടാകുന്ന ബന്ധങ്ങൾ ഇരുകൂട്ടർക്കും ദോഷകരമായിട്ടാണു പരിണമിക്കുക. വിവാഹാദികളിൽ പൊരുത്തം നോക്കുന്നതു് ഗ്രഹനക്ഷത്രാദികൾകൊണ്ടു വെളിവാകുംവിധം സമസ്പന്ദരായ ആളുകളെ തമ്മിൽ കൂട്ടിച്ചേർക്കാനും, വിഷമസ്പന്ദരെ അകററാനുമാണു്.. അഥവാ സ്പന്ദത്തിന്റെ പൊരുത്തമാണു് സകലബന്ധങ്ങളിലും ഏററവും വലിയ പൊരുത്തം.

കാണപ്പെടുന്ന ജീവികൾക്കെല്ലാം സ്പന്ദവേഗങ്ങളിൽ ഏററക്കുറച്ചിലുകൾ ഉണ്ടെങ്കിലും ആ വേ

ദേശം ഒരു പരിധി വിട്ടാൽ പിന്നെ വസ്തുക്കൾ തന്നെയും കാണുകയില്ലെന്നാണ് സൈക്കിൾ ചക്രത്തിന്റെ ഉദാഹരണം തെളിയിച്ചത്. അങ്ങനെ നമ്മുടെ കാഴ്ചയുടെ പരിധിക്കുവെളിയിൽ വർത്തിക്കുന്ന പ്രാണസ്പന്ദങ്ങളോടുകൂടിയ കുറെ ജീവികളും അവർ പാറിയ ലോകങ്ങളും ഉണ്ട്. മനുഷ്യൻ സൂക്ഷ്മശരീരിയാകുമ്പോൾ, അഥവാ മരിക്കുമ്പോൾ ഈ ലോകത്തിലെക്കാൾ സൂക്ഷ്മസ്പന്ദങ്ങളോടുകൂടിയ ലോകാന്തരങ്ങളിൽ പ്രവേശിക്കാൻ അവൻ അർഹനായിത്തീരുന്നു. ഈ വക ലോകങ്ങളിലൊന്നത്രെ പ്രേതലോകം. ഉറക്കത്തിൽ നാം സ്പന്ദവ്യത്യാസത്താൽ സൂക്ഷ്മലോകത്തോടാണ് കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ പ്രേതലോകവാസികൾക്ക് അപ്പോൾ നമ്മോട് സമ്പർക്കം ചെയ്യാൻ കൂടുതൽ സൗകര്യം ലഭിക്കുന്നു. ഉറക്കത്തിൽ നാം പലപ്പോഴും അവരെ കാണുകയും അവരുമായി സഹവസിക്കയും മററും ചെയ്യുന്നതായി അനുഭവപ്പെടാൻ കാരണമിതാണ്.

ജീവവർഗ്ഗങ്ങൾ, സ്വഭാവങ്ങൾ, സംസ്കാരങ്ങൾ, അവസ്ഥകൾ എന്നിവയെല്ലാം പ്രാണസ്പന്ദത്തിന്റെ ക്രമത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. അതിനാൽ, പ്രാണനെ സ്വാധീനമാക്കാൻ കഴിയുമെങ്കിൽ നമുക്ക് നമ്മുടെ സകലതിനേയും ഇഷ്ടംപോലെ നിയന്ത്രിക്കാൻ കഴിയും. ഇതാണ് പ്രാണായാമത്തിന്റെ അടിസ്ഥാനതത്വം. പ്രാണായാമംതാക

ച്ചും സാധിച്ച യോഗിയ്ക്കു് തന്റെ പ്രാണന്റെ സ്പന്ദക്രമം തന്നെ ഇച്ഛാമാത്രത്താൽ മാററാനും അങ്ങനെ അപ്രത്യക്ഷനാകാനും കഴിയും. ദേവന്മാരുമെററും പ്രത്യക്ഷരാകുന്നതു് ഈ ലോകത്തിലെ സ്പന്ദക്രമം സ്വീകരിക്കുകകൊണ്ടാണു്. അർജ്ജുനനും ദുഷ്ഷന്തനും മററും സ്വർഗ്ഗത്തിൽ പോയെന്നു പറയുന്നതിനർത്ഥം അവരുടെ പ്രാണസ്പന്ദത്തിന്റെ ക്രമം സൂക്ഷ്മസൂക്ഷ്മമായ സ്വർഗ്ഗസ്പന്ദത്തിനു തുല്യമാക്കിയെന്നുമാണു്. ഇതിനൊന്നും വിശേഷവിധിയായ അത്ഭുതമൊന്നുമല്ല. വെറും പ്രകൃതിനിയമത്തിന്റെ ചേഷ്ടകളിൽ കവിഞ്ഞ യാതൊന്നും അവയിൽ ഇല്ലെന്നാണു് അറിയാനുള്ളതു്.

നമ്മുടെ വിചാരം പ്രാണന്റെ തന്നെ ഒരു സ്പന്ദവിശേഷമാകുന്നു. അതുവളരെ സൂക്ഷ്മവുമാണു്. അതിനാൽ സൂക്ഷ്മലോകത്തിലെത്തിയ പരേതന്റെ സൽഗതിക്കുവേണ്ടി നമ്മിൽ നിന്നു് ശ്രാദ്ധാദികളുടെയും മററും രൂപത്തിൽ പുറപ്പെടുന്ന വിചാരത്തിനു പരേതന്റെ സൂക്ഷ്മശരീരസ്പന്ദത്തെ ആനുകൂല്യേന ബാധിക്കാനും അയാളുടെ സൽഗതിയെ സഹായിക്കാനും കഴിയും. അയാൾക്കുവേണ്ടിയുള്ള പ്രാർത്ഥനകളും സൂക്ഷ്മവിചാരസ്പന്ദങ്ങൾതന്നെയാകയാൽ അവയ്ക്കും ഈ ശക്തിയുണ്ടു്. നമ്മുടെ സദാശംസകളാൽ ഉണരുന്ന പരേതാത്മാവു് അവസ്ഥ മനസ്സിലാക്കി മുന്നോട്ടുപോകുമ്പോൾ ഒരു ഭ

ർവ്വചയം അതിനെ തടയുന്നതായി അനുഭവപ്പെടും. ഇതിനെയാണ് sky എന്നും, വൈതരണിയെന്നും മററും പറയുന്നതു്. ഈ ലോകത്തിനും മരണാനന്തരലോകത്തിനും മദ്ധ്യത്തിലുള്ള ഈ മേഖലയിലെ സ്പന്ദങ്ങൾ ഇവിടത്തെയോ അവിടത്തെയോ സ്വന്തങ്ങളല്ല; രണ്ടും കലർന്ന് കലുഷമായ ഒരു പ്രത്യേകതരം സ്പന്ദങ്ങളാണ്. അതിനാൽ ഇപ്പുറത്തു നിന്നു അപ്പുറത്തേയ്ക്കും, അവിടെ നിന്നിങ്ങോട്ടും കടക്കാനുള്ള ശ്രമങ്ങൾ "വൈതരണി" കടക്കുന്ന പ്രയാസമായിട്ടാണു തീരുക. ഇതിനു കാരണം ഉഭയലോകസ്പന്ദനങ്ങൾ കലർന്നു സങ്കുലമായിരിക്കുന്ന വൈതരണി പരേതാത്മാവിന്റെ പ്രാണസ്പന്ദങ്ങളുമായി പൊരുത്തപ്പെടുന്നില്ലെന്നുള്ളതാണ്. ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകളും, ശ്രാദ്ധാദികളും ഈ ഘട്ടത്തിൽ പരേതന് അത്യന്തം സാഹായകമായിത്തീരുന്നതിനാൽ അയാൾ അവരെ അനുഗ്രഹിക്കുകയും, നേരമറിച്ചാണെങ്കിൽ ശപിക്കയും ചെയ്യാനിടയാകുന്നു. ചില കുടുംബങ്ങളിൽ സൽകർമ്മങ്ങൾ ഫലിക്കാതെ പോകാൻ കാരണം പ്രേതശാപമാണെന്നു പ്രസിദ്ധിയുണ്ട്.

മരണാനന്തരലോകം ആകെ ഒന്നേയുള്ളു എന്നുള്ള ധാരണയിലാണ് പാശ്ചാത്യരുടെ ഗവേഷണങ്ങൾ നടക്കുന്നതു്. ഭൂമിയിൽത്തന്നെ ജലഗർഭം, ഭൂഗർഭം, ഉപരിതലം, വായുമണ്ഡലം, അന്തരീക്ഷം

എന്നിങ്ങനെ പല ലോകങ്ങളും അവയിലെല്ലാം അതിനുപററിയ ജീവികളും കാണപ്പെടുന്നു. മരണാനന്തരലോകത്തെപ്പററി പാശ്ചാത്യർ ഇതിനെക്കാൾ സ്പഷ്ടമാക്കി പറയത്തക്ക അനുമാനങ്ങളൊന്നും ചെയ്തുകാണുന്നില്ല. സ്വാമി രാമകൃഷ്ണാനന്ദൻ പറയുംപോലെ, "സയൻസുപോലും അനുമാനസാദ്ധ്യം മാത്രമാണ്." ഹിന്ദുക്കൾ വിശ്വസിക്കുന്നതു് മരണാനന്തരലോകങ്ങൾ തന്നെ പലതുണ്ടെന്നും അവയിൽ ഓരോന്നിലും പരസ്പരബന്ധമെങ്കിലും വ്യതിരിക്തമായ പല മേഖലകളും അടങ്ങിയിരിക്കുന്ന ഒന്നുമാണ്. ഭൂമിയിൽ പലഉപകാരങ്ങളും ചെയ്തു സദാചാരംകൊണ്ടു ഏറിയകൂറും ജീവിച്ചവർ ഒരുടേയും സഹായമൊന്നും കൂടാതെ മേൽ നാകത്തിലേയ്ക്കുതന്നെ പോയെന്നു വരാം. മരിച്ചാലുടൻ സാധാരണ ഒരുവൻ പോകാവുന്ന അന്തരാളഘട്ടത്തിൽ നിന്നു് ആത്മാക്കളെ വിളിച്ചു വരുത്തുന്ന ശാസ്ത്രജ്ഞന്മാർക്കു പലരേയും അങ്ങനെ വരുത്താൻ സാധിച്ചിട്ടില്ല. ഈ പ്രേതശാസ്ത്രത്തിനുള്ള ഒരു പരാജയമായിട്ടാണു പ്രതികൂലവിമർശകർ കരുതുന്നതു്. പക്ഷെ ഇതിനു ശാസ്ത്രീയദൃഷ്ട്യാ തന്നെ പറയത്തക്ക അടിസ്ഥാനബലമൊന്നുമില്ല. മരിച്ചതിനു ശേഷം തിരിച്ചുവന്നു് വിവരങ്ങൾ ധരിപ്പിക്കാമെന്നു് ഏററിരുന്ന ചിലശാസ്ത്രജ്ഞന്മാരുടെ ആത്മാക്കൾ അങ്ങനെ തന്നെ ചെയ്തിട്ടുണ്ടു്. എന്നാൽ മററു ചില ശാസ്ത്രജ്ഞ

നാല് മരണാനന്തരം ഈ വാഗ്ദാനം പരിപാലിക്കാൻ
സാധിച്ചിട്ടില്ല. ഇതിനു കാരണം അവർ കടന്നിരിക്കു
ന്ന ലോകാന്തരത്തിൽനിന്നുള്ള സമ്പർക്കം ദുസ്സാധ്യമാ
ണെന്നുള്ളതായിരിക്കണം. എങ്കിലും അവർ സമ്പ
ർക്കം സ്ഥാപിക്കാൻ കഴിയുംമട്ട് ശ്രമിച്ചുനോക്കി
ഒടുവിൽ പരാജയപ്പെടുകയാണു ചെയ്തതെന്നും മററു
പ്രകാരത്തിൽ തെളിഞ്ഞിട്ടുണ്ട്. ഈ വക കാര്യ
ങ്ങളിൽ പരീക്ഷണങ്ങൾ സംബന്ധിച്ചു യാതൊരോ
രുത്തരും പാരത്രികതത്ത്വവിധികൾ കണ്ടുപി
ടിച്ചിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. എന്നാ
ലതല്ല, അവയിൽ ചിലതു പ്രത്യക്ഷത്തെ മൊ
ഴിമുട്ടിക്കത്തക്കവിധം പരേതന്മാർ തന്നെ നിർദ്ദേ
ശിച്ചുകൊടുത്തിട്ടുള്ളവയുമാണ്!

പരേതരുടെ ലോകങ്ങൾ ഈ ലോകത്തിൽനി
ന്നു വളരെ ദൂരെയൊന്നുമാണെന്നു വിചാരി
ക്കേണ്ടതില്ല. അവയെല്ലാം വ്യാപിച്ചോ, ചിലതിനൊപ്പി
ലമോ, ഈ ലോകത്തിന്റെ പരിസരങ്ങളിൽ ത
ന്നെ പ്രസക്തിയുണ്ടായിരിക്കണം. ചിലരുടെ അഭി
പ്രായത്തിൽ അവ ചക്രത്തിനുള്ളിലെ ചക്രം പോ
ലെയാണ്. വിദ്യുച്ഛക്തിയുടെയും ശബ്ദത്തിന്റെയും
മററു ഭിന്നതലങ്ങൾ പരസ്പരസംഘട്ടനമൊന്നും
കൂടാതെ ഈ ലോകത്തിൽ തന്നെ വ്യാപരിച്ചുകൊണ്ടി
രിക്കുന്നുണ്ട്. അതുപോലെ പരസ്പരസംഘട്ടനംകൂടാ
തെതന്നെ മേൽപ്പറഞ്ഞ സ്പന്ദലോകങ്ങൾക്കും ഇവി

ടെത്താനാ നിലനിൽക്കാവുന്നതാണ്. ജീവിച്ചിരിക്കു ന്നവരുടെ പ്രവൃത്തികൾ കണ്ടു തങ്ങൾ ചിരിച്ചുപോകാറുണ്ടെന്നും, അവരുടെ ശരീരത്തിൽ ഉരസിക്കൊണ്ടു് കടന്നുപോകാറുണ്ടെന്നും ചില പരേതാത്മാക്കൾ പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതും ഇവിടെ സ്മരണീയമായിരിക്കും.

ഇങ്ങനെയൊക്കെയാണെങ്കിലും ഒരാൾ മരിക്കുമ്പോഴത്തെ അനുഭവമെന്തായിരിക്കും? താൻ മരിച്ചു എന്നറിയുമ്പോൾ ആ അറിവെങ്ങനെയിരിക്കും? ജനനിബിഡവും വ്യാപാരകഷായിതവുമായ ഒരു മഹാനഗരത്തിൽക്കൂടി പോകുമ്പോൾ പെട്ടെന്നൊരു ഭൂകമ്പമുണ്ടായി സകലവും പൊട്ടുന്നിനെ മറിഞ്ഞു മറിഞ്ഞു മറഞ്ഞുപോയാലെങ്ങനെയിരിക്കുമോ, അങ്ങനെയാണത്രേ മരണാനുഭവം ഒരുവനുണ്ടാകുന്നതു്? സ്വദേഹത്തിൽനിന്നുള്ള വേർപാടുമുതൽക്കുള്ള സ്ഥൂലദൃശ്യങ്ങളെല്ലാം ചിത്രമുദ്രകൾ (ഫിലിം) തകർന്ന സിനിമയിലെന്നപോലെ മാഞ്ഞുകളയുകയാണു ചെയ്യുന്നതു്. മരണം അറിയുന്നതിനുമുമ്പു് ഒരുവൻ സ്വശരീരം നശിക്കാത്തവനെപ്പോലെ പിന്നെയും വ്യാപരിച്ചുകൊണ്ടുതന്നെയിരിക്കും. മറ്റുള്ളവർ ഈ വ്യാപാരങ്ങളെ ഗൗനിക്കുന്നില്ലെന്നു മനസ്സിലാകുമ്പോൾ പരേതൻ അതിനു കാരണം ആലോചിക്കുകയും അങ്ങനെ തന്റെ പരിവർത്തനത്തെപ്പറ്റി അയാൾക്കു് പ്രജ്ഞയുദിക്കുകയും ചെയ്യുന്നു. എന്നാൽ നിനച്ചിരിയാതെ ഇടിവെ

ട്ടീഷും ബാംബൊറാമും മററും ഉണ്ടാകുന്ന മരണങ്ങളിൽ
പരേതൻ തലേപ്പോറിന്റെ പ്രത്യാഘാതങ്ങളെ പെ
ട്ടെന്നു കെടുത്തിക്കളയുന്ന ഞെട്ടൽമൂലം ഒന്നുമറിയാ
തെ വളരെക്കാലം കിടന്നകിടപ്പിൽ തന്നെ പരേത
ലോകത്തിൽ ശേഷിക്കുമെന്നു പറയപ്പെടുന്നു. ന
ല്ല ഓർമ്മയോടുകൂടിത്തന്നെ മരിക്കാനിടയാകണമെന്നു
പറയാൻ കാരണമിതാണു്. ഏതായാലും മരണ
ത്തെപ്പററി ബോധമുണ്ടായശേഷമുള്ള പരേതാത്മാ
വിന്റെ ഗതി ഒരുത്രപാമാലയാണത്രേ. ഇവിടെ
യൊക്കെ ബന്ധുജനങ്ങളുടെ ശുഭാശംസ അയാളെ
സഹായിക്കാൻ പര്യാപ്തമായി ഭവിക്കുന്നു. ചില
രെ കൂട്ടിക്കൊണ്ടുപോകാനും, സഹായിക്കാനും, പ
രേതലോകത്തിലെ ബന്ധുക്കളും നല്ലാത്മാക്കളും
മരണവേളയിൽ തന്നെ വന്നുചേരുന്നതായുള്ള അ
നുഭവങ്ങളും ധാരാളം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്.
അഥവാ, ഇതിന്റെയൊക്കെസാരം അവരവരുടെ
അർഹത അനുസരിച്ചുള്ള അനുഭവങ്ങൾ പ്രേത
ലോകത്തിലും ഉണ്ടാകുന്നു എന്നാണു്. അവിടെയും
കള്ളന്മാർ കള്ളന്മാരായിത്തന്നെ തുടരും. പ്രേതാ
ത്മാക്കളും പലപ്പോഴും മനുഷ്യരെ ദ്രോഹിക്കാനും,
ഗവേഷകന്മാരെത്തന്നെയും കബളിപ്പിക്കാനും മടി
ക്കാറില്ലെന്നാണു കാണുന്നതു്. അവരുടെ കൂട്ടത്തി
ലും ഹാസ്യകാമന്മാരും, രസകാമന്മാരും, ഭോക്തൃ
കാമന്മാരും; ഇവിടത്തെപ്പോലെ തന്നെ കഴിഞ്ഞുകൂ

ട്ടിസങ്ങളാലുള്ളതു് പലരുടേയും അനുഭവവുമാണു്".

നമ്മുടെ വിചാരങ്ങൾ പ്രാണന്റെ തന്നെ ഒ
രു സ്പന്ദവിശേഷമാകുന്നു മുകളിൽ പറഞ്ഞു.
നമ്മിൽനിന്നു പുറപ്പെടുന്ന വിചാരങ്ങൾക്കു് അനു
രൂപമായ ഒരു ലോകത്തിലാണു് നാം ഇപ്പോൾ
തന്നെയും ജീവിക്കുന്നതു്. മരണാനന്തരലോകത്തി
ൽ വിചാരങ്ങൾക്കു് ബഹുഗുണം ശക്തികൂടിയി
രിക്കും. എന്തെന്നാൽ സ്ഥൂലശരീരത്തിലെ സ്ഥൂ
ലാണുക്കളുടെ തടസ്സം നിമിത്തം വിചാരങ്ങൾ രൂ
പം പ്രാപിക്കാൻ താമസിക്കയും, ഫലിക്കാതെ മറ
യുകയും ചെയ്യുന്നതു് ഈ സ്ഥൂലലോകത്തിൽ മാത്ര
മാണു്. സൂക്ഷ്മലോകത്തിലാകട്ടെ വിചാരങ്ങളെ
തടയാൻ സ്ഥൂലവസ്തുക്കളൊന്നുമില്ല. അതിനാൽ
അവിടെ നാം വിചാരിക്കുന്നതെന്തോ അതു് ഉടൻ രൂ
പം കൈക്കൊണ്ടു് നമ്മുടെ മുന്നിൽ വരികയായി.
സ്വതേ ദുഷ്ടനായുള്ളവൻ ദുഷ്ടവിചാരങ്ങൾക്കനു
രൂപമായ ഒരു സ്പന്ദമണ്ഡലം സൃഷ്ടിച്ചു് അതി
നുള്ളിൽ ജീവിക്കാനിടയാകുന്നു. കൊലപാതകി ത
ന്റെ ശത്രുവിന്റെ രൂപം പിൻതുടരുന്നതുകണ്ടു ഭ
യന്നു് എപ്പോഴും പരക്കം പായുന്നു. നേരേമറിച്ചു
സദ്വിചാരങ്ങൾ ചുറ്റിനും അവയുടെ ഒരു സ്പ
ന്ദമണ്ഡലം സൃഷ്ടിക്കുകയാൽ നല്ല ആത്മാക്കൾ
സ്വർഗ്ഗസുഖമാണു് അനുഭവിക്കുന്നതെന്നു ന്യായമാ
യിത്തന്നെ പറയാം. ഇത്രമാത്രത്താൽ ആ ഗു

ഹിക്കുന്നതെല്ലാം നല്കുന്ന കല്പവൃക്ഷവും കാമധേനുവും സ്വർഗ്ഗത്തിലുണ്ടെന്നു് സാധാരണ വിശ്വസിക്കപ്പെട്ടിരുന്നു. വിചാരങ്ങൾ തന്നിമിഷത്തിൽ തന്നെ രൂപംപ്രാപിക്കാതെ നിവൃത്തിയില്ലാത്ത ഒരു ലോകത്തിൽ ഇച്ഛാമാത്രത്താൽ സകലതും ഉടനടി സാധിക്കുമെന്നു മാത്രമാണു് ഇതിനർത്ഥം. അതിനാൽ ആ വിശ്വാസം അശാസ്ത്രീയമായി പോയെന്നു വിചാരിക്കാൻ നിവൃത്തിയില്ലാത്താണിരിക്കുന്നതു്.

വിചാരസ്പന്ദങ്ങൾ കൊണ്ടു് പ്രേതലോകത്തിലും ഒരു മണ്ഡലം സൃഷ്ടിക്കുന്ന ആത്മാവു് മററുള്ളവരെ കണ്ടുകൂടെന്നില്ലെങ്കിലും കാണുക ഒട്ടു സാധാരണമല്ലത്രേ: തന്റെ പ്രാണസ്പന്ദങ്ങൾക്കു് തുല്യമായ പ്രാണസ്പന്ദങ്ങൾ ഉള്ളവരെ സ്വാഭാവികമായിത്തന്നെ ഒരുവൻ അവിടെയും കണ്ടുകൂടുന്നതാണു്. എന്നാൽ ഭൂലോകത്തിൽ ജീവിക്കുന്ന ശത്രുവിനോടും, ബന്ധുവിനോടും മററുമുള്ള മനോഭാവങ്ങൾ അനുസരിച്ചു് ഈ ശത്രു മിത്രാദികളുടെ രൂപ ഭാവാദികൾ, അവർ ഇവിടെ ജീവിച്ചിരിക്കുന്നകാലത്തുപോലും, പരേതലോകത്തിൽ പരേതാത്മാവിനെ ആനന്ദിപ്പിക്കയോ, പീഡിപ്പിക്കയോ ചെയ്തുകൊണ്ടിരിക്കും. അതെല്ലാം അയാളുടെ സ്വന്തം മനോഭാവത്തിന്റെ പ്രതിരൂപങ്ങൾ മാത്രമാണു്. ഇങ്ങനെ സ്വന്തം വികാര വിചാരങ്ങൾകൊ

ണ്ടു് താൻ സൃഷ്ടിക്കുന്ന മനോമയമായ ഒരു സ്വപ്നലോകത്തിലാണു് പരേതലോകത്തിൽ ഒരുവൻ ജീവിക്കുന്നതെന്നുള്ളതിനാൽ, അവിടെത്തന്നെയുള്ള മററു് ആത്മാക്കളെ വലയംചെയ്തിരിക്കുന്ന അവരുടെ സ്വപ്നമേഘലകളെ ഭേദിച്ചു് അവരുമായി സമ്പർക്കം ചെയ്വാൻ അയാൾക്കു് സാധാരണനിലയിൽ അത്ര എളുപ്പമില്ല. ഓരോ ആത്മാവും, വലകെട്ടി അതിനുള്ളിൽ കുടിയിരിക്കുന്ന ചിലന്തിയെപ്പോലെ, അതിൻെറ ചക്രവാളം സൃഷ്ടിച്ചു് അതിൽതന്നെ കഴിഞ്ഞുകൂട്ടുന്നു എന്നു ചുരുക്കം. ഒരുവൻ അർഹിക്കുന്ന അനുഭവങ്ങൾ സകലതും ആ ചക്രവാളത്തിൽ തന്നെ സ്വപ്രേരിതമായി സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ, അയാളെ സംബന്ധിച്ചിടത്തോളം ആ ചക്രവാളം പൂർണ്ണലോകത്തിൻെറ മുഴുവൻ ഫലവും ചെയ്യുന്നതാണു്. ഒരു മണ്ണരയ്ക്കു് അതിൻെറ ലോകം സർവ്വഥാ സമ്പൂർണ്ണമായിട്ടാണിരിക്കുന്നതു്. പക്ഷികളും, മൽസ്യത്തിനും അവയുടെ ലോകങ്ങളും ഒരിക്കലും അപൂർണ്ണമല്ല. എങ്കിലും മണ്ണര് പക്ഷികളേയോ, പക്ഷികളും, മൽസ്യങ്ങളും മണ്ണരയേയോ അറിഞ്ഞിരിക്കണമെന്നു നിർബ്ബന്ധമില്ലാത്തതുപോലെ പരേതലോകത്തിൽ ബാഹ്യബോധമില്ലാത്ത പ്രേതാത്മാവും അന്യാത്മാക്കളുടെ ചക്രവാളത്തെപ്പററി അറിയണമെന്നില്ല. തൻെറ ചുററിനും അനേകം ആത്മാക്കൾ വേറെ

യുമുണ്ടെന്നും, അവയെല്ലാം തന്നെപ്പോലെ ഓരോ പ്രത്യേകലോകം സൃഷ്ടിച്ച് അധിവസിക്കുന്നുണ്ടെന്നും അറിയാൻ പരേതന് ബാഹ്യബോധം ഉണ്ടായിരുന്നെ മതിയാവൂ എന്നാണ് ഇതിനർത്ഥം. പക്ഷെ സാധാരണയായി സങ്കുചിത ചിത്തരായ ആളുകൾക്ക് പ്രേതലോകത്തിൽ ബാഹ്യബോധം സിദ്ധിക്കാത്തതിനാൽ, അഥവാ അവർ തങ്ങളുടെ സ്വന്തം സങ്കുചിത വികാര വിചാരങ്ങളിൽ കുടുങ്ങിയിരിക്കുന്നതിനാൽ മററു ആത്മാക്കൾ അവിടെത്തന്നെയുണ്ടെന്നോ, അവയുമായി സമ്പർക്കം ചെയ്യുണമെന്നോ ഒരു ബോധം ജനിക്കാൻ തന്നെയും വഴിയില്ല. . . .

സ്വർഗ്ഗത്തിലും കഥ ഇതൊക്കെത്തന്നെ. അനുഭവം എപ്പോഴും നന്നായിരിക്കുമെന്നു മാത്രമേ വ്യത്യാസമുള്ളൂ. താൻ ഉപാസിച്ചിരുന്ന ദേവനും, ഗുരുവും മററും അനുഗ്രഹദാനത്തിനായി സ്വർഗ്ഗത്തിൽ സന്നിധാനം ചെയ്യുന്നതായി പരേതൻ മനസ്സിലാക്കുന്നതാണ്. പക്ഷെ അവരാരുംതന്നെ അവിടെങ്ങുമില്ലെന്നുള്ളതാണു പരമാർത്ഥം. ഇഷ്ടദേവത വരദാനം ചെയ്യും. ത്യാഗരാജനെ ഉപാസിച്ചവർ അദ്ദേഹത്തിൽനിന്ന് സംഗീതവിദ്യ അഭ്യസിക്കുകയും ചെയ്യും. എന്നാൽ വരദാനം ചെയ്യുന്നതും, വിദ്യ അഭ്യസിച്ചതും ദേവതയുമല്ല, ത്യാഗരാജനുമല്ല. പരേതൻറെ അഭിലാഷങ്ങളും, പ്രാർത്ഥനകളും ആ സ്വ

ക്ഷ്മലോകത്തിൽ പെട്ടെന്നു ഉയിർക്കൊള്ളുന്നതാണ് ആ മാതിരി അനുഭൂതികൾക്കു കാരണം. തന്റെ മനസ്സിന്റെ പ്രതിരൂപങ്ങൾ മാത്രമാണ് അവ എന്ന് സ്വർഗ്ഗവാസിയായ ആത്മാവു് ആ അവസരത്തിലും അറിയുന്നില്ല. എങ്കിലും ഫലം തികച്ചും സിദ്ധിക്കുമെന്നുള്ളതിൽ സംശയിക്കാനുമില്ല. സ്വർഗ്ഗവും, ഭൂമിയും, നരകവുമെല്ലാം ഒന്നുപോലെ മനോമയങ്ങളായ ലോകങ്ങളാണെന്നുമാത്രമേ ഇതിനൊക്കെ അർത്ഥമുള്ളു. മനുഷ്യൻ അവയൊക്കെ സ്വന്തം മനസ്സിന്റെ സ്പന്ദപരമ്പരകൾ കൊണ്ട് സ്വയം സൃഷ്ടിച്ച് സ്വയം അനുഭവിക്കുന്നു എന്നു സാരം.

പ്രേതശാസ്ത്രം ഇന്നും ശൈശവ ദശയിലാണിരിക്കുന്നതു്. പക്ഷെ ആ അവസ്ഥയിലും അതു് മഹത്തായ ഒരു പാഠം നാംകുന്നുണ്ടെന്നു സമ്മതിക്കുക തന്നെവേണം. നാം വിതയ്ക്കുന്നതു തന്നെ എവിടെയും നാം കൊയ്യും. സദ്വാസനകൾ വളർന്നു് അവരിൽ നിന്നു് ഉൽഭവിക്കുന്ന മരണാനന്തരലോകം സുഖകരമായിരിക്കും. നേരെ മറിച്ചാണെങ്കിൽ അനുഭവവും അങ്ങനെതന്നെ. അതിനാൽ പ്രേതശാസ്ത്രപഠനം ഒരുവനിൽ ശ്രദ്ധാവഹമായ ഒരു ഉത്തരവാദിത്വം ആരോപിക്കുന്നുണ്ട്. ഈ ലോകത്തിൽ ധർമ്മിഷ്ഠനായി ജീവിക്കാൻ അവൻ നിർബ്ബന്ധിതനായിത്തീരുന്നു. അങ്ങനെ ചെയ്യുന്നവനു

മരണം ഭയാവഹമായ നാശമോ ശിക്ഷയോ അല്ല, കാമ്യമായ ഒരു അവസ്ഥാന്തരപ്രാപ്തിയാകുന്നു. പ്രകൃതി നിയമങ്ങളെ പ്രത്യക്ഷരം പരിപാലിക്കുന്ന ഒരു പരിപാടിയാണ് അതിൽ നാം കാണുന്നതു് മഹത്തായ ഒരു ധർമ്മവ്യവസ്ഥയാണ് ഏത്ര ശാസ്ത്രത്തിലൂടെ തെളിഞ്ഞു തെളിഞ്ഞു വ്യക്തമാകുന്നതെന്ന നിസ്സംശയം പറയാം.

165434
38362
9?7
32 H931
UNIVERSITY LIBRARY MADRAS
MUL
165434

# മലയാളം ഗൈഡുകൾ

4, 5, 6 ഫാറങ്ങളിലെ കേരളപദ്യപാഠാവലികളുടെ വിശദവും പണ്ഡിതോചിതവുമായ വ്യാഖ്യാനങ്ങളും മൂന്നാം ഫാറത്തിലേയ്ക്കുള്ള കേരളപാഠാവലിയുടെ വ്യാഖ്യാനവും തയ്യാറായിരിക്കുന്നു. വിദ്യാർത്ഥികൾ അവശ്യംധരിച്ചിരിക്കേണ്ട എല്ലാവിവരങ്ങളും ഇവയിലുണ്ട്. പത്തിനരണ്ടുകമ്മീഷൻ.

1. 6-ാം ഫാറത്തിലേകേരള
   പദ്യപാഠാവലിയുടെവ്യാഖ്യാനം 12ണ.
2. 5-ാംഫാറത്തിലെകേരളപദ്യ
   പാഠാവലിയുടെ വ്യാഖ്യാനം 12ണ.
3. 4-ാംഫാറത്തിലെകേരളപദ്യ
   പാഠാവലീവ്യാഖ്യാനം 12ണ.
4. 3-ാംഫാറത്തിലെ കേരള
   പാഠാവലിയുടെവ്യാഖ്യാനം 10ണ.

കേരളം ബുക്കഡിപ്പോ, കോട്ടയം.

# മലയാളം ഗൈഡുകൾ

4, 5, 6 ഫാറങ്ങളിലെകേരള പദ്യപാഠാവലികളുടെ വിശദവും പണ്ഡിതോചിതവുമായ വ്യാഖ്യാനങ്ങളും മൂന്നാംഫാറത്തിലേയ്ക്കുള്ള കേരളപാഠാവലിയുടെ വ്യാഖ്യാനവും തയ്യാറായിരിക്കുന്നു. വിദ്യാർത്ഥികൾഅവശ്യം ധരിച്ചിരിക്കേണ്ട എല്ലാവിവരങ്ങളും ഇവയിലുണ്ട്. പത്തിനരണ്ടുകമ്മീഷൻ.

1. 6-ാംഫാറത്തിലെ കേരള
   പദ്യപാഠാവലിയുടെ വ്യാഖ്യാനം 12ണ.
2. 5-ാം ഫാറത്തിലെ കേരള
   പദ്യപാഠാവലിയുടെ വ്യാഖ്യാനം 12ണ.
3. 4-ാം ഫാറത്തിലെ കേരളപദ്യ
   പാഠാവലീവ്യാഖ്യാനം 12ണ.
4. മൂന്നാം ഫാറത്തിലെ
   കേരളപാഠാവലിയുടെവ്യാഖ്യാനം 10ണ.

കേരളം ബുക്കഡിപ്പോ, കോട്ടയം.